O32:1J30:11
G10.1

032:1J30:11 GO.1
IVA SASTRI
ratnam.

MUL
064309

DOCTRINA VIM PROMOVET INSITAM

Madras University Library.

Date Label.

Ac. No. 64309 Cl. No. O32 : 1J30 : 11
Go.1

This book should be returned on or before the date last marked below.

30 APR

20 JUN 1947

OCT 194

18 MAR 1950

3 MAR 1955

7 AUG 1957

25 FEB 1982

ŚRÎ MŪLAM MALAYÂLAM SERIES.

No. XXIV.

14 AUG. 1931

# KAṆṆAŚŚABHÂRATAM

## Part I.

EDITED BY

K. SĀMBAŚIVA ŚĀSTRĪ

*Curator for the Publication of Sanskrit and Malayalam Manuscripts.*

---

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF HER HIGHNESS THE MAHARANI REGENT OF TRAVANCORE.

---

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1930.

*All Rights Reserved.*]

64309
8305
032:1J30:11
G0.1

ശ്രീ

ക്ഷമാഭരണസമ്പദാ സതതസംശ്രിതാ സർവ്വതഃ
ക്ഷമാഭരണമേവ യാ ലസതി രാജരാജേശ്വരീ
രമാരമണസേവിനീ നിഖിലധർമ്മസംവർദ്ധനീ
സമാദൃതസമപ്രജാ ജയതി സേതുലക്ഷ്മീരസൌ.

യത്കാരുണ്യകലാബലാദിഹ കലാ-
സാമഗ്ര്യസമ്പന്നയാ
ഗൈർവ്വാണ്യാ സഹ കൈരളീച കൃതിഭി-
ർന്നീതാ പ്രസിദ്ധീകൃതിം
തസ്യാ വഞ്ചിവസുന്ധരാഗതജന-
പ്രത്യക്ഷലക്ഷ്മ്യാ മഹാ-
രാജ്ഞ്യാ മങ്ഗളമാലിഃകയമുദിതാ
സദ്ഗ്രന്ഥരത്നാവലിഃ.

കെ. സാംബശിവശാസ്ത്രീ.

# അവതാരിക.

---

കേരളീയസാഹിത്യസാമ്രാജ്യത്തിൽ സുപ്രതിഷ്ഠിതന്മാരായ കണ്ണശ്ശമഹാകവികളെ അനുസ്മരിപ്പിക്കുവാൻ അനുകൂലമായിത്തീൎന്ന് പ്രസ്തുതഗ്രന്ഥത്തിന്റെ പ്രസാധനം നിമിത്തം ഈ ഗ്രന്ഥാവലിക്കു ധന്യവാദാൎഹമായ ഒരു ശുഭസന്ദൎഭം സിദ്ധിച്ചിട്ടുണ്ടെന്നു നിസ്തൎക്കം അഭിമാനിക്കാവുന്നതാണ്. കേരളത്തിലെ അനിതരസാധാരണവും അകൃത്രിമവുമായ പ്രകൃതിരാമണീയകത്തിന് അനുഗുണമായി അനേകം മഹാകവികൾ പണ്ടുപണ്ടേ അവതരിച്ചിട്ടുണ്ടായിരുന്നു എന്നുള്ളത് ഈയിടെ അന്യദിക്കുകളിൽപോലും അഭ്യസൂയാജനകമായ ഒരു യശോഘോഷണമായിത്തീൎന്നിട്ടുണ്ട്. പ്രാചീനഗ്രന്ഥസംഭരണത്തിനായ। പുരാതനഭവനങ്ങളിൽ അവിടവിടെ നിൎമ്മത്സരം സഞ്ചരിക്കുന്ന ഒരാളിന്റെ ദൃഷ്ടിക്ക് ഈ കേരളം ദേവഭാഷയായ സംസ്കൃതത്തിലും, ദേശ്യഭാഷയായ കൈരളിയിലും അന്യോന്യസമുത്തേജനക്ഷമമായ വൈദുഷികൊണ്ടും കവിതകൊണ്ടും കീൎത്തിപ്പെട്ട സുമനഃസമൂഹങ്ങളാൽ കുറേ ശതാബ്ദങ്ങൾ പരഭാഗംകൂടാതെ സുരഭിയായിത്തന്നെ കഴിഞ്ഞുകൂടിയിട്ടുണ്ടെന്നുള്ളതു സ്പഷ്ടമായിക്കാണാം. ഈ കൂട്ടത്തിൽ കണ്ണശ്ശമഹാകവികൾക്കു സൎവ്വമാന്യമായ ഒരു സ്ഥാനം ഉണ്ടെന്നു തെളിയുമ്പോൾ അവരോടു കേരളീയൎക്കുള്ള സ്ഥായിയായ ആധമൎണ്ണ്യാന്ധകാരം തദീയങ്ങളായ ഗ്രന്ഥരത്നങ്ങളുടെ പ്രകാശനത്തിൽ അന്തർലയിപ്പിച്ചു പരിഹരിക്കുവാൻമാത്രമേ തരപ്പെടുകയുള്ളുവല്ലോ.

ഇപ്രകാരമുള്ള കണ്ണശ്ശമഹാകവികളേയും അവരുടെ കൃതികളേയും പററിയുള്ള സൂക്ഷ്മം യാവച്ഛക്യം തിരഞ്ഞുനോക്കാം. രാമനാമധേയനായ ഒരാളുടെ കൃതിയായുള്ള രാമായണം ഉത്തരകാണ്ഡത്തിൽ കാണുന്നു:—

„വാനഘകിനു സമമാകിയ നിരണമ-
ഹാദേശേ താൻ വന്നുളനായാ-
ന്യൂനമിലാത മഹാഗുരുവരനാ-
യുഭയകവീശ്വരനായ മഹാത്മാ

മാനിതനാകിയ കരുണേശൻ പര-
　　മാത്മാവേ താനെന്നറിവുറേറ
ദീനതവാരാതേ മറേറാരോ
　　ദേഹികളെപ്പോൽ വാണ്ണാൻ പലനാൾ

ആനവനിരുവർ തനൂജന്മാരുള-
　　രായാരവരുടെ സോദരിമാരായ
മാനിനിമാരൊരു മൂവർ പിറന്നാർ
　　മററതുകാലമവൻതിരുവടിയും
താനുടനേ തന്നുടലൊട്ട വേറായ്
　　തനിയേ പരമാത്മാവേയായാ
നാനവനോടെതിരായ് വിദ്ധ്യാധിപ-
　　രായാർ പുനരവനുടെ തനയന്മാർ.

തനയന്മാരാമവരിരുവക്കു സ-
　　ഹോദരിമാർ മൂവക്കും മകനാ-
യനുപമയായവൾ മൂവരിലിളയവ-
　　ളാകിയ മാനിനി പെററുളനായാൻ;
ഇനിയമഹാദേവാജ്ഞയിനാലേ-
　　യിതമൊട്ട ബാലകനാകിയ രാമൻ
പുനരവനും നിജ പാപം കളവാൻ
　　പുരുഷോത്തമകഥ ചൊല്ലു തുനിഞ്ഞാൻ."

എന്നുള്ള ഭാഗത്തിൽനിന്നും പ്രശസ്തമായ നിരണദേശത്തിൽ കുലകൂടസ്ഥനായി [1]ഉഭയകവീശ്വരനായി ഒരു മഹാത്മാവ് ഉണ്ടായിരുന്നു എന്നും അദ്ദേഹത്തിനു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും മൂന്നാമത്തെ പുത്രിക്കു രാമനാമധേയനായ ഒരു വംശസന്താനവും ഉണ്ടായിരുന്നു എന്നും ആ രാമനാമധേയൻ ഒരു പുരുഷോത്തമകഥ രചിച്ചിട്ടുണ്ടെന്നും വ്യക്തമാകുന്നു. രാമായണം ഉത്തരകാണ്ഡത്തിൻെറ അവസാനത്തിൽ:—

"മാനിതമാകിയ ശ്രീരാമായണ-
　　മാകിയ കാവ്യകഥാസംക്ഷേപം
ദീനതയാ നിജഭാഷയിനാലെ
　　നിതരാമേവം ചെയ്തുമുടിച്ചേൻ."

---

1. സംസ്കൃതത്തിലും ദേശ്യഭാഷയിലും ഒന്നുപോലെ മഹാകവിയായി.

എന്നുകാണുന്ന ഗ്രന്ഥോപസംഹാരഭാഗം മുൻപുദ്ധരിച്ച പാട്ടിൽ അന്തർഭവിച്ചിട്ടുള്ള പുരുഷോത്തമകഥ രാമായണമാണെന്നു നിശ്ചയപ്പെടുത്തിയിരിക്കുന്നു. ഈവിധം രാമായണം ഉത്തരകാണ്ഡത്തിലുള്ള ഇപ്പോൾ കാണിച്ച കവിവംശകീത്തനത്തിൽ ഏഴുപേരെ നിർദ്ദേശിക്കുന്നു എങ്കിലും കവിയൊഴിച്ചു മററുള്ളവരുടെ നാമധേയങ്ങൾ കാണുന്നില്ല. ഇതിനു ഗുരുനാമഗ്രഹണം ധമ്മശാസ്ത്രനിഷിദ്ധമാകയാൽ വിനീതനായ കവി ഉപേക്ഷിച്ചതായിരിക്കണം എന്നു സമാധാനം പറയാവുന്നതാണ്. എന്നാൽ ഉഭയകവീശ്വരസ്ഥാനത്താൽ കൂടസ്ഥപിതാവിനേയും, വിദ്ര്യാധിപപദവിയാൽ സ്വമാതുലന്മാരേയും കവി കീത്തനം ചെയ്യുന്നുണ്ട്. ചില പ്രസാധകന്മാരും ഭാഷാസാഹിത്യചരിത്രകാരനായ ശ്രീമാൻ പണിക്കരും ഭാഷാശൈലിയും, ഗീതപദ്ധതിയും, മാത്രകളുടെ ആരോഹണാവരോഹണാദിഗതിവ്യത്യാനങ്ങളും സാധാരണധമ്മമായി സ്വീകരിച്ചു ഭഗവദ്ഗീതാപരിഭാഷകനായ മാധവപ്പണിക്കരേയും, ഭാരതമാലാകത്താവായ ശങ്കരപ്പണിക്കരേയും, കരുണേശപദം വിശേഷ്യമായി അങ്ഗീകരിച്ചു തദ്പിവത്തമായ കണ്ണശ്ശനേയും കൊണ്ടു നാമനിശ്ചയമില്ലാത്ത മൂന്നുപേരുടേ സ്ഥാനങ്ങൾ പൂത്തിയാക്കിയിരിക്കുന്നു. ഇതുസംബന്ധിച്ചുള്ള അഭിപ്രായങ്ങൾ താഴെ ചേത്തുകൊള്ളുന്നു.

മഹാകവി എസ്. പരമേശ്വരയ്യർ അവർകൾ ഗീതയുടെ അവതാരികയിൽ ഭഗവദ്ഗീതാകത്താവായ മാധവപ്പണിക്കരെ ഉഭയകവീശ്വരനായ കുടുംബക്രൂടസ്ഥനായും ഭാരതമാലാകത്താവായ ശങ്കരപ്പണിക്കരെ അദ്ദേഹത്തിൻെറ വിദ്ര്യാധിപരായ രണ്ടു പുത്രന്മാരിൽ ഒരാളായും അഭിപ്രായപ്പെടുന്നു. ഈ കഴിഞ്ഞ കൊല്ലവഷം ൧൧൦൯-ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാനദീപിക ഒന്നാംഭാഗത്തിൽ അദ്ദേഹംതന്നെ ൯൩-ാം പേജിൽ "ഭാരതമാലാകാരനും, ഭഗവദ്ഗീതാകാരനായ മാധവപ്പണിക്കരും "താനവനോടെതിരായ് വിദ്ര്യാധിപരായാർ പുനരവനുടെ തനയന്മാർ" എന്നു രാമപ്പണിക്കർ പ്രശംസിക്കുന്ന തൻെറ വലിയമ്മാവന്മാരുടെ പുത്രന്മാരാകുവാൻ ന്യായമുണ്ട്" എന്നു പറയുന്നു.

ലീലാതിലകപ്രസാധകനായ ശ്രീമാൻ കൃഷ്ണപ്പിഷാരടി അവർകൾ കരുണേശനാണു കണ്ണശ്ശനായി ഭാഷാവിവത്തനം നിമിത്തം വ്യപദേശിക്കപ്പെടുന്നതെന്നും ആ കണ്ണശ്ശൻ രാമപ്പ

ണിക്കരുടെ മാതാമഹനാണെന്നും ഗീതാപരിഭാഷകനായ മാധവപ്പണിക്കരും, ഭാരതമാലാകർത്താവായ ശങ്കരപ്പണിക്കരും കണ്ണശ്ശപ്പണിക്കരുടെ വിദ്യാധിപന്മാരായ രണ്ടുപുത്രന്മാരാണെന്നും വിചാരിക്കുന്നു.

ഭാഷാസാഹിത്യചരിത്രകാരനായ മിസ്റ്റർ നാരായണപ്പണിക്കർ ലീലാതിലകപ്രസാധകൻെറ അഭിപ്രായത്തോടു യോജിക്കുന്നു. വിശിഷ്യ കരുണേശനെ പ്രത്യേകിച്ച് ഒരാളുടെ പേരായി സ്വീകരിക്കുമ്പോൾ നിരണത്തുകവികളിൽ ഒരാളെ കാണ്മാനില്ലെന്നുള്ള ദോഷം നിശ്ശേഷം തീരുകയുംചെയ്യുന്നു എന്നിങ്ങനെ ഒരു ലാഭത്തേയും കണ്ടു സന്തോഷിക്കുന്നു. മിസ്റ്റർ പരമേശ്വരയ്യരുടെ ഗീതാവതാരികയിലെ അഭിപ്രായത്തെ നിരസിക്കയും ചെയ്യുന്നു. ഇതാണ് മിസ്റ്റർ പണിക്കരുടെ നിരസനപ്രകാരം:—

"എന്നാൽ ഈ ഊഹം ശരിയല്ലെന്നാണു തോന്നുന്നത്. ഉഭയകവീശ്വരനെപ്പററി പറയുന്നിടത്തെല്ലാം കവി കരുണേശശബ്ദം പ്രയോഗിച്ചുകാണുന്നതിനാലും കണ്ണശ്ശശബ്ദം കരുണേശൻ എന്ന* പദത്തിൻെറ തദ്ഭവമായിരിക്കണം എന്നു പെട്ടെന്ന് ഒരു പ്രതീതി ഉണ്ടാവുന്നതിനാലും സാക്ഷാത്കണ്ണശ്ശൻ രാമപ്പണിക്കരുടെ മാതാമഹനായ കരുണേശനായിരിക്കാനാണു സാങ്ഗത്യം" (വാല്യം ൧. പേജ് ൨ ൦ൻ.)

ഈ അഭിപ്രായങ്ങളിൽ നിന്നു കണ്ണശ്ശനാമധേയം ഐകകണ്ഠ്യേന രാമപ്പണിക്കരുടെ മാതാമഹനായ ഉഭയകവീശ്വരനാണ് എന്നു സിദ്ധിക്കുന്നു. കണ്ണശ്ശപ്പണിക്കർ എന്ന ഖ്യാതി വിവിധഗ്രന്ഥകാരനായ രാമപ്പണിക്കരുടെ പ്രാധാന്യം നിമിത്തം വംശാനുസ്മരണത്തിനായി വന്നുകൂടിയതായിരിക്കണം. ഒന്നു ചിന്തിക്കാനുണ്ട്. കരുണേശപദം ഉപയോഗിച്ചതു് ആരാണ്? രാമപ്പണിക്കരുതന്നെ. ആരേക്കുറിച്ചാണ്? മാതാമഹനെപ്പററിയാണ്. രാമപ്പണിക്കരെ കണ്ണശ്ശപ്പണിക്കരെന്നോ അദ്ദേഹത്തിൻെറ കൃതികളെ കണ്ണശ്ശരാമായണം കണ്ണശ്ശഭാഗവതം എന്നോ വ്യവഹരിക്കുന്നതു മററുള്ള ജനങ്ങളാണ്. മാതൃകയിൽ എഴുതിപ്പിടിപ്പിച്ചതു് അപ്പോഴത്തെ ലോകാഭിപ്രായം അനുസരിച്ചാണ് എന്നു വരുമ്പോൾ രാമപ്പണിക്കർക്ക് ഇതിൽ ഉത്തരവാദിത്വം ഇല്ലതന്നെ. രാമപ്പണിക്കർ തന്നെ

---

* ഹരിപ്പാട്ടിനു ഹരിഗീതാദിപോലെ ദേശ്യനാമമായ കണ്ണശ്ശപദത്തിൻെറ തദ്ഭവം കരുണേശൻ എന്നു വിചാരിക്കയാണ് ഉത്തമം.

ക്കറിച്ച് എവിടെയെങ്കിലും കണ്ണശ്ശപദമോ തദ്വിവൎത്തമായ കരുണേശശബ്ദമോ മുക്തകണ്ഠം ഉപയോഗിച്ചിരുന്നു എങ്കിൽ നിസ്സന്ദേഹം ഇതു വംശനാമധേയമാണ് എന്നു വിചിന്തനം ചെയ്യാമായിരുന്നു. അതിനു മാൎഗ്ഗം ഇപ്പോഴും കണ്ടിടത്തോളം ഇല്ലാതിരിക്കുന്നു. അതുകൊണ്ടു കണ്ണശ്ശനാമധേയം കരുണേശശബ്ദത്തിന്റെ ഭാഷാവിവൎത്തപ്രകൃതിയായി അഭ്യൂഹംചെയ്ത് ഉദ്ധരിക്കുന്നതായാൽ അതു രാമപ്പണിക്കരുടെ മാതാമഹനുമാത്രം ഉള്ളതാണെന്നു വന്നുകൂടുന്നു. എങ്ങനെയായിരുന്നാലും ഇത്തരത്തിൽ ഒരു വിചാരസരണി ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി സൎവ്വഥാ അൎത്ഥവത്തായ ഒരു കരുണേശപദം ഉപയോഗിച്ച മഹാകവിക്കു നമോവാകം പറകയേ നിവൃത്തിയുള്ളു.

ഇതിങ്ങനെയിരിക്കട്ടെ. മിസ്റ്റർ പരമേശ്വരയ്യരുടെ അഭിപ്രായത്തെ നിരസിക്കാനൊരുങ്ങിയ ഭാഷാസാഹിത്യചരിത്രകാരന്റെ സ്ഥിതി എങ്ങനെയാണെന്നു നോക്കാം. ഭഗവദ്ഗീതാപരിഭാഷകനായ മാധവപ്പണിക്കരെ രാമപ്പണിക്കരുടെ മാതാമഹനായി കല്പിക്കുന്നതിൽ ചരിത്രകാരനായ മിസ്റ്റർ പണിക്കർ പറയുന്ന അനുപപത്തി അതു കരുണേശൻ എന്നു വേറെയൊരാളാണല്ലോ എന്നാണ്. കരുണേശശബ്ദം വിശേഷണമായി സ്വീകരിച്ചാലും വ്യാപകമായ കുടുംബനാമധേയമായി യോജിപ്പിച്ചാലും മാധവനാമധേയൻ എന്തുകൊണ്ടാണ് ആ മാതാമഹനാകാൻ പാടില്ലാത്തത് എന്നുള്ള ശങ്കയ്ക്കു ചരിത്രത്തിൽ സമാധാനം കാണുന്നില്ല. കണ്ണശ്ശസംജ്ഞയുള്ളപ്പോൾ രാമനാമധേയം ഉള്ളതുപോലെ മാധവനാമധേയവും സങ്ഗതമാകരുതോ? വിശിഷ്യ ഉത്തമയോഗിയും, ആത്മജ്ഞാനിയും ഉഭയകവീശ്വരനുമായ മാധവൻ ഗീതാപരിഭാഷണംചെയ്തു എന്നു വരുന്നതു കുറച്ചുകൂടി സ്വാരസ്യം ഉള്ളതല്ലയോ? അതുകൊണ്ടു ഭഗവദ്ഗീതാപരിഭാഷകനായ മാധവപ്പണിക്കർ രാമപ്പണിക്കരുടെ മാതാമഹനായിരുന്നു എന്നുള്ള പക്ഷം സൎവ്വഥാ യോജിക്കാത്തതൊന്നല്ലെന്നു തോന്നുന്നു. പുനഃപൎയ്യാലോചനാഫലമായി മിസ്റ്റർ പരമേശ്വരയ്യർ വിജ്ഞാനദീപികയിൽ മാധവപ്പണിക്കരേയും ഭാരതമാലാകാരനായ ശങ്കരപ്പണിക്കരേയും രാമപ്പണിക്കരുടെ വലിയമ്മാവന്മാരുടെ പുത്രന്മാരായി ഉപന്യസിക്കുന്നു. ഇതിനു യാതൊരു പ്രമാണവും അദ്ദേഹം തെളിച്ചുപറയുന്നില്ല. മാധവപ്പണിക്കരേയും ശങ്കരപ്പണിക്കരേയും ഉഭയകവീശ്വരപുത്രരായി

അഭിഷേകം ചെയ്തിരുന്ന ചരിത്രകാരന്റെയും ലീലാതിലകപ്രസാധകന്റെയും പക്ഷം പോയി എന്നുതന്നെയല്ല, വീണ്ടും ആ വിദ്യാധിപന്മാരുടെ നാമധേയങ്ങൾ തിരയേണ്ടതായും വരുന്നു. മിസ്റ്റർ പരമേശ്വരയ്യരുടെ വിജ്ഞാനദീപികയിൽ തന്നെ മറെറാരിടത്തു് "തന്റെ അമ്മയുടെ അമ്മാവനായിരുന്ന കണ്ണശ്ശപ്പണിക്കർ അഥവാ കരുണേശൻ എന്ന് രാമപ്പണിയ്ക്കർ ഉത്തരരാമായണത്തിന്റെ അവസാനത്തിൽ താഴെ കാണുന്ന പാട്ടിൽ പ്രതിപാദിക്കുന്നു" (പേജ് വ്യവ) എന്നു കാണുന്നു. ഇതിൽ നിന്നു കണ്ണശ്ശൻ രാമപ്പണിക്കരുടെ അമ്മാവനാണെന്നും പ്രമാണഭൂതങ്ങളായ പാട്ടുകളിൽ നിന്നും മാതാമഹനാണെന്നും വന്നുചേരുന്നു. ഈ ഒരു സന്ദേഹം ദുഷ്പരിഹരമായിത്തന്നെയിരിക്കുന്നു. അതുകൊണ്ടു മാധവപ്പണിക്കരെ കരുണേശനായ മാതാമഹനായിത്തന്നെ വയ്ക്കുന്നതു കൊള്ളാമെന്നു തോന്നുന്നു. ഒരാളുടെ പേരറിവാൻ തരമില്ലഎങ്കിൽ ഭഗവദ്ഗീത ഉഭയകവീശ്വരന്റെ കവിതയായിക്കിട്ടിയെന്നുള്ള ലാഭംകൊണ്ടു തൃപ്തിപ്പെടാമല്ലോ. സാഹിത്യചരിത്രകാരനായ മിസ്റ്റർപണിക്കർ "അതുകൊണ്ടു മാധവപ്പണിക്കരും ശങ്കരപ്പണിക്കരും സാക്ഷാൽ കണ്ണശ്ശന്റെ സന്താനങ്ങളും രാമപ്പണിക്കർ അദ്ദേഹത്തിന്റെ പൌത്രനും ആയിരുന്നിരിക്കണം" (പേജ് വ വ്യ ൧) എന്നു സ്ഥാപിക്കുന്നു. ഈ സ്ഥാപനയനുസരിച്ചു രാമപ്പണിക്കർ ഏതുവിധം കരുണേശന്റെ പൌത്രനായി എന്നറിയുന്നില്ല.

അഭിനവകല്പഗ്രന്ഥമാലയുടെ General Editor നന്ത്യാർവീട്ടിൽ ശ്രീമാൻ കെ. പരമേശ്വരൻപിള്ള എം. ഏ. അവർകൾ ഭാഷാഭഗവദ്ഗീതയുടെ അവതാരികയിൽ "ഇവരിൽ അന്തിമനാണു കണ്ണശ്ശൻഎന്നു വിശ്രുതനായ രാമപ്പണിക്കർ" (പേജ് ൪) എന്നു രാമപ്പണിക്കരെ കണ്ണശ്ശനായി പറയുന്നിടത്തു വിശ്രുതപദം ചേർത്തിരിക്കയാൽ രക്ഷയായി. അല്ലെങ്കിൽ യഥാർത്ഥകണ്ണശ്ശന്റെ കാര്യം വിട്ടുപോയതായി വന്നുകൂടുമായിരുന്നേനേ.

"വാനലകിനു സമമാകിയ നിരണമ-
ഹാദേശേ താൻ വന്നുളനായോൻ.
... ... ... ...
... ... ... ...

കണ്ണശ്ശമഹാകവികളുടെ ദേശം.

മാനിതനാകിയ കരുണേശൻ പരമാത്മാവേ"

... ... ... ...

എന്നു ഉത്തരരാമായണത്തിലും,

"അവനിയിൽ നന്മചേർ നിരണം തന്നിക്കൊരു ദീപമായ് മ-
റ്റവതരണംചെയ്യാൻ കരുണേശനാകിയ ദേശികൻ."

എന്നു രാമായണം യുദ്ധകാണ്ഡത്തിലും,

"ഇതു നിരണത്തു കപാലീശ്വരമാ-
ന്നീടിന പശുപതിതന്നരുളാലേ-
യിതമൊടവൻ തിരുവടിയുടെ ചരിത-
മിയമ്പുവതിന്നു തുനിഞ്ഞിതു മററും."

എന്നു ശിവരാത്രിമാഹാത്മ്യത്തിലും ഉള്ള ഭാഗങ്ങൾകൊണ്ട് ഇവർ നിരണദേശത്തുകാരാണെന്നു വ്യക്തമാകുന്നു. കൂട്ടതലായി കപാലീശ്വരനാണ് ഇവരുടെ കുലദൈവമെന്നും കാണുന്നു.

ഈ നിരണദേശം തിരുവല്ലാതാലൂക്കിൽ ചേർന്നതാണ്. ഇവിടെ തൃക്കപാലീശ്വരം എന്നു പുരാതനപ്രസിദ്ധിയുള്ള ഒരു ശിവക്ഷേത്രമുണ്ട്. ആ ശിവക്ഷേത്രത്തിനടുത്ത് ഒരു മൂശാരിയുടേയും അതിനപ്പുറം ഒരു കൊല്ലൻേറയും അതിനുമപ്പുറത്തായി ഒരു ആശാരിയുടേയും വീടുകൾ ഉണ്ടായിരുന്നു എന്നും ആശാരിയുടെ വീട്ടിന് അമ്പത്തിരണ്ടടിമാറി വലത്തുവശത്തായിരുന്നു കണ്ണശ്ശപ്പണിക്കരുടെ ജന്മഭൂമിയായ 'കണ്ണശ്ശൻപറമ്പ്' എന്ന പുരയിടം എന്നും അത് ഇപ്പോഴും ഉണ്ടെന്നും വിജ്ഞാനദീപിക യിൽ മിസ്റ്റർ പരമേശ്വരയ്യർ പറയുന്നു. ഇതിനു സാഗ്രഹം ലക്ഷ്യമായി കാണിക്കുന്ന താഴെ കൊടുക്കുന്ന ഗീതിയെത്തന്നെ അദ്ദേഹം പ്രമാണമായി നിർദ്ദേശിക്കുന്നു:—

"ചെമ്പൊടിരുമ്പുമുരുക്കശരക്കോ-
ലൻപത്തീരടി മുൻപു വലത്ത്."

ഈവിധം നിരണദേശക്കാരാണു കണ്ണശ്ശകവികൾ എന്നുവരുമ്പോൾ

"ഉരചേന്നമരാവതി സമമായേ-
യുററനചെൽവമെഴും മലയിക്കീഴ്-
തിരുമാതിൻവല്ലഭനരുളാലേ
തെളിവൊടു മാധവനഹമിടർ കളവാൻ

പരമാദരവൊടു ചൊല്ലിയ ജ്ഞാന-
പ്പുനവൽ മുകുന്ദപദാംബുജമൻപൊടു-
മരനാഴികമറവാതുരചെയ്യുവ-
രത്ഭുതമുക്തിപദം പ്രാപിക്കും.''

(ഭഗവദ്ഗീതാ അ. ൧൮. പാ. ൭൨)

എന്നു ഭാഷാഭഗവദ്ഗീതാകാരനായ മാധവപ്പണിക്കർ തിരുവനന്തപുരത്തുനിന്ന് അല്പം കിഴക്കായി കാണുന്ന മലയിക്കീഴദേശത്തേയും അവിടത്തെ ശ്രീകൃഷ്ണനേയും സ്മരിക്കുന്നതുകൊണ്ട് അദ്ദേഹം മലയിക്കീഴനിവാസിയായിരുന്നത് എങ്ങനെയാണെന്ന് ഒരു ചോദ്യം വരുന്നു. അതിനു തിരുവല്ലാത്താലൂക്കുകാരായ പത്തില്ലത്തുപോററിമാൎക്കു മലയിക്കീഴിൽ ഇന്നും വസ്തുക്കൾ ഉള്ളതിനാൽ അവരുടെ കാൎയ്യസ്ഥതയോ മറേറാ നിമിത്തമായി പണ്ടു പണ്ടേ കണ്ണശ്ശപ്പണിക്കരുടെ ആദികുടുംബം മലയിക്കീഴിൽ ഉറച്ചിരുന്നതായും അത്തരത്തിൽ ആ പോററിമാരുടെ കാൎയ്യസ്ഥരിൽ ഒരാളായ കണ്ണശ്ശൻപണിക്കരുടെ കുടുംബത്തിലെ ഒരു സ്ത്രീയെ സംബന്ധംചെയ്തു നിരണത്തുകൊണ്ടുചെന്നു പാൎപ്പിച്ചവഴി സംഭാവനചെയ്ത പുരയിടമായിരിക്കാം കണ്ണശ്ശൻപറമ്പെന്നും മററും ചിലർ അഭ്യൂഹിച്ചു സമാധാനം പറയുന്നു. ഇവയിൽ ചിലതിനു വേണ്ടത്തക്ക പ്രമാണങ്ങൾ കാണുന്നില്ല. ഏതായാലും ഗീതോപദേശത്തിന് ഒരു ശ്രീകൃഷ്ണൻെറ അരുളിനെ ആശ്രയിച്ചതു സൎവ്വഥാ ഉപപന്നമായി.

നിരണദേശക്കാരായ കണ്ണശ്ശകവികളുടെ ജീവിതസമയം നിൎദ്ധാരണം ചെയ്യുവാൻ തക്ക പ്രമാണങ്ങൾ സുലഭമല്ല. ഇതിന് അഭ്യൂഹംമാത്രമേ അവലംബമായിട്ടുള്ളൂ. ഭാഷാശൈലികൊണ്ടും ദ്രാവിഡമിശ്രതകൊണ്ടും മഹാകവിതകൊണ്ടും എഴുത്തച്ഛനേക്കാൾ പ്രാചീനരും ലീലാതിലകകൎത്താവിനേക്കാൾ അൎവ്വാചീനരും ആണ് ഈ കവികൾ എന്നു ചിലർ അഭിപ്രായപ്പെടുന്നു. ഏകദേശം ഈ അഭിപ്രായം അനുസരിച്ചു കൊല്ലം ൫൦൦-നം-൬൦൦-നം മദ്ധ്യേ ആയിരിക്കണം ഇവരുടെ ജീവിതകാലമെന്നു ഭാഷാചരിത്രകാരനായ മിസ്റ്റർ പണിക്കർ സ്ഥാപിക്കുന്നു. ഈ മൂന്നുകവികളും കൊല്ലം ആറാംശതവൎഷത്തിലാണു ജീവിച്ചിരുന്നതു എന്നു മിസ്റ്റർ പരമേശ്വരയ്യർ പറയുന്നു. ലീലാതിലകപ്രസ്താവനയിൽ

കണ്ണശ്ശകവികളുടെ ജീവിതസമയം.

കൃഷ്ണപ്പിഷാരടി അവർകൾ നിരണത്തുകവികളുടെ കൃതികളിൽ പാണ്ഡ്യഭാഷാരൂപങ്ങൾ ധാരാളം കാണുന്നതു കാലപ്പഴക്കം കൊണ്ടല്ല ദേശഭേദംകൊണ്ടുമാത്രമാണെന്നും അതിനാൽ ആ കവികളുടെ ജീവിതകാലം കൊല്ലവർഷം ആറാംശതകത്തിന്റെ അവസാനത്തിനു മുൻപല്ല എന്നും വ്യവസ്ഥചെയ്യുകാണുന്നു. മിസ്റ്റർ കെ. പി. ശിവശങ്കരപ്പിള്ള കണ്ണശ്ശരാമായണത്തിലെ തന്റെ അവതാരകത്തിൽ ഈ വ്യവസ്ഥയ്ക്കു ഹേതുഭൂതമായി ലീലാതിലകപ്രസ്താവകൻ ഉപന്യസിക്കുന്ന "തുളുമ്പിന കങ്കവെള്ളം" മുതലായ നാമങ്ങളോടു ബഹുവ്രീഹിയായി സമാസിച്ചിട്ടുള്ള പ്രയോഗവിശേഷങ്ങൾ കണ്ണശ്ശകൃതികളിൽ സുലഭമായി കാണ്മാൻ കിട്ടുന്നതല്ല എന്നതിനെ 'മററിയമാനസൻ' മുതലായ അനേകം ഉദാഹരണങ്ങൾ കാണിച്ചു ഖണ്ഡിക്കുന്നു. ആകപ്പാടെ നോക്കുമ്പോൾ ലീലാതിലകകാരനെ മുന്നോട്ടും, എഴുത്തച്ഛനെ പിന്നോട്ടും, നിരണകവികൾക്ക് ഒരു സീമയായി കല്പിച്ചു നിശ്ചയിക്കാവുന്ന ജീവിതസമയം ലീലാതിലകത്തിന്റെ കായ്യത്തിൽ സന്ദേഹമുള്ളതിനാൽ അത്ര യോജിക്കുന്നില്ല. "എന്നാലവരെല്ലാം ലീലാതിലകത്തിന്റെ കാലശേഷം ജീവിച്ചിരുന്നവരാണെന്നു സംശയം കൂടാതെ പറയാം' എന്നു ഭാഷാചരിത്രകാരനായ മിസ്റ്റർ പണിക്കർ ചെയ്യുന്ന പ്രതിജ്ഞയ്ക്ക് ഉപഷ്ടംഭകമായ ഊഹം അത്ര ദൃഢമല്ലെന്നു പറയേണ്ടിയിരിക്കുന്നു. മിസ്റ്റർ പണിക്കർ പര്യാലോചിക്കുന്നതു "ലീലാതിലകകാരൻ കണ്ണശ്ശൻപാട്ടുകൾ കണ്ടിരുന്നു എങ്കിൽ പാട്ടിന്റെ ലക്ഷണം പാടേ മാററിക്കളയുമായിരുന്നു. നേരേമറിച്ചു രാമപ്പണിക്കർ ലീലാതിലകം കണ്ടുകാണണം എന്നൂഹിപ്പാൻ മാർഗ്ഗവുമുണ്ടു" എന്നാകുന്നു. ഇതിനുംപുറമേ മിസ്റ്റർ പണിക്കർ സാഹിത്യചരിത്രത്തിൽ മറെറാരിടത്തു്,

"ഭാഷാമിശ്രമിതെന്റികഴാതേ
പരമേശ്വരഭക്ത്യാ വല്ലവനും
... ... ... ...
... ... ... ...
... ... ... ...
... ... ... ശങ്കരലോകേ"

എന്നു പറഞ്ഞുകാണുന്ന ഭാഷാമിശ്രം ലീലാതിലകകാരൻ

"ഭാഷാമിശ്രം പൊഴുതു കഥയാമി"

എന്നു നിർദ്ദേശിച്ചിരുന്ന ഭാഷാമിശ്രത്തെക്കണ്ടു രാമപ്പണിക്കർ

ശങ്കിച്ചതായിരിക്കണമെന്നു ഭങ്ഗ്യന്തരേണ അഭിപ്രായപ്പെടുന്ന തായും തോന്നുന്നു. ഈ അഭിപ്രായത്തിനെല്ലാം മറെറാരുതരത്തിൽ ഊഹംചെയ്യുമ്പോഠം സ്ഥായിത ഇല്ലാതെ വരുന്നു. ലീലാതിലകകാരൻ തനിക്കു മുൻപുള്ള പാട്ടുകളെല്ലാം കണ്ടിട്ടാണ് ലക്ഷണം എഴുതിയതെന്നും, രാമപ്പണിക്കർ നിശ്ചയമായും ലീലാതിലകം കണ്ടിരിക്കണം എന്നും വ്യവസ്ഥപ്പെടുത്തുവാൻ വേറെ പ്രമാണങ്ങളില്ലാതിരിക്കുന്നിടത്തോളം സാധിക്കുന്നതല്ല. ശ്രീപാണിനിപ്രഭൃതികളായ മഹർഷിമാക്കുപോലും സമ്പൂർണ്ണലക്ഷ്യജ്ഞാനമില്ലായ്കയാൽ കാത്യായനാദിവാർത്തികകാരന്മാർ അവശിഷ്ടപൂരണം ചെയ്യേണ്ടിവന്നു എങ്കിൽ ലീലാതിലകകാരൻെറ കഥ പ്രത്യേകിച്ചും പറയേണ്ടതില്ലല്ലോ. നമ്മുടെ ഇടയ്ക്ക് ഒരു ഗ്രന്ഥം കണ്ടാൽ അതിൻെറ പുറകേ കൂടാനല്ലാതെ അതിലേ ന്യൂനത കാണ്മാനോ അതു പരിഹരണം ചെയ്യുവാനോ ഉദ്യമം ഇല്ലാത്തതിനാൽ ഒന്നിൽ തന്നെ സർവ്വഭാരവും ചുമത്തുകകൊണ്ടാണ് ഈവിധം തോന്നുക. രാമപ്പണിക്കർ ലീലാതിലകത്തിലെ ഭാഷാമിശ്രം കണ്ടിരുന്നു എന്നു പറയുന്നതിനു പകരം ലീലാതിലകകാരൻ രാമപ്പണിക്കരുടെ „ഭാഷാമിശ്രമിതു്'' എന്നിടത്തെ ഭാഷാമിശ്രം ലക്ഷ്യജ്ഞാനപുരസ്സരംകണ്ടു് ആ പേരിൽ തന്നെ ഒരു ലക്ഷണം ചമച്ചു എന്നൂഹിക്കുന്നതിൽ എന്തുദോഷം? അതിനാൽ ലീലാതിലകത്തിനെ അപേക്ഷിച്ചു പ്രാചീനമാണെന്നു പറയാവുന്നപക്ഷത്തെ എതിക്കാൻ ഈ ഒരു ഊഹംമാത്രം അത്ര പര്യാപ്തമല്ല. പ്രബലതരങ്ങളായ പ്രമാണങ്ങഠം കാണുന്നതുവരെ എഴുത്തച്ഛനേക്കാഠം പ്രാചീനരായിരുന്നു നിരണകവികഠം എന്നുമാത്രം വിചിന്തനം ചെയ്യുന്നതു കൊള്ളാം. രാമപ്പണിക്കരുടെ കൃതിയാണെന്നു കേഠംവിയുള്ള ബ്രഹ്മാണ്ഡപുരാണത്തിൻെറ ഒടുവിൽ:—

''[1]ഹരിഃ ബ്രഹ്മാണ്ഡപുരാണം സമാപ്തം.

ന്യൂർധവ്യ (ന്യർവ്യ)-ാമാണ്ടു ധനുമാസം ൨൦-ാംനു- ഞായറാഴ്ചയും മകവും പഞ്ചമിയും അൻറു് എഴുതിക്കൂടീതു. ഹരിഃ'' എന്നുകാണുന്നതിനാൽ അതിനുമുൻപായിരുന്നു ഈ കവികളുടെ ജീവിതകാലം എന്നതു നിശ്ചയംതന്നെ. ന്യ൨ർ-ൽ പണിക്കരുടെ അനുവാദത്തോടുകൂടി എഴുതിയതായി മിസ്റ്റർ ഗോവിന്ദപ്പിള്ള പറഞ്ഞിട്ടുള്ള ഗ്രന്ഥം ഞാൻ കാണുകയുമുണ്ടായിട്ടുണ്ടു്''. എന്നു ഭാഷാസാഹിത്യചരിത്രകാരനായ മിസ്റ്റർ പണിക്കർ അഭി

1. വലിയ കൊട്ടാരംവക ഗ്രന്ഥം.

പ്രായപ്പെടുന്നതും-ന്ന ർ വ്യ-ന മുൻപാണെന്നുള്ള പക്ഷത്തോട് അനുകൂലിക്കുന്നു. സർവഥാ ഒന്നിലധികം പ്രമാണങ്ങൾ വളരെ വിമർശിച്ചു സപ്രമാണം സാധിക്കേണ്ട കാര്യം ഇപ്പോൾ ഈ സ്ഥിതിയിൽ നിറുത്തുന്നതിനേ തരമുള്ളൂ.

പ്രസ്തുതഗ്രന്ഥമായ കണ്ണശ്ശഭാരതം പാട്ട്:—

„കളവാൻ പാപം മുന്നേ രാമക-

ഭാരതം പാട്ട്. ഥാമൊട്ടായപ്രകാരം ചൊന്നേ-

നിളയാതേ ശ്രീകൃഷ്ണകഥാമിനി-

യെല്ലതായൊരുപടി ചൊൽക നിനൈന്തേൻ."

(പൂ. ന. പാ. വ്യ)

എന്നു ഗ്രന്ഥത്തിൽതന്നെ കവി പാടിയിരിക്കുന്നതനുസരിച്ചു രാമായണം നിർമ്മിച്ച, മഹാകവി രാമപ്പണിക്കർതന്നെയാണ് ഉണ്ടാക്കിയതെന്നു സിദ്ധിക്കുന്നു. ഇതുകൂടാതെ ശ്രീമദ്ഭാഗവതം ദശമസ്കന്ധം ഭാഷയിൽ ഇദ്ദേഹംതന്നെ ശ്രീകൃഷ്ണകഥാകീർത്തനോദ്ദേശത്തിൽ പാട്ടായും എഴുതിയിട്ടുണ്ട്. ഈ കാര്യം താഴേ ഉദ്ധരിക്കുന്ന ഭാഗവതംപാട്ടുകളിൽ നിന്നു മനസ്സിലാക്കാം.

„അറിവേ വടിവാകിയ നാരായണ-

നാകിയ ശ്രീകൃഷ്ണനുടേ സൽകഥ-

യുറവൊടു ചൊല്ലീടുകവെൻറാലൊ-

ൻേറാത്തീടുക മാനസമതു കണ്ണും

നിറമോടേ കേട്ടീടുകയതിനെ നി-

നച്ചുമുരത്തും കേൾപ്പവർ തമ്മോ-

ടുറ.......മാനസമിതുവരുവാ-

നോമനയോടിതു ചൊല്ലീതടിയൻ.

........................

......"...................

........................

........................

........................

ദേവകിമകനായേയവതാരം

ദേവകൾ വിധിയാലേ ചെയ്തീടിയ

പൂവിൽമടന്തമണാളൻതന്നുടെ

പുണ്യമതായീടും കഥ ചെമ്മേ

ആവിയിലുളവായീട്ടും ദുരിതമ-
റുംപടി രാമനരത്തീടിയ കവി
ഏവരുരത്തീടിൻറവരേവരു-
മെയ്തീട്ടും പരമാമറിവോടേ."

ഇനി വേറേ രണ്ടുകൃതികൾക്കൂടി ഈ മഹാകവി രാമപ്പണിക്കരുടെ വകയായിയുള്ളവ ഉദാഹരിക്കാം. അതു ശിവരാത്രിമാഹാത്മ്യംപാട്ടും ബ്രഹ്മാണ്ഡപുരാണം ഭാഷാഗദ്യവുമാണ്. അതിൽ ശിവരാത്രിമാഹാത്മ്യത്തിൽനിന്ന് ഉദാഹരണം—

"ആരണരാദിസമസ്തപ്രാണിക-
ളാമവർകൾക്കും പാപം കളവാൻ
കാരണമാകിയ ശിവരാത്രൌ വ്രത-
കഥയിതു തന്നാലായപ്രകാരം
സാരതയില്ലാതകൃതിയിരാമൻ-
താൻ നിരണത്തു കപാലീശ്വരമേ
ചേരുമുമാപതിതന്നരുളാലേ
ചെയ്താനേവം ഭാഷയിനാലേ."

എന്നാകുന്നു.

ബ്രഹ്മാണ്ഡപുരാണത്തിന് അതിൻെറ അവസാനത്തിലുള്ള

"മുന്നം സഗരപുത്രന്മാര് കുത്തിൻറകാലത്തു ഗോകർണ്ണമാകിൻറ പുണ്യക്ഷേത്രംകൂടി കുത്തി സമുദ്രത്തിൽ അകപ്പെട്ടുപോകയാൽ ഗോകർണ്ണവാസികളായിരുന്ന മഹർഷികളെല്ലാം സഹ്യപവ്വതത്തിന്മേലേറി തങ്ങളിലെകൂടി നിരൂപിച്ചു പരശുരാമമഹർഷി ഇരുന്നരുളിൻറ മഹേന്ദ്രപവ്വതത്തിന്മേൽ ചെൻറു പരശുരാമനെ നമസ്കരിച്ചു ചൊന്നാർ. "മഹർഷി! പരശുരാമ! എങ്ങളെ രക്ഷിച്ചരുളവേണ്ടും. ഗോകർണ്ണമാകിൻറ പുണ്യക്ഷേത്രത്തിങ്കൽ ഇരുന്നു മഹാദേവനെ പൂജചെയ്തു ഗതിലാഭിപ്പൂയെൻറു ഞാങ്ങൾ നിനച്ചിരുന്നിതു. അവിടം സഗരപുത്രന്മാർ ഭൂമിയെ കുത്തുകയാൽ സമുദ്രത്തിങ്കൽ അകപ്പെട്ടുപോയിതു. നിന്തിരുവടി വരുണനോട് ഇരന്നു ഗോകർണ്ണമാകിൻറ സമുദ്രസ്ഥാനത്തെ എങ്ങൾക്കുണ്ടാക്കിത്തരിക. എൻറു മഹഷികളരുളിച്ചെയ്യക്കേട്ടു രാമമഹർഷിയുമരുളിച്ചെയ്താൻ—"മഹർഷികൾ നിങ്ങൾ ചൊന്നത് എനക്കുമൊക്കുമെങ്കിലും അതിനു സ്വല്പമൊരു കുറയുണ്ടു. ഞാൻ ഇരുപത്തൊൻറുതുടൈ ക്ഷത്രിയവർഗ്ഗത്തെ

ക്കൊന്റടത്ത് എന്നെ നോക്കി പിതൃക്കൾ ചൊല്ലുകേട്ട് ആയു
ധംവച്ച് അവരുടെ മുന്നേൽ നിന്റ് ആയുധമെടാഴിവൂയെന്റു
പ്രതിജ്ഞപണ്ണിയിരിപ്പിതു. ആയുധംകൂടാതെ സാധിക്കാവെ
ന്റല്ല നിങ്ങൾ ചൊന്നതു. എന്റാൽ നിങ്ങൾ ചൊന്നതു ചെ
യ്യപ്പറവെന്റാകയുമുണ്ടു. എന്റു ഞാനായുധമെടുത്തുകൊണ്ട്
ഇതിനെ സാധിക്കിനെണ്ടെന്റു നിങ്ങൾ എന്നോടുകൂടെപ്പോരി
കഎന്റ് അരുളിച്ചെയ്തു വിൽപൂട്ടിയമ്പെടുത്തുകൊണ്ടു മഹേ
ന്ദ്രപവ്വതത്തിന്മേൽനിന്റ് പടിഞ്ഞായിറുനോക്കി എഴുന്നരുളി
ശ്ശൂപ്പ്കരാമനാകിന്റ സ്ഥാനത്തു നിന്റു സമുദ്രത്തെ ഉപാസിച്ചു
വരുണൻതാനുള്ളടത്തു വരായിന്റോനെന്ററിഞ്ഞു കോപ
ത്തോടുംകൂടി ആഗ്നേയാസ്ത്രം മന്ത്രിച്ച് അമ്പിനെ ഞാൺവായിൽ
വച്ചകാലത്തു സമുദ്രം കലങ്ങീതു. സമുദ്രങ്ങളിലുളവായിരിക്കിന്റ
പവ്വതങ്ങളുമസുരകളും നാഗങ്ങളും മീനുകളും ആമയും മുതല
യും പേടിച്ചു വിറക്കിന്റ ശരീരത്തെ ഉടയരായ് ക്ഷോഭിച്ചു
പെരുമാറിത്തുടങ്ങിന്റവനന്തരം വരുണഭഗവാൻ വൃത്താന്തമറി
ഞ്ഞു പേടിക്കിന്റവൻ പരശുരാമനൊള്ളേടത്തു ചെന്റു നമ
സ്കരിച്ചു രാമ രാമ പ്രസാദിക്കവേണ്ടും ...... ... ............ ... ... ...
...... ... ..........അമ്പുവാങ്ങിക്കൊൾക എന്റു ചൊല്ലുകേൾ
ക്കിന്റ പരശുരാമനരുളിച്ചെയ്താൻ. ഭഗവാനേ വരുണ! ഇർഷി
കൾ പണ്ടു ഗോകണ്ണത്തിരിപ്പോർ ചിലർ അവിടം സഗരപുത്ര
ന്മാർ കുത്തി സമുദ്രമാക്കിക്കളഞ്ഞാർ എന്റാൽ ഗോകണ്ണമാകി
ന്റ സ്ഥാനമെനക്ക ഇവക്കുവേണ്ടി ഉദ്ധരിച്ചുതരവേണ്ടും എന്റു
പരശുരാമൻ ചെല്ലുകേട്ടു വരുണഭഗവാൻ ചൊന്നാൻ. എങ്കിൽ
നിന്തിരുവടി ഇത്ര ഭൂമിയാക്കിത്തരുവിത് എന്റു വരുണൻ പറ
ഞ്ഞകാലത്തു പരശുരാമനും ഒരു സ്രുവമെടുത്തു തന്നുടെ കൈ
യിൽപിടിച്ചു പടിഞ്ഞായിറുകൂടി ആ ഭാഗം നോക്കി അതുകൊ
ണ്ടെറിഞ്ഞകാലത്ത് ഇരുന്തൂറുയോജന അപ്പാൽ വീണിതു.
അപ്പൊഴതവിടം ഭൂമിയായിതു. ഗോകണ്ണംമുതൽ നടയായ്പ്പോ
യിതു്. അനേകം ക്ഷേത്രങ്ങൾ അങ്ങനെ ദേവാലയങ്ങളും എന്നി
വററിനോടുംകൂടി വടക്കു സഹ്യപവ്വതത്തിനുടെ പടിഞ്ഞായി
ററ സമുദ്രത്തിനും കിഴക്കു തെക്കുവടക്കു നീണ്ടിരിപ്പിതൊരു ഭൂ
മിയൊണ്ടായിതു. ഇങ്ങനെ സഗരപുത്രന്മാർ കുത്തിക്കളഞ്ഞതിൽ
ഇത്തന ഭൂമിയൊണ്ടായിതു. ഇതിനെ സംബന്ധിച്ചു പരശുരാമ

മഹർഷിയും ശ്രുകാത്ത്വീയ്യപ്രഭാവവും ദത്താത്രേയാവതാരവും സഗരനെ... ... ... ശാന്തന്മാരായിരുന്ന ക്ഷത്രിയവ... ... ... ...

... .. ... ... ... ... ... ...
... ... ... ... ... ... ...
... ... ... ... ... ... ...

ജൈമിനിമഹഷി ഹിരണ്യനാഭന്ന് അരുളിച്ചെയ്യിതു്. അതിനെ ഞാനും ... ... ... ... ...
... ന അറിയാമകൊണ്ടു് തമിഴ് ഭാഷയായിച്ചൊല്ലിൻറിതു്..."

ഈഭാഗം ഉദാഹരണമാകുന്നു. ഈ ഉദ്ധരിച്ചഭാഗത്തിൽ 'ഞാനും' എന്നു കഴിഞ്ഞുള്ള അംശം പഴയ ഓലയിൽ പൊടിഞ്ഞുപോയിരിക്കയാൽ കവിനാമധേയം വ്യക്തമാകുന്നില്ല. ആദിയിലും അഞ്ചോലയോളം ഇല്ലാത്തതിനാൽ കർത്തൃനാമധേയം നിശ്ചയിക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു. തത്കാലം കേൾവികൊണ്ടുമാത്രം ഇതുംകൂടി രാമപ്പണിക്കരുടെ കൃതിയായി ഖ്യാപനം ചെയ്തു എന്നേയുള്ളൂ.

ഇപ്രകാരം രാമായണാദിയായി അനേകം കൃതികൾ ഉള്ളതിൽ ഒന്നാണു പ്രസ്തുതമായ ഭാരതംപാട്ടു്. ഇതു രാമായണത്തിനുശേഷം നിർമ്മിച്ചതാണെന്നു മുൻകൊട്ടത്തഭാഗംകൊണ്ടു സിദ്ധിച്ചുകഴിഞ്ഞു.

നമ്മുടെ രാമപ്പണിക്കർ ഇതിഹാസങ്ങൾ, പുരാണങ്ങൾ, സ്മൃതികൾ, സാങ്ഖ്യയോഗം മുതലായ തത്ത്വദശ്നങ്ങൾ എന്നിവയിൽ പ്രൌഢമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള മഹാപണ്ഡിതനും സഹൃദയധുരന്ധരനായ മഹാകവിയുമാണെന്നുള്ളതിന്ന് അദ്ദേഹത്തിന്റെ കൃതികൾതന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. അദ്ദേഹം പരതന്ത്രനായ ഒരു തജ്ജിമക്കാരനല്ലെന്നുതന്നെയല്ല സ്വതന്ത്രനായി കാലദേശാവസ്ഥാനുഗുണം സംസ്കൃതമാനസനായിത്തീന്ന ഒരു പരമാചായ്യൻകൂടിയായിരുന്നു എന്നുള്ളതു കൃതികളിൽ അവിടവിടെ തിരഞ്ഞാൽ പ്രത്യക്ഷപ്പെടുന്നതാണു്. ശ്രീമദ്രാമായണം, അഗ്നിപുരാണം മുതലായവയിലെ സാരം കവന്നെടുത്തു സകലലോകവശീകാരചതുരമായ സാരോപദേശമായി സമപ്പിക്കുന്ന കാളിദാസാദിമഹാകവികൾക്കുതുല്യം ഭാരതാദികഥാവസ്തു കൈയിലെടുത്തു ലളിതകോമളപ്രകൃതിയായ കാവ്യരസം പുരട്ടി പഞ്ചസാരഗുളികയായുരുട്ടി പാട്ടുകൾ പാടി നടന്നിരുന്ന

തജ്ജിമ.

ഒരു സമസ്തകേരളഗുരുവായിരുന്ന അദ്ദേഹം എന്നുവേണം രത്നച്ചുരുക്കത്തിൽ പറയുവാൻ. വിഷ്ണു എന്നോ ശിവൻ എന്നോ പക്ഷഭേദം ലേശവും സ്പർശിക്കാത്തവനും സച്ചിദാനന്ദസ്വരൂപിയായ പരമാത്മാവിൽ അവിരതരതിമാനും ആയിരുന്ന ആ മഹാനുഭാവൻ എന്നുള്ളത് അദ്ദേഹത്തിൻെറ രാമായണഭാരതഭാഗവതങ്ങളും ശിവരാത്രിമാഹാത്മ്യവും വിളിച്ചുപറയുന്നുണ്ട്. ഇതിനെല്ലാം ഉദാഹരണങ്ങൾ അവിടവിടെ സുലഭങ്ങളാകയാൽ പ്രത്യേകിച്ചു ചേർത്ത് അവതാരിക വർദ്ധിപ്പിക്കണം എന്നു വിചാരിക്കുന്നില്ല.

ഇനിയൊന്നു ചിന്തിക്കാനുള്ളതു മൂലവും തർജ്ജിമയുമായ ഒത്തുനോക്കിയതിൽ കണ്ടതായ വിശേഷങ്ങളെപ്പററിയാണ്.

മൂലത്തിൽ—

"ശപ്തസ്തു ഭൃഗുണാ വഹ്നിഃ ക്രുദ്ധോ വാക്യമഥാബ്രവീത്
കിമിദം സാഹസം ബ്രഹ്മൻ! കൃതവാനസി മാം പ്രതി."

(ആദിപർവ്വം, പൌലോമം—അദ്ധ്യായം ൭. ശ്ലോകം ൫)

എന്നു കാണുന്നിടത്തെ ക്രുദ്ധനായ വഹ്നിയെ

"നയമൊടു പാവകനും വന്നവനൊടു
ന്യായമിതല്ലെൻറൻറു പറഞ്ഞാൻ."

(ഭാരതംപാട്ട് പു. ൩൩. പാട്ട്. ൫൨൭)

എന്നീ പാട്ടിൽ പണിക്കർ വിനീതനായി പ്രവേശിപ്പിക്കുന്നു.

മൂലത്തിൽ കാണുന്ന:—

"കസ്മാദേവം വിമൂഢസ്ത്വമീശ്വരഃ സൻ ഹുതാശന!
ത്വം പവിത്രഃ സദാ ലോകേ സർവ്വഭൂതഗതിശ്ച ഹ.
... ... ... ... ... ...
യഥാ സൂർയ്യാംശുഭിഃ സ്പൃഷ്ടം സർവ്വം ശുചി വിഭാവ്യതേ
തഥാ ത്വദർച്ചിർന്നിർദ്ദഗ്ധം സർവ്വം ശുചി ഭവിഷ്യതി."

(പൌലോ. അ. ൭. ശ്ലോകം. ൨൫-൨൪)

എന്നുള്ള ഭാഗത്തെ,

"അറിവിയലാത്തവരെപ്പോലേയിതി-
നതിഖേദിപ്പാനെന്തേ നീ തവ
നിറമിയലും ജ്വാലകളൊടു ചേർന്നാൽ
നിശ്ചയമറികതതീവ വിശുദ്ധം

കുറവിയലാത്ത ദിവാകരരശ്മികൾ
ഗുണമില്ലാതവയിറെറാട്ട ചേൎന്നാ-
ലറിക ദിനേശ്വരനില്ലൊരശുദ്ധത-
യതിനാലെല്ലാമേ ശുദ്ധവുമാം.”

(ഭാരതംപാട്ട്. പു. ൩൮. പാ. ൧൩൪)

എന്നു പണിക്കർ പരിഭാഷണംചെയ്തിട്ടുള്ളതുകണ്ടാൽ ഇവിടം ഒരു സ്വതന്ത്രവ്യാഖ്യാനരൂപമാണെന്നു തോന്നും. മൂലത്തിൽ അഗ്നിയെ വിമൂഢനാക്കി സ്ഥാപിക്കുന്നിടത്തു തജ്ജിമക്കാരൻ ‘അറിവിയലാതവരെപ്പോലെ’ എന്നു വിമൂഢസാദൃശ്യം കൊടുക്കുന്നേ ഉള്ളു. ‘യഥാ സൂൎയ്യാംശുഭിഃ’ എന്നു മൂലത്തിൽ കൊടുത്തിട്ടുള്ള ഉപമയെ തജ്ജിമയിൽ ദൃഷ്ടാന്തമാക്കിയിരിക്കുന്നു. വിശിഷ്യ സൂൎയ്യന് അശുദ്ധിശങ്കപോലും ഉദ്ഭാവനംചെയ്യാത്ത മൂലാശയം പകൎത്തുന്നിടത്ത് ‘അറിക ദിനേശ്വരനില്ലൊരശുദ്ധത’ എന്നിങ്ങനെ തജ്ജിമക്കാരൻ ആശങ്ക്യ നിഷേധംചെയ്യുന്നു.

“തതഃ സ ഗൎഭോ നിവസൻ കുക്ഷൌ ഭൃഗുകുലോദ്വഹ!
രോഷാന്മാതുശ്ച്യുതഃ കുക്ഷേശ്ച്യവനസ്തേന സോഽഭവത്.”

(പൌലോ. അ. ൬. ശ്ലോ. ൨)

എന്നീ മൂലം അനുസരിച്ചു ച്യവനൻ എന്നുള്ള നാമധേയത്തിന്റെ വ്യുത്പത്തി നിരൂപണം ചെയ്യേണ്ടുന്നിടത്തു്

“അവളുടെ കുക്ഷിയിൽ മേവിനബാലൻ
പടുതരനവളുദരേ നിൻറിഴുകി-
പ്പാരതിൽ വീണെതിർനോക്കിയകാലം.”

(പു. ൩൨. പാട്ട്. ൧൨൮)

എന്നു പരിഭാഷകൻ പാട്ടിനിടയ്ക്കു കാൎയ്യം വിട്ടുപോയതായി തോന്നുന്നു. എന്നാൽ ഈ ഒരു തെററിനെ പ്രത്യുത്പന്നമതിയായ അദ്ദേഹം

“സചാപി ച്യവനോ ബ്രഹ്മൻ! ഭാൎഗ്ഗവോഽജനയത് സുതഃ”

എന്നിങ്ങനെ എട്ടാം അദ്ധ്യായത്തിൽ ഉപരിതനകഥാബന്ധത്തിനായിമാത്രം സ്പൎശിക്കുന്ന ച്യവനപ്രസ്താവനയെ ആശ്രയിച്ചും

“മൂവുലകിലുമറിയുംപുകഴുള്ള മുനീന്ദ്രൻ
ച്യവനനു ഗൎഭച്യവനാത്കൈവന്നിതു പേരതു.”

എന്നീരീതിയിൽ മാജ്ജനംചെയ്യുന്നു. ഗർഭത്തിൻെറ ച്യുതിക്കു മൂലകാരൻ നിർദ്ദേശിച്ചിരിക്കുന്ന രോഷാദ് എന്നുള്ള ഹേതുവിനെ നമ്മുടെ പണിക്കർ ഉപേക്ഷിച്ചു എന്നുമാത്രമല്ല സ്വാതന്ത്ര്യമായി തത്സ്ഥാനത്തു് 'അടവിയിലൂടെനടന്നതിന്നെ' ഹേതുവായി കരുതുകയും ചെയ്യുന്നു.

മൂലഭാരതം ആദിപർവ്വാന്തർഗ്ഗതമായ അംശാവതരണപർവ്വത്തിൽ വൈശമ്പായനൻ ജനമേജയനു ഭാരതകഥാസങ്ക്ഷേപം:—

"ശൃണു രാജൻ! യഥാ വീരാ ഭ്രാതരഃ പഞ്ച പാണ്ഡവാഃ
വിരോധമനുഗച്ഛന്ത ധാർത്തരാഷ്ട്രൈർദുരാത്മഭിഃ."

എന്നാരംഭിച്ചു്,

"ഏവമേതത് പുരാവൃത്തം തേഷാമക്ലിഷ്ടകർമ്മണാം
ഭേദോ രാജ്യവിനാശശ്ച ജയശ്ച ജയതാംവര!"

(അംശാവതരണം അ. ൬൧. ശ്ലോ. ൧-൫൫)

എന്നവസാനിക്കുന്ന പദ്യങ്ങളാൽ അനുവർണ്ണനം ചെയ്യുന്നിടത്തു പരിഭാഷകനായ പണിക്കർ അകൃത്രിമമായ ശ്രീകൃഷ്ണഭക്തിയാൽ പ്രേരിതനായി:—

"ആദിപുരാൻ ശ്രീകൃഷ്ണനുടേ കഥ-
യായ്‌വരുമരചാ! ഭാരതമോർത്താ-
ലാദരവോടു പിതാമഹർതമ്മെയ-
വൻതിരുവടി പാലിച്ചതു മുറവും
നാഥനവൻ നാരായണനാഴിയിൽ
നാഗമഹാഭോഗാമലതല്പേ
നീതിയിനാലേകാഗ്രാത്മാവായ്
നിദ്രാവശനായ് മുമ്പു വസിച്ചാൻ."

(പു. വൻ. പാട്ടു് ൧)

എന്നുതുടങ്ങി,

"ആനപ്രകാരം ഞാൻ തവ പൂർവ്വപി-
താമഹചരിതമതിൽ ജീവാത്മാ-
വായ് മരുവും കൃഷ്ണൻകഥയോടിനി-
യറിയിപ്പൻ കഥയാദിയിൽനിന്റേറ
ത്തുയ തപോധനനായ പരാശര-.
സുതമതമനുപമനാം ജനമേജയ-
നായ നരേന്ദ്രാ!യെൻറഥ വൈശം-
പായനമുനി നൃപനോടതു ചൊന്നാൻ.

എന്നുപസംഹരിക്കുന്നതായ ൨൧ പാട്ടുകളാൽ ശ്രീകൃഷ്ണവിലാസ സങ്ക്ഷേപമാണു ഗാനംചെയ്യുന്നതു്. ഇതു സർവ്വഥാ മൂലഭാരതാ സംസ്പൃഷ്ടമായ ഒരുഭാഗം സ്വാതന്ത്ര്യോദാഹരണമായി ഘടിപ്പിച്ചി താണെങ്കിലും,

“ഇളയാതെ ശ്രീകൃഷ്ണകഥാമിനി-
യെല്ലതായൊരുപടി ചൊല്ക നിന്നെന്നേൻ.”

എന്ന് ആദ്യംചെയ്തിട്ടുള്ള പ്രതിജ്ഞയെ ഇടയ്ക്കു് അനുസ്മരിക്കുന്നതായ ഒരു ഔചിത്യത്തിന് അവകാശം നല്കാതിരിക്കുന്നില്ല. “പൂർവ്വപിതാമഹചരിതമതിൽ ജീവാത്മാവായി” മരുവുന്നതാണു ശ്രീ‘കൃഷ്ണൻകഥ’ എന്നു സ്ഥാപിക്കുന്ന ഒരു കവിക്കു ജീവാത്മാവിനെ പ്രഥമസങ്കീർത്തനം ചെയ്യേണ്ടതു സർവ്വഥാ അപരിത്യാജ്യവും ആണല്ലോ.

ശകുന്തളോപാഖ്യാനത്തിൽ അതിഥിയായിവന്ന ദുഷ്ഷന്തനോട്ട്,

“സ്പഷ്ടം മധുരയാ വാചാ സാബ്രവീജ്ജനമേജയ!
... ... ... ... ...
... ... ... ... ...
ഉവാച സ്മയമാനേവ കിം കാര്യം ക്രിയതാമിതി.”

(സംഭവം. അ. ൭൨. ശ്ലോ. ൩൯)

എന്നീ ഭാഗങ്ങളിൽ ശകുന്തള സ്മയമാനയെന്നോണം മധുരഭാഷണം ചെയ്തതായി പറയുന്ന സങ്ഗതി പാട്ടുകാരനായ കവിയുടെ സ്വാധീനത്തിലായപ്പോഠം,

“ചൊന്നവളുടൻ മുഗ്ദ്ധമാനനസരോജമതി-
ശോഭ വരുമാറുഴറി നാണമൊടു താഴ്ത്തി
മന്നനൊടുനിൻവുരചെയ്താഠം മന്ദഹാസമൊടു”

എന്നീവിധം മുഗ്ദ്ധമായ മുഖപദ്മത്തിൻെറ ശോഭയിലും, പരിഭ്രമത്തിലും, ലജ്ജയിലും മററും ചുററിപ്പിണഞ്ഞ് അകൃത്രിമമായ അനുരാഗത്തിൻെറ അനുഭാവമഹിമയായി പരിണമിച്ചിരിക്കുന്നു. മൂലഭാരതത്തിൽ:—

“ഷഡ്വർഷേഷു ഗതോ ബാലഃ കണ്വാശ്രമപദം പ്രതി
വ്യാഘ്രാൻ സിംഹാൻ വരാഹാംശ്ച വൃകാംശ്ച മഹിഷാംസ്തഥാ.”

(സംഭ-അധ്യാ. ൭൦. ശ്ലോ. ൨൧)

എന്നിങ്ങനെ ശകുന്തളാകുമാരനു ന്നു വയസ്സതികഞ്ഞതുമുതൽ ദുഷ്ടമൃഗധ്വംസനവും, ക്രൂരരാക്ഷസാദിഹനനവും കൃത്യമായി ഉപന്യസിക്കുന്നു. തജ്ജിമയിൽ:—

"മാനിതകുമാരനവനും മൂൻറുവഷമഥ
വന്നിതു വയസ്സടവിതോറുമതുകാലം
ദീനതയൊഴിഞ്ഞു പുലിസിംഹാദിദുഷ്ടമൃഗ-
നിഗ്രഹമിയററുവതവന്നു കളി."

(പു. ൧൩൩. പാട്ടു് ൩൨)

എന്നുള്ളതിനാൽ മൂന്നുവയസ്സു കഴിയുമ്പോഴുംതന്നെ ആ കുമാരനു മൃഗാദിധ്വംസനശക്തി നൽകിയിരിക്കുന്നു. ഈവിധം ഉള്ള സങ്ഖ്യാവ്യത്യാസം വിവാഹങ്ങളെ ഗണിക്കുന്ന ഘട്ടത്തിലും കണുന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണു്. അതു താഴെ കൊട്ടുക്കാം

"അഷ്ടാവേവ സമാസേന വിവാഹാ ധമ്മതഃ സ്മൃതാഃ."

(സംഭവപ. അധ്യാ. ൯൪. ശ്ലോ. ൧൪)

എന്നു മഹാഭാരതത്തിൽ നിർദ്ദേശിച്ചിരിക്കുന്ന എട്ടുവിധം വിവാഹം,

"അവളൊടവിടേ നൃപതി ദുഷ്ഷന്തനും പുനരി-
തറിക തവ താതനറിയാതുമിതുചെയ്യാൽ
അവശതയില്ലേതുമിതിൽ നാലുവിധമായ് മുമ്പിൽ
അരുമറയിലോതിയ വിവാഹവിധിയെൻറാൻ."

(പു. ൧൩൩. പാട്ടു്. ൨൦)

എന്നു പരിഭാഷകൻ നാലുവിധമായി പാടിയിരിക്കുന്നു.

രാജമണ്ഡപത്തിൽചെന്നു്:—

"സ്തംഭമാലിങ്ഗ്യ രാജാനം പ്രസീദസേത്യുവാച സാ"

(സംഭവ. അധ്യാ. ൯൭. ശ്ലോ. ൨൨)

എന്നിങ്ങനെ തൂണിൽപിടിച്ചു ചാരിനിന്നിരുന്ന ദയനീയയായ ശകുന്തളയ്ക്കു് ആശ്രയമായിരുന്ന ആ തൂണിനെ പാട്ടുകാരനായ പരിഭാഷകൻ ഒരു ഉത്കൃഷ്ടമായ രാജപത്നിക്കു തക്കവിധം:—

"നവകനകരത്നപരിശോഭിതസഭാസ്തംഭം
നാണമൊടണഞ്ഞു തഴുകീടിനവൾ

... ... ... ...
... ... ... ...."

(പു. ൧൩൫. പാ ൪൧)

എന്നു കനകരത്നപരിശോഭിതമാക്കിത്തീർത്തിരിക്കുന്നു.

ഈവിധം സ്ഥാലീപുലാകന്യായേന തിരയുന്നതായാൽ പോലും പലേടത്തും സഹൃദയാഗ്രഗണ്യനായ രാമപ്പണിക്കർ സന്ദർഭോചിതവും സരസവും ആയ അനേകം ഛായാവിവൎത്ത ങ്ങൾ യഥേഷ്ടം കൂട്ടിച്ചേൎത്തിട്ടുണ്ടെന്നുള്ളത് അദ്ദേഹത്തിന്റെ കവിതാസ്വാതന്ത്ര്യത്തിനു വിജയപതാകകളായി ഖ്യാപനംചെയ്യാവുന്നതാണ്.

നമ്മുടെ മഹാകവിരാമപ്പണിക്കർ, സൎവ്വാഭിവന്ദ്യനായി പരമഭാഗവതനായുള്ള എഴുത്തച്ഛനു് ഉപജീവ്യനായിരുന്നു എന്നുള്ള മഹിമ ബഹുമാന്യമാണ്. ഇതിനു പണ്ഡിതാഗ്രഗണ്യനും കവിവരേണ്യനുമായ ബഹുമാനപ്പെട്ട ഹൈക്കോടതിജഡ്ജി ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ ഈയിടെ മദ്രാസ് സൎവ്വകലാശാലയിൽവച്ചു ചെയ്തതായ പ്രസംഗത്തിൽ നിന്നും കുറേ ഭാഗം അനുവാദപ്രകാരം പ്രമാണമായി ഉദ്ധരിച്ചുകൊള്ളുന്നു:—

"ഉത്തരരാമായണനിൎമ്മിതിയിൽ ഒരുപക്ഷേ വാല്മീകിരാമായണം എഴുത്തച്ഛൻ വായിച്ചിരിക്കാം, എങ്കിലും കണ്ണശ്ശന്റെ ചരടാണ് എഴുത്തച്ഛൻ പ്രധാനമായി പിടിച്ചുകാണുന്നതു്. പറഞ്ഞതിനെ സമൎത്ഥിക്കാൻ ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം. സീതയെ കാട്ടിൽവിട്ടു മടങ്ങിയശേഷം രാമലക്ഷ്മണന്മാരുടെ സംഭാഷണത്തിൽ:—

"ആദരവാൽ വഴിയമ്പലമെയ്തി-
യതീവ സുഖേന പറഞ്ഞരനാഴിക
നീതിയിൽ നാനാദിക്കുകൾതോറും
നിന്നു വരുന്നവരൊന്നിയിരുന്നാൽ
ഖേദമൊഴിഞ്ഞു പറഞ്ഞൊരോവഴി
ഗതരാവതുപോൽ ബാന്ധവസുതദാ-
രാദികളോടിതമായ് വാണ്ണാലുട-
നവരവർ പോവതൊരോവഴി മററും."

എന്നു കണ്ണശ്ശന്റെ ഉത്തരകാണ്ഡത്തിൽ കാണുന്നു.

അതേ ഘട്ടത്തിൽ എഴുത്തച്ഛൻ—

"പാന്ഥന്മാർ പെരുവഴിയമ്പലംതന്നിൽവന്നു
താന്തരായിരുന്നുടൻ പിരിഞ്ഞുപോകുംപോലെ

ജനകജനയിത്രീനന്ദനഭാൎയ്യാധന-
മനവാസരം കൈക്കൊണ്ടിരുന്നു ചിലദിനം
മുഖ്യഭേദത്തോടവർ ചെയ്തീടും കൎമ്മങ്ങൾക്കു
തക്കവാറോരോവഴി പിരിഞ്ഞുപോയീടിനാർ."

(അദ്ധ്യാത്മരാമായണം.)

എന്നു പറയുന്നു. ഈ ഭാഗത്തു വാല്മീകി പറയുന്നതു്:—

„സൎവ്വേ ക്ഷയാന്താ നിചയാഃ
പതനാന്താഃ സമുച്ഛ്രയാഃ
സംയോഗാ വിപ്രയോഗാന്താ
മരണാന്താ ച ജീവിതം.
തസ്മാത് പുത്രേഷു ദാരേഷു
മിത്രേഷു ച ധനേഷു ച
നാതിപ്രസങ്ഗഃ കൎത്തവ്യോ
വിപ്രയോഗോ ഹി തൈർധ്രുവം."

എന്നാകുന്നു. ഇവിടെ പെരുവഴിയമ്പലത്തിൻെറ ഉപമ കണ്ണശ്ശനിൽനിന്നും, ധനത്തിൻെറ ആകൎഷണം വാല്മീകിയിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

... ... ... ...
... ... ... ...

അതുകൊണ്ടു പൂൎവ്വഭാഷാകവിയായ കണ്ണശ്ശപ്പണിക്കരുടെ കൃതികളും അദ്ദേഹത്തിനു ഉപസേവ്യങ്ങളായിരുന്നു.

"ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ.
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൌതുകമുണ്ടായ്വന്നു ചേതസി കൌശികനും."

എന്നിടത്തെ മനോഹരമായ ഉപമാപരമ്പര:—

„വരമാകിയ വിൽ പൊടിയുമണിഞ്ഞൊരു
മാത്രയിലേ ചെറുഞാണൊലിചെയ്താൻ
നരപാലകർ ചിലരതിനു വിറച്ചാർ
നലമുടെ ജാനകി സന്തോഷിച്ചാൾ.
അരവാദികൾ ഭയമീടുമിടിദ്ധ്വനി-
യാൽ മയിലാനന്ദിപ്പതുപോലെ."

എന്ന കണ്ണശ്ശരാമായണപദ്യത്താൽ അനുപ്രാണിതമാണെന്നുള്ളതിനു തൎക്കമില്ല.

„കളങ്കമനോഗതമാമാലസ്യം
കരുണയിനാലതിനിർമ്മലകോമള-
നളിനമനോഹരദേഹേ! ഭാരതി!
നാഥേ! സരസിജസംഭവദയിതേ!
ഇളകിയ സാഗരവീചികൾ മേന്മേ-
ലിതമൊട്ടു വന്നുളവായതുപോലേ
തളർവ്വിയലാതതിസുന്ദരവാണികൾ
സതതം മമ വരുവാനരുളേണം."

എന്നു കണ്ണശ്ശഭാരതം ആരംഭത്തിൽ കാണുന്ന പദ്യത്തിന്റെ പുനർജ്ജന്മം എന്നതുപോലെ,

"വാരിജോത്ഭവമുഖവാരിജവാസേ! ബാലേ!
വാരാധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീപദാവലി തോന്നണം കാലേ കാലേ
പാരാതേ സലക്ഷണം മേന്മേൽ മങ്ഗലശീലേ!"

എന്നദ്ധ്യാത്മരാമായണംകിളിപ്പാട്ടിന്റെ മുഖഭാഗത്തു കാണുന്നു."

പ്രസ്തുതമായ ഭാരതംപാട്ടിനേയും എഴുത്തച്ഛൻ അവിടവിടെ കിളിപ്പാട്ടിനായി ഉപജീവിച്ചിട്ടുണ്ടെന്നു കാണുന്നതും താഴെ നിർദ്ദേശിക്കുന്ന ലക്ഷ്യങ്ങളിൽനിന്നു സ്പഷ്ടമാകുന്നതാണ്.

പൌലോമം ൧൩൭-ാം പാട്ടിൽ,

"അമ്പൊടു വിശ്വാവസുവുത്പാദി-
ച്ചനുപമയാകിയ മേനക പെററാൾ
മുമ്പൊരു കന്യകതന്നെയൊരനുപമ-
മുനിവരനുടെയാശ്രമമതിന്നരികേ
പിമ്പവളിട്ടുകളഞ്ഞേ പോയാൾ
പൃഥിവിയിലപ്പെൺപൈതൽ കിടന്നതു
തൻപരിതാപത്തോടേ കണ്ടതി-
താത്പര്യത്തൊടെടുത്താൻ മുനിവൻ."

(പു. ൩൭)

എന്നു കണ്ണശ്ശൻ അഭിപ്രായപ്പെടുന്നതുതന്നെ,

"എത്രയും തപസ്സുള്ള ഋഷിയാശ്രമത്തിങ്കൽ
പൃഥിവിയിലിട്ടുംകളഞ്ഞവളും പോയാളല്ലോ."

എന്ന് എഴുത്തച്ഛൻെറ ശബ്ദംകൊണ്ടു മിക്കവാറും രൂപപ്പെട്ടിരിക്കുന്നു.

ആസ്തികം മൂന്നാമതു പാട്ടായ—

"ആനവനൊരുനാളൊരുവനഭവി ക-
ണ്ടാനഥ പാതാളത്തിലുടൻ വീഴ്-
വാനിടരോട്ടമവാങ്മുഖരായ് ചില-
രവിടെപ്പുല്ലൊടിയെപ്പിടിപെട്ടേ
ദീനതയോടു കിടപ്പതുമുയരേ
നില്ക്കും തുണതലമതിനുടെ മൂടും
ദീനമൊഴിഞ്ഞു വളന്നൊരു മൂഷിക-
നുടനുടനറുതിപെടുപ്പതുമെല്ലാം."

(പു. ൪൦)

എന്നുള്ള പണിക്കരുടെ തജ്ജിമയെ,

"പാതാളലോകത്തു വീഴുവാനായ് ചില-
രാധിപൂണ്ടേററമധോമുഖന്മാരുമായ്
പുല്ലൊടിതന്നുടെയഗ്രമാലംബമായ."

എന്നു ഛായാഭേദംപോലും കൊടുക്കാതെ സ്വകീയഭാഷയ്ക്കു വശപ്പെടുത്തിയിരിക്കുന്നു.

ആസ്തികത്തിൽതന്നെ എട്ടാമതു പാട്ടിൽ,

"തനിയേ തവ തരുവാൻ കല്പിച്ചേൻ
ധാതൃനിയോഗത്താലേ കേളായ്."

എന്നു കണ്ണശ്ശൻ ഘടിപ്പിച്ചിട്ടുള്ള അംശത്തെ,

"പണ്ടേ ഭവാനു തരുവാനായുണ്ടായി
പുണ്ഡരീകോദ്ഭവനെന്നുമറിഞ്ഞാലും."

എന്ന് എഴുത്തച്ഛനും ഒപ്പിച്ചിരിക്കുന്നു.

ഈവിധം പലേടത്തും കണ്ണശ്ശമഹാകവിയെ എഴുത്തച്ഛൻ ഉപജീവിച്ചിട്ടുണ്ടെന്നു സ്പഷ്ടമായി കാണുന്നു. ഇങ്ങനെയെല്ലാമിരിക്കേ ഭാഷാഭേദംകൊണ്ടും, ഉപജീവ്യഭാവംകൊണ്ടും കണ്ണശ്ശൻ എഴുത്തച്ഛനെ അപേക്ഷിച്ച പ്രാചീനനാണെന്നു സിദ്ധിച്ചിട്ടും ചിലർ എഴുത്തച്ഛനും കണ്ണശ്ശനും തമ്മിൽ വാഗ്വാദം

നടന്നിട്ടുണ്ടെന്ന് ഒരു ഐതിഹ്യം കല്പിച്ച് അവരെ സമകാലികന്മാരായും, സ്വതന്ത്രന്മാരായും തീക്ഷ്ണതു സാഹസമെന്നേ പറയേണ്ടൂ. ഉദാഹരിച്ചിട്ടുള്ള ഭാഗങ്ങളിൽനിന്നും രാമപ്പണിക്കരുടെ പല സന്ദർഭങ്ങളും എഴുത്തച്ഛൻ ഉപജീവിച്ച് ഉത്തരകാണ്ഡംകിളിപ്പാട്ടു നിർമ്മിച്ചിരുന്നിട്ടും, എഴുത്തച്ഛൻ യുദ്ധകാണ്ഡത്തിൻെറ അന്ത്യഭാഗംവരയ്ക്കുമാത്രം എഴുതീട്ടു ആ വ്യവസായത്തിൽ നിന്നു വിരമിച്ചുകളഞ്ഞതായും,

"നാരായണനാകിയ ശ്രീരാമ-
നരേന്ദ്രനുടേ വൃത്താന്തമിതോർത്തേ
കാരാർകുഴലാളായ സരസ്വതി
കനിവൊടു മേവിയ മുനികുലതിലകൻ
വാരാകരസമമാമിടമീടിയ
മനസാ ശ്രീവാല്മീകിയിയററിയ
ശ്രീരാമായണകാവ്യം കേൾപ്പവർ
ചെമ്മേ വാനലകെയ്യുവരല്ലോ.

ഒരുപടി ശ്രീവാല്മീകിമുനീന്ദ്ര-
നരത്തമഹാകാവ്യം കണ്ടെനതു
നിരുപമമതിലില്ലാതകഥാദികൾ
നിശ്ചയമിതിൽ ഞാൻ ചൊല്ലിില്ലേതും;
പെരിയ മഹാകാവ്യമതവ്വണ്ണം
പേർത്തുരചെയ്യാനോ പണിയെന്നാൽ
വരഗുണനാകിയ ശ്രീരാമൻകഥ
ബാലന്മാരിതു കണ്ടറികെന്നേ."

എന്നിങ്ങനെ വാല്മീകികൃതമായ ഉത്തരകാണ്ഡത്തെ സമർത്ഥിക്കുന്ന കണ്ണശ്ശഗാനത്തിന് ഉത്തരം പറയാതെ വാല്മീകിരാമായണത്തിനു പരമാർത്ഥത്തിൽ ആറുകാണ്ഡമേ ഉണ്ടായിരുന്നുള്ളു എന്നും, മിസ്റ്റർ പണിക്കർ ചരിത്രത്തിൽ പറയുന്നതിന് എന്താണു പ്രമാണം എന്നുള്ള ജിജ്ഞാസ അശാന്തമായിരിക്കുന്നതേ ഉള്ളൂ.

എഴുത്തച്ഛനു നമ്മുടെ രാമപ്പണിക്കർ എന്നപോലെ രാമപ്പണിക്കർക്ക് ബാലരാമായണനാടകകർത്താവായ രാജശേഖര

കവി ഉപജീവ്യനായിരുന്നു എന്നുള്ളതും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ബാലരാമായണത്തിൽ കാണുന്ന:—

"രാമഃ—(സവിനയം) കേയമക്ഷാന്തിർഭഗവതോ മുഗ്ധബുദ്ധിഷു

മാദൃശേഷു പുത്രഭാണ്ഡേഷു, പശ്യതു ഹി തപോരാശിഃ.

ബാഹോർബലം ന കഥിതം നച കാർമ്മുകസ്യ
ത്രൈയമ്ബകസ്യ തനിമാ തത ഏഷ ദോഷഃ
തച്ചാപലം പരശുരാമ! മമ ക്ഷമസ്വ
ഡിംഭസ്യ ദുർവ്വിലസിതാനി മുദേ ഗുരൂണാം.

ജാമദഗ്ന്യഃ—കിം നാമ തപോരാശിരഹം ന ശൌര്യരാശിഃ?

കിഞ്ച രേ! നിദർശിതലാഘവ! രാഘവ! സ്വവർണ്ണനാപരം സ്വഗർവ്വമഹിതം തദാകർണ്ണയ യത്നേ കരോമി.

ത്രുടിതനിടിലനാഡീചക്രവാളപ്രണാള-
പ്രസൃതരുധിരധാരാചർച്ചിതോച്ചണ്ഡരുണ്ഡം
മധമധിതമൃഡാനീകാന്തചാപസ്യ ഭങ്ക്തുഃ
പരശുർമരവന്ദ്യഃ ഖണ്ഡയത്യദ്യ മുണ്ഡം.

രാമഃ— സ്വായത്തേന കുഠാരേണ
സ്വാധീനേ രാമമൂർദ്ധനി
യഥേഷ്ടം ചേഷ്ടതാമാര്യ-
സ്തത്രാജ്ഞാം കോ നിഷേധതി?.

ജാമദഗ്ന്യഃ—യഃ പ്രേതനാഥസ്യാതിഥ്യമനുഭവിതുകാമഃ."

എന്നുള്ള ഭാഗത്തെ കണ്ണശ്ശൻ ഭാഷയിൽ പകർത്തിയിട്ടുള്ളതു താഴെ ചേർക്കുന്നു.

"എന്നതുകേട്ടു കുമാരനിരാമനു-
മീടിയ മന്ദസ്മിതമൊടു ചൊന്നാൻ
വെന്നിയുടേ നിന്തിരുവടിയതിനു വെ-
കിണ്ടിവിടേവരുമെന്നറിയാതേ
അന്നതുചെയ്തതറിഞ്ഞു പൊറുത്തരു-
ളതിബാലകരപരാധംചെയ്താൽ
എന്നുമതിന്നറിവുള്ള മഹാജന-
മില്ലല്ലോ കോപിപ്പതു മററും.

അതുകാലം ശ്രീഭാൎഗ്ഗവരാമനു-
മരചകുമാരനൊടരുളിച്ചെയ്താൻ
മതി ഗംഭീരാക്ഷേപം ചെയ്തതു
വരുമിതിനാലേ വംശവിരോധം
ചതികെട്ട മൂവെഴുതുട മുടിമന്നർ
സമസ്തരെയും കൊലചെയ്തകുഠാരമി-
തിതുപൊഴുതേ തവ കണ്ടുള്ളേദ-
മിയററുവതേ കരുതുന്നേനെന്നാൻ.

ആനതുകാലം ദശരഥരാമനു-
മരുളിച്ചെയ്താനരിയ കുഠാരവു-
മൂനംമാഴിന്തൊരു രാമശരീരവു-
മുണ്ടു ഭവാനു വിധേയമതെന്നാൽ
മാനമൊടിന്നിതു ചെയ്തതിനെല്ലതു മ-
ഹാജനമായവർ പലരെയുമേതും
ദീനതയിന്നിവിധം ചെയ്തരുളിയ
നിന്തിരുവടി കരുതീടുകിലെന്നോ.''

എത്രതന്നെ നിരൂപണം ചെയ്താലും തൃപ്തി വരാത്തതായ ഈ ഒരു ഭാഗം അടുത്തപോലെ ഈ ആഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന കണ്ണശ്ശഭാഗവതംപാട്ടിന്റെ അവതാരികയിലേക്കു ക്ഷണിച്ചുകൊണ്ടു തൽകാലം പ്രസ്തുതകൃതിയെ കേരളീയമഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഈ കണ്ണശ്ശഭാരതംപാട്ടിന്റെ പ്രസാധനത്തിൽ ഉപയുക്തങ്ങളായ മാതൃകകൾ നാലാകുന്നു. അവയിൽ —

൧. വലിയകൊട്ടാരം ഗ്രന്ഥപ്പുരവകയും,

൨. രാമപുരത്തു കൊണ്ടമറവ് ബ്രഹ്മശ്രീ വിഷ്ണുപത്മനാഭൻ നമ്പൂരിയവർകളുടേതും,

൩. കൊച്ചിയിൽ തോട്ടറയിൽ ബ്രഹ്മശ്രീ ഇരടിശങ്കരൻ നമ്പൂരിപ്പാട് അവർകളുടേതും,

൪. തണ്ണീർമുക്കത്തു് ശ്രീമാൻ പരമേശ്വരൻമൂത്തതു് അവർകളുടേതും ആകുന്നു.

ഇവയിൽ ഒന്നാമത്തേതു് ഇരുന്നൂറും രണ്ടുംമൂന്നുംനാനൂറിൽ കുറയാതേയുമുള്ള സംവത്സരങ്ങൾ പഴക്കമുള്ളതായിട്ടാണു കാണപ്പെടുന്നതു്.

അതിൽ പ്രാധാന്യേന വലിയകൊട്ടാരംവക ഗ്രന്ഥം ആസ്പദമാക്കിയാണു് ഈ ഭാരതംപാട്ടു പ്രസിദ്ധീകരിച്ചിട്ടുള്ളതു്. സംഭവപർവ്വം അംബോപാഖ്യാനംവരെയുള്ള ഭാഗംമാത്രമേ ഉപലബ്ധമായിട്ടുള്ളുവെങ്കിലും കേരളീയർക്കു ചിരകാങ്ക്ഷിതമായ ഈ ഉത്തമഗ്രന്ഥം അചിരേണ പ്രസിദ്ധപ്പെടുത്തുവാനുള്ള കൌതുകം കൊണ്ടുമാത്രം ഇപ്പോൾ പ്രകാശിപ്പിക്കുന്നതാണു്. സാമാന്യേനയുള്ള അറിവിൽ ഈ ഭാരതംപാട്ടു സംപൂർണ്ണമായിട്ടില്ലെന്നും അംബോപാഖ്യാനംവരെ മാത്രമേ പരിഭാഷിതമായിട്ടുള്ളുവെന്നും കാണുന്നതു യഥാർത്ഥമാണെങ്കിലോ അത്യല്പവും സമയവിളംബം അക്ഷന്തവ്യമാണല്ലോ. സർവ്വഥാ പ്രാചീനഗ്രന്ഥസംഭരണം കൃത്യമായിട്ടുള്ളതിനിടയ്ക്കു പ്രത്യേകശ്രദ്ധയോടുകൂടി അവശിഷ്ടഭാഗം സമ്പാദിക്കാൻ കഴിയുമോ എന്നുള്ള പ്രത്യാശ ഇപ്പോഴും നിന്നിട്ടില്ല.

തിരുവനന്തപുരം,
൧൦-൧൧-൧൧൦൮. } കെ. സാംബശിവശാസ്ത്രീ.

UNIVERSITY LIBRARY
14 AUG. 1931
MADRAS

# കണ്ണശ്ശഭാരതം പാട്ട്

സോമദിവാകരരായിരകോടികൾ
ശോഭയിയററിയുദിച്ചതുപോലെ
സീമയിലാതൊളിവോടൊരുകാലദി-
ശാദികളാലഴിയാവടിവായേ
ഭൂമിയിൽ വാനിലുമെങ്ങു നിറഞ്ഞൊരു-
പോതഴിയാതെ പരാനന്ദാമൃത-
മാമറിവായുണർവ്വായഖിലാത്മാ-
വാമാത്മാനം വന്ദിക്കിന്റേൻ. ൧

വന്ദിച്ചേൻ പരമേശ്വരകാമവ-
രാഹമുരാരികൾവല്ലഭമാരും
ബന്ധുത്വേന കലർന്നൊരുമിച്ചൊരു-
വിസ്മയമായ ഗണേശ്വരരൂപം
ചിന്തിപ്പവരകതാരിൽ നിനച്ചതു
ചെമ്മു വരുമ്പടി സാധിപ്പിച്ചാ-
നന്ദിപ്പിപ്പവരാരേ മററി-
ങ്ങണയെവ്വരും താപങ്ങൾ കളഞ്ഞേ. ൨

കളക മനോഗതമാമാലസ്യം
കരുണയിനാലതിനിർമ്മലകോമള-
നളിനമനോഹരദേഹേ! ഭാരതി!
നാഥേ! സരസിജസംഭവദയിതേ!
ഇളകിയ സാഗരവീചികൾ മേന്മേ-
ലിതമൊട്ടു വന്നളവായതുപോലേ
തളർവ്വിയലാതതിസുന്ദരവാണികൾ
സതതം മമ വരുവാനരുളേണം. ൩

G. P. T. 1036. 300. 24-12-104. B

അരുളൊടെനിക്കു തുണയ്ക്കു ഗുരുക്ക-
    ന്മാർ നിർമ്മലഭൂദേവന്മാരും
നിരുപമമായ മഹാജനമവരവർ
    നീതിമികുത്ത കവീന്ദ്രന്മാരും
കരുണയിനാൽ വേദങ്ങളെ നാലായ്
    കല്പിച്ചരുളിയ വേദവ്യാസൻ-
തിരുവടിയെയുമടിതൊഴുതിത വീണേൻ
    ചെമ്മേ മമ ദുരിതം കളവാനേ. ൪

വാനിലെഴും നിറമാമതിതന്നെമ-
    കിഴ്‌ന്തൊരു ബാലകനിങ്ങു പിടിപ്പാൻ
താനൊരു കൈനീട്ടിൻറതിനോടു സ-
    മാനമിതെൻററിവോരറിവുറേറ
ഊനമിലാത്ത മഹാഭാരതമതി-
    ലുത്തമകൃഷ്ണകഥാം ബന്ധിപ്പാൻ
ഞാനിത ചില കഥ ചൊൽവനതിന്നിനി
    നല്ലജനം മുനിയായ്ക വിരൈരന്തേ. ൫

വിരവൊടിവൻ നിജപാപം കളവാൻ
    വേറൊരഹങ്കാരത്താലല്ലെ-
ൻററുമറയോർമുതലായ മഹാജന-
    മവരവരകതാർതന്നിൽ നിനച്ചേ
പരിചൊടു തോഷിച്ചരുളുക നമ്മെ-
    പ്രതിയെൻറാൽ ഞാനവരരുളാലേ
നിരുപമകൃഷ്ണകഥാം ബന്ധിപ്പതി-
    നിടയേ ചില കഥ ചൊല്ലിമുടിപ്പൻ. ൬

ചൊല്ലിമുടിപ്പതിനാമോ നിരുപമ-
    ശുഭചരിതൻ മുനി വേദവ്യാസൻ
ചൊല്ലിയ ഭാരതപുണ്യപുരാണം
    ചൊൽവാനരുതതു നിശ്ചയമല്ലോ
വല്ലവബാലകനാകിയ കൃഷ്ണൻ
    വസുധാഭാരം തീർത്തപ്രകാരം
ചൊല്ലുകിലാമതിനൊടു ചേർന്നോ ചില
    ശുഭകഥകളുമിടർകളവാനായേ. ൭

കളവാൻ പാപം മുന്നേ രാമക-
ഥാമൊട്ടായപ്രകാരം ചൊന്നേ-
നിളയാതേ ശ്രീകൃഷ്ണകഥാമാനി-
യെല്ലതായൊരുപടി ചൊൽക നിനൈന്നേൻ
എളിയാനകതിയിവൻ പുനരെൻേറാ-
*ത്തെന്നേയിതിലികഴ്ചരറിവുടയോർ
ജളരാമവരപരാധം ചൊന്നാൽ
ചേതവുമില്ല നരുങ്ങ നമുക്കോ. ൮

കോമളപുഷ്പലതാപരിവേഷ്ടിത-
കോടരവൃക്ഷമനോഹരനൈമിശ-
മാമടവിയിൽ മുനി ശൌനകനീരാ-
റാണ്ടൊരുയാഗം ചെയ്യതുകാലം
തീമയിലാനുഗ്രശ്രവസാഖ്യൻ
ധീരൻ സൂതസുതൻ പൌരാണിക-
നാമിനി മുനികളെയടിതൊഴുവാനെ-
ൻറാശ്രമമതിലേ ചെൻറാനൊരുനാൾ. ൯

ചെൻറഥ കുലപതിശൌനകമുനിയൊട്ട
ചേന്ന മുനിപ്രവരന്മാർതമ്മെയു-
മൻറടിതൊഴുതാൻ സൂതസുതൻ, പുന-
രവനൊട്ട താപസർ ചോദ്യംചെയ്താർ
ഇൻറളവും നീയെങ്ങേ പോയിതി-
ദാനീമെങ്ങേനിൻറു വരിൻറിതു-
മൊൻെറാഴിയാതേ ചൊൽകെൻറതുകേ-
ട്ടുരചെയ്താൻ സൂതനുമവരോടേ. ൧൦

അവനിപതീശ്വരനാം ജനമേജയ-
നാജ്ജുനിപൌത്രനതീവ മഹാത്മാ
തവമിയലും മുനിവരരെക്കൊണ്ടൊരു
സപ്പമഖം ചെയ്യിച്ചതുകാലം

* 'എന്നേപ്രതി' എന്നു പാഠാന്തരം

ഭുവനമനോഹരഭാരതപുണ്യപു-
രാണകഥാം ദ്വൈപായനനരുളാ-
ലവിടെ മഹാമുനി വൈശമ്പായന-
നവനൊടു ചൊന്നതു കേട്ടേൻ ഞാനും. ൧൧

ഞാനവിടേ ജനമേജയനാകിയ-
നരപതിയൊടു മുനി വൈശമ്പായന-
നൂനമിലാതെ മഹാഭാരതകഥ-
യൊട്ടൊഴിയാതേ ചൊൽവതുകേട്ടേ
മാനസമേറെ മകിഴ്ന്തുടനേ പോയ്
മഹിമമികും പുണ്യക്ഷേത്രാദിക-
ളാനവ കണ്ടു സുയോധനനാദിക-
ളമരിൽ മരിച്ചവിടത്തിനു ചെൻറേൻ. ൧൨

അവിടെയതീവ മഹാതീർത്ഥങ്ങളു-
മാടി വിശുദ്ധനുമായവനന്തര-
മിവിടെ മഹായാഗം ചെയ്യേവമി-
രുന്ന ഭവാന്മാരെക്കാണ്മാനായ്
ജവമൊടു വന്നേനിൻറിനിയെന്തുര-
ചെയ്യേണ്ടിൻറതു പുണ്യകഥാദിക-
ളുവവിയൊടതിനെ മതിന്നുരചെയ്യേ-
ൻറുരചെയ്താൻ മുനിവരരൊടു സൂതൻ. ൧൩

സൂതസുതാ! സർവ്വജ്ഞാ! നിരുപമ-
ശുഭചരിതാ! നീയിവിടെയിരിക്കെ-
ൻറാദരവോടുമിരുത്തിയനന്തര-
മവനൊടു താപസർ ചോദ്യംചെയ്താർ
നീതിമികും വൈശമ്പായനമുനി
നൃപനൊടു ചൊന്ന മഹാഭാരതകഥ
താത! നമുക്കറിയിപ്പോയാക സ-
മസ്തവുമതിലറിയാത്തരുമല്ലോ. ൧൪

വരഗുണനാകിയ വേദവ്യാസമ-
ഹാമുനി ചൊന്ന മഹാഭാരതമതി-
നിരുപമമഖിലസുരാസുരസേവ്യം,
നിഖിലമഹാപാതകഹരമെൻറാൽ

പരിചൊടു നീയതുതന്നേ നമ്മൊടു
പറകതു കേൾപ്പാൻ കാലമിതെന്റേ
നിരുപമരാകിയ താപസർ ചൊല്ലെ നി-
നൈന്തവരോടറിയിച്ചാൻ സൂതൻ. ൧൫

അറിവിയലും മുനിമാരകതാരിലൊ-
രനുപമനിൎമ്മലചിന്മയനായേ
തിറമൊടു സൃഷ്ടിസ്ഥിതിനാശാദികൾ
ചെയ്വാനജഹരിശങ്കരരായും
നിറമിയലിന്റ മഹാഭൂതാദികൾ
നിഖിലവുമാകിയൊരുത്തനമൊന്റാ-
യറിയരുതായൊളിവായ പരാത്മാ-
വാം ശ്രീകൃഷ്ണനെ വന്ദിക്കിന്റേൻ. ൧൬

വന്ദിച്ചേൻ ഭുവനത്രയവാസികൾ-
മാനസതിമിരം തീൎപ്പതിനായേ
വന്തവനിയിലവതാരം ചെയ്ത മ-
ഹാത്മാ ശ്രീവേദവ്യാസനെ ഞാൻ
അന്ധതമംകളവാനമ്മുനിവര-
നരുളിച്ചെയ്ത മഹാഭാരതമിതു
സന്തോഷത്തൊടു കേൾക്ക, യഥാമതി
സകലം ചൊല്വാമെന്റാൻ സൂതൻ. ൧൭

ചൊല്ലേറിയ തപസാ മുൻപനുപമ-
ശുഭചരിതൻ മുനിവേദവ്യാസൻ
നല്ലാരണമൊരു നാലായ്ച്ചെയ്തു ന-
ലങ്കലരും പനിമാമലയരികേ
കല്യാണാത്മാ യോഗമിരുന്നതു-
കാലം ബ്രഹ്മാണ്ഡാദി ചരാചര-
മെല്ലാമുണ്ടായ്നിന്റപ്രകാരവു-
മിടയേയഴിവതുമകമേ കണ്ടാൻ. ൧൮

കണ്ട മഹാഭാരതഗതിയും നിജ-
കനിവോടതിനെയതീവ ചുരുക്കി-
ക്കൊണ്ടൊരു നൂറായിരമൊടുമുടനേ
കൂടൊരു മൂവെണ്ണായിരപദ്യം

കൊണ്ടുപാകഥ പൌലോമാദിഗുണം-
കലരുന്നൊരു പർവ്വങ്ങളുമേതുമൊ-
രിണ്ടൽവരാഹരിവംശാദികളുമി-
യററി മുടിച്ചാൻ മുനികുലതിലകൻ. ൯

മുനികുലതിലകൻ പൌലോമത്തിൽ മു-
തിൻ മഹാഭാരതസംക്ഷേപം
തനിയേ ധൃതരാഷ്ട്രൻ സഞ്ജയനൊടു
താപമിയൻററിയിച്ചതു മുതലായ്
അനുപമനായവുദങ്കനുടേ കഥ,-
യരിയ മഹാഭൃഗുകുലവിസ്താരം,
അനുചിതപാവകശാപവു,മെൻറിവ-
യാദികളഖിലവുമരുളിച്ചെയ്താൻ. ൧൦

അരുളിച്ചെയ്താനാസ്തീകം മുനി-
യനുപമനാഗാനാമുത്ഭവവും
അരുണനുപിൻഗരുഡനുമുളവായതു-
മലകടൽ മുൻപു കടഞ്ഞതുമതിലേ
തുരഗകുലോത്തമനുച്ചൈഃശ്രവസും
തോൻറിയവാറും പുനരസ്തീകൻ
പരിചൊടു സർപ്പമഖം നൃപനോടു പ-
റഞ്ഞേ മാററിയതാദികൾ പലവും. ൧൧

പല പല നാഗസുരാസുരർ മാനുഷർ
പശുപക്ഷ്യാദികളുടെ സംഭവവും
ഉലവു വരാഴ്വാൻ ശന്തനുവിനുസുത-
നുടയ കളത്രങ്ങളിൽ മുനികൃപയാൽ
നലമിലകും ധൃതരാഷ്ട്രൻ പാണ്ഡുന-
രാധിപനും മാണ്ഡവ്യരുഷാ യമ-
നലകിതിൽ വിദുരരെന്നും നാമംകൊ-
ണ്ടുളരായിതുമവർചെയ്തികൾ പലവും. ൧൨

പലസുതർ പാണ്ഡുവിനും ഗാന്ധാരീ-
പതിയാകിയ ധൃതരാഷ്ട്രനുമുളരായ്,
നലമിയലാതെ വിരോധം തങ്ങളിൽ
നാനാജാതിയിയൻറതുമതിനാൽ

വില്ലമതിന്നുടേ പോയ് വനമെത്തി ബ-
    കാദികളെക്കൊൻറന്തണർവേടിവായ്
പലദിവസം പാണ്ഡവർകളിരുന്നഥ
    പാരാചരിയനനുജ്ഞയിന്നാലേ. ൨൩

ഏറെ മുതിന്നമർചെയ്യേ ചിത്രര-
    ഥേന സഖിത്വമിയൻറുടനേ പോയ്
മാറിലയാത സ്വയംവരമതിൽ നൃപർ-
    മദ്ധ്യേ യന്ത്രവുമെയ്തുമുറിച്ചേ
വീറെഴമിന്ദ്രസുതൻ പാഞ്ചാലിയെ
    വിരവൊടു കൈക്കൊണ്ടതുമൈവരുമായ് -
തേറി വിവാഹംചെയ്വാനായേ
    ചിന്തിച്ചതുമൊരു ദൈവനിയോഗാൽ. ൨൪

ദൈവനിയോഗമിതൈവരുമായേ
    നിന്മകളിവളെ വിവാഹംചെയ്വാൻ
കൈവരുമിതു നീ കേളിതിനുണ്ടൊരു
    കാരണമെൻറഥ കാളീതനയൻ
പൊയ്യരുമാറുരചെയ്താമുനിവൻ
    പുണ്യം പഞ്ചേന്ദ്രോപാഖ്യാനമ-
*തൈവരുമരശൻ പാഞ്ചാലനുമേ-
    യറിയുംപരിചുരചെയ്തതുമുടനേ. ൨൫

ഉടനവരംതന്നെ വിവാഹംചെയ്തതു-
    മുത്തമവിദുരാഗമനവുമവനിയെ-
യിടർകെട്ടുമാറു യുധിഷ്ഠിരർ വാണതു-
    മിടയേ ശ്രീനാരദമുനിയരുളാൽ
വടിവിയലും കൃഷ്ണയെയൈവരുമായ്
    വരിഷം വ്യത്യാസേന വരിച്ചതു-
മടവിയിലെങ്ങുമുഴൻറു സുഭദ്രയി-
    ലാശയൊടർജ്ജുനനെയ്തിയവാറും. ൨൬

പൃഥ്വിയിലെത്തിയവൃഷ്ണികളോടു ജയിച്ചേ-
    യിതമൊടുമർജ്ജുനനവളെക്കൊണ്ടതു
പൈതലവരംക്കഭിമന്യുവെനും നര-
    പാലകബാലകനുളനായതുവും

* 'ഐവരുമവളും' എന്നു പാഠാന്തരം.

കൈതവമെൻറി മഹേന്ദ്രാനുജനൊട്ടു
കണ്ടജ്ജുനനറവായപ്രകാരവു-
മെയ്തിയനന്തരമേ ഖാണ്ഡവമതെ-
രിച്ചഗ്നിയൊടരുളുംകൊണ്ടതുമവിടേ. ൨൧

അവിടേ മയനും തക്ഷകപുത്രനു-
മനുപമപക്ഷികളും വേകാഞ്ഞതു-
മിവയാദികൾ ചൊല്ലിയ സംഭവമതി-
ലിരുന്തുററൊരുപത്തെട്ടദ്ധ്യായം
തവമിയലുംമുനിയെണ്ണായിരമൊട്ടു
തത്ര ശതങ്ങളൊരൊൻപതുമുടനേ
നവനവപദ്യമൊരെൺപതുമതിനൊട്ടു
നാലും ചൊല്ലി മുടിച്ചാനതിലേ. ൨൨

അതിസുഖമായിന്ദ്രപ്രസ്ഥേ മയ-
നരചനു സഭ നിമ്മിച്ചതുമവിടേ
വിധിസുതനാകിയ നാരദനെയ്തി വി-
ശേഷമനത്തുമുരത്തതുമുടനേ
മതിനലമൊട്ടു കൃഷ്ണാജ്ഞയിനാലേ
മാരുതി മാഗധനെക്കൊലചെയ്തതു-
മിതമൊട്ടു പാണ്ഡവർ ദിഗ്വിജയം ചെ-
യ്തിന്ദ്രപ്രസ്ഥം പുക്കതുമെല്ലാം. ൨൩

എല്ലാരോടുംക്രൂടെ യുധിഷ്ഠിര-
രിതമൊട്ടു നൃപസൂയം ചെയ്തതുമൊരു-
പൊല്ലാമതി ശിശുപാലനെയവിടെ-
പ്പുരുഷോത്തമനുയിർകൊണ്ടതുമേതും
വല്ലാനിലക്രൂടാതേ ശേഷം
വഴിയേ നൃപസൂയംചെയ്തതുമിവ-
യെല്ലാംകണ്ടു സുയോധനനകമേ-
യേറെ വിഷാദമിയൻറതുമൻേറ. ൩൦

അൻറു സുയോധനനെയ്തിയ ജാള്യവു-
മതുകണ്ടരുവയരും മാരുതിയും
നൻറിതുമെൻറു ചിരിച്ചതുമതിനാൽ
നാണമൊടവനഥ പോയതുകാലം

വെൻറി വരുത്തുവതിന്നൊരുചൂതുവി-
        ളിച്ചു യുധിഷ്ഠിരരോടേ ശകുനിയു-
മൻറു ചതിച്ചു ജയിച്ചവനുടെ ധന-
        മടയെക്കൊണ്ടപ്രകാരവുമുടനേ. ൩൭

ഉടനേ സഭനടുവേ പാഞ്ചാലിയെ-
        യുടയുമുരിഞ്ഞേ ദുശ്ശാസനനിഴ-
തിടർചെയ്തതുമതുകാലം വൃഷ്ണിക-
        ലേശനവർക്കു തുണച്ചതിനാലേ
കൊട്ടതാകിയ ചിനമൊടു ഗാന്ധാരൻ
        കൂടൊരുവര ചൂതെതിർപൊരുതതുമട-
നിടരോടേ ധർമ്മാത്മജരാദിക-
        ളേവരുമടവിയിലെയ്തിയവാറും. ൩൮

അടവിയിലെയ്തിയപോതു മഹാജന-
        മവരവർ ഖേദിച്ചതുമിവയാദിക-
ളുടനുരചെയ്ത സഭാപർവ്വണി പുന-
        രുണ്ടെഴപതിനൊടുരണ്ടദ്ധ്യായം
പടുതരനാകിയ വേദവ്യാസൻ
        പരിചൊടു നാലായിരമഞ്ഞൂറും
ഉടനൊരുപതുമൊൻറും പദ്യങ്ങളു-
        മുരചെയ്താനതിസുന്ദരമായേ. ൩൯

ഏറെ വിരാഗമിയൻേറ വനമതി-
        ലെയ്തിയ ധർമ്മസുതൻ ഗുരു ധൌമ്യൻ
കൂറിയവാറു ദിവാകരസേവാം
        കുറവിയലാതേ ചെയ്തതിനാലേ
മാറിലയാതൊരു പാത്രം കിട്ടിയ-
        വാറും കിമ്മീരനെ വധചെയ്തതു-
മേറെ മകിഴ്ന്തവിടേ വിദുരാദിക-
        ളെയ്തിയതും കൃഷ്ണാദികൾവരവും. ൪൦

വരഗുണരാകിയ പാഞ്ചാലാദികൾ-
വരവും കൃഷ്ണാശോകവുമിടയേ
നിരുപമനാകിയ വേദവ്യാസനി-
യോഗത്താലസ്ത്രങ്ങൾ പഠിപ്പാൻ
പരിചൊടുമജ്ജുനനടവിയിലെയ്തി-
പ്പരമേശ്വരനൊടു പാശുപതാസ്ത്രം
നിരുപമനഥ കൈക്കൊണ്ടതുമുടനേ
ദിക്പാലന്മാർ വന്നതുമവിടേ. ൧൫

അവിടേയമരേന്ദ്രനമായജ്ജുന-
നമരുലകെയ്തിയശേഷമരണ്യേ
തവമിയലും ബൃഹദശ്വാഗമനം
ധർമ്മതനൂജവിലാപമൊഴിപ്പാൻ
ശിവകരമായ നളോപാഖ്യാനം
ചെമ്മേ മുനി ചൊല്ലിയതുമഗസ്ത്യ-
പ്രവരതപോധനനുടെ വൃത്താന്തം
പ്രിയതമയോടു വസിച്ചതുമുതലായ്. ൧൬

അതിബലനാം വാതാപിയെ മുനിവന-
ടക്കിയതും പുനരിന്ദ്രാഗ്നികളൊരു-
ചതിയൊടു പക്ഷികളായേ ശിബിയുടെ
ധർമ്മസ്ഥിതിയെയറിഞ്ഞതുമുടനേ
മതിനലമീടിയ വൈഭണ്ഡകമുനി-
മാഹാത്മ്യം ജമദഗ്നിസുതൻ പ-
ണ്ടതിബലരാകിയ ഹേഹയനൃപതിക-
ളവരവരെക്കൊൻറതിനൊടു പലവും. ൧൭

പലഗുണമുള്ള സുകന്യാഖ്യാനം
പരിചിയലും ച്യവനോപാഖ്യാനം
നലമൊടുമശ്വിനിദേവകളരുളാൽ
നല്ലശരീരമവന്നെയ്തിയതും
ബലമിയലും സോമകപുത്രേഷ്ടിവി-
വാദേ താതനെയഷ്ടാവക്രൻ
കലവിയലാതേ മീണ്ടതുമങ്ങതി-
ഗുണവാനജ്ജുനനുടെ വാർത്തകളും. ൧൮

ഉമ്പർപുരാനരുളാലേ പുനരവ-
　　നൊരുകാലവുമേ കൊൽവാനരുതായ്
വൻപൊടമന്ന നിശാചരരോടു മ-
　　റുത്തമർചെയ്തു ജയിച്ചേ പാൎത്ഥൻ
പിൻപമരേന്ദ്രാനുജ്ഞയിനാലേ
　　ഭ്രാതൃസമീപേ വന്നപ്രകാരവു-
മൻപിയലാതെ ജടാസുരവധസൌ-
　　ഗന്ധികപുഷ്പാഹരണാദികളും. ൩൯

ആദിയിലേ നീചൻ ദുരിയോധന-
　　നടവിയിലെയ്തിയവാറും ഗന്ധ-
ൎവ്വാദികളോടൎജ്ജുനനമർചെയ്തിടർ-
　　വാരാതവർകളെ വിട്ടതുമുടനേ
തീതിയലാം പാഞ്ചാലിയെയവിടെ-
　　ച്ചെൻറു ജയദ്രഥനൻറു കവന്നതു
വാതതനുജനറിഞ്ഞവനെപ്പല-
　　വാധകൾ ചെയ്തേവിട്ടതുമെല്ലാം. ൪൦

എല്ലാരിലുമരികേ മുനി മാൎക്ക-
　　ണ്ഡേയനെഴുന്നരുളിപ്പാണ്ഡവർകളെ-
യെല്ലാം കണ്ടളവില്ലാനളകഥ-
　　യിതമോടരുളിച്ചെയ്തതുമുടനേ
കല്യാണാത്മാ ശ്രീഗോവിന്ദൻ
　　കരുണാലയനരുണാംബുജനയനന്റ-
മെല്ലാവൃഷ്ണികളോടും വനമതി-
　　ലെയ്തിയവാറും കാണ്മതിനായേ. ൪൧

അതിസുഖമായേ പാഞ്ചാലിയൊടുട-
　　നനുപമസത്യാസംവാദങ്ങളു-
മിതമിയൽവ്രീഹിദ്രോണൻറേ കഥ-
　　യിന്ദ്രദ്യുമ്നനുടേ കഥ മററും
രതി വരുമാറേ വൈന്യാഖ്യാനം
　　രാമായണകഥ പുനരമരേന്ദ്രൻ
ചതിയൊടു വിപ്രോത്തമനായ് കണ്ണൻ-
　　തൻകവചാദികൾ വാങ്ങിയവാറും. ൪൨

അവശതയോടേ ധമ്മസുതാദിക-
ളരണിയെയാരാഞ്ഞെത്തങ്ങുമുഴൻറതു-
മുവവി മുഴുത്ത യമൻ ചോദിച്ചതി-
നുത്തരമരചനുരത്തതുമവിടേ
അവനരുളാലനുജന്മാർ ജീവി-
ച്ചവർകളുമായ് നരപതി പോന്നതുമെ-
ൻറിവ പല മൂൻറാമാരണ്യകമെ-
ന്നംപവ്വത്തില്പരത്താൻ മുനിവൻ. ൪൰

മുനിയതിലിരുന്തൂററുപത്തൊൻപതു
മുഖ്യത ചേൎന്നദ്ധ്യായമിവററിൽ-
ത്തനിയേ പതിനോരായിരമാറും
ശതകങ്ങളുമറുപതിനൊടു നാലും
കനമിയലും പദ്യങ്ങൾ മൊഴിന്താൻ
കരുണയിനാലഥ നാലാംപവ്വണി
വനമതിൽനിൻറു വിരാടപുരത്തു വ-
സിപ്പാൻ പാണ്ഡവർ പോയതുമെല്ലാം. ൪൧

പോനതുമോരോജാതി ചമഞ്ഞു പു-
കുന്തതുമായുധമിങ്ങേ വച്ചതു-
മൂനമിയററിയ കീചകനാദിക-
ളുള്ളവർകളെ മുന്നേ മല്ലരെയും
ദീനത കൂടാതേ കൊന്നേററെനി-
റങ്കലരും പുകഴൊടു മത്സ്യേശപര-
നാനവനാദരവുണ്ടാമ്മാറുട-
നവിടേ നിൻറതുമനിലതനുജൻ. ൪൨

ജനമൊടുചെൻറു ത്രിഗത്താദികളമർ-
ചെയ്തു വിരാടനുടേ പശു കൊണ്ടതു-
മനുചിതമെൻറു മറഞ്ഞേ പാണ്ഡവ-
രമർചെയ്തതുമഥ പാത്ഥൻ ചെന്നേറ
പുനരരചർകളൊടു പൊരുതു ജയിച്ചേ
പുടവകളാദികൾ കൂടെക്കൊണ്ടതു-
മനുപമനാമഭിമന്യുവു വേട്ടതു-
മവിടേയുത്തരതന്നെ വിരൈന്തേ. ൪൩

ഏവമനേകമവസ്ഥകൾ വൈരാ-
	ടേ പര്‍ണ്ണി മുനിതിലകൻ ചൊന്നാൻ
കേവലമരുപാതേത്യദ്ധ്യായം
	കേൾവി മിക്കും പദ്യങ്ങളുമതിലേ
ആവി കനിഞ്ഞൊരു മൂവായിരമോ-
	ടെഞ്ഞൂറും നിര്‍മ്മിച്ചാനനുപമ-
ദേവകുലോത്തമനാം നാരായണ-
	ദേവകലാസംഭൃതമുനീന്ദ്രൻ. ൪൧

അൻപൊടുപപ്ലാവ്യേ പാണ്ഡവര്‍കള-
	മന്നുമഥ ദുര്യ്യോധനനൃപനും
അൻപുററര്‍ജ്ജുനനും കൃഷ്ണനൊടിനി
	മമ വശമായ്നിൻറരുളുകയെൻേറ
പിൻപുരചെയ്തതുമൊരുവൻ സൈന്യം
	പ്രിയമൊടു കൈക്കൊൾകെന്നെയുമൊരുവൻ,
വൻപൊടു ഞാനമര്‍ചെയ്യായെൻേറ
	വസുദേവാത്മജനരുചെയ്തതുവും. ൪൨

അതുപൊഴുതേ സൈന്യത്തിലൊഴിഞ്ഞി-
	ല്ലാഗ്രഹമെൻറുരചെയ്തു സുയോധന-
നിതമൊടു പോയതുമര്‍ജ്ജുനനും പുന-
	രേറെ മകിഴ്ന്തഖിലേശപരനോടേ
തദനു യുധിഷ്ഠിരരരികേ ചെല്ലു-
	സ്സഞ്ജയനവിടേ വന്നു പറഞ്ഞതു-
മതിനെ മറുത്തു യുധിഷ്ഠിരരാദിക-
	ളവനൊടു ചൊന്നതുമുണ്മയറിന്തോ. ൪൩

അറിവിയലാതെ തവാത്മജരൊരുവരു-
	മാരുയിര്‍വാഴ്വാര്‍ പാണ്ഡുസുതന്മാര്‍
കുറവിയലാതേ വാഴുവതിന്നിഹ
	ഗോവിന്ദൻതിരുവടി തുണയെൻേറ
ഉറവൊടു ഗാവൽഗണി ധൃതരാഷ്ട്രരൊ-
	ടുരചെയ്തതുകേട്ടവനിടരുററതു-
മറിവതിനായദ്ധ്യാത്മമിരാത്രിയി-
	ലവനൊടു വിദുരരുരപ്പതുമവിടേ. ൫൦

അവിടെ മൈത്രേയൻ ധൃതരാഷ്ട്രരോ-
ടാത്മജജ്ഞാനമശേഷമുരത്തള്ളു-
മുവവി മികുത്തു പൊരുത്തുവതിന്നാ-
യുത്തമനാകിയ ശ്രീഗോവിന്ദൻ
ഭുവനശരീരി മുരാരി സുരാസുര-
പൂജിതപാദസരോരുഹനമലൻ
തവമിയലും മുനിമാരൊടു ചെൻറഥ
സന്ധി പറഞ്ഞതുമരചനൊടന്റേ. ൩൭

അൻറു സുയോധനദുശ്ശാസനക-
ർണ്ണാദികൾ ദുഷ്ടതകൊണ്ടു വെറുത്തേ
നൻറി മികുത്ത ജഗന്മയകായം
നാരായണനഥ കാട്ടിയവാറും
വാൻറി വരുത്തുവതിന്നു ജഗൽപതി
നല്ലതു ചൊല്ലി വിലക്കിയവാറും
കർണ്ണനൊടൻറിതു ചെയ്യരുതെൻറു ന-
യത്തോടെല്ലാമവനരചെയ്തതു. ൩൮

ഏറിയ ഗജതുരഗാദിപദാതിക-
ളിരുപുറവും പടക്കൂടിയവാറും
വീറുകെട്ടമ്പടി പാണ്ഡവർതമ്മൊടു
വേറൊരുലൂകൻ ചൊല്ലിയവാറും
മാറിലയാത മഹാകഥ മററും
വഴിയേയുദ്യോഗംപർവ്വത്തിൽ
കൂറിനനഖിലമഹാജനവന്നിതു
ഗുണനിലയൻ മുനി വേദവ്യാസൻ. ൩൯

അൻപൊടു നൂററിരുപത്താറുണ്ടതി-
ലദ്ധ്യായം ചൊന്നതു മുനിപുംഗവ-
നിമ്പമെഴും പദ്യങ്ങളുമുണ്ടതി-
ലേഴായിരമൊരു രണ്ടുകുറഞ്ഞേ
പിൻപഥ ഭീഷ്മമഹാപർവ്വത്തിൽ
പൃഥിവീസംസ്ഥാനദ്വീപതിലേ-
യൊൻപതു വരഷവിഭാഗാദ്രികളുമു-
രത്തതുമംബികതനയന്ന സൂതൻ. ൪൰

നയനമവന്നകമേ മുനിപുംഗവ-
നാജ്ഞയിനാലുണ്ടായതുമതിനാൽ
നയമൊടനന്തും കണ്ടവനവിടെ ന-
രേന്ദ്രനൊടറിയിപ്പതുമതു കാലം
ഭയകരയുദ്ധേ ഗംഗാപുത്രൻ
പതിനായിരമരചരെ യാരോനാ-
ളുയിർകളയെപ്പൊരുതതുകഥ പാണ്ഡവ-
രൊക്കെ വിഷാദിച്ചതുമതിനാലേ. ൧൨

അതിവിമലൻ പരനംബുജലോചന-
നഖിലജഗൽപരിപൂർണ്ണനനന്തൻ
നദിപതിയതിലരവണമീതമരും-
നാരായണനിടർതീർത്തൊരുപായം,
വിധിവഴി പാണ്ഡവരോടമർചെയ്തു വി-
രന്തവർ ഭീഷ്മമതേന ശിഖണ്ഡിയെ-
യിതമൊടു മുമ്പിട്ടെയ്തിയ ഭീഷ്മരെ-
യീരഞ്ചാംനാൾ വെൻറതുമെല്ലാം. ൧൩

എല്ലാമിമ്മുനി നുറെറാരുപത്തെ-
ട്ടിതമെഴമദ്ധ്യായത്തിലുരത്താൻ
നല്ലാരകമലിയിക്കംപദ്യം
നാട്ടുകിലേഴായിരമെണ്ണൂറും
ചൊല്ലാമെൺപതിനോടൊരുനാലും
ചൊല്ലി മുടിച്ചാൻ പുനരേഴാമതു
ചൊല്ലിയ ദ്രോണമഹാപവ്ത്തിൽ
ചൊല്ലാമൊട്ടത്തിലും സംക്ഷേപം. ൧൪

അംബുജലോചനനോടു കിരീടിയെ-
യഞ്ഞൊരുപാടഥ സംശപ്തകഗണ-
മിമ്പമൊടമരിൽ കൊണ്ടുപോയതു-
മിന്ദ്രസമാനൻ ഭഗദത്തനെയും
വൻപിലകൻറ ഗജത്തെയുമൻെറാരു-
വാളിയിനാലർജ്ജുനനുയിർകൊണ്ടതു
മൻപൊടു വേറായ്നിൻറ മഹാരഥ-
രാജ്ജുനിയെക്കൊലചെയ്തതുമുടനേ. ൧൫

ഏറെമഹാബലനേവരിലും ഉന്ന-
മീടിയഭൂതലപാലകമ്പാലൻ
മാറിലയാമരതകമണികിരണമ-
നോഹരസുന്ദരദിവ്യശരീരൻ
തേറി മുതിന്നമർചെയ്തു സുയോധന-
സേനയെയേറെ നശിപ്പിച്ചാജ്ജുനി
വീറൊടു നിന്റതുകണ്ടു മഹാരഥർ
വിരവൊടുമവനെക്കൊന്റതുമതിനാൽ ൭൯

അതിനെയറിഞ്ഞതുകാലത്തജ്ജുന-
നവനിയിൽ മോഹത്തോടേ വീണതു-
*മതിനാലവനെയെടുത്താശ്ലേഷി-
ച്ചഖിലേശപരനരുളിച്ചെയ്തവയും
കതിരവനസ്തമയംപ്രാപിപ്പാൻ
കാലത്തിനുമുൻപേ സൈന്ധവനെ-
ച്ചതികെടെ നിന്റമർചെയ്തുയിർകൊൾവാൻ
സത്യംചെയ്തതുമജ്ജുനനവിടേ. ൮൦

അവിടെയലംബുസജലസന്ധാദിക-
ളായവരോടേഴക്ഷൌഹിണി പട
വിവശതക്കുടാതൻേറ കൊൻറു വി-
രന്തസ്തമയംവരുവതിനകമേ
ജവമൊടു സൈന്ധവനെക്കൊലചെയ്തു ജ-
യിച്ചതുമജ്ജുനനശപഥാമാ-
വിവിടെയുടൻ പിതൃമരണം കേട്ടേ-
യസ്ത്രം വിട്ടതുമതികോപത്താൽ. ൮൧

അതിസുഖമായവയെല്ലാം ദ്രോണമ-
ഹാപവ്വണി മുനിവരനരുൾചെയ്താ-
നിതമൊടുമദ്ധ്യായം തുറെറഴപതു-
മിമ്പമെഴും പദ്യങ്ങളുമതിലേ

* 'അതുപൊഴുത്' എന്നു പാഠാന്തരം.

പതിനായിരമോടൊൻപതുശതവും
പാക്കിലൊരൊൻപതുമുറവുരചെയ്താൻ
മതിമാനാകിയ പാരാചരിയമ-
ഹാമുനി സത്ര്യവതീതനയൻതാൻ. ൱൨

ആനരഥാദിപെരുമ്പടനടുവേ-
യക്സുതന്നഭിഷേകംചെയ്തതു-
മൂനമിലാതെ പുരത്രയദാഹമൊ-
ടുടനേ ശല്യാംഗേശവിവാദം
വാനിലമന്നരയന്നത്തോടൊരു
വായസമെതിരിൽ തോററ മഹാകഥ
താനഥ കണ്ണനെ വെൻറവനോടു സ-
ദാഗതിതനയൻ തോററതുമുടനേ. ൱൩

ഉടനെതിർപൊരുതു യുധിഷ്ഠിരർ തോററതു-
മുള്ള മഴൻറവനർജ്ജുനനോടേ
ചുടുചുടെ വാർത്തകഠം ചൊന്നതുമരുതിവ
ചൊൽവാനെന്നോടെൻറ പാർത്ഥൻ
ദൃഢതയില്ലാതവരേപ്പോലരചനെ
നീ നീയെൻറു വിളിച്ചപ്രകാരവു-
മുടമയിലൊൻറും പാരാതേ പുരു-
ഷോത്തമനവിടെ നിരത്തിയവാറും. ൱൪

ഉമ്പർപുരാനുതനൂജൻ പാർത്ഥനു-
റച്ചമർചെയ്തംഗേശനെയെയ്തേ
തുമ്പമൊഴിഞ്ഞേ കൊൻറതുമൻറു സു-
യോധനനിളയവർ പട്ടതുമെല്ലാം
അൻപൊടുചൊല്ലിയ കർണ്ണമഹാപ-
ർവ്വണി പുനരദ്ധ്യായങ്ങളൊരറുപ-
ത്തൊൻപതു പദ്യങ്ങളുമയ്യായിര-
മൊരുനൂറൊഴിയെ മുനീന്ദ്രനുരത്താൻ. ൱൫

താനഥ ശല്യമഹാപർവ്വത്തിൽ
സത്ര്യവിതസുതനരുളിച്ചെയ്താൻ
വാനവർകോനെതിരായുള്ളനാകിയ
മദ്രേശന്നഭിഷേകംചെയ്തേ

മാനി സുയോധനനേകിയതീവ മ-
ഹാകോലാഹലയുദ്ധവുമേത്തും
ദീനതയീൻറി യുധിഷ്ഠിരർ ശത്രുരെ
നിൻറമർചെയ്തുയിർകൊണ്ടതുമവിടേ. ൩൩

അൻറു സുയോധനനോടു വൃകോദര-
നരിയഗദായുദ്ധം ചെയ്തു നിജ-
വെൻറി വരുത്തിയവാറും തീർത്ഥവി-
ശേഷവിശിഷ്ടതകളുമിവയെല്ലാം
ഒൻറൊഴിയാതേ ചൊന്നതിലൻപ-
ത്തൊൻപതുമുണ്ടദ്ധ്യായം പദ്യവു-
മിൻറുരചെയ്യിലുടൻ മൂവായിര-
മിരുന്തൂററിരുപതുമതിൽ മുനി ചൊന്നാൻ. ൩൪

മുനിവരനഥ സൌപ്തികപർവ്വത്തിൽ *മു-
നിഞ്ഞ സുയോധനകോപവുമതുക-
ണ്ടനുചിതമിൻറിതുമെൻറു കൃപാദിക-
ളുഴലൊടുനിൻറതു,മശ്വത്ഥാമാ
മുനിവൊടു ധൃഷ്ടദ്യുമ്നാദികളെ മു-
ടിച്ചൊഴിയെക്കവെച്ചം ഞാനഴിയേ-
നിനിയിതു നിശ്ചയമെൻറൊരുസത്യമി-
യററി നിശായാം പോയതുമുടനേ. ൩൫

ഉടനേ ധൃഷ്ടദ്യുമ്നാദികളെയു-
മാപതിയരുളാലേ കൊൻറതുമതി-
ശഠനാകിയ ദുര്യ്യോധനനറിയി-
ച്ചതുമുടനേയവയശ്വത്ഥാമാ
†തുടുതുടനെപ്പീതാംബരധാരി സു-
രാസുരപതിയിവ മുന്നേ കണ്ടതി-
നിടമേ പാണ്ഡവർകളെ വേറൊരിട-.
ത്തിതമൊടു രക്ഷിച്ചതുമരുളാലേ. ൩൬

അതുകാലം പാഞ്ചാലി മരിപ്പാ-
നനശനമാകിന ദീക്ഷ നിനച്ചതു-
മിതമവൾ ചൊന്നതിനാലേ ഭീമൻ
ഭാരദ്വാജാത്മജനരികെയ്തു

* 'മുറിഞ്ഞ സുയോധനതാപവും' എന്നും, † 'ചുടരേറിയ പീതാംബരധാരി' എന്നും പാഠാന്തരം.

മതിവേദത്തോടശ്വത്ഥാമാ
        മാറുക പാണ്ഡവസന്തതിക്കുടെ-
ൻറതുപൊഴുതേ ബ്രഹ്മാസ്ത്രം വിട്ടതു-
        മജ്ജുനകൃഷ്ണാദികളെക്കണ്ടേ. ൧൦

ഏവമിതൊല്ലായെൻറവിടെക്കമ-
        ലേക്ഷണനഖിലജഗൽപതിയേതും
തീവിനവാരാതേ പാണ്ഡവരെ-
        ച്ചെമ്മേ രക്ഷിച്ചതുമതുകാലം
കേവലമുദകക്രിയചെയ്തളവതി
        ഖേദമിയൻറു മമാത്മജനേ ബത!
ദേവസുതൻ കണ്ണൻ താനെൻറിതു-
        നേരം കുന്തിയുരത്തതുമലിവാൽ. ൧൧

അതിസുഖമായദ്ധ്യായം മൂവാ-
        റനുപമപദ്യവുമെണ്ണൂറെറഴപതു-
മിതിലുരചെയ്താൻ പാരാശരിയമു-
        നീന്ദ്രനതാംനാരായണദേവൻ
പതിനൊൻറാമതഥ സ്ത്രീപർവ്വണി
        പടനിലമതിലരുവയർ മുറയിടുവതു-
മതികോപിച്ചു സുയോധനമാതാ-
        വവമം ചെയ്തതുമരചൻ ചെയ്തവയും. ൧൨

അവരവരേ നിജബാന്ധവരുടെശവ-
        മരചൻ ധമ്മാത്മജനരുളാലേ
വിവശതക്കുടാതേ സംസ്കാരം
        വിധിവഴി ചെയ്തതുമെൻറിവയെല്ലാം
ഉവവിവരുംപരിചദ്ധ്യായം മൃ-
        വൊൻപതിലെഴുനൂറെറഴുപത്തഞ്ചഥ
നവനവപദ്യങ്ങളുമുരചെയ്താൻ
        നലമിയലും മുനി വേദവ്യാസൻ. ൧൩

അൻപൊടുമീരാറാമതു ശാന്തിമ-
        ഹാപർവ്വത്തിലുരത്താൻ മുനിവൻ
തുമ്പമിയൻേറ ധമ്മാത്മജനതി-
        ദുഃഖിതനായതുമഥ ഗാംഗേയൻ

പിൻപവനോടേ ധർമ്മാധർമ്മവി-
ഭേദമൊടദ്ധ്യാത്മജ്ഞാനാദിക-
ളെൻപവയെല്ലാം സർവജ്ഞത്വമി-
യററുവതിന്നരുൾചെയ്തതുമുടനേ. ൧൪

ഉടനിവ ചൊന്നതിലദ്ധ്യായങ്ങളൊ-
രൊൻപതുമഥ മുന്നൂറൊട്ടുമുപ്പതു-
മിടർകെട്ടുമാറു പതിന്നാലായിര-
മിരുപത്തഞ്ചിനുമൻപഞ്ചൂറും
വടിവിയലും പദ്യങ്ങളുരത്താൻ
വാസവിസുതനാകിയ മുനിതിലകൻ
കെട്ടമകതാരിൽ വരിൻറവികളും
കേൾപ്പവർകൾക്കുമത്യാദരവാലേ. ൧൫

ആദരവോടനുശാസനിപർവ്വമ-
തിൽ ചൊന്നാൻ മുനി ധർമ്മസ്ഥിതികളു-
മേതമിലാത മഹാദാനങ്ങളു-
ടേ ഫലപാത്രവിശേഷാദികളും
ഖേദമകററിയ സത്ത്വാദികളുടെ
ഗതികളുമിരുന്തുററമ്പത്താററായ്
നീതി മികുത്തദ്ധ്യായങ്ങളിലേ
നിർമ്മലപന്തീരായിരപദ്യം. ൧൬

ആയിതനന്തരമശ്വമേധിക-
മാകിയപർവ്വമതിൽചൊന്നാൻ മുനി
ന്യൂയമരുത്തനു സംവർത്തകനഥ
ചൊല്ലിയ പുണ്യമഹാവൃത്താന്തം
നായകനാകിയ പന്നഗഭൂഷണ-
നരുളാലേ നിധികൊൾവാൻ പാണ്ഡവർ
പോയതുമുയിരൊട്ടു വേറായിങ്ങൊരു
പുത്രനവൎക്കു പിറന്നതുമിടയേ. ൧൭

ഇടരെഴുമാറശ്വത്ഥാമാ മുൻ-
പെയ്തമഹാസ്ത്രമതഖിലജഗൽപതി
തടവിയൊഴിച്ചതുമിനിയപരീക്ഷി-
ത്താനവനഥ ജീവിച്ചതുകാലം

പടുതരരാകിയ പാണ്ഡവർവരവും
പാർത്ഥൻ കുതിരയെയെങ്ങനടത്തി-
ക്കൊടിയന്നു പാത്മജരൊടു പൊരുതളവതി-
കോഴപ്പെട്ടതുമാത്മജരോടേ. ൧൮

അതുകാലം ചിത്രാംഗദതന്മക-
നാമവനൊടേ പാർത്ഥൻ തോററതു-
മതിസുഖമായേ പോന്നതു മൃഗദ-
ശ്നമഴകേറിയ വൈഷ്ണവധർമ്മം
വിധിവഴിയേ ഹയമേധംചെയ്തവി-
ശേഷവുമഥ നകുലോപാഖ്യാനവു-
മിതിൽ നൂറും മുപ്പതിനൊടുമൂൻറുമി-
തംപരമദ്ധ്യായം മുനി ചൊന്നാൻ. ൧൯

ചൊന്നാൻ നാന്നൂററിരുപതിനോടിഹ
ശ്ലോകപദ്യങ്ങളുടൻ നാലായിര-
മെന്നേ സുഖമേയെൻറു മുനീന്ദ്രനി-
യററിനനുടനാശ്രമവാസാഖ്യം
ചൊന്നാനധികമനോഹരപവ്വണി
ചൂടൊടുമതിലഥ ധൃതരാഷ്ട്രാദിക-
ളന്നാളെഴുന്നീയിരുന്നപ്രകാരവു-
മാശ്രമമതിലേ ഗാന്ധാരിയുമായ്. ൨൦

മായയിലാമാനസയാംകുന്തി മ-
ഹാരാജാ ധൃതരാഷ്ട്രുമായേ
പോയതുമവിടേ വേദവ്യാസൻ
ചൊലിവൊടു ചെൻറതുമവനരുളാലേ
നായകനായ സുയോധനനാദികൾ
നാനാജനമമർചെയ്തുമരിച്ചവർ
തീയവക്രൂടാതെയ്തിയപോതേ
ചിന്തതെളിഞ്ഞതുമംബികസുതനേ. ൨൧

അംബികസുതനൊടു ഗാന്ധാര്യാദിക-
ളവിടെപ്പരലോകംപ്രാപിച്ചതു-
മിമ്പമിയന്നേറ വിദുരർ മരിച്ചതു-
മിടരൊടു ധർമ്മസുതാദികളോടേ

തുമ്പം വൃഷ്ണിവരക്കുണ്ടായതു
ശുഭചരിതൻ നാരദനരചെയ്തതു-
മെമ്പവയെല്ലാം പതിനഞ്ചാമതി-
ലമ്മാമുനിവരനരുളിച്ചെയ്താൻ. വൃ ൨

അരുൾചെയ്താനദ്ധ്യായം നാല്പതി-
ലായിരമൊൻപതുനൂററോടാറും
നിരുപമപദ്യങ്ങളുമുണ്ടതിലേ
നിർമ്മലമാനസനായ മുനീന്ദ്രൻ
അരുളൊടുകൂടിന മൌസലപർവ്വം
മററഥ പതിനാറാമതതിൽപുന-
രരിയമഹാമുസലത്താൽ വൃഷ്ണിക-
ളുഴിവുററതുമന്തണർശാപത്താൽ. വൃ ൩

ശാപബലേന മഹാമധുപാനവ-
ശാകുലരായേ സാഗരതീരേ
കോപമൊടേ വരുമേരകപാതം-
കൊണ്ടു മരിച്ചുകിടന്നതുമവിടേ
താപമൊടർജ്ജുനനെയ്തി യഥാവിധി
സംസ്കാരാദികൾ ചെയ്തതുമുത്തമ-
ചാപമവന്നു *വഹിക്കരുതാഞ്ഞിതു
സങ്കടമെയ്തിയതും വിധിയാലേ. വൃ ൪

വിധിവഴിയേയസ്ത്രങ്ങളവന്നു വി-
രഞ്ഞവിടെത്തോൻറാഞ്ഞു വിഷാദി-
ച്ചതുപൊഴുതേ വേദവ്യാസൻതിരു-
വടിയവനോടറിയിച്ചതുമെല്ലാം
നിതരാമൊരുവനിലേ നില്ലാ ബത!
നിഖിലഗുണങ്ങളുമെൻററിവുററതു-
മഥ ധർമ്മാത്മജനോടവനവ ചെ-
ൻററിയിച്ചതുമതിസങ്കടമോടേ. വൃ ൫

ഏവമിവെല്ലാമദ്ധ്യായങ്ങളൊ-
രിരുനാലും പദ്യംനൂററിലുമാ-
യാവികുളിക്കുംപരിചരുൾചെയ്താ-
നനുപമനാകിയ പാരാശര്യൻ

*. 'വലിക്കരുതാഞ്ഞു' എന്ന പാഠാന്തരം.

പോവതിനദ്ധ്യവസിച്ചേ പാണ്ഡവർ
        പോയപ്രകാരം കൃഷ്ണയുമായേ
പാവനമായമഹാപ്രസ്ഥാനിക-
        പർവ്വണി മുനിവരനരുളിച്ചെയ്താൻ. ൯൬

അരുളിച്ചെയ്താൻ മൂൻറദ്ധ്യായമ-
        തിൽ പദ്യങ്ങളുടൻ നൂററിരുപതു-
മിരുളറുമാറു മഹാമുനിപുംഗവ-
        നിതമൊടു പതിനെട്ടാമതുമുടനേ
നിരുപമസ്വൎഗ്ഗാരോഹണപൎവ്വം
        നീതിമികും ധൎമ്മാത്മജനാദികൾ
പരിചൊടു വാനലകെയ്തിയവാറു പ-
        റഞ്ഞാനഞ്ചദ്ധ്യായങ്ങളിലേ. ൯൭

ഏവമിതിൽ പദ്യങ്ങളൊരിരുനൂ-
        റിത്ഥം പൎവ്വങ്ങളൊരീരൊൻപതു
കേവലമരുളിച്ചെയ്താൻ മുനിവൻ
        കേൾപ്പവർകൾക്കതാർ തെളിവാനായ്
പാവനമാകിയ ശ്രീകൃഷ്ണൻകഥ
        പലപല ഹരിവംശത്തിലുരത്താ-
നാവികളുത്ത്ു ഭവിഷ്യൽപുണ്യപു-
        രാണേ പലകഥ ചൊന്നാൻ മററും. ൯൮

മററുപുരാണമിതിൽ ചൊല്ലാത മ-
        ററാകഥയുണ്ടാകയുതൊൻറിലുമിതി-
ലുററുരചെയ്തകഥാദികൾ മററ-
        ങ്ങൊൻറിലുമുണ്ടാകാൎയ്യിലുമമയും
മുററുമിതെൻറു പ്രതിജ്ഞയിയററി മു-
        നീന്ദ്രനരത്താനിതുകേട്ടാലിനി
[?]റെറാരു ദിവ്യകഥാദികൾ കേൾപ്പാൻ
        മനസി നിനപ്പതുവേണ്ടായല്ലോ. ൯൯

ഓൎത്തരുൾകെൻറ മുനിപ്രവരന്മാ-
        രോടിവ സൂതൻ ചൊന്നതുകേട്ടേ-
യാസ്ഥയൊടേ ചോദിച്ചാർ മൂവാ-
        റക്ഷൌഹിണിപട ഭാരതയുദ്ധേ

നേത്തമർചെയ്തു മരിച്ചപ്രകാരം
നിശ്ചയമതിലക്ഷൌഹിണിയൊന്റി-
ന്നാത്തിവരുത്തും ഗജരഥതുരഗപ-
ദാതികളുടെ സംഖ്യയെ നാമറിയോം. ൪൦

അറിയിക്കെന്റവരോടേ സൂതനു-
മറിയിച്ചാനിരുപത്തോരായിര-
മറികിലൊരെണ്ണൂറോടെഴുപതുമു-
ണ്ടനുപമഗജമതുപോലേ രഥവും
തിറമൊടുമതിലഥ മൂന്റുമടങ്ങും
ചെമ്മേയഞ്ചുമടങ്ങും വാജിയൊ-
ടറുതിമികുത്തപദാതികളും പുന-
രുണ്ടക്ഷൌഹിണിയൊന്റിന്നെന്റേ. ൪൧

എന്റാലിനി വൈശമ്പായനമുനി-
യിന്ദ്രസമൻ ജനമേജയനോടേ-
യന്റാദരവൊടു ഭാരതമറിയി-
പ്പാനുണ്ടാകിയ കാരണമഖിലം
നന്റായിഹ ചൊല്ലിന്റേൻ പിൻപഥ
നാനാകഥകളുമുറവുരചെയ്യേൻ
കുന്റാതെന്റുഗ്രശ്രവനതു മുനി-
കുലവരരോടറിയിച്ചാനവിടേ. ൪൨

അവനിപതീശ്വരനാം ജനമേജയ-
നനുജന്മാർ മൂവരുമായ് മുന്നേ-
യവനിയിൽ നല്ല കുരുക്ഷേത്രത്തിലൊ-
രനുപമയാഗം ചെയ്താനന്നാൾ
അവശത തനയനു നൃപർ വെറുതേ ചെ-
യ്തതിനാലവിടെച്ചെന്റുശപിച്ചാൻ
ദിവി മരുവിന ശുനിസരമ നരേന്ദ്രനെ
നിനയാതാപത്തുണ്ടാകെന്റേ. ൪൩

അന്റതുകേട്ടതൊഴിപ്പാനരചനു-
മിനിയ പുരോഹിതനെക്കൈക്കൊൾവാ-
ന്റു മഹായാഗത്തെ മുടിച്ചവ-
നന്തരമെങ്ങു നടന്നതിലൊരുനാൾ

ഛെൻറു ശ്രുതശ്രവനായ മുനീന്ദ്രനു-
സുതനാം സോമശ്രവനെ നരാധിപ-
നൻറവനൊത്തപ്രകാരമിരിപ്പാ-
നവിടേ സത്യംചെയ്തു വരിച്ചാൻ. ൻ൪

വരിച്ചവനോടേ ഹസ്തിനപുരമതിൽ
വന്നനുജന്മാരോടുമവസ്ഥക-
ളുരത്തവനന്തരമങ്ങൊരുദേശ-
ത്തുടനേ പോയമർചെയ്തു ജയിച്ചേ
കരുത്തൊടു തക്ഷശിലായാമവിടേ
കർത്താ താനായേ പുരമെയ്തി-
യിരുന്നതുകാലം ധൌമ്യായോദ-
നിരുന്നാനങ്ങൊരുപാടു നരേന്ദ്രൻ. ൻ൫

അനുപമനാകിയ ധൌമ്യായോദന-
വൻ നിജശിഷ്യന്മാർ മൂവരുമായ്
ദിനമനു പലപലജാതി പരീക്ഷകൾ
നിതരാം ചെയ്തറിവുററതിലൊരുവൻ
കനിവിയലുംമുനി വൈദനവൻ പല-
കാലം പല ശുശ്രൂഷകൾ ചെയ്തവ-
യനുപമനാകിയുദങ്കന്നേ മുനി-
യവനുടെ ശിഷ്യനതീവ മഹാത്മാ. ൻ൬

അതിഗുണവാനാകിയ വൈദൻ പുന-
രവനുടെയാത്മവിശുദ്ധത കണ്ടേ
മതി മമ ശുശ്രൂഷകളിതുപോലേ
മററൊരുവനു ചെയ്വാൻ പണിയെൻറാൻ
ഇതുപൊഴുതേ വിദ്യകളെല്ലാം തവ
ഹൃദയേ തോൻറിവരും നിശ്ചയമിതു
ബത! മമ ദക്ഷിണചെയ്യാഞ്ഞുള്ളിൽ വി-
ഷാദവുമുണ്ടാകൊല്ലായെൻറാൻ. ൻ൭

ല്ലായല്ലോ ദക്ഷിണചെയ്യാ-
തുഴറിപ്പോവതുമെൻറുടനുടനേ
നല്ലാത്മാ ശിഷ്യൻ ചൊൽവതു പല
കേട്ടേ ഗുരുവരനരുളിച്ചെയ്താൻ

ഒല്ലായിതു മമ പത്നിയെ നീ ക-
ണ്ടുടനവരം ചൊന്നതു നല്കുക വേണ്ടുകിൽ
നല്ലാ! തവ സുഖമാകെൻറമ്മുനി
നാഥനുദങ്കനൊടുററുരചെയ്താൻ. ൻവ

ആനവനും ഗുരുപത്നിയെയടിതൊഴ-
തഖിലവുമറിയിച്ചളവവരം ചൊന്നാം
ദീനതക്കൂടാതേ നീ നാലാം-
ദിവസേ മമ ദക്ഷിണ നല്കേണം
മാനിതനാകിയ പൌഷ്യനരേന്ദ്രനു
വല്ലഭയാമവരം കുണ്ഡലമെൻറ-
യാനതുകേട്ടവനും ഗുരുവൈദനൊ-
ടറിയിച്ചൻറരുംകൊണ്ടേ പോയാൻ. ൻൻ

പോയവനോടൊരു കാളയുമേറി-
പ്പോമൊരുവൻചൊന്നാനില്ലേതും
തീയതു നീയിതിനുടെ മലമിവിടെ-
ത്തിന്നേണം; തിൻറാനിതു വൈദൻ;
കായബലം വരുമെൻറുടനുടനേ
കനിവൊടു ചൊന്നതുപോലേ ചെയ്തേ
പോയമുനീന്ദ്രൻ പൌഷ്യസമീപേ
പുക്കവെനാലതിസൽകൃതനായേ. ൧൦൦

ആനവനും പൌഷ്യന്നു നിജാഗ്രഹ-
മറിയിച്ചളവരചൻ ചൊന്നാൻ മമ
മാനിനിയോടതിരന്നാൽ നല്കും
വൈകാതെൻറതു കേട്ടവുദങ്കൻ
താനവളെക്കാണാതതറിഞ്ഞു ധ-
രാപതി മുനിയൊടു ചൊന്നാൻ കാണാർ
ന്യനമശുദ്ധതയുള്ളവരവളെ നു-
രുങ്ങു ഭവാനതുമുണ്ടറികെൻറ. ൧൦൧

അറിവിയലിൻറ മുനീന്ദ്രനുദങ്കനു-
മാചമനാദികരം ചെയ്യായ്കയിനാൽ
കുറവു നമുക്കുണ്ടെൻറതറിഞ്ഞേ
ക്കൂടതുചെയ്തവരംതന്നെക്കണ്ടേ

*തിറമിയലും മണികുണ്ഡലയുഗമിതു
നീ തരികെന്റെ കേട്ടതു നല്കി-
പ്പിറകുരചെയ്താൾ തക്ഷകനാലൊരു
പീഡ വരാതെ പൊയ്ക്കൊൾകെന്റെ. ൧൦൨
ഏതുമിയന്റിതിരന്നാൻ തക്ഷക-
നെന്റതിനാലവനുണ്ടിതിലാഗ്രഹ-
മാദിയിലെൻറവൾ ചൊന്നതുകേട്ടി-
ല്ലവനാലൊരുഭയമെൻറരുൾചെയ്തു
മേദിനിപാലകനാകിയ പൌഷ്യനെ
മീണ്ടും കണ്ടൊരുകാലത്തന്നമൊ-
†രാദരവോടു കൊടുത്താനരചന-
ശുദ്ധമിതെൻറു മുനിന്താൻ മുനിയും. ൧൦൩
മുനിവൊടുമന്ധതയുണ്ടായ് വരിക മു-
തിന്നു നിനക്കിതിനാലെൻറാൻ മുനി-
യനുചിതമിതു ചൂടില്ലായ്കയിനാ-
ലന്നമശുദ്ധമിതെൻറു നിനച്ചു
തനിയേ നമ്മെ മുതിന്നു ശപിച്ചതു
സന്തതിയുണ്ടാകായ്ക ഭവാനെ-
ൻറിനി ഞാനിൻറു ശപിച്ചേനെൻറാ-
നിന്ദ്രസമാനമഹീപതി പൌഷ്യൻ. ൧൦൪
അൻപൊടു പിന്നെയറിഞ്ഞുരചെയ്താ-
നരചൻ പൌഷ്യനശുദ്ധമിതന്നം
മുൻപൊരു ഭാമിനി തല മുടിയാതെ
മുററുമതിങ്ങു വിളമ്പിയമൂലം
പാൻപതിലേ കേശങ്ങൾ കിടന്നതു
പിഴ മുന്നേയിതു ഞാനറിയാഞ്ഞതു-
മെൻപരിതാപമിയററിന ശാപം
നീയുമിനിത്തീക്കരുളാലെൻറാൻ. ൧൦൫
അരുളുരചെയ്തതൊഴിപ്പതിനെങ്കില-
മല്പദിനംകൊണ്ടൊഴിയുമിതരചാ!
വിരവൊടു നീ മമ ശാപം പോക്കുക
വേറിനിയെന്ന മഹീപതി ചൊന്നാൻ

* 'നിറമിയലും' എന്നു പാഠാന്തരം. † 'ഉഷ്ണമിതുപജീവിക്കരുതെ ൻറാൻ മുനിവൻ' എന്നു പാഠാന്തരം.

അരചകളാമവർകൾക്കമൃതോപമ-
മഥ വാണികൾ വജ്രോപമമാത്മാ
വരഗുണരാം മുനികൾക്കു മറിച്ചിതു
മററിതിനാൽ മമ ശാപം തീരാ. ൧൦൩

തീരായെൻറതു കേട്ടതുചെയ്തു ശി-
വാജ്ഞയിതെൻറെ പോന്നവുദങ്കൻ
വാരാകരസമമായെയിളകി വ-
രിൻറ ദിഗംബരനെക്കണ്ടുടനേ
നേരേ കുണ്ഡലമതു കരവച്ചേ
നീരിലിറങ്ങിയനേരം ഭ്രാന്തൻ
പാരാതേ കുണ്ഡലവുമെടുത്തു ഭ-
യംകൂടാതേയോടിപ്പോയാൻ. ൧൦൪

പോയവനടെപിൻപേ പാതാളം-
പുക്കിതു തക്ഷകനെൻററിവുറേറ-
യായപ്രകാരം നാഗങ്ങളെയുട-
നവിടെയതീവ പുകണ്ണു മുനീന്ദ്രൻ,
*തീയരുമാറൊരുവൻ കരയേറി ന-
ടന്നരുളിൻറ മഹാശ്വവുമരികേ
തുയമഹാസംവത്സരചക്രം-
ചുഴലെ വരുൻറതുമവിടെക്കണ്ടാൻ. ൧൦൫

അവിടെയതീവ പുകണ്ണതുകാല-
ത്തശ്വമതിൻപിറകിൽചെൻറുതെ-
ൻറുവവിയൊടും ചൊന്നാനപ്പുരുഷനു-
ദങ്കനെന്നും മുനിപുംഗവനോടെ
അവനതുചെയ്തു പുനരശ്വമതി-
ന്മുഖതോ നിസ്സൃതമായിതു ധൂമം
പവനവിസാരിതമെങ്ങു നിറഞ്ഞിതു
പാതാളേ ഭയമാമാറൻറെ. ൧൦൬

അൻറതിനാലിടരേററ തക്ഷക-
നനുപമകുണ്ഡലമവനുകൊടുത്താ-
നിൻറെ ദക്ഷിണചെയ്യതില്ലയ്യൂരു-
തെന്തൊരുപായമെനിക്കിതിനെൻറെ

* 'നായകനാമൊരുവൻ' എന്നു പാഠാന്തരം.

നിൻറ മഹാത്മാവൊടു ചോദിച്ചതു-
നേരം, കുതിരയിതിന്മേലേറുക-
യെൻറതുകേട്ടതു ചെയ്തോരുനാഴിക-
യിടയേ ഗുരുവരനരികേ ചെൻറാൻ. ൧൧൦

ചെൻറഥ ഗുരുപത്നിക്കഥ ദക്ഷിണ
ചെയ്തുളവതിസുഖമുററവൾ ചൊന്നാ-
ളിൻറിതു ചെയ്യായ്കിൽ തവ ശാപമി-
യററുവതിന്നുകതാരിൽ നിനച്ചേൻ
നൻറി നിനക്കിനി മേന്മേൽ വരിക ന-
ടക്കെൻറളവരുൾകൊണ്ടേ ഗുരുവിനെ-
യൻറടിതൊഴുതഖിലവുമറിയിച്ചവ-
നന്തരമവനൊടുദങ്കനുരത്താൻ. ൧൧൧

താനൊരുവൻ ചൊന്നാനെന്നോടൊരു
ധവളമഹാവൃഷമേറിപ്പോവോ-
നൂനമൊഴിന്തിതിനുടെ മലമിനി നീ-
യുപജീവിക്കെൻറാദരവോടേ
ദീനതവേണ്ടാ നിന്നുടെ ഗുരുവിതു-
തിൻറവനെൻറതു കേട്ടതു ചെയ്തേൻ
ഞാനിനിയാരവനായതുമെന്തിതിൽ
നന്മയുമെൻറരുളിച്ചെയ്യേണം. ൧൧൨

അരുൾചെയ്യേണം പാതാളേ ചെ-
ൻറളവിരുമൂവർ കുമാരർ തിരിച്ചേ
തിരിയായ്നിൻറൊരു ചക്രമതരികേ
ദിവ്യാശ്വത്തിന്മീതൊരുവനെയും
അരുളൊടുമവനിതു സാധിപ്പിച്ചവ-
നശ്വമതിങ്ങു കടത്തിയതും മാം
നിരുപമനവനാരെന്തതു ചക്രം
നിഖിലവുമറിവാൻ മുനികുലതിലകാ! ൧൧൩

മുനിവരനവനോടുടനറിയിച്ചാൻ
മുററും കാളയിതൈരാവതമറി-
യനുപമമാമമൃതതിനുടെ മലവുമ-
തമരേന്ദ്രൻ ചൊന്നതു തിന്മാനും

മനസി കനിന്തവനിന്ദ്രൻ മമ സഖി
വാധ നിനക്കു വരാഞ്ഞതുമതിനാ-
ലിനിയമഹാപാതാളേ പുക്കള-
വേറെ വരും വിഷപാവകനാലേ. ൨൨൮

ഏവമിതരുവർ കുമാരർ ചുഴററിയൊ-
രീരാററുമിയൻേറ കണ്ടതു
കേവലമററി സംവത്സരചക്രം
കേളരികേ നിൻറതു പജ്ജന്യൻ
താവിന വാജിയിതഗ്നിയിതെല്ലാം
സാധിച്ചതു നൻേറൻറവുദങ്കനു-
മാവതുചെയ്യും തക്ഷകനെക്കൊൽ-
വാനൊരുപായവുമോത്തറിവുററാൻ. ൨൨൯

അറിവൊടു ചെൻറു കുരുക്ഷേത്രത്തില-
മന്നൊരുയാഗംചെയ്യുളനാകിയ
കുറവിയലാ ജനമേജയനോടേ
ക്കുറിനനൻറുവുദങ്കമുനീന്ദ്രൻ
തിറമൊടു യാഗമിതിവിടെയിവണ്ണം
ചെയ്യതിലുംതക്കതു തവ താത-
ന്നരുതിവരുത്തിയ തക്ഷകനെക്കൊൽ-
വാനുത്സാഹംചെയ്യിലതല്ലോ? ൨൰

ഓത്താൽ വിസ്മയമുണ്ടിതു തക്ഷക-
നൊളിവിലണഞ്ഞേ കാശ്യപമുനിയൊടു
വാത്താം ചൊല്ലിയവൻവരവൊഴിവാൻ
മണികനകാദികളവനുകൊടുത്തേ
ധാത്രീപാലശിഖാമണിയാം തവ
താതനെ വന്നു കടിച്ചുയിർകാണ്ടതു-
പാത്താലവനെയിനിക്കൊലചെയ്തേ
പക മീളുകെന്നാൻ നൃപനൊടുദങ്കൻ. ൨൨൧

ഉദങ്കനുരത്തതുകേട്ട മഹീപതി-
യുള്ളിലതീവ മുനിന്തവമാത്യ-
മതങ്ങളുമുള്ള പ്രകാരമറിന്തേ
മഹരിഷിമാരെ വിളിച്ചുരുളംചെയ്താൻ

മദംകലരും തക്ഷകനെക്കൊൽവാൻ
    വഴിയെന്തെന്റതു കേട്ടു മുനീന്ദ്രരു-
മിതംവരുമാറേ സർപ്പമഖം ചെ-
    യ്യെന്റുരചെയ്തതു ചെയ്താർ മുററും. ൧൧൮

മുററുമിതിൻകാരണമെന്തെന്റു മു-
    നീന്ദ്രന്മാരൊടു സൂതൻ ചൊന്നള-
വുററുരചെയ്താനവനൊടു നീയിതി-
    നുടെശേഷം പറകെന്റതിനകമേ
നററവരായ ഭൃഗുക്കളുടേ കഥ
    നമ്മൊടു ചൊൽകവർ നമ്മുടെ ഗുരുവരർ
മററിതു ചൊൽകെന്റാർ മുനിപുംഗവർ
    വൈകാതതുമറിയിച്ചാൻ സൂതൻ. ൧൧൯

ആനവനും ചൊന്നാൻ മുനിവരരോ-
    ടനുപമമുനിതനയൻ ച്യവനൻ മുനി-
താനവനുടെതനയൻ പ്രമതിയുമഥ
    തനയനവന്നു ഘൃതാചിയിലുടനേ
മാനിതനാകിയ രുരുവുളനായാൻ
    മററവനൊരു നന്ദനനേ ശുനകൻ-
താനവനല്ലോ ശൌനകതാപസ-
    നാം തവ താതനുമെന്റാൻ സൂതൻ. ൧൨൦.

സൂതസുതാ! ച്യവനോത്ഭവമറിവാൻ
    സുഖമേ ചൊൽകെന്റതു കേട്ടവനും
ബാധയിലാഭൃഗുവിന്നു പുലോമാ-
    വവൾ നവപതിയവൾക്കൊരുഗർഭം
തീതിയലാതുണ്ടായതുകാലം
    ചെൻറാനവൾപോരുടെയൊരുരാക്ഷസ-
നാദരവോടവൾ പൂജിച്ചുളവവ-
    നവളെക്കണ്ടതിപരവശനായാൻ. ൧൨൧

പരവശനായഥ കുണ്ഡയെരിയും
    പാവകനോടുഴറിച്ചോദിച്ചാൻ
സുരവരപൂജിതനാം നീ സാക്ഷി ശു-
    ഭാശുഭകർമ്മമനത്തിനുമെന്റാൻ

കരുതിയൊരുണ്മയെനിക്കറിയിച്ചരുൾ
കാർകുഴലാളിവൾ ഭൃഗുപത്നിയെന്നും
നിരുപമതാപസിയെങ്കിൽ ചൊൽകതു
നിശ്ചയമുഴറിക്കൊണ്ടേപോവാൻ. ൧൨൭

അൻപൊടു ഞാൻ വേൾപ്പാനായ് കല്പി-
ച്ചവളെക്കൈക്കൊണ്ടിതു ഭൃഗുമുനി പ-
ണ്ടേൻപവൾതാനിവളെങ്കിലിദാനീ-
മിവളെച്ചതിയൊടു കൊണ്ടേ പോവാൻ
തുമ്പമൊഴിഞ്ഞേ ചൊൽകെന്റേ പല-
തുടയുമവൻ ചോതിച്ചതിനഗ്നിയു-
മിമ്പമിയന്റേ ഭൃഗുവിൻപത്നിയി-
തറികെൻററിയിച്ചാനുടനവിടേ. ൧൨൮

ഉടനവനൊരു സൂകരവടിവായേ-
യുത്തമയാമവളെക്കൈക്കൊണ്ടേ-
യടവിയിലൂടു നടന്നതുകാല_
ത്തവളുടെ കുക്ഷിയിൽ മേവിന ബാലൻ
പടുതരനവളുദരേ നിൻറിഴകി-
പ്പാരതിൽ വീണെതിർനോക്കിയകാലം
കൊടുമയിയൻറ നിശാചരനവനും
കൂടവിടെ വെണ്ണീറായ്‌വീണാൻ. ൧൨൯

ആനതുകണ്ടവളും ബാലാക്സെ-
മാനൻ പുത്രനെയും കൈക്കൊണ്ടേ
ദീനതയോടഴുതഴുതാശ്രമമതിൽ-
നിൻറാൾ ചെൻറവൾകണ്ണീർവീണേ
മാനിതയായ വധൂസരയാംനദി-
വടിവിയലും തീർത്ഥവുമുണ്ടായിതു
താനവിടേ മുനിവന്നിയവസ്ഥകൾ
സകലം കേട്ടുളവവളോടു ചൊന്നാൻ. ൧൨൰

ചൊന്നവരാരവനോടേ നിന്നെ-
സ്സൂക്ഷ്മതയോടിവളിന്നവളെന്റേ
വന്ന നിശാചരവരനറിവാൻ പണി
മറററിയിച്ചവരാരേ ചൊൽ നീ

പിന്നെ മുതിൻ ശപിപ്പൻ ഞാനി-
 പ്പിഴചെയ്തവർകളെയെൻറു മുനീന്ദ്രൻ
ചൊന്നതുകേട്ടവളഗ്നിയിതെൻേറ
 ചൊന്നാൾ മുനിയൊടു ശാപഭയത്താൽ. ൱൮൩

പയമെഴുമാറു ശപിച്ചാനഖിലം
 ഭക്ഷിച്ചേപോകെൻറുടനഗ്നിയെ
നയമൊടു പാവകനും വന്നവനൊടു
 ന്യായമിതല്ലെൻററൻറു പറഞ്ഞാൻ
ഉയർഗതിയവനുടെ സന്തതികൾക്കുമു-
 ടൻ വാരാ വല്ലസങ്ങൾ പറഞ്ഞാൽ
നയമൊടറിഞ്ഞവ ചൊല്ലായ്കിലുമതി-
 നാശം വരുമിതറിഞ്ഞതിതെൻേറ. ൱൮൪

ഇതു ബത! ചെയ്തതിളയ്ക്കരുതഗ്നി-
 ക്കെൻററിയാതേ നീ നമ്മെപ്പുന-
രതിനീചത വരുമാറു ശപിച്ചാ-
 നാമിതു നിന്നെ നിനയ്ക്കിലെനിക്കും
മതിമതി വിപ്രവരന്മാരോടു മ-
 റുപ്പതു വേണ്ടായെന്നു ശമിച്ചേ-
നിതുകാലം നീയറിയാതവയി-
 ല്ലെങ്കിലുമിതു ചൊല്ലിൻേറൻ കേളായ്. ൱൮൫

ചൊല്ലാം പിതൃദേവാദികളേ പ്രതി
 ശുഭകമ്മങ്ങളനത്തും ചെയ്യവ-
യെല്ലാംകൊണ്ടുനടത്തുവതും ഞാ-
 നിതു കേളവർകളുടേ മുഖവും ഞാൻ
എല്ലാടവുമുള്ള വനരുമറകളി-
 ലേകിയ പുണ്യമഹാകമ്മങ്ങൾ-
ക്കെല്ലാം ഞാനാധാരവുമെന്നാ-
 ലിനിയിവയരുതെൻേറാത്തു ശമിച്ചേൻ. ൱൮൬

ശമമിനി നല്ലതുമെൻറുരചെയ്തതി-
 ശാന്തതയോടു മറഞ്ഞാൻ പാവക-
നമരകളോടു മഹാമുനിമാർ പുന-
 രറിയിച്ചാരതിഖേദത്തോടേ

കമലജനോടറിയിച്ചിൻറിതിനൊരു
കഴിവുണ്ടാക്കേണം മററല്ലാ-
ലമരകളേ! മുടിയും ഭുവനത്രയ-
മഗ്നിവിനാശംകൊണ്ടറികെൻറ. ൧൩൦

എൻറതുകേട്ടു വിഷാദിച്ചമരക-
ളിനിയ മുനീന്ദ്രരൊടും ചെൻറയനോ-
ടൻററിയിച്ചാരഗ്നിവിനാശവു-
മതിനാലെയ്തിയ താപവുമെല്ലാം
ഒൻറാഴിയാതേ കേട്ടു പിതാമഹ-
നടനവിടെപ്പാവകനെ വിളിപ്പി-
ച്ചൻറരുൾചെയ്താനിതിനാലേതുമ-
ശുദ്ധതയില്ല നിനക്കറികെൻറ. ൧൩൧

അറിവിയലാതവരേപ്പോലേയിതി-
നതിഖേദിപ്പാനെന്തേ നീ തവ
നിറമിയലുംജ്വാലകളൊടു ചേന്നാൽ
നിശ്ചയമറികതതീവ വിശുദ്ധം
കുറവിയലാതെ ദിവാകരരശ്മികൾ
ഗുണമില്ലാതവയിറെറാടു ചേന്നാ-
ലറിക ദിനേശ്വരനില്ലൊരശുദ്ധത-
യതിനാലെല്ലാമേ ശുദ്ധവുമാം. ൧൩൨

ശുദ്ധതയെൻറി നിനക്കു വരായ്കൊര-
ശുദ്ധത നിഖിലം ഭക്ഷിച്ചാലും
ബദ്ധമിതെൻറു പിതാമഹനരുളാൽ
വേദന തീന്ന ഹുതാശനനോടും
*ചിത്തവികാരമകററിക്കർമ്മം-
ചെയ്തതിനായിന്ദ്രാദികൾ പോന്നാ-
രുത്തമരാം മുനിവരരൊടനന്തര-
മൊരു സുഖമായിതു മൂവുലകത്തും. ൧൩൩

മൂവുലകിലുമറിയുംപുകഴുള്ളമു-
നീന്ദ്രൻ ച്യവനനു ഗർഭച്യവനാൽ
കൈവന്നിതു പേരതു പാവകനു-
ണ്ടാകിയ ശാപവുമിപ്പരിചിനി ഞാൻ

* 'ചിത്തവിഷാദം' എന്നു പാഠാന്തരം,

ദേവസമൻ പ്രമതിക്കു ഘൃതാചിയിൽ
നിരുപമനായുളവാകിയ രുരുവിന്നു
കേവലമെയ്തിയ വാൎത്തകൾ ചൊൽവേൻ
കേൾക്കെൻറാൻ ശൌനകനോടു സൂതൻ.
[ ൫൩൪

അൻപൊടു വിശ്വാവസുവുള്ളാദി-
ച്ചനുപമയാകിയ മേനക പെററാൾ
മുൻപൊരു കന്യകതന്നെയൊരനുപമ-
മുനിവരനുടെയാശ്രമമതിനരികേ
പിൻപവളിട്ടുകളഞ്ഞേപോയാൾ
പൃഥിവിയിലപ്പെൺപൈതൽ കിടന്നതു
തൻപരിതാപത്തോടേ കണ്ടതി-
താത്പൎയ്യത്തോടെടുത്താൻ മുനിവർ. ൫൩൫

ഉത്തമരാംപ്രമദാജനമായി-
ന്നുള്ളവരേവരിലും വരയേയിവൾ
സത്യമിവൾക്കു പ്രമദ്വരയെൻറേ
തക്കതു നാമവുമെൻറു മുനീന്ദ്രൻ
ഭക്തിയൊടവളെ വളൎപ്പതുകാലം
പരിചിയലും കന്യകയവളെക്ക-
ണ്ടത്തലൊടയുഗശരാതുരനായാ-
നനുപമനാകിയ രുരുവൊരുദിവസം. ൫൩൬

ഒരുദിവസം വൈകാതവൾതന്നെയു-
ടൻ വേൾപ്പാനവനോൎത്തരുഞ്ഞേ
നിരുപമനാകിയ താതൻ പ്രമതി നി-
നച്ചിതു യോഗ്യതയുണ്ടിതിനെൻറേ
വരഗുണയാകിയ കന്യകതന്നെവ-
ളൎത്ത മഹാമുനിതന്നോടിവളെ-
ത്തരിക മമാത്മജനെൻറതിരന്നാൻ
താമസിയാതെകൊടുത്താനവനും. ൫൩൭

ആനവൾതന്നെ വിവാഹം ചെയ്വാ-
നഞ്ചാറേഴുദിനങ്ങൾ പൊരുത്താ-
ലൂനമിലാതെ മുഹൂൎത്തവുമുണ്ടാ-
മുത്തമമൃത്തും നാളതിൽ മുററും

മാനിതനായിതു ചെയ്യാമെന്റേ
മനസി നിനച്ചാരവരതിന്നിടയേ
തന്നൊരു പാമ്പു കടിച്ചവൾതന്നെ-
ത്താപമെഴുംപടി കൊന്റിതു മററം. ൧൩൮

മററം പ്രാണൻപോയവൾ വീണ്ണിതു
മുനിവരരവരവർ വന്നവിടെക്ക-
ണ്ടററമില്ലാതള ഖേദിച്ചാർ പുന-
രരുതിതു കാണ്മതിനെന്റേ രുരുവും
മുററിയശോകത്തൊട്ടു പോയ്യനഭുവി
മുറയിട്ടെങ്ങുമുഴൻറാനൊട്ടേ
മററിനി ഞാൻ ചെയ്യുള്ള തപോബല-
മതിനാലെൻപ്രിയ ജീവിക്കെന്റേ. ൧൩൯

എന്റും ഞാൻ പിതൃദേവാദികളെയി-
തത്തൊട്ടു സേവിച്ചേനാകിലുമിനി-
യിൻറു പ്രമദ്വരയാമവൾ ജീവി-
ച്ചെഴുനില്ക്കിൻറിതു രുരുവുരചെയ്യാൻ
അൻറൊരു ദേവമഹാദൂതൻ വ-
ന്നവനൊട്ടു ചൊന്നാൻ വാണാളററാ-
ലൊൻറിജ്ജീവിപ്പില്ലാരും മ-
ററുപദേശവുമതിനുണ്ടറിയിപ്പൻ. ൧൪൦

അറിവിയലും തവ വാണാളിൽ പുന-
രൎദ്ധംകൊണ്ടിവൾതന്നോടൊത്താററുക
കുറയുമിതിങ്ങു നിനക്കിനിയുള്ളിൽ
കോഴയുമില്ലെങ്കിൽ ചൊൽകെൻറാന
തിറമൊട്ടു രുരുവിതു ചെയ്യാമെൻറാൻ
ദേവമഹാദൂതൻ യമനെക്കൊ-
ണ്ടുറവൊട്ടമതുമൂളിച്ചളവുഴറിയു-
ണന്നേഴനിൻറാൾ കന്യകതാനും. ൧൪൧

ആനവൾതന്നെ വിവാഹം ചെയ്യാ-
നനുപമമായ മുഹൂൎത്തേ രുരു പുന-
രുന്നമൊഴിന്തവളോട്ടു മഹാസുഖ-
മുള്ളിലിയന്നു വസിച്ചതുകാലം

ദീനത പണ്ടു വരുത്തിയ വാറു നി-
നച്ചവ കണ്ട മഹാസൎപ്പങ്ങളെ
മാനമിയന്റെ കൊട്ടികൊന്റാൻ
വടിയുംകൊണ്ടു നടന്നു മുനീന്ദ്രൻ. ൧൪൨

മുനിവൊടുമൊരുനാളൊരു ഡുണ്ഡുഭനെ മു-
തിൻ തറപ്പാനോങ്ങിയനേരം
തന്നിയേ ഞാനെന്തേ പിഴ ചെയ്തതു
തല്ലായ്കെന്റവനുരചെയ്തളവേ
അനുപമയാം മമ ഭാൎയ്യയെ മുൻപിലൊ-
രരവു കടിച്ചുയിർകൊണ്ടതുമൂലം
തന്നിയേ കണ്ടവ കണ്ടവ കൊൽവാൻ
സൎപ്പങ്ങളെ ഞാനും നിനവുറേറൻ. ൧൪൩

ഉററിതിനാലേ നിന്നെക്കൊൽവാ-
നുഴറിനിനച്ചനെന്റ മുനീന്ദ്രനൊ-
ടററമിലാതള ശോകത്തോടുമ-
നന്തരമേ ഡുണ്ഡുഭനുരചെയ്താൻ
മററൊരുപരിഷ കടിച്ചുയിർകൊംവതു
വടിവിവരെപ്പോൽ നാമതുചെയ്യീ-
ലേററമതെന്റി മുതിന്നിവയെല്ലാ-
മിനിയറി മുനികുലതിലകായെന്റാൻ. ൧൪൪

എന്റതു കേട്ടു ശപിച്ചൊരുമുനിയിവ-
നെന്റു നിനച്ചേ മുനി ചോതിച്ചാ-
നൻറഥ ഡുണ്ഡുഭനോടാർ നീയെ-
ന്റതു കേട്ടവനുമവന്നറിയിച്ചാൻ
നൻറി മികുത്തസഹസ്രപദൻ മുനി
ഞാനങ്ങൊരുമുനിശാപത്താലേ-
യിൻറിതെനിക്കൊരുവടിവായ് വന്നിതു-
മെല്ലാമോൎത്തറിവോയാകെന്റാൻ. ൧൪൫

ഏതൊരുമുനിശാപത്താൽ വന്നിതി-
തെന്തേ നീ പിഴ ചെയ്തതുമവനൊടു-
മാദരവോടിതു ചൊൽകെന്റ രുരു-
വരുളുംചെയ്തതുകേട്ടവനരുളുംചെയ്താൻ

നീതിയല്ലാമുനി ഖഗമൻ മമ സഖി
　　ചെമ്മേ ഹോമം ചെയ്യുന്നു നേരം
നീതിയിതല്ലെൻററിയാതേ ഞാൻ
　　നിരുപമതൃണമയസർപ്പമതിട്ടേൻ ൧൪൫

സർപ്പമതവിടെക്കണ്ട മഹാമുനി
　　*തൃണമയമെൻററിയാതേ മോഹി-
ച്ചപ്പൊഴുതേ മോഹത്തൊടു വേറാ-
　　യതികോപിച്ചെന്നോടുരചെയ്താൻ
ഇപ്പൊഴുതേയിതുചെയ്ത നിനക്കിനി-
　　യിന്നാഗത്തേപ്പോൽ വടിവാകെ-
ൻറത്ഭുതനായ മഹാതാപസവര-
　　നവനറിയിച്ചുളവടിമലർ തൊഴുതേൻ. ൧൪൬

അടിമലർ തൊഴുതെഴുനിൻറുരചെയ്തേ-
　　നറിയാതേ കളിയായിതു ചെയ്തേ-
നടമയിതിന്നൊരുകാരണമെൻറാ-
　　ലൊഴിയേണം മമ ശാപമിതെന്നേൻറൻ
ദൃഢമിതു സത്യമൊഴിഞ്ഞുരചെയ്തേൻ
　　നീ കേൾ ചിലദിവസങ്ങൾ കഴിഞ്ഞാ-
ലുടനുളനാം രുരുവവനേക്കണ്ടാ-
　　ലൊഴിയുമിതെൻറമ്മുനിവനരുളത്താൻ. ൧൪൭

മുനിവരനാം പ്രമതിക്കൊരുസുതനായ്
　　മുഖ്യഗുണാകരനാകിയ രുരു നീ
തന്നിയേ ഞാനറിയാഞ്ഞേനിൻറിഹ
　　താപസനാം തവ നല്ലതു ചൊൽവൻ
മുനിവൊടു ഹിംസാദികൾ ചെയ്യിൻറതു
　　മുററും വിപ്രവരൎക്കുചിതവുമ-
ല്ലനുപമരാമരചൎക്കേ ദുഷ്ടവ-
　　ധാദികൾ ചെയ്യാവിതു നീ തേറായ്. ൧൪൮

ഇതു കേൾ നീ ജനമേജയനാദിയി-
　　ലിനിയ പിതാവിനെ വന്നൊരുസർപ്പം
വധ ചെയ്തിന്നവർകളെയുയിർകൊൾവാൻ
　　വഴിയേ സർപ്പമഖം ചെയ്യിച്ചാൻ

* 'തൃണമിതെൻററിയാതേ' എന്നു പാഠാന്തരം.

അതുകാലത്തവിടേയസ്തീകന-
ണഞ്ഞു പറഞ്ഞതു കേട്ടതൊഴിഞ്ഞാ-
നതുപോലെ ഹിംസാദികൾ ചെയ്യാ-
നരുതറി വിപ്രവരന്മാക്കെൻറും. ൧൩൦

എൻറു സഹസ്രപദൻ മുനി ചൊന്നള
വിതമൊടു രുരുവാംമുനി ചോദിച്ചാ-
നൻറരചൻ ജനമേജയനതുചെ-
യ്യാനൊരുകാരണമെന്തെൻററിയേൻ
ചെൻറുടനസ്തീകൻ നല്ലവയുര-
ചെയ്തതൊഴിച്ചപ്രകാരവുമറിയേ-
നെൻറളവിവ മുനിവരനരുൾചെയ്തറി-
കെൻറുരചെയ്തു മറഞ്ഞാനവനും. ൧൩൧

അവനുരചെയ്തതു കേട്ടേ രുരു പുന-
രതു കേൾപ്പാനത്യാഗ്രഹമോടേ
വിവശതയായ് പുനരെങ്ങുമുഴൻറു വി-
മോഹിതനായ് വീണാൻ പുനരൊട്ടേ
അവശത തീൻറു നിജാശ്രമമെയ്തിയ-
നത്തും താതനൊടുററുരചെയ്താ-
നവനുരചെയ്താൻ നീ ഖേദിക്കരു-
തഖിലവുമറിയിപ്പേൻ ഞാനെൻേറ. ൧൩൨

ഇതി പൌലോമപവ്വം
സമാപ്തം.

---

ആസ്തികം.

എൻറിവ ചൊല്ലിയ സൂതനൊടവിടെയി-
രുന്നരുളിയ ശൌനകമുനി ചൊന്നാ-
നൻറു മഹീപതി ജനമേജയനെ-
ന്തരവങ്ങളെയടയെക്കൊലചെയ്യാൻ?
ചെൻറവനൊടു പലവൃത്താന്തവുമുര-
ചെയ്തതൊഴിപ്പാനെന്തസ്തീകൻ?
നൻറി മികുത്തവനുടയ പിതാവാർ?
നമ്മൊടിവെല്ലാം നീ ചൊൽകെൻേറ. ൧

ചൊല്ലുകയെന്റതുകേട്ടേ സൂതൻ
ചൊന്നാനതു മുനി ശൌനകനോടേ
നല്ലനതീവ ജരൽകാരുവെന്നും
നാമമിയന്റൊരു മുനിയുളനായാൻ
ഇല്ല ഗൃഹസ്ഥാശ്രമമതിലാഗ്രഹ-
മേതുമവന്നു തപസ്സുകൾ ചെയ്തു
നല്ലതെനിക്കെന്റെ നിശ്ചയമൊട്ടു
നലമെഴുമടവികൾതോറു നടന്നാൻ. ൨

അനവനൊരുനാളൊരു വനഭുവി ക-
ണ്ടാനഥ പാതാളത്തിലുടൻ വീഴ്-
വാനിടരോട്ടമവാങ്മുഖരായ ചില-
രവിടെപ്പുല്ലോടിയെപ്പിടിപെട്ടേ
ദീനതയോടു കിടപ്പതുമുയരേ
*നില്ക്കും തൃണതലമതിനുടെ മൂടും
ദീനമൊഴിഞ്ഞു വളന്നൊരു മൂഷിക-
നടനടനരുതിപെടുപ്പതുമെല്ലാം. ൩

എല്ലാം കണ്ടു ജരൽകാരുവുമുട-
നേവം നിങ്ങൾ കിടന്നവരാരേ?
വല്ലാനിലയൊടു,മെന്റതു കേട്ടവർ
വയമിഹ ചില താപസരറികെന്റാർ
നല്ലാ! കേൾക്ക ജരൽകാരുവെന്നും
നാമമൊടൊരു സുതനുളനെങ്ങൾക്കവ-
നില്ലാരും തനയന്മാരതിനാ-
ലിതനാമരുനരകതിൽ വീഴന്റോം. ൪

നരകതിൽ വീഴും നമ്മേക്കണ്ടിനു-
നയമൊടു ചോദ്യംചെയ്ത ഭവാനാ?
ശരചെയ്യെന്റതു കേട്ടു ജരൽകാ-
രുവുമുടനാകുലമോടറിയിച്ചാൻ
നിരുപമരാകിയ താതന്മാർ മമ
നിങ്ങൾ ജരൽകാരുവെന്നും തനയൻ
കരുതുക ഞാനെന്നാലിനി വേണ്ടും-
കാര്യ്യവുമെന്തേ? ചൊല്ലുകയെന്റാൻ. ൫

* 'തൃണത്തിനുടെ മൂടനുദിനമൂനമൊഴിഞ്ഞു' എന്നു പാഠാന്തരം.

ആനവനോടവ്വണ്ണടയ പിതാമഹ-
    രാമവർ ചൊന്നാർ *പുണ്യതപോധന-
ദാനമഹാധൎമ്മാദികളെല്ലാം
    സന്തതിനാശമിയററിച്ചെയ്യാൽ
ഊനമതീവ വരും, നീ വേഠംക്കെ-
    ൻറുരചെയ്യവരൊടു ചൊന്നാനവനും
ഞാനിതു ചെയ്യാം പെണ്ണിനുമെന്നുടെ
    നാമം തന്നേയായ്‌വരിൽ മുററും. ൰

മുററും ഭിക്ഷ തരുമ്പോൾ വന്നു മു-
    തിന്നൊരുവൻ കന്യാവിനെ നല്കുകി-
ലുററവഠംതന്നെ വിവാഹംചെയ്യാ-
    മുടനിതുസമയമെനിക്കറികെൻറ
മററവരോടരുഠംകൊണ്ടേ പോയവ-
    നന്തരമെങ്ങുമുഴൻറവനൊരുനാഠം
മറെറാരു വനഭുവി ചെൻറിഹ കന്യാം
    മമ തരുവോരാരേയിനിയെൻറാൻ. ൧

ഇനിയ മഹാനാഗേന്ദ്രൻ വാസുകി-
    യിതമൊട്ടമവിടേ നിജസോദരിയാ-
മനുപമകന്യകയോടെതിരേ ചെ-
    ൻറമ്മുനിയോടിവളെക്കൊഠംകെൻറാൻ
മുനിവനമിവഠംപേരെന്തൻറളവു മു-
    തിന്നു ജരൽകാരുവെന്നും പെണ്ണിവഠം
തനിയേ തവ തരുവാൻ കല്പിച്ചേൻ
    ധാതൃനിയോഗത്താലിതു കേളായ്. ൨

ആയതരായ മഹാനാഗങ്ങളെ-
    യമ്മ ശപിച്ചാളഗ്നിയിൽ വീഴ്കെ-
ൻറായിതുഖേദമനന്തരമതിനാ-
    ലതുകാലത്തെങ്ങഠംക്കു മുനീന്ദ്രാ!
തൂയ സരോരുഹസംഭവനോടതു
    ചൊന്നാനിവളെ മുനീന്ദ്രനു നൽകുക
നീ,യിവളുടെ സുതനുണ്ടാമതിനാൽ
    നീങ്ങും താപമിതെൻറാനയനും. ൩

* 'പുണ്യതപോവ്രത' എന്നു പാഠാന്തരം.

അയനതുളാലേ പേരുമിതേ പുന-
രായിതവൎക്കെൻറെല്ലാം വാസുകി
നയമൊടു ചൊന്നതു കേട്ടു മഹാമുനി
നന്മവരുംപരിചവളെക്കൊണ്ടാൻ
ഉയർപുകഴോടവൾസുതനസ്തീകനൊ-
ഴിച്ചിതവൻതാനേ സൎപ്പമഖം
നയമൊടുമെൻറിതു സൂതൻ ശൌനക-
നായമുനീന്ദ്രനൊടൻറുരചെയ്താൻ. ൧൦

അൻറഥ ശൌനകമുനി നിജ സന്തോ-
ഷാതിശയേന പറഞ്ഞാൻ സൂതനൊ-
ടിൻറതു നീ പറയും വചനങ്ങളി-
വേറെ മനോഹരമെന്തേ ചൊൽവോം;
നൻറി മികും തവ താതനിവണ്ണം
നമ്മൊടു ചൊൽവതു പണ്ടെൻറാൽ നീ-
യൊൻറൊഴിയാതറിയിക്കിൻറിതു കേ-
ട്ടുരചെയ്താനവനാദരവാലേ. ൧൧

ആദിയിലേ കദ്രുവിനൊടു വിനതയു-
മനുപമകാശ്യപ*പത്നികളായേ-
യാദരവോടൊരുനാൾ മുനിവരനഭി-
മതമായതു ചൊല്ലുക തവയെൻറാൻ
മേദുരരായ് ബലവീൎയ്യാദികളൊടു
മേവിന നാഗസഹസ്രമെനിക്കൊരു
വാധയൊഴിഞ്ഞാത്മജരായുണ്ടാ-
മതിനുരുൾകെൻറാൾ കദ്രുവുമുടനേ. ൧൨

ഉടനേ വിനതയുമവിടെ വരിച്ചാ-
ളുത്തമതേജോവീൎയ്യഗുണാദിക-
ളുടയവ്വുമുണ്ടായ് കദ്രുവിനുടെ സുത-
രാമവരിലുമതി ബലവാന്മാരായ്
പടുതരരായേയിരുവർ സുതന്മാർ
പരിചൊടെനിക്കുണ്ടാകുകയെൻറേ
വടിവൊടു മുട്ടകളെ പ്രസവിച്ചിനി
വരികയിവണ്ണമിതെൻറാൻ മുനിയും. ൧൩

* 'പത്നികളവർകളിൽ' എന്നു പാഠാന്തരം

എൻറാൽ മുട്ടകളെപ്പുനരൊൻറാ-
　　ലടർ വാരാതേ രക്ഷിക്കെൻറ
നൻറായവർകളൊടരുളിച്ചെയ്തു ന-
　　ടന്നാൻ മുനി തപസേ വനഭ്രമെയ്
ഒൻറായിരമണ്ഡങ്ങളെയവിടെയു-
　　ടൻ പ്രസവിച്ചാൾ കദ്രുവു വിനതയു-
മൻറാദരവൊടു രണ്ടണ്ഡങ്ങളെ-
　　യാത്മജരുണ്ടാവാൻ പ്രസവിച്ചാൾ. ൨൬

അവരവരേ പരിചാരികമാർ പുന-
　　രണ്ഡങ്ങളെയവിടേ രക്ഷിച്ചാ-
രവശത കൂടാതേ വരിഷങ്ങളൊ-
　　രഞ്ഞൂറും ചെൻറളവു പിറന്താര
ഭുവനഭയാവഹരാം നാഗങ്ങൾ പൊ-
　　റാമയൊടേ വിനതയുമതു കണ്ടേ
ശിവകരമാംനിജമുട്ടയിലൊൻറു ചി-
　　നം പെരുതായേ കൊട്ടിയുടച്ചാൾ. ൨൭

*ഉടവതുകാലം ബാലദിവാകര-
　　രോടെതിരാമൊളിവോടേയരുണൻ
തുടയൊടു കീഴ്മേവും വടിവിൻറി-
　　ത്തോൻറിയുയർന്നാനംബരമാർഗ്ഗേ
ഉടലിതു മുററുംപെറുംമുന്നേ നീ-
　　യുപരോധം ചെയ്തതിനാൽ കദ്രുവി-
നടിയാളായ്പോകെൻറു ശപിച്ചാ-
　　നരുണൻ വിനതയെയരിശത്തോടേ. ൨൮

ഏവരിലും ബലവാനായുണ്ടാ-
　　മിനിയനുജൻ മമ മുട്ടയിതും നീ-
യേവമുടയ്ക്കാകിൽ തവ ദാസ്യത-
　　യിതുകേൾ നിശ്ചയമവനേ തീർക്കും
തീവിന ചെയ്യാതഞ്ഞൂററാണ്ടൊരു-
　　ധീരതയോടിനിയും നീ മേവുക
പോവതിനദ്ധ്യവസിച്ചേനെൻറു പു-
　　കണ്ണാകാശേ പോയാനരുണൻ. ൨൯

* 'ഉടനതുകാലം' എന്നു പാഠാന്തരം.

അരുണനിവണ്ണം ചൊല്ലി മറഞ്ഞവ-
　　നന്തരമേ കദ്രുവിനൊടു വിനതയു-
മിരുമയകത്തുള്ളതു കളയാ:ത-
　　യേകീഭാവമിയൻറതുകാലം
തുരഗകുലോത്തമനാഴിയെ മുൻപു സു-
　　രാസുരർ കടവതുകാലം തോൻറിയ-
നിരുപമനെപ്പ്രതി തമ്മിൽ വിവാദം
　　നിതരാം ചെയ്താരെൻറാൻ സൂതൻ. ൧൮

സൂതസുതാ! ചൊല്ലെന്തൊരുജാതി സു-
　　രാസുരരാഴി കടഞ്ഞതുമെൻേറ
തീതിയലാമുനി ശൌനകനരുളി-
　　ച്ചെയ്തതുകേട്ടറിയിച്ചാനവനും;
ഭൂതസുരാസുരസേവിതകാഞ്ചന-
　　ഭൂധരമെയ്തി നിരൂപിച്ചാർ പ-
ണ്ടാദിയിലമരവരന്മാരന്തൊരു-
　　പായം കടൽ കടവാനിനിയെൻേറ. ൧൯

കടൽ കടവാൻ വാസുകിയെ മുതിന്നൊരു
　　കയറാക്കുക മന്ദരഗിരിയെയുമുട-
നിട്ടകലയാഴിയിലൌഷധികളെയുമി-
　　ണങ്ങുക ദേവാസുരർതങ്ങളിലേ
വടിവൊടുമിഹ പാലാഴിയെയേവം
　　മഥനംചെയ്താലുണ്ടാമമൃതിതി-
ലിടരൊഴികെൻറു ജഗത്പതി മാധവ-
　　നിന്ദ്രാദികളോടൻറരുൾചെയ്താൻ. ൨൦

അരുളൊടു ചൊന്നതുകേട്ടു നിരന്നാ-
　　രമരകളസുരന്മാരൊടനന്തര-
മൊരുപതിനോരായിരയോജന പുന-
　　രുയരമിയൻറതുപോലേ കീഴും
നിരുപമമാകിയ മന്ദരശൈലം
　　നിശ്ചയമരുതു പറിപ്പാനെൻേറ
പരവശരായേ വന്നു സുരാസുരർ
　　പരമപുമാനോടൻററിയിച്ചാർ. ൨൧

അറിവിയലും നാരായണദേവന-
    നുജ്ഞയിനാലേ ചെൻറവനന്തൻ
കുറവിയലാ മന്ദരശൈലം കൈ-
    ക്കൊണ്ടലയാഴിയിലിട്ടതുകാലം,
തിറമിയലിൻറവരൌഷധികളെയും
    ചെമ്മേയിട്ടഥ വാസുകിതന്നെയു-
മുറവൊട്ടു കയറായ്ക്കൊൾവാനവിടെയു-
    ഴറ്റൊട്ടു ദേവാദികൾ കല്പിച്ചാർ. ൧൨

ആർകലിയോടനുവാദംകൊണ്ടവ-
    നന്തരമാദിമഹാകൂർമ്മത്തൊടു-
മാകമഴിഞ്ഞിമ്മലതാഴ്വാസ്സാ-
    നാധാരം നീയേയാകെന്റേ
വേഗമൊടൻവരചെയ്തു സുരാസുരർ
    വീറൊട്ടുമാഴി കടഞ്ഞതുകാലം
ഭോഗവതാമധിപൻ വാസുകിയുടെ
    പുച്ഛം കൈക്കൊണ്ടാരമരന്മാർ. ൧൩

ആത്തുജയിച്ചു പിടിച്ചാർ വാസുകി-
    യാമവനുടെ തലയൻറസുരകളും
ചീർത്തവിഷജ്വാലാപരവശരായ്
    ചെമ്മേയവരതിനാലിടരുററാർ
ആർത്തികെടും പരിചമരരുടേ മേ-
    ലവിടേ മേഘകുലം വരിഷിച്ചിതു
വാർദ്ധിയിൽനിന്റേ പൊങ്ങിന ഘോഷം
    വന്നിതതീവ ഭയങ്കരമായേ. ൧൪

ഭയമൊട്ടു പരവശരായേയമരർ പ-
    റഞ്ഞാർ വേധാവോടതുകാലം
വയമഹി ദണ്ഡിക്കുന്റേറാരിനിയും
    വന്നിതുമില്ലമൃതെന്തേ ചെയ്യോം?
തുയർ കളവാനൊരുപായവുമെന്തേ?
    ചൊല്ലുകയെൻറതുകേട്ടയനരുളാൽ
നയവിദനാംനാരായണനവർകളെ
    നൻറായ് വെമ്പമുണ്ടാക്കിച്ചെയ്താൻ. ൧൫

വെലമൊട്ടമൻറു സുരാസുരർ കടയെ വി-
രന്തലസിയ വാസുകിതന്നുടെവിഷ-
മലകടൽമീതു പരന്നിതനന്തര-
മതിനാലവരവർ പരവശരായാർ
മലവു വരായ്‌വാൻ മൂവുലകത്തിനു
ഗ്ഗുണഗണനിലയനുമാപതി ശങ്കര-
നലിവൊട്ടമരനാഴികയകമേ വിഷ-
മതിനെ നുകന്നാനച്യുതനരുളാൽ. ൨൯

അച്യുതനമ്മല താങ്ങിയതും പുന-
രളവേ താഴ്ത്തുമരവിനുടേ ബല-
മുച്ചൈരുണ്ടാക്കിയതും ദേവാ-
സുരരാമവരുടെ ബലമായതുവും
നിശ്ചയമവനേ പാലലയാഴിയെ
നിതരാം മഥനംചെയ്‌വതുകാലം
കച്ചിലകുംമുലമാളാം ജ്യേഷ്ഠ ക-
രുത്തൊട്ടമാഴിയിൽ നിൻറുള്ളായാൾ. ൩൦

ഉള്ളായാളഥ വാരുണിദേവിയു-
മുടനേ സകലജഗന്മാതാവും
നളിനായതലോചനശ്രീദേവി ന-
ലങ്കാരം വടിവോട്ടുള്ളായാൾ
ഒളിവിയലും കൌസ്തുഭരത്നം തുര-
ഗോത്തമനുച്ചൈശ്ശ്രവനുഡുപതിയും
കളവാണികളമരാംഗനമാരും
കല്പകവൃക്ഷാദികൾ പലവവിടേ. ൩൧

അവിടേ ധാന്വന്തരിപുരുഷോത്തമ-
നഖിലമഹാരോഗങ്ങളകററി-
ബ്ഭുവനമനത്തിലുമുള്ളവർകളെയും
പൊലിവൊട്ട രക്ഷിപ്പാനുളനായേ
അവശത കൂടാതമൃതാംപൂർണ്ണമ-
ഹാകലശവുമായ് വന്നതുകാലം
വിവശതയോടതിനെക്കൈക്കൊണ്ടു വി-
രന്തോടിപ്പോയാരസുരന്മാർ. ൩൨

സുരരതുകണ്ടതിദുഃഖിതരായേ
ചൊന്നാർ ചെൻറതു നാരായണനൊടു
നിരുപമദിവ്യസ്ത്രീയായവനും
നീതിയിലസുരകളരികു പുകുന്താൻ
പരവശരായവരവളെക്കണ്ടു പ-
റഞ്ഞാരമൃതിതു വന്നു വിളമ്പി-
ത്തരിക നമുക്കുപജീവിപ്പാൻ നീ
സമമായ് വിശ്വാസവുമുണ്ടെൻറാർ. ൩൦

എൻറവരോടു സമൂഹേ വരുവാ-
നിങ്ങൊരുനാണമെനിക്കുണ്ടെൻറാ-
ലിൻറിഹ കണ്ണുമടച്ചേ നിങ്ങളി-
രിക്കിൽ വിളമ്പാമെൻറവളരുളാൽ
അൻറതു ചെയ്തുമിരുന്നാരസുരക-
ളച്ച്യുതനമൃതുമെടുത്തുടനേ പോയ്-
ച്ചെൻറമരന്മാൎക്കതിനെ വിളമ്പെ-
ച്ചെൻറാനവിടേ രാഹു ചതിച്ചേ. ൩൧

ചതിയൊടുമവനമൃതം നുകരിൻറതു
ചന്ദ്രാദിത്യകൾ കണ്ടറിയിച്ചതു
മധുസൂദനനറിവുററവനുടെ തല
വടിവൊടു ചക്രമെറിഞ്ഞു മുറിച്ചാൻ
അതുപൊഴുതമൃതുണ്ടതിനാൽ മരിയാ-
ഞ്ഞവനുടെ തലയുമതിൻ കീഴുടവു-
മിതമൊടു രാഹുവിനൊടു കേതുവുമെ-
ൻറിരുവരുമായേ വന്നിതു മുററം. ൩൨

മുററം *നമ്മെ മുറിപ്പിച്ചവരിവർ
മുഴുമതിയോടാദിത്യനുമെൻറാ-
ത്തുററമിലാതവെറുപ്പൊടു രാഹുവു
മവരെ വിഴുങ്ങിൻറിതുമിടയിടയേ
മററതു †ചക്രമൊഴിപ്പതുമുടനേ
വൻപൊടു ദേവാസുരരമർ ചെയ്താർ
കുററമിലാനച്ചൈശ്ശൂവനശപകു-
ലോത്തമനൻറുളനായവനല്ലോ. ൩൩

* 'തന്നെ' എന്നു പാഠാന്തരം. † 'ശക്രാകൊഴിപ്പതു' എന്നു പാഠാന്തരം.

അവനുടെ നിറമെന്തെൻറാൾ കദ്രുവു-
മവനതിനിർമ്മലനെൻറാൾ വിനതയു-
മവനൊരുമറുവുണ്ടെങ്കിലെനിക്കടി-
യാളാകേണം നീയതുപോലേ
അവനൊരുമറുവില്ലായ്കിൽ നിനക്കടി-
യാളാവേൻ ഞാനെന്റേ കദ്രുവു-
മവളൊടു സമയം ചെയ്തവനെക്കാ-
ണ്മാനിനി നാളെപ്പോകാമെൻറാൾ. ൩൮

ആമളവും വൈകാതുച്ചൈശ്ശ്രവ-
നശ്വത്തിനുടേ *വാൽമയിരായി-
പ്പോയ് മടിയാതഞ്ജനനിറമായേ
പൂകെൻറാളവളഥ സുതരോടേ
തീമ നമുക്കുണ്ടാമല്ലാലിതു-
ചെയ്കിൽ നമുക്കടിയാളാം വിനതാ
കാമമിതെന്റെ കദ്രുവു ചൊൽവതു-
കാലം പുത്രരതിന്നു മടിച്ചാർ. ൩൯

അതിനു ശപിച്ചാൾ കദ്രുവു പുത്രരെ-
യഗ്നിയിൽവീണ്ണു നിങ്ങൾ മരിക്കെ-
ൻറതിനു ഭയത്തൊടു പോയരവങ്ങള-
വണ്ണമമന്നുകാലത്തവിടേ
ചതിയൊടു കദ്രുവു വിനതയുമായേ
സഹസാ ചെൻറശ്വത്തെക്കണ്ടാൾ
ബത! മറുവുണ്ടശ്വമിതിന്നെന്റേ
വിനതാ കദ്രുവിനടിയാളായാൾ. ൩൰

†ആയതുകാലം കദ്രുവു ചൊന്നത-
നത്തും ചെയ്തിടരുററുവസിച്ചേ-
പോയിതു പഞ്ചശതം വരിഷങ്ങൾ പൊ-
റാമയൊടേ വിനതയ്ക്കതുകാലം
നായകനായവിടേ ഗരുഡനെന്നും
നാരായണനണ്ഡംഭേദിച്ചേ
പോയുയവ്തുകാലം പ്രളയാഗ്നിപു-
കുന്തതിതെന്റവരവർ ഖേദിച്ചാർ. ൩൧

* 'വാൽ മയിരിങ്കൽ' എന്നും † 'ആയപ്രകാരം' എന്നും പാഠാന്തരം.

അവരവരമരകൾ ചെൻറു പുകണ്ണാ-
    രത്തുകണ്ടഗ്നിയെയാർത്തി കെടുപ്പാൻ
ജവമിയലും ഗരുഡപ്രഭയിതു ബത!
    ചെമ്മേ ഞാനല്ലെൻറാനവനും
ഭുവനമനോഹരനായവിഹംഗമ-
    പുങ്ഗവനെച്ചെൻറുടനമരന്മാർ
തവമിയലും മുനിമാരൊടുകൂടെ-
    ത്താണ്ണടിതൊഴുതെഴനിൻറു പുകണ്ണാർ. ൩൮

ആർത്തി കെടുത്തു ഭരിപ്പാനെങ്ങൾ-
    ക്കാശ്രയമാകേണം നീ പക്ഷികു-
ലോത്തമ! ചന്ദ്രാദിത്യന്മാർ പുരു-
    ഷോത്തമനിവരാദികളഖിലം നീ,
മാത്രയിൽ മൂവുലകം തീനിറമായ്-
    വന്നിതു തവ ദേഹപ്രഭയാലേ-
യോർത്തിതു നീ നിജതേജോരാശിയെ-
    യൊട്ടു കുറയ്ക്കെൻറാരമരന്മാർ. ൩൯

അമരകൾ ചൊന്നതുകേട്ടേ ഗരുഡനു-
    മനുപമതേജോരാശി ചുരുക്കി-
ശ്ശ്രമമൊടു മാതാ മേവുമിടത്തിനു
    ചെൻറവളെക്കണ്ടവിടെ വസിച്ചാൻ;
മമ ഭവനേ നീയെന്നെയെടുത്തിനി
    മടിയാതേ വിനതേ! നടകൊണ്ടാ-
ലമയുമിതെൻറാൾ കദ്രു വിനതയൊ-
    ടൻറതുമാമെൻറാൾ പുനരവളും. ൪൦

അവളഥ കദ്രുവുതന്നെ വഹിച്ചവ-
    നന്തരമാത്മജനോടറിയിച്ചാ-
ളിവിടെ മഹാനാഗങ്ങളെ നീയുമെ-
    ടുത്തു നടന്നേ പുത്രാ! എൻേറ
ശിവകരമാകിയ മാതൃനിയോഗം
    ചെയ്യതിലയ്യുരുതെൻേറ ഗരുഡനു-
മവർകളെയൊക്കെ വഹിച്ചു പറന്നാ-
    നാദിത്യനെയഭിമുഖനായൻേറ. ൪൧

അൻറു ദിവാകരരശ്മികളേററു മ-
ഹാനാഗങ്ങൾ തളൎന്നൊഴിപ്പാ-
നൊൻറിയമാനസയായ കദ്രുവു-
മുമ്പർപുരാനെയതീവ പുകണ്ണാൾ;
എൻറതിനാൽ വരഷിച്ചതുകാരണ-
മിടർപോയ് വിരവൊടു രമണകമെന്നും
നൻറി മികും ദ്വീപെയ്തി വസിച്ചാർ
നാഗവരന്മാർ മാതാവോടും. ൪൨

ഉമ്പർപുരിക്കെതിരാം ദ്വീപങ്ങളി-
ലൊക്കെ നടന്നു കളിപ്പാനെങ്ങളെ
വൻപൊടെടുത്തു പറക്കേണം നീ
വൈകാതെൻറേ കദ്രുസുതന്മാർ
പിൻപുരചെയ്തതുകേട്ടു ഗരുഡൻ
പീഡിതനായ് മാതാവൊടു ചൊന്നാൻ
തുമ്പമിയൻറന്തമ്മേ! നാമിവർ-
ചൊന്നതുചെയ്വാൻ കാരണമെൻറേ? ൪൩

എൻറവനോടറിയിച്ചാൾ മാതാ-
യെങ്കിലലടോ മകനേ! കേൾ നീയിതു
നൻറി വരാതടിയാളായ്ക്കൊണ്ടാൾ
നമ്മെയതീവ ചതിച്ചെൻറല്ലാം
ഒൻറാഴിയാതെ നിനച്ചു വിഷാദി-
ച്ചുരചെയ്തതുകേട്ടു ശ്രീഗരുഡൻ
ചെൻറഥ നാഗങ്ങൾക്കു പറഞ്ഞാൻ
ചെയ്യേണ്ടുവതെന്തടിമയൊഴിപ്പാൻ? ൪൪

അടിമയൊഴിപ്പാനെന്തേ ചെയ്താ-
ലാമിനിയെൻറതുകേട്ടവർ ചൊന്നാ-
രുടമയിലമൃതിനെയിവിടെ വരുത്തുകി-
ലൊഴിയാം ദാസ്യമിതുഴറുകയെൻറേ
പടുതരനാം വിനതാസുതനേറിയ
പൈദാഹാദികൾ തീൎത്തിതുചെയ്വാൻ
കടുകൊരുപായമെനിക്കെന്തെൻറാൻ
കാർകുഴലാം വിനതയൊടതുകാലം. ൪൫

അതുകാലത്തു നിഷാദന്മാർ പല-
*രണ്ണവതീരമമർന്നുളരവർകളെ-
യധുനാ നീ ഭക്ഷിക്കവരിലുമുള-
രന്തണരെങ്കിൽ വിഴുങ്ങായ്കെന്റേ
ഇതമൊടു മാതാ ചൊന്നതുകേട്ടവ-
നെന്തടയാളം ബ്രാഹ്മണനെന്റാൽ
ബത! കണ്ഠം തവ വേമന്തണനെ വി-
ഴുങ്ങുകിലെന്റാളവനൊടു വിനതാ. ൪൩

വിനതയുമാശ്ലേഷിച്ചാത്മജനു വി-
രന്താശീർവ്വാദങ്ങൾ മൊഴിന്തേ
മനസി നിനച്ചതു സാധിച്ചിവിടേ
വരുഭവായാകെന്റേകിയിരുന്നാൾ
അനുപമനാകിയ ഗരുഡനുടൻ ഭപാ-
യരിയനിഷാദാലയമതിളക്കി-
പ്പുനരചലങ്ങളെയൊൻറുകുലുക്കി-
†പ്പൊടിയപ്പിച്ചവർകളെയിടർചെയ്താൻ. ൪൪

ഇടരൊടുമാകാശോപമമാകിയി-
ടംതടവീട്ടമവൻവായതിലേ
കടുകനിഷാദന്മാരവരവരേ
കാതരരായ് പൂകിന്റതുകാലം
ദ്ദൃഢമിവർകളിലൊരു വിപ്രനുളൻ ബത!
നിശ്ചയമല്ലാലേവം ചുട്ടമോ
വടിവിയലും മമ കണ്ഠമിതെന്റേ
മാതൃനിയോഗമവൻ ചിന്തിച്ചാൻ. ൪൫

ആനതുകാലം പോക പുറത്തെ-
ന്റന്തണനോടറിയിച്ചാൻ ഗരുഡൻ;
‡മാനിതയായ നിഷാദിയുമായേ
മമ പോകാവിതുമെന്റാനവനും;
ദീനത കൂടാതേ വിപ്രേന്ദ്രാ!
നീയവളോടും പോക പുറത്തു മ-
മാനനമിതിന്നുടേ ജഠരാഗ്നിയി-
നാൽ വേമല്ലാലെന്റാൻ ഗരുഡൻ. ൪൬

* 'അണ്ണവതീരം' എന്നും, † 'പേടിപ്പിച്ചവർകളെ' എന്നും, ‡ 'മാനിയായ' എന്നും പാഠാന്തരം.

ഗരുഡന്നാശീർവ്വാദംചെയ്തേ
ഗതനായാൻ ഭാൎയ്യയുമായന്തണൻ.
നരുണനനേരിളയോനാം പക്ഷികു-
ലാധിപനഥ കാശ്യപനെക്കണ്ടേ
വിരവൊടു കാൎയ്യമനത്തും ചൊല്ലി വി-
ഷാദിച്ചറിയിച്ചാൻ മമ താതാ!
തരികാഹാരം ചെമ്മേ മമ പൈ-
ദാഹാദികളും പോയില്ലറികെൻറ. ൧൦

എൻറവനോടറിയിച്ചാൻ കാശ്യപ-
നിതുകേൾ പണ്ടു വിഭാവസുവാകിയ
നൻറി മികും മുനിയോടവനിളയോ-
നായ മഹാമുനി മത്സരമോടേ
ഇൻറു പകുത്തരുളെൻക്രുറെൻറാ-
നിതു തവ നൻറല്ലെൻറു മുനീന്ദ്രേ-
യൻറു ശപിച്ചാനരിയവിഭാവസു-
വനുജനെ നീ ഗജമായ് പോകെൻറ. ൧൧

എൻറതു കേട്ടു ശപിച്ചാനനുജനു-
മിനി നീയാമയുടേ വടിവാകെ-
ൻറൻറു വിഭാവസുവിനെയവരിരുവരു-
മറിക സരസ്സതിലുളരിതുകാലം
ചെൻറവരിരുവരെയും കൈക്കൊണ്ടു ജി-
തശ്രമനായ് വച്ചങ്ങൊരുദേശേ
തിൻറുടനേ പോയമൃതുംകൊണ്ടിഹ
ചെമ്മേ വരികെൻറാൻ മുനിതിലകൻ. ൧൨

അൻപൊടു യോജനമൂൻറുയരം ചേ-
ൎന്നേയിരുയോജന വട്ടമിയൻറ
വൻപിലകും കൂൎമ്മത്തെയുമൊരുനഖ-
മതിനാലേ കൈക്കൊണ്ടതുകാലം
പിൻപു വളൎന്നഥ മൂവിരുയോജന
പെത്തിട നീളമിരട്ടിയുമായേ
*തുമ്പമകൻറ ഗജത്തെയുമേത്തും
തുലയാതേ ശ്രീഗരുഡനെടുത്താൻ. ൧൩

* 'തുമ്പമിയൻറ' പാഠഭേദം.

ഏട്ടുത്തും പറന്നവനങ്ങൊരുദിക്കി-
ലിതംകലരും വൃക്ഷാവലിനില്ക്കു-
മിടത്തിനു ചെൻറീരൊൻപതുയോജന-
യിടമിയലും വടശാഖാമെയ്യേ
അടക്കംതിന്നാമെൻറവനാനയു-
മാമയുമായതിനുടെമീതേറെ
നടുക്കമെഴുംപടി കൊമ്പതടന്നു
നാഗാന്തകനും കണ്ടഴിവുററാൻ. ൧൪

അഴിനിലയീൻറി മരീചിപതാപസ-
രറുപതിനായിരമക്കൊമ്പിന്മേൽ
പിഴയിയലാതെ തപംചെയ്യിരുൻറാർ
പീഡയവൎക്കുണ്ടാമതുവീണാൽ
വഴിയുമതല്ലെൻറതിനെക്കൊത്തി മ-
ഹാബലനാകിയ ഗരുഡനുയന്നൊരു
കഴിവിതിനെന്തെൻറോൎത്തു പറന്നേ
കാശ്യപനുള്ളേടത്തിനു ചെൻറാൻ. ൧൫

ചെൻറതുകാലം കാശ്യപനാം മുനി-
തിലകൻ വിനതാസുതനേക്കണ്ടെ-
യൻറവനുടെ സങ്കടവുമവൻനിന-
വാമതുമഖിലവുമുള്ളിലറിഞ്ഞേ
അൻെറാരുസങ്കടമുണ്ടാകായ്കെ-
ൻറിതമൊടറിഞ്ഞു മരീചിപതാപസ-
രെൻറവർതമ്മെയിറക്കിക്കൊണ്ടാ-
നേറിയ പുത്രസ്നേഹത്താലേ. ൧൬

ഏതൊരുമാനുഷജാതികളാദിക-
ളേവരുമീൻറിയിരിപ്പൊരുദേശം
താത! വിരന്തെന്നോടരുളിച്ചെ-
യ്തരുളുക കൊമ്പിതിനെക്കളവാനേ
വാധ വരായ്വാനെന്നേറ ഗരുഡൻ
വായിൽക്കൊമ്പതിരിക്കെച്ചൊന്നേ
തീതിയലാതേ ചോദ്യംചെയ്യെ-
ച്ചിന്തിച്ചരുളിച്ചെയ്താൻ മുനിവൻ. ൧൭

മുനിവരരാദികളേവരുമീൻറി മു-
തിന്നൊരുന്തൂറായിരയോജനവഴി
തന്നിയേ ചെൻറാലുണ്ടൊരുശൈലം
തത്ര സുതാ! കളയാം കൊമ്പെൻേറ
മുനിയരുൾചെയ്യതു കേട്ടതുചെയ്തു മു-
ഹൂൎത്തംകൊണ്ടാഹാരമിയററി-
പ്പുനരമൃതം കൈക്കൊൾവാനമരപു-
രം പൂവാൻ ഗരുഡൻ ചിന്തിച്ചാൻ. ൫൮

ആനതുകാലത്തിന്ദ്രാദികൾ പാ-
ടരിയനിമിത്തപ്പിഴയുളവായേ
മാനസതാപമിയൻറതറിഞ്ഞു മ-
ഹേന്ദ്രൻ ഗുരുവൊടു ചോദ്യംചെയ്താൻ
ദീനതയേറെവരും പരിചെന്തു നി-
മിത്തപ്പിഴയിതു ശത്രുക്കളെ ബത!
ഞാനറിയേനിതെൻറന്നമഹാമുനി
നയമോടുണ്മയറിഞ്ഞുരചെയ്താൻ. ൫൯

അറിക മഹേന്ദ്രാ! നിൻപിഴകാരണ-
മനുപമരായ മരീചിപ്രതാപസർ
കുറവിയലാതേ ചെയ്ത തപസ്സുകൾ-
കൊണ്ടുളനാകിയ കാശ്യപപുത്രൻ
തിറമിയലും വിനതാസുതനാകിയ
ശ്രീഗരുഡൻ ബലവീൎയ്യാദികൾ പുന-
രവതിയിലാതളമുള്ളവനിഹ വരു-
മമൃതുംകൊണ്ടേ പോവാനിപ്പോൾ. ൬൦

ഇപ്പൊഴമരകളുത്സാഹം ചെ-
യ്യേവരുമവനൊടു തോല്ക്കായ്വാനെ-
ൻറപ്പോൾ മുനി ചൊന്നതുകേട്ടിന്ദ്രനു-
മമൃതം കാപ്പവരോടരുൾചെയ്താൻ
കെല്പേറും വിനതാസുതനാലൊരു
കേടുവരാതേ രക്ഷിക്കമൃതിനെ
മുല്പാടെതിർപൊരുവാനവരവരേ
മുതുകിയടുക്കമരന്മാരെൻേറ. ൬൧

എൻറതു സൂതൻ ചൊന്നതു കേട്ട മു-
നീന്ദ്രൻ ശൌനകനും ചോദിച്ചാ-
നൻറമരേശ്വരനെന്തു പിഴച്ചത-
തെൻറി മരീചിപ്രതാപസർ തപസാ
വെൻറി മികും വിനതാസുതനുളനായ്
ബലവാനായ പ്രകാരവുമറിവേ-
നെൻറിവയെല്ലാമറിയിക്കിൻറള-
വിതു കേൾക്കെൻററിയിച്ചാൻ സൂതൻ. ൫൨

താനൊരുയാഗം ചെയ്യാൻ കാശ്യപ-
താപസനൻറമരന്മാരാദിക-
ളാനവരതിനു തുണച്ചാരഥ സമി-
ധാഹരണായ നടന്ന മഹേന്ദ്രൻ
ദീനത കൂടാതതുമാസ്സുരുവതു-
നേരം വഴിയിൽ മരീചിപ്രതാപസ-
രാനവരംഗുഷ്ഠോപമദേഹ-
ന്മാരിടരോട്ടുഴറിൻറതു കണ്ടാൻ. ൫൩

കണ്ടാനൊരു ചമതക്കോലവർ പലർ
കരുതിയെടുത്തു വരിൻറളവിടയേ-
യുണ്ടാകിയ ഗോഷ്പദജലമതിൽ വീ-
ണ്ണുഴൽവതുമതികൃശരായതിനാലേ
ഉണ്ടാമൊരുസങ്കടമിതിനാലെ-
ൻറാരാതവർകളെ മീതുകടന്നേ
കണ്ടാദരവൊടതീവ ചിരിച്ചു പ-
റഞ്ഞേ പോയാൻ പുനരമരേശൻ ൫൪

അൻപൊടു വേറായിന്ദ്രൻ നമ്മെയ-
തീവ ദൂഷിച്ചു കടന്നേപോയാൻ
പിൻപതറിഞ്ഞ മരീചിപ്രതാപസ-
രിന്ദ്രവിനാശമിയററുവതിന്നായ്
പിൻപു മഹാകർമ്മം ചെയ്തളവതി-
ഭീതനുമായിന്ദ്രൻ കാശ്യപനൊടു
തുമ്പമിയൻററിയിച്ചതിനവനും
ചൊന്നാൻ മുനിവരർതമ്മെ വിളിച്ചേ. ൫൫

ഏറ്റ താരുജാതിയുമിവനെയിഴക്കിയൊ-
രിന്ദ്രനെയുണ്ടാക്കാമെൻറാത്തു
നീതിയതെങ്കിലുമരുതിതു ചെയ്യതു
നിങ്ങാം നിനച്ചതു നിഷ്ഫലമാകാ
തീതിയല്ലാതെ പക്ഷികുലത്തിനു
ചെമ്മേ പുനരിന്ദ്രൻ താനായേ
വാധയിലാനിങ്ങളുടേതപസാ
വന്നുളനാം ഗുണവാനാമൊരുവൻ. ൩൩

വൻപൊടവൻ പുനരിന്ദ്രനു സമനായ്
വരികെൻറവരൊടു ചൊന്ന മഹാമുനി
പിൻപമരേന്ദ്രനെ നോക്കിയിവണ്ണം
പിഴ ചെയ്യല്ലാ നീയിനിയെൻറാൻ
എൻപതിനായമരേന്ദ്രനു സമനാ-
യിത്തമൊട്ടു വിനതാനന്ദനനായേ
തുമ്പമൊഴിഞ്ഞുളനായാൻ ഗരുഡൻ
ചൊല്ലാമിനിയവനുടെ വൃത്താന്തം. ൩൪

അന്തകതുല്യപരാക്രമനാം പത-
ഗാധിപനമരപുരം പുക്കളവേ-
യന്തമില്ലാതള വേൽ,വാൾ,കുന്ത,ശ-
രാദികൾ വിട്ടാരമരവരന്മേൽ
എൻറിവയെൻറവ കൊണ്ടതിനേതുമൊ-
രിണ്ടലൊഴിഞ്ഞു വിഹംഗമപുങ്ഗവ-
നന്തരമെൻറിയുടൻ പൊടി വരിഷി-
ച്ചമരന്മാർക്കിടർ ചെയ്താനേറം. ൩൫

താനതുകണ്ടു മഹേന്ദ്രനമൻറു സ-
മാഗതിയോടു വിളിച്ചരുൾചെയ്താൻ
ദീനത കൂടാതേ പൊടിവരിഷം
നീയേ പോക്കുക വേഗമൊടെൻേറ
ആനവനും പൊടി പോക്കിയനേരമ-
നേകദിവാകരരൊൻറിയുദിച്ചേ
വാനിലുയന്നതുപോൽ വിനതാസുത-
വടിവമരകുലവരവരേ കണ്ടാർ. ൩൬

അവരവർ ശൂലഗദാപരിഘാദിക-
ളണ്ഡജകുലപതിതന്മേൽ വിട്ടാ-
രവ പുനരാദരിയാതേ പക്ഷന-
ഖാദികൾകൊണ്ടവനവരെ മുറിച്ചാൻ
അവശതയോടോരോദിശി പോയ് വീ-
ണ്ണമരന്മാർ മോഹം പ്രാപിച്ചാർ
ജവമൊടുമമൃതം കാപ്പവരോടു ജ-
യിച്ചതിനരികു പുകുന്താൻ ഗരുഡൻ. ൧൩

താനവിടെക്കണ്ടാൻ ഗരുഡൻ പരി-
താപമെഴുംപരിചഗ്നിയെരിഞ്ഞേ
മാനിതമാമമൃതത്തിനു ചുററും
മററൊരുവൻ ചെല്ലായ്യാനായേ
ഊനമൊഴിഞ്ഞമരിൻറവനന്തര-
മൊരുന്തുറായിരമാനനമാക്കി-
ത്താനഥ നദികളെ വായിൽക്കൊണ്ടേ
തത്ര പുകുന്താൻ പക്ഷികുലേശൻ. ൧൪

കുലവിയലാതേ തീയെയടക്കി-
ക്കൊണ്ടു പുകുന്തതുകാലത്തന്ത്രം
പലവൊടുമമൃതം പാലിച്ചുഴലും
ഭയകരചക്രം കണ്ടേ ഗരുഡൻ
ബലമൊടുമതികൃശനായതിനകമേ
മേവിയപോതമൃതിന്നരികേ വിഷ-
ബലമൊടു രണ്ടുരവങ്ങൾ വസിപ്പതു
വിനതാസുതനരിശത്തൊടു കണ്ടാൻ. ൧൫

അരിശമിയൻറവർ നോക്കുകിൽ വെണ്ണീ-
റായ്പോമമൃതമെടുപ്പാൻ ചെൽവവർ
പരിചൊടുമഥ നയനങ്ങളടച്ചാൻ
പതഗാധിപനഥ പൊടി വരിഷിച്ചേ
വിരവൊടു ന്ത്രമതും ഭേദിച്ചേ
വീറൊടുമമൃതമെടുത്തു നടക്കുന്ന
വരഗുണനാം ഗരുഡൻ പോരിൻറതു
വഴിമേൽ നാരായണനും കണ്ടാൻ. ൧൬

കണ്ടവനും ഗുണവാനിവനെന്റേ
        കരുതിയിണങ്ങിയണഞ്ഞു പറഞ്ഞാ-
നണ്ഡജകുലവരനേ! ചൊൽ വേണ്ടുവ-
        തഖിലം തവ തരുവൻ ഞാനെന്റേ
ഇണ്ടൽ വരിന്റെ ജരാമരണാദിക-
        ളില്ലാശ്ശരിക മൃതം നുകരാതേ
പുണ്ഡരികേക്ഷണനേ! എൻറന്റെ പു-
        കണ്ണാനരുണാനുജനതിധീരൻ. ൧൪

അൻപൊടിവണ്ണമിതാകെൻറരുൾ ചെ-
        യ്തച്യുതനൊട്ടു ചോദിച്ചാൻ ഗരുഡൻ
തുമ്പമൊഴിഞ്ഞിനി ഞാൻ വേണ്ടിന്റതു
        ചൊൽകെൻറളവു ജഗൽപതി ചൊന്നാൻ
വൻപില്ലകും മമ വാഹനവും കേൾ
        വടിവിയലും കൊടിമേൽ മരുവിന്റതു-
മെൻപതു രണ്ടും നീയാകെൻറാ-
        നിതുചെയ്യാമെൻറാൻ പുനരവനും. ൧൫

അവനുടെമേലമരേന്ദ്രൻ വന്നുട-
        നരിശത്തോടും *വജ്രം വിട്ടാ-
നവനതിനാലൊരു സങ്കടമിൻറിയ-
        ണഞ്ഞമരേന്ദ്രനെ നോക്കിച്ചൊന്നാൻ
†ശിവകരനായ ദധീശൻ തപവും
        ചെമ്മേ തവ ബലവും പഴുതാകരു-
തവശതയില്ലയെനിക്കൊരു തൂവല-
        തിന്നീത തന്നേൻ ഞാനെൻറിട്ടാൻ. ൧൬

ഇട്ടതു കണ്ടതിവിസ്മയമോടമ-
        രേന്ദ്രനുമവനൊടണഞ്ഞു പറഞ്ഞാ-
നൊട്ടുംവൈകാതേ നമ്മളിലിനി-
        യുടനിഹ സഖ്യംചെയ്ക നിനന്തേൻ
കഷ്ടത കൂടാതേ തവ ബലവും
        കാണറികയിലുണ്ടാഗ്രഹമെൻറിതു
ശിഷ്ടവരൻ ഗരുഡൻ കേട്ടാമിതു
        ചെമ്മേയെൻറഥ സഖ്യം ചെയ്താൻ. ൧൭

* '.വജ്രമറിഞ്ഞാൻ' എന്നും, † 'ശിവകരനായ ദധീചൻ' എന്നും പാഠഭേദം

ആനതുകാലം ചൊന്നാൻ ഗരുഡനു-
　　മമരേശാ! കേളാത്മബലം തവ
താനുരചെയ്യതു പററാ നില്ക്കുതു
　　*സംക്ഷേപിച്ചുരചെയ്യാമിപ്പോൾ,
മാനിതമായ കുലാചലമേഴും
　　മറികടലേഴുമുടൻ ദ്വീപങ്ങളു
മാനവനത്തും മമ ച്ഛിറകൊൻറാ-
　　ലാകുലമീൻറിയെടുത്തുപറപ്പൻ. ൧൮

ഉത്തമനാകിയ നീ മമ ശക്തിയെ-
　　യുടനിതുകൊണ്ടറിവോയാകെൻറാൻ
തത്ര ഗരുത്മാൻ ചൊന്നതുകേട്ടു ശ-
　　തക്രതുവനുനയമോടു പറഞ്ഞാൻ
അത്തൽ വരാത നിനക്കമൃതെന്തിനി-
　　തഴിയാതിങ്ങു നമുക്കേ നൽകുക
ഭക്തിയോടേ ജനനിക്കേ ദാസ്യത
　　പരിചൊടുമിതിനാൽ മീണ്ടാലമയും. ൧൯

അമയുമിതെന്തു തരേണ്ടിൻദതു വര-
　　മതു ചൊൽകെൻറു ശതക്രതു ചൊന്നള-
വമിതപരാക്രമനാം വിനതാസുത-
　　നകമേ ചിന്തിച്ചവനൊടു ചൊന്നാൻ,
ക്ഷമയിയലാ നാഗങ്ങളനത്തും
　　കേൾ മമ ഭക്ഷ്യവുമായ്യുരുവാനരു-
ളമരകുലാധിപനേ! എൻെറളവത-
　　വണ്ണം വരികെൻറാൻ പുനരിന്ദ്രൻ. ൨൦

പുനരന്തർഗതനാമിന്ദ്രനുമായേ
　　പോയ് നാഗാലയമെയ്തിയ താർക്ഷ്യൻ
വിനതയുടേ ദാസ്യം വിടുകമൃതിതു
　　വിബുധരെ വെൻേറ കൊണ്ടിഹ വന്നേൻ
ഇനിയിതൊഴിഞ്ഞില്ലല്ലീ വേണ്ടുമ-
　　തെൻറതു കേട്ട മഹാനാഗങ്ങളു-
മിനി മതി ദാസ്യം വിട്ടിതിദാനീ-
　　മെൻറതിസന്തോഷിച്ചുരചെയ്താർ. ൨൧

---

* 'സംക്ഷേപിച്ചറിയിക്കാമിപ്പോൾ' എന്നു പാഠാന്തരം.

സന്തോഷത്തൊടു ദർഭാസ്തീർണ്ണധ-
രാതലഗതസോമം നുകർവാനാ-
*യെന്തേ കുറവുതിനെൻറു കുളിച്ചവ-
രിതമൊടനുഷ്ഠാനങ്ങൾ മുടിച്ചേ
വന്തിടിൻറതുകാലത്തിന്ദ്രൻ
വൈകാതമൃതതുകൊണ്ടേപോയാ-
നെന്തേ ചെയ്യോമെൻറതിരുന്നവി-
ടം നക്കിനരരവങ്ങളുമുടനേ. വൃ൨

ഉടനേ ദർഭകൾതട്ടി മുറിഞ്ഞവ-
രുടെ നാവൊൻറഥ രണ്ടായ്യന്നിതു
പടുതരനാകിയ ഗരുഡൻ ദാസ്യം
പരിചൊടു മീണ്ടു സുഖേന വസിച്ചാൻ
ഉടനിവ ചൊൽവവർതാമും പതഗകു-
ലോത്തമനരുളാൽ വാനുലകം പോ-
യടവേ മഹാസുഖമായിതിനേതുമൊ-
രന്തരമില്ലറികെൻറാൻ സൂതൻ. വൃ൩

സൂതനൊടവിടേ ശൌനകനാംമുനി
ചോദ്യംചെയ്താൻ വിനതാസുതനായ്
തീതിയലാതുളനായരുണൻതാൻ
ചെമ്മേ ദിനകരസൂതനുമായാൻ
നീതിയിനാലിവ ചെയ്താൻ ഗരുഡൻ
നീയറികെൻററിയിച്ചിതു കദ്രുവി-
നാദിയിലുളരാകിയ സുതരുടെ പേ-
രറികയിലാഗ്രഹമുണ്ടിനിയെൻേറ. വൃ൪

എൻറതു കേട്ടറിയിച്ചാൻ സൂതനു-
മിതുപണി! പല നൂറായിരമുണ്ടവ-
രെൻറതിനാലതിൽ മുഖ്യരുടേ പേ-
രിത ചൊല്ലിൻേറൻ മുനികുലതിലകാ!
നൻറി മികുത്തുളനായവനന്തൻ
നാഗമഹാരാജൻ വാസുകിയും
വെൻറി മികുത്തൈരാവതതക്ഷക-
വീരരു കാളിയകാർക്കോടകനും. വൃ൫

* 'എന്തോരായ്തിനിയെന്തു' എന്നു പാഠാന്തരം

UNIVERSITY LIBRARY MADRAS 14 AUG 1931

കരുതുക മണിനാഗം വാമനനും
കനമെഴമേലാപത്രധനഞ്ജയ-
നിരുപമനീലാനീലന്മാരും
നീതി മികുത്താര്യ്യസമാദ്രതനും
വരഗുണരാം കന്മാഷകശബലൌ
ബാഹ്യശ്രുവണൻ നഹുഷൻ പിംഗല-
നരുതരനേ സുമനോദധിമുഖരുമു-
ദാരൻ ശിഖിശംഖമഹാപാലൻ. ൯൦

വൻപിലകീടിന ഹേമഗുഹൻ പുന-
രനുപമമുൽഗര*പിണ്ഡഗനാഗം
വൻപിലകും കുമുദൻ കുമുദാക്ഷൻ
വടിവിലിയന്റ മഹാഗജപാദൻ
തുമ്പമിലാൻ സംവത്തൻ വൃത്തൻ
തുലവിയലാൻ പത്മൻ ശംഖണനും
പിൻപജഗേശപരപാണ്ഡരപുഷ്കര-
ഭീഷണകൌരവ്യൻ ധൃതരാഷ്ട്രൻ. ൯൧

ധൃതിമാൻ ശമ്യകനും പുഷ്കരനും
ശ്രീവഹമൂഷികഭക്ഷന്മാരും
മതിമാനായ സുബാഹുവു പുഷ്പമ-
ഹാദംഷ്ട്രനമഥ ശംഖശിരസ്സും
വ്രതവാനായ ഹരിദ്രകമുഖരവി-
ഷായുധകുഞ്ജരപീഠതരന്മാ-
രതിവീരൻ ഗജഭദ്രൻ കോണമ-
ഹാനാസികനഥ കുണ്ഡോദരനും. ൯൨

അരിയ മഹോദരനോട്ടു പ്രഭാകര-
നാകിയ നാഗവുമെന്റിവരാദികൾ
നിരുപമരുളർ പലരവരുടെ സുതരും
നീതിയിൽ മററവരുടെ സന്തതിയും
കരുതുകിലെണ്ണില്ലാതളമുളരതു-
കാരണമവർപേരും ചൊല്ലാഞ്ഞതു-
മൊരുഫലമെന്തതു ചൊന്നാൽ വേണ്ടുമ-
തുരചെയ്യേനിതു മുനികുലതിലകാ! ൯൩

* 'പിണ്ഡരനാഗം' എന്നു പാഠാന്തരം.

മുനികുലതിലകൻ സൂതനൊടന്റു മൊ-
ഴിന്താൻ നീ ചൊല്ലെന്തേ ചെയ്തതു-
മനുപമരാകിയ നാഗവരന്മാ-
രനുപമശാപമിയന്റളവന്റേ
പുനരറിയിച്ചാൻ സൂതനുമന്റു പൊ-
റാമയൊടേ കദ്രുവിനെയുപേക്ഷി-
ച്ചനുപമനായവനനന്തൻ പുണ്യമ-
ഹാസ്ഥാനേഷു തപസ്സുകൾ ചെയ്താൻ. ൯൦

താനവിടെച്ചതുരാനനനെയ്തി-
സ്സന്തോഷിച്ചവനോടരുൾചെയ്താൻ
മാനസഗതമായതു നീ ചൊല്ലുക
വൈകാതേ തരുവൻ വരമിതു കേൾ
ദീനതയുണ്ടു ജഗത്ത്രിതയത്തിനു
നീ തവമോടുമിവണ്ണം നിൻറാൽ
മാനിതനേ! നീയെന്നു മകിഴ്ന്തടി-
മ൫ർ തൊഴുതയനൊടനന്തൻ ചൊന്നാൻ. ൯൧

അന്തരമില്ലാതള ദുഷ്ടതയു-
ണ്ടറികനുജന്മാരാംനാഗങ്ങൾ-
ക്കന്ധതയായ് മത്സരവും തങ്ങളി-
ലതിശയമായുണ്ടെൻറിതൊഴിച്ചേ
മന്ദതയായ് മാതാ വിനതയെയും
വൻപൊടുമവൾമകനാം ഗരുഡനെയും
നന്ദയുമുണ്ടവർകൾക്കവരോടു നി-
രന്നൊരുമിച്ചിനി വാഴേനെൻറും. ൯൨

എൻറാലേ വന്നിൻറു തപസ്സോടു-
മിവിടേ ദേഹത്യാഗംചെയ്യാ-
മെൻറാദരവൊടുമുള്ളിൽ നിനച്ചേ-
നെൻറതു കേട്ടയനരുളിച്ചെയ്താൻ,
ഇൻറനുജന്മാരുടെ വൃത്താന്തവു-
മെയ്തിയ ശാപവുമിങ്ങറിവുറേറൻ
നൻറി വരുംപരിചതിനൊരുപായം
ഞാനകമേ ചിന്തിച്ചു ധരിച്ചേൻ. ൯൩

ചിന്തിച്ചതു ചൊൽകെൻറുമധമ്മേ
 ചെല്ലാ തവമതിയെൻറാൻ കമലജ-
നന്ധത്വം കൂടാതേവം വരു-
 മതിനരുൾകെൻറാനയനൊടനന്തൻ
ബന്ധുത്വേന ധരാതലമഖിലം
 വീറൊട്ട നീയേ താങ്ങുക ഞാനതി-
സന്തോഷിപ്പൻ കേളതിനാലേ
 തവ സുഖമാകെൻറാൻ ചതുരാസ്യൻ. ൯൪

അൻപൊട്ട വിനതാസുതനും നിങ്ങളി-
 ലതിശയമായ് വാന്ധവമുണ്ടായ്വരി-
കെൻപ്രിയമിതു ചെയ്വാൻ പാതാളമി-
 തെയ്തുക ഭൂവിവരത്തൂടേ പോയ്
സമ്പ്രതി ധമ്മസ്ഥിതി പിഴയാതേ
 സകലഗുണങ്ങളുമുണ്ടാകെൻറാ-
നംബുജസംഭവനൻറതു കേട്ടവ-
 നന്തനുമാദരവോടതു ചെയ്താൻ. ൯൫

താനഥ കദ്രു ശപിച്ചതറിഞ്ഞതി-
 സങ്കടമോടതുകാലം വാസുകി
മാനിതരായ മഹാനാഗങ്ങളെ
 വൈകാതണയെ വിളിച്ചു പറഞ്ഞാൻ
ദീനതയേറെ വരാത ശാപം
 നീക്കുവതിന്നൊരുപായം ചിന്തി-
ച്ചൂനമൊഴിഞ്ഞിനി നാമെല്ലാരുമ-
 ടൻ പെട്ടേ കല്പിപ്പതു യോഗ്യം. ൯൬

അംബുജസംഭവനും തീപ്പാനരു-
 തമ്മയുടെ ശാപത്തെ നിനച്ചാൽ
വൻപൊട്ടമൻറുണ്ടാം ശാപത്തിനു
 വരുമൊരു മോക്ഷവുമുതസാഹത്താൽ
സമ്പ്രതി ദൈവവിരോധമിതെൻറാൽ
 താമസിയാതേ കാൎയ്യവിചാരം
തുമ്പമൊഴിഞ്ഞിനി നാം ചെയ്കമേ
 തോൻറുനല്ലതുമോത്താലൻേറ. ൯൭

എൻറതുകേട്ടു പറഞ്ഞാർ ചില നാ-
ഗേശപരരാമവർ ജനമേജയനൊടു
ചെൻറിതു നാമന്തണരായ് മഖമിതു
ചെയ്യായ്കെൻറു വരിപ്പോമെൻറേ
അൻറപരന്മാർ ചൊന്നാരരചന-
മാത്ര്യന്മാരായേ നാം പുക്കിനി-
യെൻറും പന്നഗസത്രം ചെയ്യരു-
തെൻറവനൊടു ബോധിപ്പോമെൻറേ. ൯൮

ഏതൊരുജാതിയുമേ മുനിമാരാ-
യിത്തമൊടു ചെൻറേ സൎപ്പമഖം ചെ-
യ്താദരവോടമരും മുനിമാരെയ-
ശിപ്പിപ്പോം വിഷമിൻറിനി വേഗാൽ
വാധ വരുംപരിചരചനെയും നാം
വൻപൊടു പിൻപു കടിച്ചേ കൊൻറാൽ
ഭീതിവരാ യാഗവുമിതുചെയ്യോർ
പിന്നെയിതേ നയമെൻറാർ ചിലരോ. ൯൯

ചിലരതു കേട്ടു പറഞ്ഞാരൊല്ലാ
ചെയ്യതതന്തണരെക്കൊല്ലാമോ
പലദുരിതം ചെയ്യുണ്ടാകിയ ഭയ-
പരിഹാരം വരുമോ പാപത്താൽ
കുലവിയലാതതു തീൎപ്പാൻ പുണ്യം-
കൂടെച്ചെയ്യതു യോഗ്യവുമെൻറാ-
ലലമിതു ചെയ്യാൻ ചിന്തിച്ചിതുമെ-
ൻറാരറിവീടിയ നാഗവരന്മാർ. ൧൦൦

വരഗുണനാം ജനമേജയനരപതി
വാരിവിഹാരം ചെയ്യതുകാലം
പരിചൊടുമവനെയെടുത്തേ നാം ചിലർ
പാതാളേ ബത! കൊണ്ടേപോനാൽ
പരവശനാമവനാർ നമ്മെ പ്രതി
പന്നഗസത്രം പിന്നെച്ചെയ്യുവർ?
കരുതുകിൽ മൂട്ടമറിഞ്ഞാലുണ്ടാ
കാൎയ്യമിൻറിതു മരമെൻറാർ ചിലരോ. ൧൦൧

ഓരോന്നീലവലാഹകജാതിക-
ളോട്ടു സമാനവപുസ്സിനൊട്ടും നാം
വാരാകരസമമായേയലറി മ-
ഹാവഷം വഷിച്ചതുകാലം,
നേരേ കുണ്ഡസമുദ്ഭവപാവക-
ദീപ്തി കെട്ടപ്പോം; സാധനമഖിലം
പാരാതേ ചിലർ കവർക; കടിച്ചേ
പലരെയുമുയിർകൊൾവോം നാമവിടേ. ൫൦൨

അവിടേ ഭോജനഭക്ഷ്യാദികളില-
തീവ മഹാവിഷയോഗമിയററുക
ജവമൊട്ടുമെൻറിവയാദികൾ ചെയ്താൽ
ചെമ്മേ പന്നഗസത്രമൊഴിക്കാം;
അവശത വേണ്ടാ''യെൻേറ നാഗകു-
ലാധിപർ ചൊന്നതു കേട്ടേ വാസുകി-
,,യിവയൊൻറും മമ ചേർന്നില്ലേവരു-
മിനിയും നല്ലതു ചിന്തിക്കെ''ൻറാൻ. ൫൦൩

എൻറിവയെല്ലാം കേട്ടു വിചാരി-
ച്ചേലാപത്രനെന്നും നാഗോത്തമ-
നൻറുരചെയ്താൻ ,,വ്യാധിയെയറിയാ-
താമോ രോഗചികിത്സകൾ ചെയ്വാൻ?
എൻറും ദൈവവിരോധത്താൽ വരു-
മിടർ തീക്കാമോ പൌരുഷശക്ത്യാ?
നൻറി വരും ദൈവാനുഗ്രഹമിനി
നമ്മിൽ വരുത്തുകിലിതിനിതുപായം. ൫൦൪

ആയതലോചനയാകിയ മാതാ-
വരിശത്തോ,,ടഗ്നിയിൽ വീഴ്കെ''ൻേറ
തീയതിതെൻററിയാതേ നമ്മെ-
ച്ചെമ്മേ ശാപംചെയ്തതുകാലം,
നായകരാമമരന്മാരിതിര ന-
ട്ടക്കമിയൻറ നോടറിയിച്ചാർ
,,തീയമഹാശാപമിതൊഴിയാവ്വാൻ
ചെമ്മേ കാരണമറിയിക്കെ''ൻേറ. ൫൦൫

എൻറതു കേട്ടറിയിച്ചാൻ കമലജ-
 „നിവർ വിഷവെലമതിനാലവരവരെ-
ക്കൊൻറിടർ ചെയ്യുവ;രെൻറാലൊട്ടുക-
 റഞ്ഞാൽ* നന്മയിതെൻറു നിനച്ചേ
ഇൻറിഹ ശാപം ഞാനൊഴിയാഞ്ഞിതു;-
 മിവർകളിൽ നല്ലവരാരും മരിയാ;-
രൊൻററിയാതിവർ മൃതരാ;മിതിനൊരു-
 പായവുമോത്തറിവുറേറൻ മുററും. ൧൦൩

മുററും †യായാകുലവരജാതൻ
 മുനിവരനായ ജരൽകാരുവു നിജ-
കുററമിലാനാമം ചേർന്നവളെ-
 ക്കൊണ്ടാലവരംസുതനായുടനുണ്ടാം
അററമിലാഗുണവാനസ്തീക;ന-
 വൻ പന്നഗകുലരക്ഷ വരുത്തും;
മററതിനീചതയുള്ളരവങ്ങളും മ-
 രിപ്പു;രിരിപ്പർ മഹാഗുണവാന്മാർ.'' ൧൦൪

വാനവരോടയനിൻറിതു ചൊല്ലിയ-
 വാററിവുറേറൻ ഞാ;നെൻറാലിനി
മാനിനിയാം തവ സോദരിതന്നെ മ-
 ഹാമുനിയായ ജരൽകാരുവിനായ്
മാനിതയാകിയ കന്യാവിനെ നീ
 മമ തരികെൻറാലവനു കൊടുത്തരു-
ളാനതു നല്ലതിതിന്നറികെൻറാ''-
 നരവങ്ങളിൽ വരനേലാപത്രൻ. ൧൦൫

ഏലാപത്രനടേ വചനം കേ-
 ട്ടേറെ മകിഴ്ന്താനവിടേ വാസുകി;
മാലേറിയ മാനസരാം നാഗവ-
 രന്മാരവരവർ സന്തോഷിച്ചാർ;
„ചാലാദരവൊടു ഭഗിനിയെ മുനിവനു
 താൽപരിചത്തോടു ‡നൽകുവ''നെൻേറ
കാലാപേക്ഷയിൽ തൻറു വസിച്ചാൻ
 കനിവൊടു പന്നഗകർത്താ ചിലനാൾ. ൧൦൬

* 'മതിയിവരെൻറ' എന്നും, † 'യായാവരകുല' എന്നും, ‡ 'നൽകുവതി ന്നു' എന്നും പാഠഭേദം.

ചിലനാൾ ചെന്റത്തുകാലത്തമരകൾ
ചെന്റയനൊടു ചൊന്നാർ "മുൻപലകടൽ
തുലയാതേ നാം കടയെക്കയറായ്
തുണചെയ്താൻ വാസുകിയവ;നതിനാൽ
ബലമീടിയ പന്നഗകുലശാപം
വിരവൊടു തീൎക്ക വിധാതാവേ! ബത!
നലമീടും നാഗേന്ദ്രനിവനു ന-
ടുക്കമൊഴിച്ചരുളെ"ന്റയനോടേ. ൧൧൦

*അയനതുകേട്ടരുൾചെയ്താ,നതിനാ-
ലനുപമരാമിവരാരും മരിയാർ;
ഭയമൊഴിക,തിനൊരുപായം പണ്ടു പ
റഞ്ഞേനല്ലീ നിങ്ങളൊടും ഞാൻ?
തുയരൊഴിവാനിവനുടെ സോദരിയെ-
ത്തുലവിയലാത ജരൽകാരുവിനായ്
നയമൊടു നൽകുക,വൾക്കുണ്ടാം മക-
നവനാൽ നന്മവരും പോകെ"ന്റേ. ൧൧൧

പോക വിരന്തിനി;യേലാപത്രൻ
ഭുജഗവരൻ ചൊന്നതുപോലെല്ലാം
നീ കനിവോടേ ചെയ്തതിനാലേ
നില്ക്കുതിസുഖമായേവരു"മെന്റേ
ആകമഴിഞ്ഞയനരുൾചെയ്തതുകേ-
ട്ടമരന്മാർ വാസുകിയൊടു ചൊന്നാർ
"തുയമുനീന്ദ്രനു പെൺതരികെ"ന്റേ
ചൊൽവതു പാൎത്തുളനായാനവനും." ൧൧൨

അനുനയമോടിതു ചൊല്ലിയ സൂതനൊ-
ടവിടെച്ചോദിച്ചാൻ മുനിശൌനക;-
"നിനിയറിയിക്ക ജരൽകാരുവിനെ-
ന്തേവം നാമ;മിതിന്നെന്തൎത്ഥം?
പുനരിതു കേൾക്കയിലാഗ്രഹ"മെന്റതു-
പോ,തദിതിദാരുണമവനു ശരീരം
ദിനമനു തപസാ കളയുമതെന്റ നി-
മിത്തം പേരിതു"മെന്റാൻ സൂതൻ. ൧൧൩

* 'ആനതു' എന്നു പാഠാന്തരം,

എൻറതു കേട്ടതിസന്തോഷിച്ചാ-
നിനിയ മഹാമുനി ശൌനകനോടേ-
യൻറുഗ്രശ്രവസാഖ്യൻ; സൂതനു-
മവനോടറിയിച്ചാൻ കഥ ശേഷം;
,,നൻറ! മികുത്ത ജരൽകാരുവെന്നും-
നാമമിയൻറ മഹാമുനി തവമോ-
ടൻറൊരു ദാരപരിഗ്രഹമാമതി-
ലാഗ്രഹമീൻറി നടന്നതുകാലം. ൧൧൪

അതുകാലത്തഭിമന്യുതനൂജന-
തീവ മഹാത്മാവായ പരീക്ഷി-
ത്തിതമൊടു നായാട്ടിനു പോയവനവി-
ടെപ്പല മൃഗജാതികളെക്കൊൻറാൻ;
ഗതമായിതു പുനരവനെയ്തളവേ
കേവലമൊരു മൃഗ;മതുകണ്ടരചനു-
മതുപോമടവിയിലൂടേ താനുമ-
തിൻപിൻപേ വേഗത്തൊടു ചെൻറാൻ.
[൧൧൫

ആനവനതിനെക്കാണ്മാനടവിയി-
ലാകുലമോടു നടന്നു തളൎന്നേ
ദീനതയൊടു പൈദാഹാദികളാൽ
നിതരാം ബുദ്ധി കലങ്ങിയ നേരം;
മാനിതമായേ ഗോവത്സാനന-
മാമതിൽനിൻറുണ്ടാകിയ ഫേനം
താനുപജീവിക്കും മൌനവ്രത-
ധാരി ശമീകനിരിപ്പതു കണ്ടാൻ. ൧൧൬

അതുകണ്ടരികേ ചെൻറടിമലർതൊഴു-
,,തരചൻ ഞാനഭിമന്യുജനിപ്പോൾ
ബത! ഞാനെയ്തമ്പേററൊരു മൃഗമിഹ
വിപിനേ പോവതു കണ്ടില്ലല്ലീ?
നിതരാമാഗ്രഹമുണ്ടതു കാൺകയിൽ;
നിന്തിരുവടിയരുൾചെയ്യേ’’ൻറാൻ നൃപ-
നതിനേതും ചൊല്ലീല മഹാമുനി,-
യനുപമമൌനവ്രതനാകയിനാൽ. ൧൧൭

ആകമഴിഞ്ഞഭിമന്യുജനാം നൃപ,-
        നരിശത്തോടമ്മുനിവൻമാറ്വത്തിൽ
വേഗമിയൻറൊരു സർപ്പശവം ബത!
        വിൽകൊണ്ടി,ട്ടരനാഴിക നിന്റാൻ;
ആകുലവും *പുനരഥ സന്തോഷവു-
        †മമ്മുനിവനുണ്ടായില്ലെന്റോ-
ത്താകമഴിഞ്ഞു പിഴച്ചേൻ ഞാനെ-
        ൻറരചൻ പോയ് നിജഭവനം പുക്കാൻ. [ ൧൧൮

ആനതുകാലം കമലജനേക്ക-
        ണ്ടനവാദംകൊണ്ടെയ്തിയ ശൃങ്ഗിയൊ-
ട്ടനമതീവ വരുംപടി താത-
        നുണ്ടാകിയ വൃത്താന്തമനത്തും
താനരചെയ്താൻ കൃശനാകിയ മുനി-
        തനയൻ പരിഹാരം മുന്നിട്ടേ
ദീനതയീന്റി മുതിന്നു ശപിച്ചാൻ
        നൃപനെയുടൻ ശൃങ്ഗിയുമതുകേട്ടേ. ൧൧൯

"എത്തൊരുജാതിയുമെന്നുടെ താതനെ-
        യേവം ചെയ്ത നൃപാധമനെച്ചെ-
‡ന്റതമഴിഞ്ഞു കടിച്ചുയിരെക്കൊ-
        കേഴാംദിവസം തക്ഷക"നെന്റേ
ഭീതി വരുംപടി ശാപംചെയ്തേ
        പിൻപു ശമീകസമീപേ ചെന്റതി-
ഖേദമിയന്റു ശപിച്ചപ്രകാരം
        കേവലമഥ താതനൊടറിയിച്ചാൻ. ൧൨൦

"അറിവില്ലാതവനേ നീ; നൃപനവ-
        നതിഗുണവാ,നഭിമന്യുജ;നവനൊരു
കുറവിയലാതേ രക്ഷിക്കിന്റതു-
        കൊണ്ടേ നാം മരുവിന്റിതു;മെന്റാൽ
കുറവവനുണ്ടാകിൽ പുനരാരേ
        കുലയാതേ നമ്മെപ്പാലിപ്പവ?-
രുതിയിലാതള പൈദാഹാദിക-
        ളാലാകുലനായവനിതു ചെയ്താൻ. ൧൨൧

* 'പുനരിഹ' എന്നും † 'മുനിവരനു' എന്നും ‡ 'ന്റതമകന്റു' എന്നും പാഠാന്തരം.

താനൊരധമ്മം ചെയ്യാനെൻറും
ധമ്മസുതോപമനായ പരീക്ഷി
ത്താനവനിതു ചെയ്യതിനാൽ നീയിതെ-
ടാ! ചെയ്യതു ബത! കഷ്ടമിതെ''ൻേറ
മാനിതനാകിയ ശൃങ്ഗിയൊടൻറു മ-
റുത്തുരചെയ്യ ശമീകനൊ◌ുടിൻറിതു
ഞാനരചെയ്യതുപോൽ വരുമെൻറാൻ
നാശമവന്നറികെ''ൻറാൻ പുത്രൻ. ൧൨൧

അൻപൊടു പുത്രർ മതിന്നാലും പുന-
രച്ഛന്മാർ ശിക്ഷിപ്പതു മാറാ;
സമ്പ്രതി ശിക്ഷിക്കിൻറിതു നിന്നെ-
ത്താത്പരിയം കാരണമായ് ഞാനും;
വമ്പൊടുമേവമിനിക്കോപമിയ-
ൻെറാരുവനെ നീ ശപിയാ;യ്കിതിലുണ്ടാം
തുമ്പമതീവ തപസ്സിന്നെ''ൻറതു
ചൊന്നാൻ പുത്രനൊടമ്മുനിതിലകൻ. ൧൨൨

മുനിവരനായ ശമീകനവൻതാൻ
മുററിയ കാരുണ്യത്താലവിടേ-
യനുപമഗൌരമുഖൻ നിജശിഷ്യനെ-
യണയെ വിളി◌ിച്ചിയവസ്ഥകളെല്ലാം
കനിവൊടുമരചനു ചെൻററിയിച്ചേ
കാലം വൈകാതെ''ൻറതുകേട്ടവ-
നിനിയാമെൻറുടനേ ഹസ്തിനപുര-
മെയ്തി നരേന്ദ്രസമീപം പുക്കാൻ. ൧൨൩

ആനവനും ഗുരു ചൊല്ലിയ വാത്തക-
ളഖിലവുമാനൃപനോടറിയിച്ചാ-
◌ുന്നനമിലാ മൌനവ്രതധരനുള-
നൊരു മുനി തവ രാജ്യത്തിൽ വസിപ്പോൻ;
ദീനതയുണ്ടാംമാറവനുടെമേൽ
നീയിന്നാളൊരു സപ്പശവം ബത!
കാനനമതിൽ നായാട്ടിനു നീങ്ങിയ-
കാലം വിൽകൊണ്ടിട്ടായല്ലോ? ൧൨൪

ഇട്ടതറിഞ്ഞാമുനിയുടെ തനയനു-
        മേറിയ കോപത്തോടു ശപിച്ചാൻ
"കഷ്ടം! നിന്നെത്തക്ഷകനിങ്ങു ക-
        ടിച്ചുയിർകൊൾകേഴാംനാളെ"ന്റേറ;
"ദുഷ്ടത നീയിതു ചെയ്തതു; നൃപനൊരു
        ദൂഷണമുള്ളവനല്ലെ;"ന്റവനേ
ശിഷ്ടതയായ് മുനിവരനവനേറെ-
        ശ്ശിക്ഷിച്ചാനകമേ ഖേദിച്ചേ. ൧൨൬

"ഏതൊരുജാതിയുമാത്മജകോപമ-
        തിളയാ,യെന്ററിവുററ മഹാമുനി
വാധ വരുമ്പരിചെയ്തിയ ശാപം
        വൈകാതരചനു ചെന്ററിയിച്ചേ,
നീതിയിനാലവിടെപ്പലരക്ഷകൾ
        നീ ചെയ്കെന്റന്നോടതിരന്നാ-
നേതമൊഴിഞ്ഞതു ചൊൽവാൻ വന്നേ"-
        നെന്നാൻ ഗൌരമുഖൻ നൃപനോടേ. ൧൨൭

നൃപനിവയെല്ലാം കേട്ടിടരോടു നി-
        നച്ചു നിനച്ചേറേറെ വിഷാദി,-
"ച്ചപനയമേ ഞാൻ ചെയ്തതു കേവല;-
        മതുമൊരു വിധിബലം"മെന്റേറാത്തുടനേ
"ചാപലത കൂടാതേ മുനിശിഷ്യൻ-
        തന്നെയുമെന്നിലൊരയ്‌വുണ്ടാമ്മാ-
റപഗതശോകം ചെൻറു ശമീകനൊ-
        ടറിയിക്കെ"ന്റരുൾചെയ്തു വിട്ടാൻ. ൧൨൮

ആനതുകാലം തൂണൊൻറിന്മേ-
        ലനുപമമാം പ്രാസാദം നിർമ്മി-
ച്ചനമൊഴിഞ്ഞവിടേ വിഷഹരമാ-
        മുത്തമദിവ്യൌഷധികളനത്തും,
മാനിതസിദ്ധമഹാമന്ത്രരുമാം
        മറയവരെയുമുടനെങ്ങുമിരുത്തി-
ത്താൻതിലേറിയിരുന്നാനിന്ദ്രത-
        നുജാത്മജതനയൻ നൃപതിലകൻ. ൧൨൯

അൻപൊടു കാൎയ്യവിചാരവുമവിടെയ-
മന്നേ ചെയ്താൻ നൃപനേഴാംനാൾ
തുമ്പമൊഴിപ്പതിനായേ കാശ്യപ-
ശ്ശുഭചരിതൻ മുനിവരനതുകണ്ടേ
തൻപ്രിയമുണ്ടാമാറേ വൃദ്ധത-
പോധനനായേ തക്ഷകനരികേ-
യിമ്പമിയന്നേറ ചെൻറു പറഞ്ഞാ-
„നെങ്ങു ഭവാൻ പോകിൻറതു?"മെന്നേറ. ൩൩൦

ഏൻറവനോടറിയിച്ചാൻ കാശ്യപ,-
„നിന്ദ്രസുതാത്മജസൂനനരേന്ദ്രനെ-
യിൻറു കടിച്ചുയിർകൊള്ളുക തക്ഷക;-
നിതിനെയൊഴിപ്പാനേ പോകിന്നേറൻ;
ഏൻറിതു ചെയ്താലുണ്ടാം ധനമോ-
ടേറിയ ധൎമ്മവുമുണ്ടാമെന്നേറാ-
ത്തിൻറുഴറിന്നേറ"നെൻറ മുനീന്ദ്രനൊ-
ടിടരൊടു തക്ഷകനുററുരചെയ്താൻ. ൩൩൧

„ഉരചെയ്യാം തക്ഷകനഹ,മോൎക്കിലൊ-
ഴിപ്പാൻ പണിയെന്നുടെ വിഷ,മെൻറാൽ
വിരവൊടു വന്നവഴിക്കേ പോവതു
വേണ്ടുവ"തെൻറതു കേട്ടു മുനീന്ദ്രൻ
„കരുതിയൊഴിപ്പൻ ഞാ"നെൻറളവു „ക-
ടിപ്പൻ പേരാലിതിനെ,യിദാനീം
പരിചോടതു തേററിക്കൊൾകെ"ൻറു പ-
റഞ്ഞതു ചെയ്താൻ തക്ഷകനവിടേ. ൩൩൨

അവിടേ വിഷപാവകവേഗത്താ,-
ലരനാഴികയകമേ വെണ്ണീറാ-
യവനിയിൽ വീണ്ണിതുടൻ പേരാല;ത-
നന്തരമവിടേനിൻറു മുനീന്ദ്രൻ
ജവമൊടു വെണ്ണീറതിനെത്തൊട്ടു ജ-
പിച്ചുഗ്ര പേരാൽതന്നെ മുളപ്പി-
ച്ചുവശതകൂടാതേ മുൻപേ നി-
ൻറതുപോലേയുണ്ടാക്കിച്ചെയ്താൻ. ൩൩൩

*താനത്തു കണ്ടിതമോടേ കാശ്യപ-
താപസനോടേ ചൊന്നാൻ തക്ഷക-
"ന്തനമില്ലാത ഭവാനിതു ചെയ്യതി-
നുണ്ടോ വിസ്മയ?മറിക വിശേഷാൽ;
താനൊരു മുനിയുടെ ശാപം തീപ്പതു
തക്കതുമല്ല; ഭവാനത്ഥം പുന-
രാനതിനാലുണ്ടാമെൻറാക്കില-
തളവില്ലാതളമിത തരുവൻ ഞാൻ."    ഫമ്പര

ഞാനിത നൽകാം ധനമെൻറളവു ന-
രാധിപനെക്കാണാതേ കാശ്യപ-
നാന തപോധനനും ധനമോട്ട നി-
ജാശ്രമമെയ്തി വസിച്ചതുകാലം;
ദീനതയീൻറിയണഞ്ഞു കടിച്ചു നൃ-
പൻതന്നെക്കൊല ചെയ്യുമുപായം
താനവിടെച്ചിന്തിച്ചറിവുററു സ-
ജാതികളൊട്ട ചൊന്നാൻ തക്ഷകനും.    ഫമ്പ ൭

"അനുപമതാപസരായേ ചെൻറിനി-
യരചനു ഫലമൂലാദികാം നല്കക
പുനരൊരുകാര്യവുമുണ്ടിതി"ലെൻറു പു-
കൻറതു കേട്ടതു ചെയ്താരവരും;
ദിനകരനസ്തമയം പ്രാപിച്ചതു
നേര,"മതേഴാംദിവസമതെൻറാ"-
"നിനി മമ ഭയമില്ലെൻറാ"നരചനി-
രുന്നവമാത്യാദികളോടവിടേ    ഫമ്പന്നു

അവിടെച്ചൊന്നാനരചനമാത്യരൊ-
"ടനുപമതാപസർ തന്ന ഫലാദിക-
ളിവ തിന്മോം നാ"മെൻറതു കേട്ടവ-
രേവരുമതിനു തുടങ്ങിയവാറ,
അവനിപതീശനെടുത്തഫലത്തിലൊ-
രരുണനിറം പലരും ക്രിമിയെക്ക-
ണ്ടവരൊട്ട ചൊന്നാനരചൻ "മുനിവര-
നരുളുംചെയ്തതു പഴുതാകരുതല്ലോ.    ഫമ്പ ൯

* 'താനളകണ്ടിടരോടേ' എന്നു പാഠാന്തരം.

എല്ലാജ്ജാതിയുമേ തക്ഷകനെ-
ൻറിപ്പുഴവിനു പേരിട്ടു കടിപ്പി,-
ച്ചൊല്ലാതവ വാരാഽയ്യാൻ ശാപമമാ-
ഴിപ്പോ;മിതു ചെയ്താൽ മുനിവചനം
വല്ലാനിലയൊടു ചെമ്മേ പഴുതായ്
വാരാ;"യെൻറതു കേട്ടവമാത്യരു-
"മെല്ലാമതു ചെയ്യാ"മെൻറാർ; പുന-
രെൻറുമൊഴിക്കാമോ വിധിവിഹിതം? ൧൩൮

"ഹിതമിതു ചെയ്യെ"ൻറതു കേട്ടരചനെ-
ട്ടുത്തു കഴുത്തിലണച്ചാനതിനേ;
ചതിയൊടു ഫലമതിൽനിൻറു വിനിർഗ്ഗത-
തക്ഷകനവനെച്ചുററിക്കൊണ്ടാൻ;
ബത! "തക്ഷകനിവ"നെൻറു ഭയേന വി-
ലാപമൊടവരവരോടിപ്പോയാ-
രതുപൊഴുതേ വിഷപാവകനാൽ വെ-
ന്തരചനുമന്തകഭവനം പുക്കാൻ. ൧൩൯

ആനതു കണ്ടതിദുഃഖിതരായവ-
മാത്യകൾ ശേഷക്രിയ ചെയ്വിച്ചേ,-
യൂനമിയാൻ ജനമേജയനെപ്പുന-
രുഴറി മഹീപതിയാക്കിച്ചെയ്താർ;
ദീനമിയൻറ നയാദികളവനൊടു
നിഖിലവുമറിയിച്ചാർ; കാശീശ്വര
നാനവനുടെ മകളായ വപുഷ്ടമെ-
യതിസുഖമാംമാറേ വേൾപ്പിച്ചാർ. ൧൪൦

ആരഴൽപോയവരവർ സന്തോഷി-
ച്ചാർ, നൃപനാം ജനമേജയനേവം
ധീരതയും ബലവീര്യാദികളും
ചെമ്മേ കണ്ടതിവിസ്മയമോടേ;
സാരനവൻതാനും കാശീശ്വര-
തനയയുമായതിസുഖമൊടു വാണ്ണാർ;
പാരിൽ മഹാഗുണരായേ വാണ്ണാർ;
പാണ്ഡവർ വാണ്ണതുപോലേ മുററും. ൧൪൧

മററുമിവണ്ണം ജനമേജയനൃപ-
        മുഖ്യനിതത്തൊട്ടു വാഴ്‌വതുകാല,-
ത്തുററടവിയിൽ നടകൊണ്ടു ജരൽകാ-
        രുവു വാസുകിയുടെ സോദരിയെത്താൻ,
„മററിവളെബ്ഭരിയേൻ ഞാൻ; നീയേ
        മടിയാതതു ചെയ്യെ”ന്റു നിരന്നേ
നററവനവളെ വിവാഹം ചെയ്താൻ;
        നാഗാലയമതിലെയ്തിയിരുന്നേ. ൱൪൨

„നേരേ നീയൊരു പരിഷം ചെയ്കിൽ, നി-
        നച്ചരനാഴിക വൈകാതേ കേൾ
പാരാതേ കളവൻ ഞാൻ നിന്നെ;-
        പ്പുഴുതുപെടാതൊരു സത്യമിതെ”ന്റേ
ഘോരാത്മാ മുനി ചൊന്നളവേററം
        കുലവൊട്ടുമവൾ പുനരുററുഭരിച്ചാൾ;
കാരാർകുഴലാളവളുടെ മടിയിൽ
        കനിവൊട്ടു തുയിൽകൊണ്ടാനവനൊരു നാൾ.
[൱൪൩

അവളഥ ഗർഭിണി ഭർത്താവാം മുനി-
        യാലസ്യത്തൊ*ട്ടുറങ്ങിയ ശേഷം
ദിവസകരാസ്തമയം കണ്ടേററം
        ദീനതയോട്ടുടനേ ചിന്തിച്ചാൾ
„ഇവിടെയുണർത്തുകിലും മമ സങ്കട;-
        മേറിയ കോപനശീലൻ മമ പതി,-
യവശതയുണ്ടാം സന്ധ്യാകാലമ-
        ട്ടുത്തവ ചെയ്യിക്കായ്കിലു”മെന്റേ. ൱൪൪

„എന്റാലിവ സന്ധ്യാലോപം വരി-
        ലേറും ദൂഷണ’മെന്റു വിചാരി
ച്ചൻറാദരവൊട്ടുണർത്തിയവാറേ;-
        യമ്മുനിയും കോപിച്ചുരുൾചെയ്താൻ:—
„ഇൻററിയാതവനേ ഞാ,നെന്റേ-
        ത്തെന്റെറാടിവണ്ണം നീ ചെയ്താലയോ?
ഒൻറിതു കേളസ്തമയം വരുമള-
        വുണർവ്വതു ഞാ;നല്ലാലസ്തമിയാ. ൱൪൫

* ‘ഉറങ്ങിനനേരം’ എന്നു പാഠാന്തരം.

ആകുലമോടിവയറിയാതേ നീ-
    „യന്ധനിവൻ പുന"രെൻറു നിനച്ചേ
വേഗമൊടെന്നെയുണർത്തിയമൂലം
    വിരവാൽ നിന്നോടു വേറായ് പോവേൻ;
നീ കരുതീടുക നമ്മുടെ സത്യം
    നീക്കരുതെ"ൻറുരചെയ്തതു കേട്ടേ-
യാകുലമോടു തളർന്നേ കണ്ണീ-
    രാൽ വർഷിച്ചവൾ മുനിയൊടു ചൊന്നാൾ:—. [൧൪൩

„മുനിവൊഴിയയ്യോ! തവ ധർമ്മസ്ഥിതി
    മുററും പിഴയായ്വാനെന്നോർത്തേ
തനിയെ ഞാനിതു ചെയ്തതു; നിർമ്മല-
    താപസർ നിനവറിവാൻ പണിയല്ലോ
ഇന്നിയിതിനമന്നെക്കളയായ്കേ"-
    ൻറിടരൊടുമവൾ തൊഴുതുരചെയ്തതു കേ-
ട്ടനുപമനാം മുനിയും „മമ സത്യമി-
    തരുതല്ലോ നീക്കുവതിനി"യെൻറാൻ. ൧൪൪

എൻറതു കേട്ടവൾ ചൊന്നാ„ളെങ്ങൾ-
    ക്കെയ്തിയ ശാപമൊഴിപ്പാനായേ
നൻറി മികുത്തുളനാം തവ പുത്രൻ,
    ഞാൻ പെററിനി;യെൻറിതിനെ നിനച്ചേ
വെൻറി വരുത്തുവതിന്നായ് വാസുകി
    വിരവൊടുമെന്നെത്തന്നിതു; ഗർഭമി-
തിൻറു മുതിർന്നിതുമില്ലെൻറാൽ; ഞാ-
    നെന്തേ ചെയ്വേ"നെന്നേററഴുതാൾ. ൧൪൫

അഴുവതു കണ്ടു മഹാമുനിയും പുന
    രകമേ കാരുണ്യത്തൊടു ചൊന്നാൻ:—
„പഴുതല്ലെടാ തവ ഗർഭം; നീ കേൾ,
    പന്നഗകുലരക്ഷാകരനായേ
വഴിവഴിയേ രവമോടു മഹാഗുണ-
    വാനായുണ്ടാം തവ സുത;നടനവ-
നുഴിനിലയുണ്ടാകാതേ നിങ്ങളെ-
    യഴലൊടു ശാപം തീർത്തു ഭരിക്കും. ൧൪൬

കമ്പിട്ടേവം ദുഃഖിതയായ് നീ
　　കുലവൊട്ടു നില്ക്കരു;തുണ്മയറിഞ്ഞേ;-
നൻപുററരിയ തപം ചെയ്യാനേ-
　　യാഗ്രഹ*മുള്ളിലെനി;ക്കതിനാലേ
വൻപുററീടിന കോപമിതെൻേറ
　　വരഗുണനാകിയ നിന്നെയുപേക്ഷി-
ച്ചിമ്പത്തോടു പോകിൻേറൻ; നീയിവ-
　　യെല്ലാം ചൊല്ലുക വാസുകിയോടേ. ൧൫൦

ഏതൊരുജാതിയുമേ മമ സുതനാ-
　　ലേറിയ സൌഖ്യം നിങ്ങാംക്കുണ്ടാ-
മാധിയിളയ്ക്ക''ൻറരുളിയ മുനിവര-
　　നനുപമതപസേ വനഭുവി പോയാൻ;
ഖേദമൊടും വാസുകിയൊടു ചെൻറതു
　　കേവലമവളറിയിച്ചതു കേട്ടവ-
നാതുരനാ;,,യെന്തേവം വരുവാ?—
　　നഖിലവുമെന്നോടു ചൊല്ലുക''യെൻറാൻ. ൧൫൧

,,ചൊല്ലുക വഴിയല്ലല്ലോ നിന്നൊടു
　　ശുഭചരിതേ! വാർത്തകളിവയെല്ലാ;-
മല്ലൽ വരുത്തിന ശാപബലം പേ-
　　ർത്തെറ്റ;യതേ നിന്നൊടു പറയിൻേറൻ;
നല്ലപതിക്കു വിരാഗം വരുവാ-
　　നായ് നീ ചെയ്തതുമെന്തേ?''യെൻറള-
,,വല്ലലിളയ്ക്ക സമസ്തവുമെന്നോ-
　　ടരുൾചെയ്താൻ മുനി,''യെൻറാളവളും. ൧൫൨

,,അവശത വേണ്ടാ ഭദ്രേ! ബാലക-
　　നസ്തി മഹാത്മാ നിന്നുടെ ഗർഭേ;
തവമുടയോനാമവ;നവനാലേ
　　ശാപഭയം പോം നിങ്ങാംക്കെ''ൻേറ
ശിവകരനാം ഭർത്താവെന്നോടരു-
　　ചെയ്തേഴനരുളീ''യെൻറവൾ ചൊന്നാ-
ളവ കേട്ടാനന്ദത്തോടു വാസുകി-
　　യാദരവോടവളെപ്പാലിച്ചാൻ. ൧൫൩

* 'ഉള്ളിതെനിക്കതിനാലേ' എന്നു പാഠാന്തരം,

ആനവളുടെ ഗർഭം ദിവസത്തില-
    തീവ നിറന്നു വളന്നവനന്തര,-
മൂന്നമിലാത മുഹൂർത്തേ പെററാ-
    ളൊളിവിയലും വാലനെയവളവിടേ;
താനവനെക്കണ്ടേ വാസുകിയും
    തത്ര മഹാനാഗങ്ങളുമവരവർ
മാനസമേറെ മകിഴ്ന്താ,,രവനാൽ
    വരുമിനി വംശത്തിന്നു സുഖ''മെൻേറ. ൧൭൪

,,എൻറാലസ്തി തവാത്മജനുദരമി-
    തിൽ കേളെ''ൻറരുൾചെയ്താൻ മുനിവര;-
നെൻറാലതുകാരണമായ് വാലക-
    നാമിവനസ്തികനെന്നും നാമം
നൻറായ് വരുവാനായിട്ടുകെ''േറ
    നാഗവരന്മാർ പേരുമതിട്ടാ-
രൊൻറാലും കുറവില്ലാവാലക-
    നരഗാധിപഭവനത്തിൽ വളന്നാൻ. ൧൭൫

ആനവനും വേദാദ്ധ്യയനാദിക-
    ളഖിലം ച വനതപോധനനോടേ-
യൂനമൊഴിന്തറിവുററാൻ; മതിനല-
    മുള്ളവരാർ വാലകനവനേപ്പോൽ?
ഊനമിലാത തപോബലവും പുന-
    രുണ്ടായ്വന്നിതവ;ന്നിവ കൊണ്ടേ
ദീനത പോ;മെൻറുരഗാധിപരുമ-
    റച്ചുളരായാരെ'ൻറാൻ സൂതൻ. ൧൭൬

സൂതസുതാ! ഇവ ചൊന്നതു കേട്ടതി-
    സുഖമായിതു; ജനമേജയനരപതി-
യാദിയിൽ വാലകനാകയിനാലേ
    യച്ഛനുടേ വൃത്താന്തമനത്തും
നീതിയിനാലറിവുററവന;ല്ലതു
    നിശ്ചയമവനൊടമാത്യർ പറഞ്ഞേ-
യാദരവോടറിവുററപ്രകാരവു-
    മറിയിക്കെ''ൻറാൻ മുനി ശൌനകനും. ൧൭൭

അന്നനയമോടറിയിച്ചാൻ സൂതനു-
 "മരചൻ ജനമേജയനെവ്വദങ്കൻ
മുനിയരുളിച്ചെയ്യോട്ടറിവുററത്തു
 മുഴവൻ കേൾപ്പാനാഗ്രഹമോടേ
അനുപമരായവമാത്യന്മാരാ-
 മവർകളെയണയെ വിളിച്ചരുൾചെയ്താ-
"നിനി മമ താതനുടെ വൃത്താന്തമെ-
 നിക്കറിവാൻ ചൊൽകഖിലവുമെ"ന്റ. ൧൦൮

എൻറത്തു കേട്ടവർ തൊഴുതുരചെയ്താ-
 "രിന്ദ്രസമൻ കേൾ നിന്നുടെ താതൻ
വെൻറി മികുത്തവ,നവനുടെ ശക്ത്യാ
 വേറൊരു വൈരികളില്ലതുകാലം;
നിൻറവരവർ നിജധമ്മസ്ഥിതികളെ
 നീക്കാതേ* വണ്ണാശ്രമജാതിക,-
ളൻറുള്ളരായാർ നിമ്മലമാനസ-
 രായാധിവ്യാധികളൊടു വേറായ്. ൧൦൯

ആയിതു തവ താതന്നു വയസ്സമൊ-
 രറുപ,തനന്തരമേ നായാട്ടിനു
പോയടവിയിലെയ്താൻ, മൃഗമതിനുടെ
 പിറകേ താനും കൂടെപ്പോയാൻ;
നോയൊടു പൈദാഹാദികളെയ്തി നു-
 റുങ്ങു തനിക്കു വയോവൃദ്ധതയു-
ണ്ടായതിനാലുമതീവ തളന്നള-
 വനുപമനാമൊരു മുനിയെക്കണ്ടാൻ. ൧൱൦

ആനാവനൊടു "കണ്ടായോ മൃഗ"മെ-
 ൻറളവേ മുനിയുരിയാടായ്കയിനാ-
ലൂനമിയൻറൊരു സപ്പശവം പുന-
 രുത്തമമുനിവൻ മാവ്ത്തിട്ടേ
ദീനതയോടേ പുരമതിലെയ്തിയ
 നേരം കമലജനെസ്സേവിച്ചേ
മാനിതനാകിയ ശൃങ്ഗിയെന്നും മുനി-
 വാലനുമടവിയിൽ വന്തുളനായാൻ. ൧൱൧

* 'വാണ്ണാശ്രമജാതികൾ' എന്ന പാഠാന്തരം,

വന്തവനോടവനുടെ സഖിയാം മുനി-
വാല്യനണഞ്ഞു പിതാവിനവസ്ഥക-
ളന്തമിലാത മഹാകോപം വരു-
മാററിയിച്ചതു കേട്ടമ്മുനിയും,
ചിന്ത കലന്നു മുതിന്നാചമനം-
ചെയ്തു ശപിച്ചാ: „നെന്നുടെ താതനെ
വന്തിതു ചെയ്തവ,നേഴാംദിവസം
മരണം തക്ഷകനാൽ വരികെ"ൻേറ. ൧൩൨

എൻറതു പുത്രൻ വന്നറിയിച്ച,തി-
രുന്ന മാററ„മുനി കേട്ടു വിഷാദി-
ച്ചൻററിയിച്ചാൻ, ശിഷ്യരെ വിട്ടിനി-
യായ പ്രകാരം രക്ഷിക്കെ"ൻേറ;
ചെൻറിതു മൂവിരുദിന;മേഴാംനാൾ.
ചെമ്മേ താതനെ രക്ഷിപ്പാനായ്
നൻറി മികും കാശ്യപവരവിടയേ
നാഗവരൻ തക്ഷകനും കണ്ടാൻ. ൧൩൩

„ആനവനോരോജാതി പറഞ്ഞു,മ-
നേകം ധനമുടനവനു കൊടുത്തും,
മാനിതനാമരചനെ രക്ഷിപ്പാൻ
വാരാവണ്ണം മുനിവനെ വിട്ടാൻ;
താനൊരു ചതിയാൽ വന്നു കടിച്ചേ
ധരണീപതിതന്നുടലെരിചെയ്താ,-
നൂനമൊഴിഞ്ഞിതറിഞ്ഞോ,"മെൻറാ-
രുടനെയമാത്യർ മഹീപതിയോടേ. ൧൩൪

„ഏതാകിലുമിനി നമ്മുടെ താതനെ-
യിതു ചെയ്തവനെക്കൊൽവാനായും,
വേധാവിന്നു സമൻ മുനിവന്നു വെ-
റുത്തുരചെയ്തതു സാധിപ്പാനും,
തീരാകാതേ പന്നഗസത്രം
ചെയ്യതു തക്കതു"മെൻറവമാത്യകൾ
ചേതാഹരനാം നൃപനൊടു ചൊല്ലി-
ച്ചിനമൊടു ജനമേജയനരുൾചെയ്താൻ. ൧൩൫

താനൊരു മുനിവരശാപത്താലേ
 താതനെ വന്നു കടിച്ചുയിർകൊണ്ടാൽ
മാനിതനാം മുനി ജീവിപ്പിക്കിൽ മ-
 ഹാപാതകിയിവനെന്തേ ചേതം?
ദീനമൊഴിഞ്ഞിവയോർത്തറിയാതേ
 നിതരാമിതു ചെയ്തവനെക്കൊൽവാൻ
ഞാനൊരു സർപ്പമഖം ചെയ്യിപ്പൻ;
 നാട്ടകിലിതു മമ തക്കതുമിപ്പോൾ. ൲൱൩

ഇപ്പോൾ വന്നിയുദങ്കനെന്നുംമുനി-
 യെന്നൊടിരന്നതു സാധിപ്പാനും,
മുല്ലാട്ടയിർകൊണ്ടാൻ മമ താതനെ
 മുനിവൊട്ട തക്ഷകനെൻറതിനാലും,
കെല്ലേറും നാഗങ്ങളനത്തും
 കേവലമഗ്നിയിൽവീണ്ണുമരിപ്പാ-
നിപ്പോഴൊരു പന്നഗസത്രം ഞാ-
 നിഹ ചെയ്യിപ്പ,നതിലയേനെൻറും. ൲൱൪

എൻറാലിതു ചെയ്യാകിൻറവരാ''-
 രെൻറു മഹീപതി കേട്ടളവരികേ
ചെൻറാദരവൊട്ട മുനിവരർ ചൊന്നാർ;
 „ചെയ്യാനിതു തവ കല്പിതമറി നീ;
നൻറായിതു സാധിക്കുമുപായം
 നാമറിവോ,മുണ്ടാക്കുക സാധന-
മെൻറാ,''രരചനുമുപകരണങ്ങളെ-
 യെല്ലാമുഴറിയിയററിനനവിടെ. ൲൱൫

അവിടേ യജ്ഞായതനം നിർമ്മി-
 പ്പാനായ് മതിമാനാകിയ ശില്പിയെ-
യുവവി മികുത്തു വിളിച്ചഥ വാസ്തുവി-
 നുടെ സംസ്ഥാനമിയററിന നേരം;
„തവമിയലും ബ്രാഹ്മണനാലൊണ്ടൊരു
 സങ്കടമിച്ചെയ്യിൻറ മഖത്തി-
ന്നവശതക്കുടാതേ സാധിക്കിലൊ-
 രാശ്ചരിയം പുനരെൻറാ''നവനും. ൲൱൬

അവനരചെയ്യതുകേട്ടു മഹീപതി-
„യാരും മഖമിതൊഴിപ്പാൻ വരുമവ-
രിവിടെ വരാസ്സാൻ ദ്വാഃസ്ഥന്മാർ ചില-
രിനി മമ ഗോപുരമതിൽ നില്ലെ"ന്റേ
വിവശതകൂടാതരുളിച്ചെയ്യെ വി-
രന്തുചെയ്യാനായ് ചിലർ പുക്കാ;-
രവിടെയുടൻ നീലാംശുകധരരാ-
മന്തണർ പന്നഗയാഗം ചെയ്താർ. ൧൭൦

ആത്തിവരുത്തുവതിന്നരവങ്ങൾ,
കന്വെപമചണ്ഡമഹാഭാഗ്ഗവനാം
ചീത്തതപോബലമുള്ള മുനീന്ദ്രൻ
ചെയ്താൻ പന്നഗയാഗമതവിടേ;
പാത്ഥിവനും ദീക്ഷിതനായാനഥ
പാരാചയ്യകഹോമാദികൾ പുന-
രോത്തോരോ കമ്മങ്ങൾമുടിപ്പാ-
നുപകരണങ്ങളുമായേ പുക്കാർ. ൧൭൧

ആരണർ പന്നഗസത്രം പിഴവാ-
രാതേ ചെയ്യതുകാല,ത്തവനിയിൽ
വാരണഹസ്തസമാനശരീര-
ന്മാരാകിയ നാഗപ്രവരന്മാർ
ഘോരതരം വീണ്ണിടരൊടെരിഞ്ഞതി-
കോലാഹലമാമൊലിപൊങ്ങീതഥ
പാരിൽ മുതിൻ നടന്നിതു ഗന്ധം
പന്നഗദേഹം വേകയിനാലേ. ൧൭൨

ഏറ്റെ നിറന്നിതു പന്നഗസത്ര,മ-
തെണ്ണില്ലാതള പന്നഗജാതികൾ
വീറുകുറഞ്ഞു വിലാപിച്ചഗ്നിയിൽ-
വീണ്ണുമരിച്ചാ,രെൻറിതറിഞ്ഞേ
ക്രൂരരുതാതള ഖേദത്തോടും-
കൂടെ മഹേന്ദ്രസമീപേ പുക്കാൻ
മാറിലയാ വിഷവീയ്യമിയൻറ മ-
ഹാനാഗപ്രവരൻ തക്ഷകനും. ൧൭൩

അനുനയമോടരുൾചെയ്താനിന്ദ്രനു-
മവനോ,„ടഗ്നിയിൽ വീണ്ണു മരിക്കരു-
തിനി നീ,യിതിനൊരുപായവുമുണ്ടറി-
യിവിടെ നില്ലതുമെൻറിയുമിതുകേൾ;
തനിയേ നീചന്മാരായ് മേവിന
സപ്പങ്ങൾക്കിടരുണ്ടാമിതിനാ-
ലനുപമരാകും നിങ്ങൾക്കിതുകൊ-
ണ്ടാപത്തുണ്ടാകായറികെ"ൻേറ. ൱൧൮

എൻറതുകേട്ടു മകിഴ്ന്തേ തക്ഷക-
നിന്ദ്രനെയാശ്രീച്ചവിടെപ്പുക്കാ-
നൻറു മഹാനാഗേന്ദ്രൻ വാസുകി-
യാത്മവിമോഹമൊടാകുലനായേ
നിൻറു സഹോദരിയോടു പറഞ്ഞാൻ
„നീ കേളഗ്നിയിൽ ഞാനും വീഴ്വേ-
നിൻറിനി മരണമണഞ്ഞവരേപ്പോ-
ലിടരേറുണ്ടാകിൻറിതെനിക്കോ. ൱൧൯

ഇൻറിതുതീപ്പാൻ മുന്നേ നിന്നെ-
യിരന്നുകൊടുത്തേനല്ലോ മുനിവനു
ചെൻറിനിയും മുനിസുതനാം നമ്മുടെ
ചെറിയവനോടിതു ചൊല്ലുക"യെൻേറ
അൻറവളും താപത്തൊടു സുതനാ-
മസ്തികനോടഖിലവുമറിയിച്ചാ,-
ളിൻേറ പന്നഗസത്രമൊഴിപ്പനി-
തിടരൊഴികെ'ൻറു നടന്നാനവനും. ൱൨൦

നാനാജാതി പറഞ്ഞസ്തീകൻ
നാഗേന്ദ്രൻ വാസുകിയെത്തോററി-
പ്പോനാനഥ ജനമേജയയജ്ഞവി-
ഭൂതിയെയാശ്ചരിയത്തൊടുകണ്ടാൻ;
„വാനോരൊളിവിയലും മുനിതിലകാ!
വാതിലകം പൂകരുതു ഭവാനിത്തു
ദീനാവസ്ഥ വരുത്തായ്കെ"ൻറാർ
*നൃപവരഭൃത്യന്മാർ പുനരവിടെ. ൱൨൧

* 'നൃപഭൃത്യന്മാർ പുനരവനോടേ' എന്നു പാഠാന്തരം.

ഏതൊരുജാതിയുമേ നയമതിനാ-
ലിവിടെയകംപൂകാവിതുമെന്റെ
വാധയൊഴിഞ്ഞാസ്തീകൻ നൃപകുല-
വരനെയതീവ പുകണ്ണാനവിടെ,
തീതിയല്ലാ യജ്ഞത്തെയു, മുടനതു
ചെയ്യും മുനികുലതിലകന്മാരെയു,-
മാദരവൊടു പാവകനെയുമതുകേ-
ട്ടവരവരേ സന്തോഷമിയന്റാർ. ൱൨൰

അന്റു സദസ്യാദികളോടരചനു-
മരുൾചെയ്താ„നതിബാലകനാമിവ-
നിന്റു മഹാത്മാവേയിമ്മുനിവര-
നെന്റാലിവിടെക്കൊള്ളാ,മല്ലീ?"
എന്റതുകേട്ടിതിളയ്യൂരുതെന്റവ-
രേവരുമേ ചൊന്നളവാസ്തീകനെ-
യന്റു വിളിച്ചതിസൽകാരംചെ-
„യ്തഭിമതമെന്തെ"ന്റാൻ നരപതിയും. ൱൯

നരപതി ചോതിച്ചതിനാസ്തീകൻ
നയമൊടുമുത്തരമുരചെയ്യുംമു-
മ്പരചനൊടും മററമ്മുനിമാരൊടു-
മക്കർമ്മാധിപനാംമുനി ചൊന്നാൻ:--
„കരുതുക തക്ഷകനിവിടെ വരാഞ്ഞാൻ
കാരണമെന്തെ"ന്റളവ„വനിന്ദ്ര-
ന്നരികപുകുന്നുളനെന്റു നമുക്കി-
ങ്ങറിയാ"മെന്റാർ താപസവരരും. ൱൰൦

വരനാകിയ സൂതനുമൊരു വിഘ്നം-
വരുവാൻ കാരണമുണ്ടിതിവണ്ണം
നരപാലകനേ!യെന്റളവമ്മുനി-
നായകനിന്ദ്രനെയാകരിഷിച്ചാൻ;
വരരാമമരകളാദികളോടും
വന്നവനങ്ങുയരത്തുളനായാൻ,
പരിതാപമൊടവനുത്തരവസ്ത്രം
പററിയുടൻ തക്ഷകനും പുക്കാൻ. ൱൰൪

ആനതുകാല„ത്തിന്ദ്രൻ തക്ഷക-
നാമവ‌നോട്ടും തീയതിൽ വീഴ്‌വാ-
നൂനമിലാതൊരു കമ്മം ചെയ്യെ”-
ൻറുരചെയ്താനരചൻ മുനിയോടേ;
ആനവനതിനു തുനിഞ്ഞതുകാല-
ത്തനുപമതാപസരരചനു ചൊന്നാർ
„മാനിതനാമസ്തീകൻ ചൊന്നവ
വൈകാതേ നീ നൽകുക”യെൻേറ. ൧൱൨

„ഏതൊരു ജാതിയുമേ വേണ്ടുൻറവ-
യെല്ലാം തരുവൻ ചൊല്ലുക”യെൻേറ
ആദരവോടരചനുമസ്തീകനൊ
ടരുൾചെയ്തളവേ താപസർ ചൊന്നാർ:—
„ഭീതിയൊടും ദേവേന്ദ്രൻ വിട്ടാൻ
പിഴയിയലും തക്ഷകനെ,യവൻ പുന-
രാതുരനായ് മുറയിടുവതു കേട്ടി-
ട്ടാകുലമൊഴികെ”ൻറാദരവോടേ. ൧൱൩

ഏതമിയൻറഗ്നിയിലേ തക്ഷക-
നിതുകാലംവീഴും പുനരെൻേറ-
യാതുരനായ് „മമ തരിക വരം നീ-
യരചാ!”യെൻറാൻ പുനരസ്തീകൻ
„നീതിയിനാൽ വേണ്ടിൻറവ തരുവൻ
നിശ്ചയ”മെൻറരചനൊ„ടരവങ്ങൾ-
ക്കേതമിയററിയ പന്നഗസത്രമി-
തിൻേറയൊഴികെ”ൻറാനസ്തീകൻ. ൧൱൪

അനുതാപത്തോടതുകേട്ടരചനു-
„മനുപമധനരത്നാദികൾ നൽകാം,
തന്നിയേ സർപ്പമഖം മുനിതിലകാ!
തടയായ്കെ”ൻറതുകേട്ടസ്തീകൻ
„കനകാദികൾ മമ വേണ്ടില്ലേതും;
കാണാ മാതാവൊടു മാതുലനെയു-
മിനിയുയിർകാക്കാം പന്നഗസത്രമി-
*തിപ്പോഴൊഴികിലിതരചാ!”യെൻറാൻ. ൧൱൫

* 'ഇപ്പോൾ മാററുകിചരച' എന്നു പാഠഭേദം.

„അരചാ! കേളസ്തീകൻ ചൊന്നവ-
നത്തും നൽകുക”യെൻേറ താപസ-
രുരചെയ്യളവേ „പന്നഗസത്രമി-
തൊഴിയാമെൻേറ” ജനമേജയനും,
വരമാകിയ ധനരത്നാദികളെ മ-
ഹാമുനിമാക്കു കൊടുത്തു നിറുത്തീ;
പരിചൊടു സൂതനുമഥ കാരുവിനും
പലപല ധനരത്നാദി കൊടുത്താൻ. ഫ വൃ ന്ന

താനമരേന്ദ്രൻ കൈവിട്ടളവു ത-
ളൎന്നുടനങ്ങഗ്നിയിൽ വീഴാതേ
വാനിടെ നിൻറാൻ തക്ഷകനൊട്ടേ,
വരഗുണനസ്തീകനു നൃപതിലകൻ
താനഭിമതമാം വരവും നൽകി-
സ്സർപ്പമഖം മാററുവൊളം; മുനിവര-
രാനവർകമ്മത്താലും വീഴാ-
തസ്തീകാജ്ഞയിനാലേ മുററും. ഫ വൃ ൧

„മുററും വീഴായ്കെൻറ”സ്തീകൻ
മുൻചുരചെയ്കതിനാലേ തക്ഷക,-
നററമില്ലാതഴലൊടു വീണ്ണിതുമി,-
ല്ലതുകണ്ട*വരവർ വിസ്മയമുററാർ
മററവിടേ പല യോജനനീണ്ടു, മ-
ഹാഗിരിസന്നിഭരായ്, പല തലകള്ളു-
മുററ മഹാനാഗങ്ങളെരിഞ്ഞാ;-
രുരചെയ്യാൻ പണിയവർകളെയെല്ലാം. ഫ വൃ വൃ

എല്ലാരോടുംകൂടെ മഹീപതി-
†യേറെവിരന്തവളൃഢവുമിയററി-
ക്കല്യാണാത്മാവസ്തീകനെയും
കനിവൊടു സൽകാരംചെയ്തവിടേ,

* ‘അവരതിവിസ്മയമുററാർ’ എന്നും † ‘യേറെമകിഴ്ന്തവഌഢവും’ എന്നും പാഠം.

„നല്ലാ! ഞാൻ ഹയമേധംചെയ്യും
നാളിലിനും വൈകാതിഹ വരികെ–"
ൻെറല്ലാം ചൊല്ലി വിധിച്ചുളവവനമി–
തത്തൊടു മാതുലനരികു പുകുന്താൻ. ൫൮൯

ആനതുകാലം വാസുകിയും പുന–
രരിയ മഹാനാഗങ്ങളുമവരവർ
മാനസമേറെ മകിഴ്ന്തസ്തീകനെ
വന്താശ്ലേഷംചെയ്തുരചെയ്താർ:—
„ദീനത തീൎത്തങ്ങളെയിതുകാലം
നീയുയിർകാത്തതു വിസ്മയ;മെൻറാ–
ലൂനമൊഴിഞ്ഞിനി നാം വേണ്ടിൻറവ–
യുരചെയ്തരുളുക മുനീന്ദ്രാ!"യെന്നേറ. ൫൯൦

എൻറവരോടേ „ചരിതം സായം
പ്രാതരിവണ്ണം മമ ചൊൽവവർകൾ–
ക്കെൻറും പന്നഗജാതികളാൽ ഭയ–
മില്ലാതുരുവാൻ വരമരുളുകെ"ന്നേറ
അൻറസ്തീകനിരന്നതുകേട്ടു മ–
ഹാനാഗങ്ങളുരത്താർ; „തവ കഥ
നൻറിവരുംപടി ചൊൽവവർകൾക്കറി
നമ്മാലുണ്ടാകാ ഭയ"മെന്നേറ. ൫൯൫

„എൻറും ധൎമ്മസ്ഥിതി പിഴയാതവ–
നിനിയ ജരൽകാരുവിനൊരു സുതനായ്
നൻറിമികുത്ത ജരൽകാരുവെന്നും
നാഗാധിപസോദരി പെററുളനായ്
ഒൻറാഴിയാതേ സകലഗുണങ്ങളു–
മുള്ളവനസ്തീകൻ പാലിച്ചരുളു–
കെൻറും പന്നഗഭയമതിൽനിൻറെ"–
ൻറിതുചൊന്നാൽ വിഷഭയമുണ്ടാകാ. ൫൯൮

ഉണ്ടാകാ പന്നഗജാതികളാ–
ലൊരുഭയമസിതസുനീഥാച്ഛിതമാ–
*യുണ്ടാം നാഗാദികളെ നിനയ്ക്കിലു–
മുണ്മയിതെൻറാർ നാഗവരന്മാർ;

* "ഉണ്ടായോഗാദികളെ" എന്നു പാഠാന്തരം.

കൊണ്ടാടിന പുകഴൊടു പന്നഗകുല-
പാലനം ചെയ്തവരാമമരന്മാർ
കണ്ടാദരവെയ്തും പരിചസ്തീ-
കൻ വാനുലകു പുകുന്തു വസിച്ചാൻ. ൪൰൩

ആനവനസ്തീകൻ നിജസുതപൌ-
ത്രാദികളോടുമിരുന്നവസാനേ
വാനുലകം പുക്കാൻ നിജപിത്രോ-
വംശവിവദ്ധ്നചെയ്തഴകോടേ;
ഊനമില്ലാതസ്തീകമഹാകഥ-
യുരചെയ്തേൻ ഞാനിതു മുനിതിലകാ!
ദീനതചെയ്യും പാപഭയാദികൾ
നീക്കുവതിതു കഥ''യെൻറാൻ സൂതൻ. ൪൰൪

,,സൂതസുതാ! നീ ചൊന്നതു കേട്ടതി-
സുഖമായിതു ചോതിപ്പനിന്നും ഞാൻ;
തീതിയലാ മുനി വേദവ്യാസൻ
ചെമ്മേ നരവര! പന്നഗസത്രേ,
നീതിയിനാലുരചെയ്ത മഹാകഥ
നിഖിലവുമറിയിച്ചേ നീ നമ്മോ-
ടാദരവോടറിവായല്ലോ നീ-
യഖിലവു''മെൻറാനവനൊടു മുനിവൻ. ൪൰൫

മുനികുലതിലകാ! വേദവ്യാസമു-
നീന്ദ്രനൊടവിടെ നൃപൻ ജനമേജയ-
നനുപമരായുളരായ പിതാമഹ-
രാമവരൊടു വാത്തകളറിവാനായ്,
കനിവൊടു ചോതിച്ചളവേ ഭാരത-
കഥയിവനോടറിയിക്കെൻറതുകേ-
ട്ടനുപമനാം മുനി വൈശമ്പായന-
നറിയിച്ചാൻ കഥയാദിയിൽനിൻേറ. ൪൰൬

ഇതി ആസ്തീകം സമാപ്തം.

സംഭവപൎവ്വം.

ആദിപുരാൻ ശ്രീകൃഷ്ണനുടേ കഥ-
യായ്‌വരുമരചാ! ഭാരതമോൎത്താ-
ലാദരവോടു പിതാമഹർതമ്മെ,യ-
വൻതിരുവടി പാലിച്ചതു മററും;
നാഥനവൻ നാരായണനാഴിയിൽ
നാഗമഹാഭോഗാമലതല്പേ
നീതിയിനാലേകാഗ്രാത്മാവായ്
നിദ്രാവശനായ് മുമ്പു വസിച്ചാൻ. ൧

ആനതുകാലമനേകനരാധിപ-
രാന മഹാസുരഭാരനിപീഡിത-
യാന മഹീപരിതാപമുടൻകള-
വാനയനാദികളമ്പൊടിരന്നേ,
ആനകദുന്ദുഭിതന്മകനായുള-
നായവനേ ശ്രീകൃഷ്ണൻ ദേവകി-
യാനവരം പെററതിൽ മുമ്പിലനന്തനു-
മവിടേ ബലനായ്‌വന്നു പിറന്നാൻ. ൨

അന്നാളേ ബത! കംസഭയാതുര-
നായ പിതാവാമ്പാടിയിലാക്കീ,
പിന്നെപ്പൂതനയോടു ശകടാസുര-
ഭീഷണവാത്യാസുരവധ ചെയ്തേ
മുന്നേനിൻറ യശോദയ്ക്കഖിലം
മുഖകുഹരേ ദർശിപ്പിച്ചിണമരു-
തെന്നേ! സുഖമേ!യെൻറ തകൎത്തു കു-
ബേരാത്മജരുടെ ശാപം തീൎത്താൻ. ൩

ആനവനല്ലോ വത്സബകാഘമ-
ഹാസുരരേക്കൊലചെയ്തതു, മയനതി-
ദീനതയുണ്ടാംമാറു കുഴപ്പം
നിതരാമൊരുനാളുണ്ടാക്കിയതും,
മാനമെഴും ധേനുകനേക്കൊൻറു മ-
ദംതീൎത്തേ കാളിയനെയിനിപ്പോയ്

വാനലകിനുസമമാം ദ്വീപേ നീ
വാഴ്ക്കെൻറരുളംചെയ്ത*ത്തുമരുളാലേ. ൪

അരുളോടേ ദാവാഗ്നികുടിച്ചാ-
നരിയപ്രലംബനെ വധചെയ്യിച്ചാൻ
വരനാരിയരുടെ കൂറ കവന്നു വ-
രുത്തിന്നനന്തണപത്തകൾമോക്ഷം,
പെരുതാകിയ ദേവേന്ദ്രൻ മദവും
പിന്നെയടക്കുവതിന്നൊരു കൈകൊ
ണ്ടൊരുപോലേഴുദിനം ഗിരിതന്നെയു-
യർത്തുപിടിച്ചു തടുത്താൻ വരിഷം. ൫

താനഭിഷിക്തനുമായാനിന്ദ്രൻ
തന്നാലുടനേ ശ്രീഗോവിന്ദൻ
മാനിതനായ പിതാ നന്ദനെയും
വരുണാലയമതിൽ നിന്റെ മീണ്ടാൻ,
മാനിനിമാർ പലരോടുമതീവ മ-
നോഹര വേഷമിയന്റു കളിച്ചാ-
ന്നനമില്ലാ നന്ദാദീനാം പുന-
രൊരുനാളാത്മോദയമറിയിച്ചാൻ. ൬

അറിവൊട്ടുവേറായേ ഗോപികളെയ-
ണഞ്ഞുകവന്നിടർചെയ്തവനേക്കൊ-
ന്റുരുതിവരുത്തിയരുഷ്ടൻ കേശിയൊ-
ടസുരൻ വ്യോമനെയും കൊലചെയ്തു
നിറമിയലും നിജരൂപം ജലമതിൽ
നിന്റക്രൂരനുകാട്ടിയുടൻ പോയ്
മുറുകിന രജകം കൊന്റു ത്രിവക്രാം
മുററിയ സുന്ദരിയാക്കിച്ചെയ്താൻ. ൭

താനഥ വില്ലുമുറിച്ചു ഗജേന്ദ്രൻ
തന്നുടെ കൊമ്പു പറിച്ചുയിർകൊണ്ടേ
ദീനമൊഴിഞ്ഞഗ്രജനൊടുടൻ പോയ്
നിരുപമമുഷ്ടികചാണൂരനെയും

* 'യനരുളാലേ' പാഠാന്തരം.

മാനിതരാം മല്ലാസുരരവിടേ
 മററും നിൻറവരെക്കൊലചെയ്തു
ഊനമതീവ വരുംപടി കംസനു-
 രത്തതുകേട്ടതികോപമിയൻറാൻ. ൮

കോപമിയൻേറ മാളികമീതു ക-
 തിച്ചുടനേറിയടിച്ചുയിർകൊണ്ടാൻ,
താപമെഴുംപടി കംസനെ,യവനുടെ-
 താതനെ നരപതിയായ് വാഴിച്ചാൻ,
ശോഭവരുംപടി തളയുമഴിച്ചുടി
 തൊഴുതാൻ താതനെ മാതാവിനെയും,
നാഠംപലതും വൈകാതേ ഗുരുവര-
 നരികു പുകുന്തറിവുററാനെല്ലാം. ൯

ആമളവും വൈകാതേ പഞ്ചജ-
 നാസുരവധചെയ്താദിയിൽ മൃതനാം
തീമയിലാൻ ഗുരുപുത്രനെയൻേറാരു
 ദക്ഷിണയാക്കി മുതിന്റു കൊടുത്തേ
സീമയിലാതളമാശീർവ്വാദം
 ചെമ്മേ സാന്ദീപനിയൊടു കൊണ്ടേ
പോയ് മഗധാധിപനോടു ജയിച്ചു
 പുരിപുക്കാൻ വസുദേവതനൂജൻ. ൧൦

അമ്പൊടു വേറായരിശൃഗാലനൊ-
 ടതിബലനാകിയ യവനനെയും കൊ-
ൻറിമ്പമിയന്നേ മുചുകുന്ദനു പുന-
 രേറിയനന്മ വരുത്തി വിശേഷാൽ
പിമ്പവിടേ മഹിഷികളെണ്മരെയൊരു-
 പിഴവാരാതെ വിവാഹം ചെയ്താൻ
തുമ്പമൊഴിഞ്ഞേ ഹംസനെ ഡിംഭസു-
 രാരിയെയും നന്മമോടുയിർകൊണ്ടാൻ. ൧൧

ഉയിരൊടിരുന്നേ മുക്തിവരും പരി-
 ചുപദേശിച്ചാൻ ഘണ്ടാകർണ്ണനു-
മുയർമലയരികു പുകുന്തു മഹേശര-
 നോടു വരങ്ങളും വരിച്ചാ,നതിനാൽ

അയുഗശരൻതാനേവന്നാത്മജ-
        നായുളനായാൻ കൃഷ്ണനുടൻപോയ്
ത്തുയിരവുമാറേ പൌണ്ഡ്രകനായ സു-
        രാരിയെവെൻറതി സന്തോഷിച്ചാൻ. ൧൨

ആനവനേ കാശീശ്വരനെക്കൊ-
    ൻറവിടം ചുട്ടതു,മരിയ സ്യമന്തക-
മാന മഹാമണിമൂലം ശതധ-
        ന്വാവിനെയുയിർകൊണ്ടതുമതിവേഗാൽ
ഊനമിയററിന മുരനരകാസുര-
        രുള്ളവർകളെയടയെക്കൊലചെയ്തു
വാനിടെ മേവും കല്പകവൃക്ഷം
        വസുധായാമുണ്ടാക്കിച്ചെയ്താൻ. ൧൩

താനഥ പതിനാറായിരമനുപമ-
        തരുണികൾതമ്മെ വിവാഹംചെയ്താ-
നൂനമില്ലായാത്മജരെയുമവർകളി-
    ലുൽപാദിച്ചാൻ പുനരഖിലേശൻ,
മാനിതനർജ്ജുനനൊടുപോയ് ഖാണ്ഡവ-
        വനമതെരിച്ചു ജരാസന്ധനെ വധ
ദീനതയെൻറിയുടൻ ചെയ്യിച്ചു നൃ-
        പന്മാരെത്തിറതീർത്താനവിടെ. ൧൪

താനഥ ശിശുപാലനെ വധചെയ്തു
        ധർമ്മതനൂജനുടേ നൃപസൂയമൊ-
ത്തൂനമൊഴിഞ്ഞേ സാധിപ്പിച്ചതു-
        മുടനേ സൌഭവിനാശംചെയ്താൻ;
ദീനതയോടുകിടന്നമഹീപതി
        നൃഗനു പുരാതനശാപം തീർത്താൻ
വാനരനാം വിവിദം കൊല്ലിച്ചാൻ,
        വമ്പിയലുൻറ ബലേന മഹാത്മാ. ൧൫

ആയപ്രകാരം പൊരുതു ഗണാവൃത-
        നായ മഹേശ്വരനോടു ജയിച്ചേ
ത്തുയമഹാബലിയായ നിശാചര-
        സുതനാംബാണനുടേ കരനികരം

തീയവ വാരാസ്സാൻ ഖണ്ഡിച്ചാൻ
　　ചെമ്മേ വല്ക്കലനായ നിശാചര-
നായകനെക്കൊല്ലിച്ചിടർതീർത്തേ
　　നാനാതാപസരെപ്പാലിച്ചാൻ. ൬൫

പാലിച്ചാൻ ഭൂഭാരം തീർത്തേ
　　പാണ്ഡവരെക്കൊണ്ടഖിലജഗൽപതി
ചാലെക്കനിവുററിനിയകുചേലൻ-
　　തന്നുടെ ദാരിദ്ര്യത്തെയൊഴിച്ചാൻ;
മൂലത്തെത്തികയറിയാതെയ്യ്തിയ
　　മൂഢനെ രുഗ്മിയെയും കൊൻറുടനതു-
കാലത്തെയ്യ്തിയ നാരദമുനിയക-
　　കാമ്പിൽ മഹാനന്ദത്തെ വളർത്താൻ. ൬൬

ആനന്ദംവരുമാറേ വിപ്രവ-
　　രാത്മജർതമ്മെയുടൻ ജീവിപ്പി-
ച്ചൂനമെഴും കാലിങ്ഗനെ വധചെ-
　　യ്യ്തുടനേ ദേവകിതൻവചനത്താൽ
മാനിതരായ നിജാഗ്രജർ മുമ്പു മ-
　　രിച്ചവർകളെയവൾമുന്നേ കാട്ടി-
ത്താനഥ സന്തോഷിച്ചാനൻറാൾ
　　സകലാത്മാവാം ശ്രീഗോവിന്ദൻ. ൬൭

അമ്പൊടുമുഡവരോടദ്ധ്യാത്മമ-
　　ശേഷമുരത്തകതാർ തെളിയിച്ചാൻ,
പിമ്പജനാദികളുടെ വചനത്താൽ
　　പൃഥിവിയിൽ മതി ഞാൻ വാണ്ണതുമെൻേറ
തുമ്പമെഴുംപടി വംശവിനാശം
　　തുലയാതേ ചെയ്യ്തേകാത്മാവാ-
യംബുജലോചനനങ്ങലയാഴിയി-
　　ചരവണമീതു പുകന്നു വസിച്ചാൻ. ൬൮

ആനവനേ തവ പൂർവ്വപിതാമഹ-
　　രാനവർകൾക്കഖിലേശപരനായതു,-
മൂനമില്ലാ വാന്ധവനായ് നിൻറതു,-
　　മുത്തമസാരഥിയായതുമരചാ!

താനവനേ സകലാത്മാവാകിയ
സച്ചിൽസുഖമായ് ത്രപഞ്ചമെൻറാ-
ലാനവനുടെ കഥയായ് മുടിയും കേ-
ളറികിൽ മഹാഭാരതമിതു തേറായ്. ൧൦

ആനപ്രകാരം ഞാൻ തവ പൂർവ്വപി-
താമഹചരിതമതിൽ ജീവാത്മാ-
വായ്മരുവും കൃഷ്ണൻകഥയോടിനി-
യറിയിപ്പൻ കഥയാദിയിൽനിൻേറ;
തൂയ തപോധനനായ പരാശര-
സുതമതമനുപമനാം ജനമേജയ-
നായ നരേന്ദ്രാ!യെൻറഥ വൈശ-
മ്പായനമുനി നൃപനോടതു ചൊന്നാൻ. ൧൨

ഇതി ശ്രീകൃഷ്ണവിലാസം
സംക്ഷേപം.

---

## സംഭവപർവ്വം.

നാന്മുഖനന്ദനനത്രിമഹാമുനി
നയനസമുദ്ഭവനായ് മുൻപരചാ!
കാണ്മവർകൾക്കു മനോഹരനമലക-
ലാത്മാ താരാധിപനുളനായാൻ;
താന്മഹിമാനമിയൻറവനുടയ ത-
നൂജൻ ബുധനുളനായാൻ പുനരവ-
നാണ്മ കലർന്നിളയാനവൾ പെററുള-
നായാനരിയപുരൂരവഭൂപൻ. ൧൧

അമ്പൊടുമവനുതനൂജൻഭൂപതി-
യായു,സ്സവനുതനൂജൻ നഹുഷൻ,
വമ്പൊടു ലോകത്രയനായകനായ്
വാണ്ണാനവനല്ലോ പുനരരചാ!
തുമ്പമിലാത യയാതിയവന്നൊരു
സുതനവനുടെ മഹിഷികളിരുവരിലും
അമ്പൊടു ശുക്രാത്മജ പെററുള്ളരാ-
യാരവിടേ യദുവും തുർവ്വസുവും. ൧൩

ഉമ്പർപുരാനുസമാനമഹീപതി-
യുത്തമനായ യയാതിക്കകമേ
വമ്പിലകം വൃഷപർവാവുടെസുത-
യാമവരം ശർമ്മിഷ്ഠയിലുളരായാർ
മുമ്പിൽ ദ്രുഹ്യുവനദ്രുഹ്യുവു,മഥ
വരഗുണനാകിയ പൂരുവുമെൻറിവർ
പിമ്പിതുകേരം യദുസന്തതി യാദവർ,
പിതൃശാപം ബത! വന്നിതവൎക്കും. ൨൮

അവരജനാകിയ പൂരു മഹാത്മാ-
വവനേ വംശവിവദ്ധനനായതു,-
മവനുടെ മൂലം പൌരവമായിതു-
മമൃതകരാന്വയമിതു നൃപതിലക!
അവനുടെതനയൻ ജനമേജയനറി-
കവനൊരുനന്ദനനേ പ്രാചിനപാ-
നവനഥ ശര്യാതി,യഹംപതിയവ-
നാത്മജനാകിയവൻ ഭൂപാലൻ. ൨൯

ഭൂപാലകനാകിയ സാൎവമഹാ-
ഭൌമനവനും ജയസേനൻ സുത-
നാഭോഗം ചേൎന്നിട്ടുമരചീനാ-
ഭിധനുമവനു മഹാഭൌമൻതാൻ
താപാപനയമിയററിൻറയുതന-
വൻസുത.നാനവനുടനക്രോധന-
ഭൂപാലക,നവനഥ ദേവാതിഥി-
പുനരൃചനവന്നൊരുനന്ദനനൃക്ഷൻ. ൩൦

അൻപൊട്ടുമന്തിപദാന്തേ നാരന-
വന്നൊരുനന്ദനനല്ലോ ത്രസ്നുവു,
പിൻപവനുടെ മഹിഷികളിരുവരിലും
പ്രിയയാം കാളിന്ദിയിലുളനായാൻ
അൻപെഴമിലിലി,നവനഥ ദുഷ്ഷ-
ന്താദികളെവർസുതന്മാരുളരായ്
പിൻപഥ വംശകരൻ ദുഷ്ഷന്തനു
പ്രിയസുതനായുളനായാൻ ഭരതൻ. ൩൧

ഭരതനു നന്ദനനായ് ഭ്രമന്യുവു
പാൎത്ഥിവനായ സുഹോത്രനവന്മക*-
നൎയ്യ വികുഞ്ജനനവനുടെ നന്ദന-
നവനൊരു സുതനേ ഹസ്തിനരേന്ദ്രൻ,
നിരുപമനൃപകുലവരനവനാദിയിൽ
നിൎമ്മിച്ചതുകാരണമായല്ലോ
പുരവരമിതു ഹസ്തിനപുരമായിതു
പുനരന്റേറമുതലേ നരവീരാ! ൧൮

നരവരനാമജമീഢനവന്നൊരു
നന്ദനനവനുതനൂജന്മാർ പലർ
കരുതുകിലോരോ വംശവിവൎദ്ധനർ
കാണവർകളിൽ മുഖ്യൻ സംവരണൻ
നിരുപമയായ ദിനേശപരസുതയാം
തപതിയിലവനു പിറന്നുളനായാൻ
കുരു,വവനുടെ സുതനറിക വിദൂരഥ-
ഗോപതി പിൻപു പരീക്ഷിത്തരചാ! ൧൯

അരചൻ ഭീമമഹാസേനൻ പുന-
രവനുടെ നന്ദനനായ പ്രതീപൻ
നിരുപമനവനൊരു മൂവർ സുതന്മാർ
നീകേശം ദേവാപിയു,മവനിളയോൻ
വരഗുണനാകിയ ശന്തനു പിന്നേ
ബാല്ഹീകനുമെന്റിവരുളരായാർ
വിരതിയിയന്റടവിയിലേ പോയാൻ
വീരാ! ദേവാപിയഥാദിയിലേ. ൨൦

ആദിപുരാനരുളാലെന്റതുപോ-
ലാരൊരുവരെയുമവൻ തൊട്ടാലവർ
മേദുരരായ് വാൎദ്ധക്യമിയന്റക-
മേ സന്തോഷവുമെയ്തുവരതിനാൽ

*ഭാരതം കിളിപ്പാട്ടിലും, ഇതിഃമലും ഉള്ള വംശക്രമവിവരണത്തിന് അല്പം പരസ്പരവിസംവാദം വന്നുകാണുന്നതു്, അതാതു മൂലഗ്രന്ഥങ്ങളുടെ പാഠഭേദത്താലായിരിക്കാം.

നാഥനവന്നഥ ശന്തനുവെന്നും
        നാമവുമുണ്ടായ് വന്നിതവന്നുട-
നാദരവീടിയ ഗങ്ങാനന്ദന-
        നായുളനായാൻ ദേവവ്രതനും. ൩൧

അനുപമസത്യവതിക്കുളരായാ-
        രാത്മജർ പുനരഥ ശന്തനുസുതരാ-
യിനിയ കുമാരൻ ചിത്രാങ്ങദനവ-
        നിളയവനാം നരപാലൻതാനും*
തനിയേ കന്യാഭാവേ പെററാൾ
        തനയൻ ദ്വൈപായനനെയുമവൾ, മു-
മ്പനയമൊടൊരു ഗന്ധർവ്വൻ കൊൻറാ-
        നവിടെച്ചിത്രാങ്ങദനെ മുനിന്തേ. ൩൨

തേറിയവന്നിളയവനഭിഷേകം-
        ചെയ്താൻ ദേവവ്രതനതുകാലം
വേറംബിക,യംബാലികയിവരെ വി-
        വാഹംചെയ്തവനും മൃതനായാൻ;
മാറില്ലാ ദ്വൈപായനനവർകളിൽ
        മാതൃനിയോഗത്താലുത്പാദി-
ച്ചേററന ഗുണവാനാം ധൃതരാഷ്ട്രനു-
        മിളയവനാം പാണ്ഡുവുമുളരായാർ. ൩൩

ഉളരായാർ വിദുരരുമഥ, പാണ്ഡുവു-
        മുടൻ നായാട്ടിനു നീങ്ങിയകാലം
കളിയായ് മൃഗമായ് മരുവിന മുനിതാൻ
        കാലപുരം പൂമളവു ശപിച്ചാൻ:—
„കളവാണികൾ തവ ഭാൎയ്യകളോടു ക-
        ളിക്കിലിവണ്ണം നീയുമരിക്കെ"—
ൻറുളരായില്ല സുതന്മാരതിനാ-
        ലൊട്ടുദിനം പാണ്ഡുവിനു നരേന്ദ്രാ! ൩൪

* വിചിത്രവീൎയ്യൻ

നരവരനാകിയ പാണ്ഡുവുടൻ പല-
നാളും ചൊല്ലുകയാലേ കുന്തിയു-
മൊരുദിവസം മന്ത്രശക്ത്യാ ധമ്മാം-
ശോത്ഭവനായ യുധിഷ്ഠിരനേത്താൻ
പരിചൊടുപെററാൾ, മാരുതസുതനതി-
ഭയകരനാം ഭീമനെയും, വാസവ-
നൊരുസുതനാമജ്ജുനനെയുമിവ ക-
ണ്ടുരചെയ്താൻ പാണ്ഡുവുമവളോടേ. ൩൫

„അവശതയുണ്ടറി മാദ്രിയിവാംക്കുമൊ-
രാത്മജനുണ്ടാകാഞ്ഞെന്റാൽ നീ-
യിവളൊടുമറിയിക്കമ്മെന്ത്രം മീ-
തെ”ൻറതുകേട്ടവളതുചെയ്തളവേ
ഭുവനമനോഹരരായ്‌വരുമശ്വിനി-
പുത്രാംശോത്ഭവരാകിയ തനയരെ-
യവിടേ നകുലനെയും സഹദേവന-
രാധിപനെയുമവളും പ്രസവിച്ചാൾ. ൩൬

അവനിപതീശ്വരനാം ധൃതരാഷ്ട്ര-
ന്നഞ്ഞൊരു നൂറാത്മജരുളരായാർ,
തവമിയലും ദ്വൈപായനനരുളാൽ
തത്ര മഹാരഥർ നാൽവർ വിശേഷാൽ
പവനസമാനബലൻ ദുര്യോധന-
പാത്ഥിവനും ദുശ്ശാസനനും മ-
ററവനിളയവനാകിൻറ വികണ്ണനു-
മറി, ചിത്രമഹാസേനൻതാനും. ൩൭

ആനതുകാലം പാണ്ഡു മരിച്ചവ-
നന്തരമേ ധമ്മാത്മജനാദിക-
ളാമവരെത്താപസർ ധൃതരാഷ്ട്ര-
ന്നരികേയാക്കി മറഞ്ഞതുകാലം,
മാനി സുയോധനനവരെക്കൊൾവാൻ
മനസി നിനച്ചൊരരക്കം നിമ്മി-
ച്ചാനതിൽ വേകാതേ വിദുരോക്തിക-
ളാലവർപോയ് വനമെയ്തി വസിച്ചാർ. ൩൮

അത്തണയിൻറ ഹിഡിംബനെയും കൊ-
ൻറവനുടെ സോദരിതന്നെ വൃകോദര-
നോത്തുവിവാഹംചെയ്താനവൾ പെ-
ററുളനായാൻ ഭീമന്നൊരുതനയൻ;
പാത്ഥിവരാമിവരന്തണവടിവായ്-
പാഞ്ചാലപുരം പുക്കാ;രജ്ജുന-
നോത്തഥ യന്ത്രവുമെയ്തുമുറിച്ചവ-
നുടെ മകളെക്കൊണ്ടാരെവരുമായ്. ൩൯

ആയതലോചനയാം പാഞ്ചാലിയി-
ലഥ സുതരുളരായാരെവക്കും
നായകനായ യുധിഷ്ഠിരർതനയൻ
നലമിയലും പ്രതിവിന്ധ്യകുമാരൻ;
ഭീയിയലാൻ ഭീമനു ശ്രുതസോമൻ,
പിൻപജ്ജുനതനയൻ ശ്രുതകീത്തി സു-
ഖായ ശതാനീകാഖ്യൻ നകുലനു,
ശ്രുതകമ്മാ സഹദേവനു തനയൻ. ൪൦

തനയൻ യൌധേയൻ ദേവക്യാം
ധമ്മാത്മജ,നഥ ശമ്മത്രാതൻ
കനിവിയലും ബലധരയിൽ ഭീമനു,
കാണജ്ജുനനഭിമന്യുവു,മരചാ!
ഇനിയൊരു രേണുകയിൽ ശ്രീനന്ദന-
നുളനായ് നിരമിത്രൻതാൻ നകുലനു,-
മനുപമസഹദേവനു വിജയായാ-
മാത്മജനറിക സുഹോത്രകുമാരൻ. ൪൧

അൻപിലകും ചിത്രാംഗദതൻമക-
നായുളനായാനജ്ജുനനൊരു സുത,-
നിമ്പമെഴും നാഗസ്ത്രീ പെററൊരി-
രാവാനും പുനരവനു തനൂജൻ;
വൻപിലകും പാണ്ഡവരെവക്കും
മക്കളൊരീരാറും പുനരൊൻറും
തുമ്പമൊഴിഞ്ഞുളരായാരേവം;
സുതനഭിമന്യുവിനറി തവ താതൻ. ൪൨

തവ താതൻ ഗുണമുള്ള പരിക്ഷി-
　　ത്താനവനഥ ഭദ്രവതീസുതനാ-
യവനിയെ വാണ്ണരുള്ളും ജനമേജയ-
　　നായ ഭവാനു തനൂജന്മാരായ്
ഉവവി മികുത്ത ശതാനീകാദിക-
　　ളുത്തമഹയമേധോന്മത്തൻതാ-
നവനുസുതൻ പൂരോവ്വംശം നീ-
　　യറി സങ്ക്ഷേപിച്ചേവമിതരചാ! ൪൩

സോമകുലക്ഷത്രിയസംഭവം.

---

ഏവമിതരചാ! മൃഗയാശീലന-
　　തെന്നും നരപതി പണ്ടിന്ദ്രൻതാ-
നാസ്സുരുവാൻ തവമോട്ടു തുലോം നാ-
　　ളാകലമിൻറിയുറച്ചതുകാലം,
„തീവിന വരുമവനിയെ നീ പാലന-
　　ചെയ്യായ്കിൽ, തവ ധമ്മമിതല്ലോ
ദേവസമൻ നീ,”യെൻറനുനയമൊട്ടു
　　ദേവേന്ദ്രൻ ചെൻറവനൊടിരന്നാൻ. ൪൪

„നാനാഗുണമൊട്ടു കൂടിയ ചേദിയിൽ
　　നരപതിയായ് നീ വാഴ്കവാടറ കോം
വാനോർപുരിനികരാമിട,മെൻറാൽ
　　വരുമതിസഖ്യം കേ൦ നമ്മളിലും;
ദീനാവസ്ഥവരാതാകാശഗ-
　　നിമ്മലമാനവിമാനമിതരചാ!
ഞാനാദരവൊട്ടു തഃന്നനങ്ങു ന-
　　ടക്കാകേണം തവ സുഖമായേ. ൪൫

തവ സുഖമായ് വരുവാനായമലസ-
　　രോരുഹമാലയിതേവമണിഞ്ഞാ,-
ൟവശതയുണ്ടാകാതേ പോരിലൊ-
　　രായുധമേററാ,ലൊരു ദണ്ഡിതുകാൺ!

വിവശതയുണ്ടാകാ രാജ്യത്തിൽ വി-
 രന്തിതിനെപ്പൂജിച്ചാൽ മുററും
ഭുവി പലനാറം മരുവീട്ടുക”യെൻറു പു-
 കൻറമരുലകു പുകുന്താനിന്ദ്രൻ. ൪൬

അൻപൊട്ടമിന്ദ്രനിയോഗം കേട്ടത-
 വണ്ണം ചെയ്തിന്ദ്രോത്സവപരനാ-
യിമ്പമിയൻറു വിമാനമമൻ്ടട-
 നെങ്ങും നടന്ന മഹീപതിയൊരുനാറം
തൻപുരമതിൽ നദിതന്നെ മുതിൻ്റ ത-
 ട്ടത്താൻ ഗിരി കോലാഹല,നാതിനതി-
വൻപൊട്ടമവനെത്തച്ചുതകത്തൊരു
 വഴിയിട്ടാൻ നദി പോവതിനരചൻ. ൪൭

അതുകാലത്തു സചേലനനാം ഗിരി-
 യവനത്പാദിച്ചന്നദി പെറേറ
മത്നേരാനനയാകിയ ഗിരിക മ-
 നോഹരിയാകിയ പെണ്ണുള്ളായാറം;
മതിമാനൊരു തനയനുമുളനായാൻ
 മന്നനു, സേനാപതിയായാനവ-
നതുകാലം ഗിരികയെ നരപതി താ-
 നാദരവോട്ടു വിവാഹം ചെയ്താൻ. ൪൮

ആനവാറംതന്നൃതുകാലേ പിതൃവര-
 രരുളാൽ നായാട്ടിനു പോയടവിയി
ലാനതുകാലമുഴൻറ മഹീപതി-
 യവളെ നിനച്ചതിപരവശനായാൻ;
ആനതിനാലവനും വീജം പുന-
 രൻറു വിനിർഗ്ഗതമരയാലിലയതി-
ലൂനമൊഴിഞ്ഞുണ്ടാക്കിയ ഭൂപതി-
 യോത്താനിതു പഴുതാകരുതെൻേറ. ൪൯

എൻറു മഹീപതി യോഗബലത്താ-
 ലിതമൊട്ടമതിനെത്തൊട്ടുജപിച്ചേ
നിൻറ പരുന്തിനൊടുട്ടിപ്പൊഴുതിതു മമ
 ദേവിക്കിനി നീ നൽകുക”യെൻറാൻ;

അൻറവനിത്തിനെയെടുത്തു പറന്നള-
    വാമിഷഖണ്ഡമിതെൻറു നിനച്ചേ
യൻറവനോടു പരുന്തന്മാർ ചിലർ
    ചെമ്മേ കൊത്തിയടിച്ചിടർചെയ്താർ. ൧൦

ആത്തിവരുത്തുവതിന്നു പരുന്ത-
    ന്മാർ പൊരുതളവരയാലിലകീറി-
പ്പേത്തു യമുനയിൽ വീണ്ണതുകാലം
    പെണ്മണിയാകിയ ദിവ്യസ്ത്രീതാൻ
ആദ്രികയയനുടെ ശാപത്താൽ മ-
    ത്സ്യാകൃതിപൂണ്ടവളതിനെ നുകന്നാൾ,
മാത്രയിൽ നിൻറിതു ഗഭമവൾക്കഥ;
    വലയിലകപ്പെട്ടാൾ പുനരവളും. ൧൧

അവളുടെയുദരേ മാനുഷബാലരെ-
    യവിടെക്കണ്ടാശ്ചരിയമിതെന്റോ-
ത്തവനിപതീശൻ വസുവിനുടേ മു-
    മ്പവർകളെ വെച്ചടിതൊഴുതാൻ ദാശൻ;
അവരില്പമാണിനെ മത്സ്യൻ നീയെ-
    ൻറങ്ങൊരു ദിശി വാഴിച്ചാനരചൻ
തവസുതയായ്ക്കൊൾകെൻേറ കന്യക
    തന്നെയുമന്നരയന്നു കൊടുത്താൻ. ൧൨

ആനവൾ സത്യവതീ താതാജ്ഞയി-
    നാലേ തോണികടത്തിനകാലം,
മാനിതനായ പരാശരനാം മുനി
    വന്നവൾതന്നെക്കണ്ടാനവിടെ;
ആനവനയുഗശരാതുരനായാ-
    നവളുടെ സൌന്ദര്യാതിശയം ക,-
ണ്ടുന്നമൊഴിഞ്ഞു വിചാരിച്ചുടനവ-
    ളുത്തമകന്യകയെൻറുമറിഞ്ഞാൻ. ൧൩

അറിവൊടു കാമാതുരനായ് വാത്തക-
    ളവളൊടു മുനി ചൊൽവതുകേട്ടവളും
പിറകുരചെയ്താ'ളിരുകരയും ബത!
    പെരിയ തപോധനർ നില്പതു പാരാ,

അറിവരവസ്ഥയിതവ’രെൻറതുകേ-
        ട്ടവിടേ നീഹാരം നിമ്മിച്ചാൻ
കുറവിയലാൻ മുനി,യൻറതിനാലിരുൾ-
        കൊണ്ടുമറഞ്ഞിതു ദിക്കുകളെല്ലാം. ൧൮

ആമളവും വൈകാതേ ദ്വീപില-
        ട്ടുത്തതുകാലം; „കന്യക ഞാൻ മമ
പോമിതിനാലേ കന്യാഭാവം;
        പുനരിനിയെന്തേ ഗതി മുനതിലകാ!
താമസിയാതിതറിഞ്ഞരു”ളെൻറിതു
        താപസനും കേട്ടവളൊടു ചൊന്നാൻ
„നീ മടിയായ്കറി കന്യാഭാവം;
        നീങ്ങാ നമ്മൊടു കൂടി വസിച്ചാൽ. ൧൯

വസുസുതയായ നിനക്കിനിവേണ്ടും
        വരമരുൾവൻ ഞാ”നെൻറതു കേട്ടവൾ
„കുസുമസമാന മമാങ്ഗസുഗന്ധം
        കൂടൊരുയോജനയുണ്ടാകെ’ൻറാൾ;
„അസദൃശമേവമിതാകെ’ൻറാൻ മുനി,-
        യഥ ബഹുമാനഭയാകുലയായേ
കുസുമശരാതുരയായവൾ മുനിവൻ
        കുറിയതിന്നനുവാദം ചെയ്താൾ. ൨൰

...   ...   ...   ...   ...   ...

ആനവനരുമറതന്നെ വ്യസിച്ചവ-
        നതിനാൽ വേദവ്യാസനുമായാൻ;
മാനിതനാം ദ്വീപതിലുളനായ മ-
        ഹാത്മാവായതു കാരണമരചാ!
താനവനേ ദ്വൈപായനനായാൻ;
        തപസാ വേദാധ്യയനാദികളാ-
ലൂനമിലാത തപോധനനവനെ-
        ൻറുരചെയ്താൻ നൃപനൊടു മുനിതിലകൻ. ൫൭

ഇതി ശ്രീവേദവ്യാസോത്പത്തി.

മുനിയൊടു ജനമേജയനാകിയനൃപ-
　　　മുഖ്യനപേക്ഷിച്ചാനതുകാലം
„തനിയേ ദേവാസുരരാദികളുടെ
　　　സംഭവമറിയേ,നതു ചൊൽകെ"ന്നേറ
കനിവൊടുമറിയിച്ചാനതു മുനിയും
　　　കമലോത്ഭവനരുളാലതുചൊൽവൻ:—
„മുനിതിലകന്മാരറുവർ പിറന്നാർ
　　　മുൻപു ചതുർമുഖമാനസസുതരായ്. ൧൮

മാനിതനായ മരീചിയൊടത്രിമ-
　　ഹാമുനിയംഗിരസാഖ്യപുലസ്ത്യരു
താനഥ പുലഹനുടൻ ക്രതുവെൻറിവർ
　　താപസ;രിവരിൽ മരീചിതനൂജൻ
വാനവരവരുടെ താതൻ കാശ്യപ-
　　നാം മഹരിഷിയമ്മുനിവനു പതിമ്മൂ-
ന്നൂനമില്ലാഗ്ഗുണമീടിയ പത്നിക-
　　ളുള്ളരായാ;രവർപെററതു കേളായ്. ൧൯

അതിൽ വരയദിതിയിലാദിത്യന്മാ-
　　　രറി ധാതാവൊടു മിത്രാര്യമരും
അതിനലമീടിയ ശക്രൻ വരുണൻ
　　　മററംശൻ ഭഗനോടു വിവസ്വാൻ
കതിരവനാകിയ പൂഷാ സവിതാ
　　　കണ്ണത്വഷ്ടാവിവർ പതിനൊരുവരിൽ
വിതതഗുണാകരനായിളയോനാം
　　　വിഷ്ണുവുടൻ ദ്വാദശരുളരായാർ. ൨൦

(വൃത്തഭേദം)

ആയിളു ഹിരണ്യകശിപുപ്രവരദൈത്യനഭി-
　　മാനി ദിതിതന്മക,നവനു തനയന്മാ-
രായുളരൊരൈവ,രതിൽ മുൻപുടയവൻ പ്ര-
　　ഹ്ലാദ,നവനുണ്ടു സുതർ മൂവരതിൽ മുന്നോൻ
തീയവയിലാനഥ വിരോചന,നവന്നറിക
　　ധീരതരനാകിയ മഹാബലി തനൂജൻ
നായകനവനു സുതരുണ്ടു പലർ വാണൻ
　　നാഥനതി;ലുണ്ടു ദിതിപെററു പലർ മററും. ൨൧

മുററിയബലത്തൊടൊരു നാല്പതു സുതന്മാർ
    മുഖ്യതയിയൻറ ദനുവിന്നുമുളരായാർ;
ഉററമർചെയ്യും നമുചി കേശിയൊടു ശംബരനു-
    മുഗ്രംക്കനമൊടേവമവർ തമ്മുടയ വംശേ
അററമിയലാതബലമേടിയ മഹാവാ-
    താപി നരകാസുരനുമീടിയ പ്രലംബൻ
കൊററവരിവണ്ണമുളരെയിരുവരോത്താൽ
    ക്രൂരരുതു മററിവർകൾ സന്തതികളെല്ലാം. ൩൨

സന്തതിയനായുഷ തനിക്കരിയവൃത്രൻ
    താനുമഥ വിക്ഷരനുമാദിയൊരുനാല-
ങ്ങന്തമിയലാത ബലി രാഹുവു പുറന്നാ-
    നൻപിനൊടു സിംഹികതനിക്കുമവനീശ!
ബന്ധമിയലാതരിശമോടുമൊരുക്കൂട്ടം
    വേററിക ക്രോധവശതന്നുടെ സുതന്മാർ
സന്തതിവിനാശനമഹാസുരമുഖന്മാർ
    സാരതരർ കാല പ്രസവിച്ചുമുളരായാർ. ൩൩

ഉള്ള രജനീചരകുലത്തിനു മഹാഗുരുവു-
    ദാരഗുണനായ കവിസൂനു മുനിശുക്രൻ
ചൊല്ലെഴുമവന്നു സുതർ നാൽവരസുരന്മാ-
    രനപായസുഖായ ശുഭകർമ്മകരായ് മഹിമയൊടും
നല്ലരവരേററമതുനില്ക്കു, വിനതാതനയർ
    നാഗരിപുവാം ഗരുഡനോടരുണനാദി ചില
തുല്യമിലയാതവർകളീരെണ്മർ ചിത്രരഥ-
    ശുഭചരിതനാദി മുനി തന്നുടെ സുതന്മാർ. ൩൪

മാർദ്ദവമിയൻറവപുഷാ പുനരനന്തൻ
    വാസുകിയുമാദി പലർ കദ്രുതനയന്മാർ
പേർത്തു കപിലാതനയഗോക്കളൊടു വിപ്രവരർ
    പിൻപമൃതമാദിപലവുണ്ടു ധരണീശ!
മാത്രഗുണമുള്ള മരലോകവരസുന്ദരിക-
    ളിഗണാദ്യരംഭയൊടു മേനക തിലോത്തമയും
മാദ്രികയിൽ നല്ലവളലംബുഷയുമെൻറിവർക-
    ളാദി പലപുത്രികൾ മുനിക്കഥ പിറന്നാർ. ൩൫

അന്നവരുമൻപൊടു ഹഹാദി ചില ഗന്ധർവ്വ-
        രാമവരുമമ്മുനിതനിക്കഥ പിറന്നാർ
മുന്നമജനന്ദനമുനീന്ദ്രരിലുമങ്ഗിരസ-
        മുഖ്യനൊരു മൂവർ സുതർ ശിഷ്ടതിമുഖന്മാർ
പിന്നെയറി നീയിതു മൃഗവ്യാധരാദിയതി-
        ഭീതികരരുദ്രവരരുണ്ടവരൊടൈവർ
നൻനെറിയറിഞ്ഞു തവമേ ചെയ്യുമത്രിസുതർ
        നല്ലവരനേകരുളർ തേറിതു നരേന്ദ്ര! ൯൩

ആദിയിൽ മഹാബലമിയൻറവരരാക്ഷസ-
        ണാദികൾ പുലസ്ത്യസുതരായുമുളരായാർ
നീതിയിയലും പുലഹപുത്രർ മൃഗജാതിയാട്ടു
        നിർദ്ദയയിയൻറ മൃഗരാജമുഖർ മററും
നീതിയിൽ മഹാപക്ഷിജാതി സഹചാരികൾ നി-
        രാകുലതപോബലമെഴും ക്രതുസുതന്മാർ
ആധികളവാനയനു ദക്ഷിണപദാങ്ഗു-
        ഷ്ഠാദഥ പുരാ മഹിതദക്ഷനുളനായാൻ. ൯൪

ആനവനു പത്നിയജവാമചരണാങ്ഗു-
        ഷ്ഠാദഥ പിറന്നവളവൾക്കു സുതമാരാ-
യൂനമിയലാത പല പുത്രികൾ പിറന്നാ,-
        രോക്കിലിവർ സന്തതികൾ മിക്കവരുമിപ്പോൾ,
മാനിതവസുക്കൾ ധരനാദികൾ പ്രജാപതി മ-
        ഹാഗുണമിയൻറവനു പുത്രരിരുനാൽവരുള,-
രാനവരുടേ പുത്രപൌത്രമുഖരാമവര-
        യാരുരചെയ്യാവവരസംഖ്യരവരെൻറാ ൯൫

വരനു സവിതാവിനൊരുപത്നി ബഡവായാം
        വടിവൊട്ടമിരുന്നവൾതനിക്കു സുതരശ്വിനികൾ
വരഗുണരൊരീരറുവരാദിത്യർ പതിനൊരുവർ
        വൻപുടയ രുദ്രർ വസുമുഖ്യരിരുനാലും
കരുതുമളവശ്വിനതനൂജരിരുവരുമിവർകൾ
        കാണമരരിൽപ്രവരർ മുപ്പത്തുമൂവരറി
ഗുരുഗരുഡനാദികളമത്ഥഗണമഥ തനയർ
        ഗുഹ്യകവരൌഷധികളശ്വിനിസുതക്കോ. ൯൬

അക്കനൊടു നേരൊളിവിയൻറ മുനിവൻ ഭൃഗുര-
ജാത്മജനവന്നുതനയൻ കവിമുനീന്ദ്രൻ
ശുക്രനവനാത്മജനവൻ വിധിനിയോഗാൽ
ത്രയവരിഷാധിപതിയാം ഗ്രഹവുമായാൻ;
തക്കമുനിവൻ ച്യവനനങ്ങു ഭൃഗുവിന്നഥ ത-
ന്നുജനവനൌർവ്വനവനാത്മജനൃചീകൻ
മുഖ്യജമദഗ്നിയവനാത്മജ ᳚ വന്നു സുതർ
മൂറവുമൊരുനാൽവരിളയോനതിലിരാമൻ. ൧൦

അതിവിതതമെൻററിക വംശമിതു ഭാൎഗ്ഗവമ-
ശേഷ ജനയിത്രിമലമാതിഹ പിറന്നാ-
ളഥ മഹിതതാമ്രയിലൊരഞ്ചുവിധപക്ഷികള-
രിഷ്ടയൊടുളായ് സരമയാദി പലർ മററും
മതിന ᳚മിയൻറ മുനിപത്നികളുടേ തനയർ
മററി ചരാചരവുമെൻറ മുനിതന്നോ-
ടിതുപൊഴുതു മേദിനിയിലുള്ളവർകൾ തമ്മോ-
ടിൻറിതരുൾചെയ്യെൻറ ഭൂപതിയുരത്താൻ. ൧൧

ഇതി സൎവ്വോത്പത്തി.

---

ആനവനുടേ നിനവറിഞ്ഞ മുനി വൈശ-
മ്പായനനുമാദരവൊട ന്നൃപനു ചൊന്നാൻ;
„ഭീനമഖിലം പറവ,തെങ്കിലുമിദാനീം
നീതിയിലുരപ്പനിവയെൻറിതരുൾചെയ്താൻ: —
ദാനവവരൻ വിപ്രചിത്തി മഗധാധിപതി
താനഥ ഹിരണ്യകശിപുപ്രവരദൈത്യൻ
മാനി ശിശുപാലനറി വാഷ്കളനരകൻ
വാധയിയലാത ഭഗദത്തനവനീശ! ൧൨

ആകുലമിലാ നൃപതി ശല്യനസുരൻ സം-
ഹ്ലാദനഥ ഹാൎദ്ദിക്യനശ്വപതിദൈത്യൻ
കേകയകുലേ പല നിശാചരമഹീപതികൾ
കേൾക്ക ശിഖിദൈത്യനരചൻ ദ്രുമനുദാരൻ

വേഗമിയലും ക്രോധപുത്രനരപതി രാഹു
വേറിനിയനേകരജനീചരരിവണ്ണം
ഭോഗവരരായ് മദമിയിൻറ നൃപരായേ
ഭൂമിയിതിൽവാണ്ണു ബലവീര്യമൊടിരുന്നാർ. ൧൨

ആരണരിൽ മുൻപനമലൻ മുനി ഭരദ്വാ-
ജാത്മജനയോനിജനശേഷഗുണവാനായ്!
പാരിതിലമന്ന പുരുഷൻ ദ്രോണരിന്ദ്രഗുരു-
ഭാഗമഥ കാമപരമേശ്വരമുഖന്മാർ
ധീരതയിയൻറവർകം തമ്മുടെയൊരംശം
തേറുകിലിവൻ തനയനാം ദ്രോണിയായതിഹ
സാരതരരാകിയ വസുക്കളറി ജാഹ്നവിത-
നിക്കു സുതരായവർ വസിഷ്ഠമുനിശാപാൽ. ൧൪

ശാപമതിനാലിഹ പിറന്നവരിൽ മുഖ്യൻ
ശാന്തനവനാം നൃപതി ഭീഷ്മരറി ദിവ്യൻ
കോപമിയലും മഹിതരുദ്രഗണശക്തി കൃപർ
കൂടറിക സാത്യകി മരുദ്ഗണഭവൻ താൻ
താപമിയലാൻ ദ്രുപദനും പുനരതംശം-
താനഥ പരാശരസുതാത്മജനുമായേ
ഭൂപതിയുമായ ധൃതരാഷ്ട്രനറി ഹംസൻ
പൂജിതനരിഷ്ടതനയൻ വിനയശീലൻ. ൧൫

ശീലഗുണമേതുമില്ലാത ധൃതരാഷ്ട്രസുതർ
തേറുകിലിരാക്ഷസപുലസ്ത്യതനയന്മാർ;
ബാലരവർ നൂററുവരിൽ മൂത്ത ദുര്യോധന മ-
ഹാനൃപതിതാൻ കലിയനെൻററി നരേന്ദ്ര!
മൂലമറിയാതവനനേകനൃപജാതിയെ മു-
ടിച്ചവനടൻ ദ്വാപരൻ ശകുനി തേറുക്തു
ബാലനഭിമന്യു നൃപസന്തതി സുവർച്ചാ-
വാനവരസോമസുതനായതവനീശ!! ൧൬

ആദരവെഴും വിദുരരാനവർ യമാംശമറി-
യഗ്നിവരശക്തിഭവനദ്രുപദപുത്രൻ
നീതിയിലുമാറിഹ നപുംസകവുമാകിയ ശി-
ഖണ്ഡിയൊരു ഗുഹ്യകനിവണ്ണമിനിയും കേൾ!

ഛേത തെളിയും ദ്രൌപദീതനയർ വിശേ-
ദേവഗണശകതിഭവ,രക്കനുടെ ശക്ത്യാ
വാധയിയലാ നൃപതി കണ്ണനളനായാൻ
വാനവരിവണ്ണമിഹ ജാതർ പലർ മററും. ൧൭

ജാതനറി ശേഷനിതമീടിയ യദൂനാം
ജാതിയിതിൽ വന്ന ബലനായുടനിവണ്ണം
നാഥനജതാതനസുരാരി ഭുവനാനാം
നാശമിയലാസ്ഥിതിനു വന്നിഹ പിറന്നാൻ
താതവസുദേവനുമുദാരഗുണയമ്മാ-
താവു വരദേവകിതനിക്കുമുടനുണ്ടാ-
മാധികളവാനുമവർപുത്രതകലൻറ-.
ണ്ടായ പുരുഷൻ കൃഷ്ണനായതു നരേന്ദ്ര! ൧൮

ഇന്ദ്രവചസാ ഭുവി പിറന്ന സുരസുന്ദരിക-
ളിങ്ങു പതിനാറായിരം കൃഷ്ണപത്നികളു-
മന്തകനുടേയംശമായതു യുധിഷ്ഠിരന-
വണ്ണമനിലാംശഭവനെൻററിക ഭീമൻ
വന്ദ്യനമരേന്ദ്രഭവനർജ്ജുനനഥാശ്വിനിവ-
രാത്മജഭവൌ തൌ നകുലസഹദേവൌ
സുന്ദരികളിൽ പ്രവര ദ്രൌപതി രമാംശഭവ
ചൊൽവതിനരിപ്പമിവനത്തുമവനീശ! ൧൯

അദ്രിഭവശക്തി വരസിദ്ധിയൊടുടൻ ധൃതിയു-
മായതിഹ കുന്തിയൊടു മാദ്രിയറികെൻേറ
ആദരവിനോടുമരുൾചെയ്തമുനി വൈശ-
മ്പായനനൊടൻറു ജനമേജയനരത്താൻ:—
„ബാധയിയലാൻ നൃപതി പൂരുവിനുടേ കഥകൾ
മററു മുനിപുത്രിയെ യയാതിന്നരപുംഗവനൊ-
രേതമിയലാതവഴി വേട്ടപരിചും ചൊൽ-
കെ" ൻറവതങ്ങു മുനി മന്നനൊടു ചൊന്നാൻ. ൨൦

„ആനവനനത്തുമിഹ കേൾക്ക സുരരോടസുര-
രാനവർകളാദിയില്പറച്ചമർ കിടച്ചാർ
താനസുരർ പോരതിൽ മരിച്ചവർകളേ സ-
ന്താപമറുമാറു മുനിശ്ശുക്രനുയിർതോററും

വാനവരെ വാനവരുടേ ഗുരുവവണ്ണം
 വാധകൾകളഞ്ഞു ഭരിയാനതിനുപായം
താനുമറിയാഞ്ഞതുമറിഞ്ഞപൊഴുതേ സ-
 ന്താപമൊടമർത്ത്യവരരും കചനു ചൊന്നാർ. വ ൧

ആർത്തികളൊഴിഞ്ഞുയിർതരേണമിനിയെങ്ങൾ-
 ക്കാസ്ഥയൊടു നീ ഗുരുസുതാ! യിനിയിതിന്നാ-
യോത്തിനിയ ശുക്രമുനിതന്നുടെയ വിദ്യാ-
 മുറററിക ചെൻറതിനുമുണ്ടിനിയുപായം
ഗാത്രഗുണമുള്ളവളുടൻ ദേവയാനിയിതു
 കാണവൾ മഹാമുനിയവന്നു സുതയെൻറാൽ
പേർത്തുമവൾചൊന്നതു ചെയ്യും മുനിയവൾക്കരിയ
 പ്രീതിവരുമാറു മരുവീടുകിലിതുണ്ടാം വ ൨

ഇതിനുഴറുകെൻറമരർചൊന്നപൊഴുതേ കചനു-
 മിന്ദ്രരിപുതൻ ഭവനമെയ്തി മുനിയേക്ക-
ണ്ടിത ഗുരുസുതൻ കചനഹം ബത! ഭവാനെയൊരി-
 തത്തൊടു ഭജിക്ക നിനവുററിവിടെ വന്നേൻ
അതിനരുൾകയെൻറളവിവണ്ണമതു ചെയ്തേ
 ഗതമധികവത്സരമുടൻ കചനുമായേ
... ... ... ... ... ... ...
 കേൾക്ക സതതം കളി മുനീന്ദ്രതനയയ്ക്കും. വ ൩

നലമൊടു കചൻ ദേവയാനി ചൊല്ലിൻറവ ന-
 ലത്തൊടുചെയ്യും കുസുമമാലകൾ തൊടുത്തും
ദയയുടനവൾക്ക തന്നേക്കറിച്ചേററവും
 ദിനമനുവരുത്തിനാനുററു ശുശ്രൂഷയാൽ
അനയമിതു വിദ്യകേൾപ്പാനമർത്ത്യാജ്ഞയാ-
 ലറിക കചനിങ്ങിവൻ വന്നവനവന്നു പോം
പുനരിതിനുമുള്ള കോപ്പുണ്ടൊഴിപ്പോമിതി-
 പ്പൊഴുതിലിനിയെൻറു ദൈത്യേന്ദ്രരും തേറിനാർ. വ ൪

തേറി മുനിതന്നുടെ പശുക്കളവുമായൊരുദി-
 നം കചനരണ്യമതിലെയ്തിയവ മേച്ചേ
ഏറിയ തളച്ച്യൊടിരുന്നളവു ചെൻറസുര-
 രേതുമറയാതവനെ വൻപിട്ടു കൊൻറാർ

വേറവനുടേ ശവവുമൻറവിടെ നാന്നരികൾ
        വേഗമൊട്ട തിൻകെന്നു നറുക്കിയുടനിട്ടാർ,
ഏറ്റെ വിരവോടതവ തിൻറ പൊഴുതേ ദൈ-
        ത്ത്യേശ്വരരുമാകുലമൊഴിഞ്ഞു നടകൊണ്ടാർ. വൃ ൯

ആത്തിയൊട്ടുടൻ ദേവയാനി നിജ താതനൊട-
        ണഞ്ഞുരചെയ്താ,„ളിനിയുമെന്തിഹ വരാഞ്ഞിതുമൊ-
രാസ്ഥയൊട്ട കേൾ കചനുമന്തിയിതു ഗോകുലവൃ-
        മാഗതമവിറെറാട്ടുമവൻ വരവു കാണേൻ
ധാത്രിയിലിരിപ്പതുമൊഴിഞ്ഞിഹ മരിപ്പൻ
        താത! കചനിൻറിഹ വരായ്കിലൊരു സത്ത്യമിതു-
മോത്തറിക,”യെൻറളവു ശുക്രനുമവൻതന്നെ-
        യുഴറെറാടിഹ കാട്ടുവനടങ്ങിയിരിയെൻറാൻ. വൃ ൰

എൻറു മൃതസഞ്ജീവനീവിദ്ദ്യതന്നെ മുനി-
        യിമ്പമൊട്ടമോത്തു കചനിങ്ങുവരികെൻറാൻ,
തിൻറ മൃഗജാതികളുടേയുടൽപിളന്നു നിജ-
        ദേഹമൊടവൻ മുനിയെ വന്തടിപണിന്താൻ,
അൻറു സുഖമായിതവിടേ ദേവയാനിക്കു-
        മരിശമൊട്ട ദൈത്ത്യവരരും കചനെയും ൻ
കൊൻറിടർചെയ്താർ മുനിയുമേവമതുതീത്താൻ
        കോപമിതിനാലധികമായിത സുരക്കും. വൃ ൧

സുരഗുരുസുതൻ കചനെയരിശമൊട്ടുകൊൻറസുരർ
        ചുട്ടടനരച്ചു മുനിതൻ നിയമകാലേ
സുരയിലതിതത്തൊട്ടകലക്കിയവർ ചെയ്ത
        ദോഷമറിയാമുനിയതും ബത!നുകന്നാൻ,
„നിരുപമകചൻ മമ വരാഞ്ഞതുനിമിത്തമറി
        ദീനതയെനിക്കു പെരുതെ”ൻറ മകൾതന്നോ-
ടരുതിതറി വിദ്ദ്യയിതിനാലുമവനുണ്ടാം
        കാണതൊരുകമ്മമറികെൻറു മുനി ചൊന്നാൻ. വൃ വൃ

ചൊന്നളവു കന്ന്യകയുമെങ്കിൽ മരണം മമ സു-
        ഖം കചനെയിൻറിഹ വരുത്തുവതിലയ്കിൽ
പിന്നെയിരിയേനിതൊരു സത്ത്യമറികെൻറളവു
        പേത്തുമഥ വിദ്ദ്യയൊട്ടുരച്ചു മുനിശുക്രൻ

„വന്നിഹ കചാ! മരുവുകെ”ന്റുടനുടൻ പെരികെ
വൻപൊടു വിളിച്ചപൊഴുതേറിയവിഷാദാൽ
„എന്നെ വിളിയാസ്സ തവ കുക്ഷിയതിൽ ഞാനുളനി-
തോത്തറിക”യെൻറു കചനും തദനു ചൊന്നാൻ. ൫൯

ആനപൊഴുതേ ദേവയാനിയൊടു ശുക്രമുനി-
യാകുലമിയൻറുരചെയ്താനറിക പുത്രി!
ഞാനിഹ മരിപ്പുനവനിങ്ങുവരികിൽക്കേരം
നാമിങ്ങിതിളയ്ക്കിലവനും വരുമതോത്താൽ
ന്യൂനമിതിൽ വേണ്ടുമതുചൊൽകെന്ന മുനിയോടു
„ദൂഷണമെനിക്കുപെരുകും തവ വിനാശാൽ
മാനിതകചൻ മരണമെയ്യുകിൽ വരാ സുഖമ-
താവതിതിലെന്തു?” മുനിപുത്രിയുമുരത്താൾ. ൬൦

പുത്രിയുടെ സങ്കടവുമാജ്ജവവുമോത്ത മുനി-
പുങ്ഗവനതിന്നുമൊരുപായമറിവുറേറ
തത്ര കചനോടരുൾചെയ്താനരിയവിദ്യാം
തതാമിനി നീയിഹ ബഹിഗ്ഗതനുമായാൽ
വിദ്യയിതിനാലെന്നെ നീയുമുയിർതോററുക വി-
ഷാദമൊഴികെൻറമുനി തന്നുടൽപിളന്നേ
ഭക്തിയൊടു നിഗ്ഗതകചൻ മുനിയെയും താൻ
പററുവതിതെൻറുയിർകൊടുത്തിടർകെടുത്താൻ. ൬൧

ഉത്തമമുനീന്ദ്രനുണർവുററഥ ശപിച്ചാ-
„നക്കനെമെനിക്കിഹ കളഞ്ഞതുനിമിത്തം
മദ്യമിതുതന്നെയിനിയന്തണർനുകന്നാൽ
മറവുടനശേഷജനനിന്ദ്യതയിയന്റേറ
അത്തലൊടു വാനലകപോലുമവർകൾക്കു-
ണ്ടാവതൊഴി’കെൻറഥ കചൻ ഗുരുനിയോഗാൽ
ചിത്രതരകാന്തിയൊടു പോവതു തുനിഞ്ഞാൻ
ചെൻറവനൊടൻറു മുനിപുത്രിയുരചെയ്താൾ. ൬൨

„ചേൽ തവമെഴും മുനിസുതാ! നിന്നെയുണ്ടു മമ
ചേതസി മഹാസ്നേഹമെൻറതറിവുറേറ
കൈതവമൊഴിഞ്ഞെന്നെ വേൾക്ക നീ”യെൻറിതു ക-
ചൻ കേട്ടു സംഭ്രമമിയൻറുടനുരത്താൻ

„ചെയ്യുമടിയാതതഭിവാഞ്ഛിതമിതെൻഗുരുസു-
തേ! ഗുരുവെനിക്കറിക നീയുമതിനാലി-
ങ്ങെയ്യു,മതുമല്ല ജനയിത്രിയൊടു താതനുമെ-
നിക്കുഗുരുവും തവ പിതാവിതുവുമോരാ. ൯൩

ഇതുപൊഴുതു താതനുദരത്തിലുളനാകിയ യെ-
നിക്കറിക നീയൊരു സഹോദരിയൊടൊക്കും;
മതിനലമൊടിൻറിവയനത്തുമറിവുററിനി മ-
കിഴ്ന്തരുൾക”യെൻറിതവളോടു മുനിചൊന്നാൻ
അതിന്നു മുനിവോടു „ഫലിയായ്ക തവ വിദ്യയിത-
തീവ ദുരിതംചെയ്ക’തെൻറവൾ ശപിച്ചാൾ
ബത! മുനിവരാരുമിനി നിന്നെ വേൾക്കായ്കെൻറു
വേദനയൊടേ കചനുമൻറഥ ശപിച്ചാൻ. ൯൪

അൻറുരചെയ്താൻ പിന്നെയും ദേവയാനിയൊട-
തീവ ഗുണവാൻ കചൻ „അറിഞ്ഞരുൾക ഭദ്രേ!
നൻറിയിയലാതു തവ ശാപമിതിനാലിനി ന-
മ്മുക്കു ഫലിയാ വിദ്യ നൽകതുവിശേഷാൽ,
ഒൻററിക വിദ്യയിതു നമ്മൊടു പഠിപ്പവർക-
ളൂനമിയലാതേ ഫലിപ്പിപ്പർ നിശ്ചയമി-
തെൻറ മുനിയെൻ ഗുരുവിനോടു പറയേൻ ഞാ-
നെൻറു നടകൊണ്ടു മുനി വാനുലകുപുക്കാൻ. ൯൫

വാനവർകൾ കണ്ടു കചനെത്തഴുകിയാശീ-
ർവാദമൊടു „നാമസുരരോടിനിയെതിക്കെ-”
ൻറൂനമിയലാതുരചെയ്യിൻറപൊഴുതിന്ദ്രനുമ-
വന്നു നടകൊണ്ടപൊഴുതിങ്ങു ഭുവി കണ്ടാൻ,
മാനിതഗുണാകരമഹാകന്യകാജനമ-
നേകർ നദിതന്നിലിതമോടു വിളയാടുവതു,-
മാനവർകൾ വസ്ത്രമതു വെവ്വേറിരുന്നതനി-
ലാകൃതിധരൻ ദേവരാജനൊരുമിച്ചാൻ. ൯൬

ഒരുവരൊഴിയാതു കരയേറി യവരവർക-
ളൊക്കെയുമെടുത്തു നിജവസ്ത്രമറിവുറേറ
വിരവൊടുമുടുത്തപൊഴുതിങ്ങസുരരാജസുത
വേറു മുനിശുക്രസുതതന്നുടയ വസ്ത്രം

കരുതിയറിയാതുടനുട്ടത്തതിനു മുനിതനയ
കണ്ടു നിജവസ്ത്രമവൾ ചുററിയതറിഞ്ഞേ
പെരിയ ചിനമോട്ടുരചെയ്താളസുരപുത്രിയൊട്ടു
ചിമ്പവല്ലമേറെ മുനിവോട്ടുടനുരത്താൾ. ൯൬

ഉടനസുരപുത്രി ചിനമോട്ടു മുനിപുത്രിയെയു-
ഴറെറാട്ടുമണഞ്ഞൊരു കിണററിലഥ തള്ളി-
ക്കട്ടുക നിജതാതനരികെയ്ത്തിയതുകാലം
കാതരതയോടവൾ മരിപ്പതിനു മുന്നേ
വടിവുടയ ഭൂപതി യയാതി നായാട്ടിന്നു
വന്നവനതീവ തളർവുററു ജലമാരാ-
ഞ്ഞവിടെയുഴലിൻററളവു കൂപമതിനുടെ കരയ-
മന്നളവു കന്യകയെയർപ്പിനൊട്ടു കണ്ടാൻ. ൯൭

കണ്ടവനുമിന്നവളിതെൻററതുമറിഞ്ഞു നിജ-
കൈക്കൊട്ടു കൈയതുപിടിച്ചു കരമേററി-
ക്കൊണ്ടപൊഴുതാദരവിനോട്ടുമവൾ ചൊന്നാൾ:—
"കൂപമതിൽനിൻറു കരമേററിയനിമിത്തം
കൊണ്ടരുൾക നീ നരവരാ! നമ്മെ മറെറാരുവർ
കൊൾകില്ല, നീ കൈപിടിച്ചവനമെൻറാൽ
ഉണ്ടു മമ വാഞ്ഛയുമിതിങ്കലറികെ"ൻററളവി-
ലോത്തു നരപാലനവളോട്ടുമരുൾചെയ്താൻ. ൯൮

"അരിയതപമുള്ളമുനി നിന്നുടെ പിതാ ശുക്ര-
നമ്മുനി തരായ്കിൽ മമ കൊള്ളരുതു നിന്നെ
കരുതുകയി"തെൻററളവു താതനരുളാലിതാരു
കനിവിനൊട്ടു സാധ്വപ്പനെൻറതറികെൻേറ
നിരുപമമുനീന്ദ്രസുത ചൊന്നളവു തങ്ങളിൽ നി-
രന്നു നടകൊണ്ടു നൃപനൻറു പുരിപൂക്കാൻ
ഒരുമരമതിൻതണലിലൻറു മുനികന്യകയു-
മുള്ളിലതികോപഭയശോകമൊട്ടു നിൻറാൾ. ൧൦൦

"ആളികളുമായിനിയവാർപൊഴിലിന്നുട്ടു വിള-
യാട്ടുമതിനായ് മമ തനുജയവൾ പോനാൾ
കേളവൾ വരാഞ്ഞതിനു കാരണവുമെന്തറിക
ഖേദമറുമാറെ"ന്നു മാമുനിയുരത്താൻ

കേളിവരുമാറുതനയാമിവിടെ മുന്നേ
കേട്ടൊഴിയെ നീതിയിൽ വളർത്തിയവൾ തന്നോ-
ടാളിതിനു ഞാനെന്നു നടന്നവൾ മുനീന്ദ്രസുത-
യാനവളെയമ്പിനൊടു കണ്ടളവു ചൊന്നാൾ. ൧൦൧

കണ്ടവളണഞ്ഞുഴറി„യെന്തുവളർതാപമിതു
കാർകുഴലി! ചൊൽക”ന്നു മുനിസുതയുരത്താൾ:—
„ഉണ്ടസുരരാജസുതയാലിടരെനിക്കെ”-
ൻറുണ്മയുരചെയ്തളവു ഘൂർണ്ണിയുമുരത്താൾ:—
„കണ്ടുഴറി നിന്നെയിടർ തീർപ്പതിനു താതൻ
കൺകളിമയാതു വഴിമേലുളനവന്നി-
ൻറിണ്ടലരുമാറുവരികെ”ൻറളവു കന്യകയു-
„മെൻറുമസുരേന്ദ്രപുരമെയ്തുകയില്ലെ”ൻറാൾ. ൧൦൨

എൻറളവു ചെന്നവൾ മുനീന്ദ്രനൊടു ചൊന്നാ,-
„ളെന്തസുരരാജസുതയാലതിവിനാശം
നൻറിയിയലാതപരിചെയ്തി,യുയിരോടും
നമ്മുടയപുത്രിയവളിങ്ങിനിവരാ കേൾ!
ചെൻററികവസ്ഥകളെ”യെൻറളവു ശുക്രമുനി
ചേതസി വിഷാദമൊടുഴറ്റൊടുമണഞ്ഞേ
നൻറിവരുമാറുമവളെത്തഴുകി„യെന്തു തവ
നാശമിതുവന്നതിനു കാരണവു”മെൻറാൻ. ൧൦൩

എൻറളവു „ദൈത്യരൊടിരുന്നു പുലരിൻറവർക-
ളിൻററിക നാമവരെ വാഴ്ത്തുമതുവുന്നാ”-
മെൻറിവയനന്തുമസുരേന്ദ്രസുത ശർമ്മിഷ്ഠ-
യെന്നൊടുരചെയ്തൊരു കിണററിലെന്നെയിട്ടാൾ,
ഇൻറിതുനിമിത്തമസുരേന്ദ്രനുടെ രാജ്യമിതി-
ലെൻറുമിരിയേ,നസുരർതമ്മുടയകീഴ്‌വീ-
ടെൻറുവരിലെൻറുമവൾ ചൊന്നതുമൊരൊന്നുമയെന്നി-
ലിൻറടിതൊഴാമവളെയെൻറുമവൾചൊന്നാൾ. ൧൦൪

അവളൊടു മുനിന്തു മുനിതാനുമരുൾചെയ്താ,-
„നസുരരൊടിരുന്നു പുലരിൻറവർകളല്ലമമ
തവവുമനുഭാവവുമമർത്ത്യവരനിന്ദ്രൻ
താനറിയുമിൻറു നഹുഷാത്മജനരേന്ദ്രൻ,

ഭുവി സകലദൈത്യവരനായ വൃഷപവാ
    പോകില്'വരാദികളുമെന്നെയറിയും കേൾ!
ഇവിടെയിതു നില്ലൊരുവരോടുമൊരുകോപവുമി-
    ല്ലച്ഛ മരുവിൻറതതിപുണ്യ,മിതു തേറായ്, ൫൦൪

തേറുക തപോയജനദാനശമനാദിയൊരു
    തീമയിയലാതു ഗുണമാമിവയനത്തും
വേറുമുനിവുള്ളവൻ നിഷ്ഫലമടങ്ങാ
    വേദനയുമെൻറുമവനങ്ങുമുടനിങ്ങും
മാറുക മഹാകോപ''മെൻറു മുനി ചൊന്നളവു
    ,,ബാല്യനമയേ കിമപി ധമ്മമറിവൻ ഞാൻ
ക്രൂറകിപിതേതുമൊരുജാതിയഴിയാ കേൾ
    കോപമറികെ''ൻറവൾ പിതാവിനൊടു ചൊന്നാൾ.
[൫൦൫

ചൊന്നവളുടേ നിനവറിഞ്ഞു മുനിതാനമതി-
    ശോകമൊടു കോപവുമിയന്നു വൃഷപവാ-
വിന്നരികെ ചെൻറുരചെയ്താ,,നറിക നിന്മകളു-
    മെൻമകളുമേറെ മുനിവോടുടനികണ്ണാർ,
മുന്നമിഹ ദൈത്യർ കചനോടിടർചെയ്താർ പലവു-
    മുറുമവരെന്നൊടിടർചെയ്തതിവയെല്ലാം
ഉന്നിയിനി ഞാനിവിടെ വാഴ്കയില്ല നിങ്ങളെയു-
    പേക്ഷചെയ്തു പോവനുഴറിൻറിതതി''നെൻേറ. ൫൦൬

എൻറളവു ചെൻറടിപണിന്തു വൃഷപവാ-
    വെന്നമസുരേന്ദ്രനതിദീനതയിയൻേറ
നിൻറു മുനിയോടുരചെയ്താ,,നറിക നമ്മെയിനി
    നീതിയോടിവണ്ണമിനിയാരിഹ ഭരിപ്പോർ?
ഇൻറു ഗുരുവാകിയ ഭവാൻ പുനരുപേക്ഷിക്കി-
    ലേതുമറയാതുഴറിയഗ്നിയതിൽ വീഴ്വൻ
വെൻറിയിയലാതിനിയിരുന്നു ഫലമെന്തിവിടെ?
    വേറിതുചെയ്വാസ്സതിനു വീണ്ണിത തൊഴൻേറൻ. ൫൦൭

ഇതലൊടിനി വേണ്ടുമവ ചൊൽക,യവയെല്ലാ-
    മേതുമറയാതു തരുവൻ ബത! മുനീന്ദ്ര!''
മതിനലമൊടെൻറസുരരാജനുരചെയ്തു മ-
    ഹാമുനിയുമൻപിനൊടുകേട്ടുടനരത്താൻ:—

„ഇതുപൊഴുതു നീ ദേവയാനിയുടെ ചിത്തമതി-
        ലെയ്തിയ വിരാഗമകലെക്കളകിൽ മററി-
ങ്ങതിസുഖമെനിക്കവളിരിക്കിലൊഴിയെക്കേ-
        ളുരുതിവിടെ വാഴ്വതിനെനിക്കുമരുതെ”ൻേറ. ൧൦൯

എവമുരചെയ്തളവുചെൻറു വൃഷപവാ
        വേതമറുമാറു മുനിപുത്രിയെ വണങ്ങി
„കേവലമുരയ്ക്ക തവ വേണ്ടുമവയെല്ലാം
        കേൾ തരുവ”നെന്നു മകിഴ്വോടുമവൾ ചൊന്നാൾ:—
„ആവതുരചെയ്യുനറി നിന്നുടയപുത്രിയവ-
        ളായിരസഖീജനവുമായിവിടെവന്നെൻ-
ചേവടി പണിന്തടിമപൂക യിതുചെയ്കിൽ
        തീരുമതുപോതു മമ സങ്കടവു”മെൻേറ. ൧൧൦

എൻറളവു ചെയ്യുനിതുമെൻറു വൃഷപവാ-
        വിമ്പമൊടുചെൻറു നിജപുത്രിയൊടിതെല്ലാം
ഒൻറു കിടവാതുരചെയ്തോരളവിതെല്ലാ-
        മുള്ളിലറിവുററസുരരാജസുത ചൊന്നാൾ:—
„ഇൻറിതുചെയ്യാ,മിതുചെയ്യായ്കിലിടരുണ്ടാ-
        മിങ്ങറിക നമ്മുടയ വംശമിതി”നെൻേറ,
ഒൻറിയ സഖീജനവുമായ്മുനിവരാത്മജയെ-
        യുററടിപണിന്തടിമപുക്കു തെളിയിച്ചാൾ. ൧൧൧

പുക്കസുരരാജഭവനേ മുനിവസിച്ചാൻ,
        പുത്രിയൊടുമാത്മപരിതോഷവുമിയൻേറ;
മിക്ക ദിവസങ്ങളതു പോയിതതുകാലം
        മീണ്ടുമസുരാത്മജയുമായ് മുനിതനൂജ
വ്യഗ്രമധികം തമ്മിലല പണ്ടിയൻറതൊരു
        വിപിനഭുവി ചെൻറു വിളയാടുമതുകാലം
തക്ക ധരണീപതി യയാതിയവിടെപ്പെരിയ
        ദാഹമൊടുചെൻറവനുമമ്പിനൊടു നിൻറാൻ. ൧൧൨

അവിടെ മുനിപുത്രിയഖിലാഭരണഭൂഷിതയ-
        തീവ രമണീയവപുഷാ പുനരിരിപ്പതുമൊ-
രുവവിയൊടു മററവളുടേ കാലുടൻ തടവി-
        യുത്തമമനോഹരിയുദാരഗുണശീല

കുവലയവിലോലതരലോചനകടാക്ഷനിര-
        കൊണ്ടരികുമെൽവവർകാം ചിത്തമലിയിക്കി-
ൻറിവള സുരരാജസുത,യായിരസഖീജനവു-
        മായ്മരുവതും നൃപനിതത്തിനൊടു കണ്ടാൻ. ൧൧൨

ആനവനുമ്മാർ നിങ്ങളെ”ൻറളവില്ലുള്ള പരി-
        ചാദരവിനോടു മുനിപുത്രിയറിയിച്ചാൾ
താനവയറിന്തപൊഴുതെന്തസുരരാജസുത-
        താനിവൾ നിനക്കടിമപുക്കതിനുമൂലം?”
ദീനതയൊടെൻറ നൃപനോടവൾ പുരാ ചെയ്ത
        തീമയിതു ന് ല്ലൂറിവതിന്നുരചെയ്യെന്നോ,-
ട്ടൂനമിയലാത തവ നാമഭവനാദികളെ-
        യുള്ളപരി”ചെൻറവളൊടേനൃപതി ചൊന്നാൻ. ൧൧൩

“താനഖിലലോകപതിയായ നഹുഷൻ മമ പി-
        താവു, സുതനാകിയ യയാതിനൃപനേ ഞാൻ
കാനനമിതെയ്തി മൃഗജാതികളെയും കൊൻറു
        കാലമതിദാഹമൊടുപോന്നിവിടെ വന്നേൻ;
പോന മൃഗജാതികളുടെ പിൻപു വേഗമൊടു
        പോവ,നിനിനില്ലൊരുതെനിക്കറുക”യെൻറാൻ
മാനിതനരേന്ദ്രനരികേ ചെൻറു ശുക്രസുത
        മാനസസുഖേന പല വാണികൾ പറഞ്ഞാൾ. ൧൧൪

“പറവതിനരുപ്പമതെനിക്കു ധരണീശാ!
        ഭയമൊഴിക; നീയെന്നെ വേട്ടരുളിടാനിം
കുറവുമിതിനില്ലെ”ൻറു ചൊന്നവളൊടാനൃപതി-
        കുലതിലകനും ചൊല്ലിനാ;“നിതരുതോത്താൽ
അറിവിയലുമന്തണരുടേ പുത്രിമാരെ നൃപ-
        രഴകിനൊടുവേൾപ്പതുതകാതതുവുമല്ലാൽ
അറുതി തവ താതനുടെ ശാപമിതിനാൽ വരുമി-
        തറിക, പറയായ്യെ”ന്നു ഭൂപതി മൊഴിന്താൻ. ൧൧൫

“പതി ബത! ഭവാനറിക ക്രുപമതിൽ മുൻപരിയ
        പരവശതയോടമരുമെന്നെ നിജകൈകൊ-
ണ്ടിതമൊടു പിടിച്ചു കരയേറ്റിയതുമൂലമിവ-
        യെൻററികിലെന്നുടെ പിതാവിതിനുമൂലം,

മതിനലമൊ''ടെൻറളവു ,,ശർമ്മിഷ്ഠയാമിവളെ-
മാനസസുഖേന മമ വല്ലഭയുമാക്കാ,-
മതിനിതൊരുപായമിതുചെയ്യനിറ്റി''യെൻറു നൃപ-
നതിസുഖമിയൻറു ചിന്തിച്ചു തേരീടിനാൻ. ൱൰൭

തേറിയ മഹീപതി മഹാമുനിതനൂജയൊടു
തീമയിയലാതുരചെയ്താൻ ,,ഭയമെനിക്കു-
ണ്ടേററിക വിപ്രരെ,യതോർത്തിഹ മടിച്ചിതുമി
തെൻറിമുനിചൊൽകിലിതു ചെയ്യനിതു സത്യം;
കൂറുകെ''ന്ന മററവളുമുണ്മയറിവുററതിഗു-
ണാകരപിതാതന്നെ വിളിച്ചുവിടെയാക്കി-
,,ച്ചീററുതെനിക്കൊരഭിവാഞ്ഛിതമി''തെന്ന മുനി
ചിന്തയിലവസ്ഥകളനത്തുമറിവുററാൻ. ൱൰൮

ഉററുടനണന്തടി പണിന്ത ധരണീപതികു-
ലോത്തമനൊടാദരവിനോടു മുനി ചൊന്നാൻ:—
,,പററുമിനി നീയിവളെവേൾപ്പ,തതിനാലില്ല
പാതകവുമെൻററികിതെൻ വചന,മെൻറാൽ
മററു മുനിമാരൊടുമടുത്ത പരിചിക്രിയ മ-
ഹീപതിവരാ! ചെയ്ക നമ്മവരു''മെന്റേറ
നററവനരത്തളവി,,,ലെങ്കിലിതുമാ''മെൻറു
നരപതി മുനീന്ദ്രനുടെ നന്ദനയെ വേട്ടാൻ. ൱൰൯

വേട്ടതിനടുത്ത ക്രിയ ചെയ്തളവു ശുക്രമുനി
വീരതരനാകിയ യയാതിയൊടു ചൊന്നാൻ
,,വാട്ടമിയലാളസുരരാജസുത ശർമ്മിഷ്ഠ
മററവളൊരായിരസഖീജനവുമായേ
കൂട്ടവരുമെന്മകളൊടങ്ങിവളെ വന്നാൽ
കൂടെ മകിഴ്വോടു പരിപാലയ വിശേഷാൽ
കാട്ടരുതു ദോഷമിവളോ,ടിടപെടൊല്ലാ
കാമപരനായിതരഛാ! കരുതു''കെന്റേറ. ൱൨൰

എൻറളവവണ്ണമിതു,മെൻറു നടകൊണ്ട നൃപ-
നിമ്പമിയലും ദേവയാനിയൊടു മററ-
ങ്ങൊൻറിയ സഖീജനമൊടും നിജപുരം പു-
ക്കൊട്ടുദിവസം പരമസൌഖ്യമൊടിരുന്നാൻ;

അൻവുടനശോകവനികോദ്യാനമാമതില-
മന്ന ഭവനേ ചെൻറു ശൎമ്മിഷ്ഠതന്നെയുട-
നിൻറുമുതൽ നീയിവിടെ വാഴ്കെൻറു വേണ്ടുമവ-
യെല്ലാം കൊടുത്തരുൾചെയ്താനവനിപാലൻ. ൧൨൧

അൻപൊടു യയാതിനൃപതിയ്ക്കഥ പിറന്നാ-
നൻറു മുനിപുത്രിയവൾ പെററഥ കുമാരൻ
പിൻപസുരരാജസുതതാനൃമൃതുകാലേ
പേൎത്തു പുനലാടിയതി നിൎമ്മലയുമായേ
കമ്പമധികം മനസി കാണ്മവരെവൎക്കും
കാമശരപാതമതിനാലുടനിയററും
തൻപരിചിയൻറ വപുഷാ പുനരശോകതരു-
ശാഖ നിജകൈയാൽ പിടിച്ചവിടെ നിന്നാൾ.
[൧൨൨.

അവിടെയതി ദീനത യിയൻറവൾ നിനച്ചാ,-
„ളതിദുരിതമേ! യിന്നെനക്കു പതിയായി-
ല്ലുവവിയൊടൊരുത്തനുളനായില്ല പുത്രനുമ-
ളൻ നരപതിക്കു മുനിപുത്രിയവൾ പെററേ
അവളൊടുടനേ കൊണ്ടുപോന്നതവനെന്നെയു,മ-
തോൎക്കിലവനേ പതി നമുക്കുമതുമൂലം
ജവമൊടിവിടേ നൃപതിയെയ്തുകിലുരപ്പൻ
ചെൻറടിപണിന്തവയനത്തുമിനി”യെൻേറ. ൧൨൩

എൻറവൾ നിനന്തവിടെനിൻറളവു ഭൂപതിയു-
മേറെ മകിഴ്വോടവിടെവാർപൊഴിൽകൾ കാണ്മാൻ
അൻറു നടകൊണ്ടവനശോകവനികോദ്യാന-
മാഗതനുമായതവൾ താനുമഥ കണ്ടാൾ
ചെൻറണയെ നിൻറവൾ മഹീപതിയോടേറെ നിജ
ചിന്തയിലിയൻറ പരിതാപമറിയിച്ചാൾ
നൻറിവരുമാറമൃതതുല്യവചസാ, „നൃവര!
നല്ലതുമെനിക്കു പതിയാവതിനി നീയേ.” ൧൨൪

ഏവമുരചെയ്തവളൊടൻറു നരപാലകനു-
മേറുമനുരാഗമൊടണഞ്ഞഥ പറഞ്ഞാൻ:—
„കേവലമെനിക്കറിക ശുക്രമുനിതൻവചന-
ഗൌരവമവണ്ണമരുതാഞ്ഞതിനുമൂലം

തീവിന യിയററുവതരിപ്പുമിഹ സത്യം
    തേറുകിൽ മറുക്കരുതു നിശ്ചയമിതെൻറാൻ,
"ഏവർ മമ മററു പതിയാവ,രിതുവും ചൊൽക-"
    യെൻറവൾ മഹീപതിയൊടൻറുടനരത്താൾ. ൧൦൭

ഉടനിരുവരും ധർമ്മനിശ്ചയമൊരോവിധമു-
    രത്തളവു ഭൂപതിയുമുണ്മയറിവുറേറ
കടുക മഹിതേഹനി മഹാമുനിവരോടുമവൾ
    കരഗ്രഹമടുത്ത പരിചൻപിനൊടു ചെയ്തു
"ദൃഢമമരകൾക്കമൃതമെയ്തിയതുപോലിവിടെ
    നിശ്ചയമെനിക്കുമിവളെയ്തിയതു പാർത്താൽ
കൊടിയവിഷതുല്യ മുനിപുത്രിയവ"ളെൻറു നൃപ-
    കുലതിലകനോർത്തു നടകൊണ്ടു പുരിപുക്കാൻ. ൧൦൮

ആനവനുമേറെ മധുപാനമതുചെയ്തി-
    ച്ചാദരവൊഴിഞ്ഞു മുനിപുത്രിയെ മയക്കി,
താനസുരരാജസുതയാമവളുമായ് മനസി
    താപമിയലാതതിസുഖത്തൊടു വസിച്ചാൻ;
ഊനമിയലാതൊരു തന്തുജനുമവൾക്കവിടെ-
    യുണ്ടായശേഷമൊരുനാൾ മുനിയുടേ തനയ
താനവിടമെയ്തിയസുരാത്മജയെയവളുടെത-
    ന്തുജനെയുമാകുലമെഴുംപരിചു കണ്ടാൾ. ൧൦൯

കണ്ടവളു,"മാർ ബത! നിനക്കു പതിയായവർകൾ
    കന്മഷമിതെന്തുരചെയ്കെ"ൻറളവു ദൈത്യസുത,
"ഉണ്ടൊരു മഹാമുനിയെനിക്കു പതിയായവനു-
    ടേ സുതനിവൻ മമ തന്തുജനറികെ"ൻറാൾ;
'ഉണ്ടിതിനു യോഗ്യതയു'മെൻറു മുനിതന്മകളു-
    മുണ്മയറിയാതവളൊടേറെ മകിഴ്വുറേറ
കണ്ടുടനിരുന്നവിടമെയ്തി നൃപനും ദൈത്യ-
    കന്യകയുമായ് നിയതമൻപൊടു വസിച്ചാൻ. ൧൧൦

ആനതിനു പിൻപു,മസുരേന്ദ്രസുതപെററിരുവ-
    രാത്മജരതീവ ഗുണമോടുമുളരായാർ
മാനമിയലിൻറ മുനിപുത്രി നൃപനോടും
    വാർപൊഴിലിന്തുട്ട വിളയാടിനതു കണ്ടേ

താനസുരരാജസുത മൂവർ സുതരോടും
  താപമിയലാതമരുവും ഭവനമെയ്തിയതി
ദീനതയിയൻറവളെ നോക്കിയുരചെയ്താൾ
  „നീ ചതിയെന്നോടു പറയായ്കയിനി”യെൻറ. ൧൨൯

എൻറവളുമൻറവിടെ മേവിയ കുമാരരോ,-
  ടേവനൊരുവന്നു സുതർ നിങ്ങളറിയിക്കെ-,
ൻറൻറണയെ നിൻറു വര ധാത്രി മുനിവന്നുസുത-
  രാദരവൊടെൻറതറയാതെ പറകെൻറാൾ;
ഇൻറു ചതിയുണ്ടിതിലുമെൻറവൾ യയാതിയൊടു-
  മീടിയ കുമാരരൊടുമൊട്ടകലവേ പോയ്
നിൻറു, „നിജ താതനെവനെൻറതറിയിപ്പിൻ
  നിങ്ങളിനി”യെൻറു മുനിപുത്രിയരുൾചെയ്താൾ. ൧൩൦

അരികിലമരും നൃപനെ നോക്കിയഥ വാലകരു,-
  „മച്ഛനിവനെ”ൻറതവൾതന്നൊടറിയിച്ചാർ
പെരുവിരലതിന്നരികിലുള്ള വിരൽ ചൂണ്ടി;യതി-
  പീഡിതയുമായ് മുനിതനൂജ നിനവുറേറ
വിരവൊടസുരാത്മജയുടേ കൈ പിടിച്ചതിപെ-
  രുത്തു പല വാണികളുരത്തളവു മററവളു-
„മൊരുത്തു പറവാനിതിനൊരുത്തര”മിതിന്നുണ്മ-
  യറിക പരമേശ്വരനവൻ തുണചെയ്കെൻറാൾ. ൧൩൧

എൻറുരചെയ്തിൻറവളുടേ ദീനഭാവവുമൊ-
  രിണ്ടലൊടുമൊൻറു പറവാനുമരുതായേ
അൻറവിടെ നിൻറ നരപാലകനെയും ക-
  ണ്ടരിശമൊടു മുൻപിലിവ ചെയ്തവ നിനന്തേ
നിൻറുടൽവിറച്ചു നിജഭൂഷണമൊടിച്ചഥ നി-
  ലത്തുടനെറിഞ്ഞു തലതല്ലി„യിരിയേനിവിടെ-
യെൻറുമിനിയെന്നുടെ പിതാവിനൊടു ചൊൽവനിവ”-
  യെൻറു നടകൊണ്ടളവു തൽപതി തുടന്നാൻ. ൧൩൨

തുടന്ന നൃപനോടവൾ ചെൻറു മുനിശുക്രനൊടു
  ചൊല്ലിനളവസ്ഥകളനത്തുമതു കേട്ടവൻ
അടങ്ങുവതൊഴിഞ്ഞരചനോ„ടറിക നീ ബത! മ-
  മാത്മജയൊടെൻറിയസുരാത്മജയുമായേ

കടന്നു മമ വാക്യവുമതീവ സുഖമോടിഹ ക-
ളിച്ചതുനിമിത്തമഴിയാത ജര പൂണ്ടിനി,
ഉടമ്പിലതിദീനതയുമെയ്തുകെ”ന്ന മന്നവൎകു-
ലോത്തമനുമാകുലമിയൻറടിപണിന്താൻ. ൧൩൩

താനവിടെ നിൻറു നൃപനും മുനിവനോടരുൾചെ-
യ്താ,„നസുരരാജതനയയ്ക്കുമൊരു ഭൎത്താ-
വൂനമിയലാതിവിടെയില്ല പുനരെൻറു ദൃഢ-
മുണ്മയറിയുമ്പൊഴുതവൾക്കു പതിയും ഞാൻ;
താനവളുമെന്നൊടിവയൊക്കെയറിയിച്ചരിയ-
താപമൊടു„മെന്നെയിനി വേട്ടരുൾക”യെൻറാ,-
ളാനതുനിമിത്തമതു ഞാൻ ചെയ്തിതുമെൻറി-
തറിഞ്ഞു മമ നന്മ വരുവാനരുളുകെ”ൻേറ. ൧൩൪

എൻറ നൃപനോടു മുനിതാനുമുരചെയ്താ-
„നെൻറുമഴിയാതതറി നമ്മുടയ ശാപം
നൻറി തവ കേൾ വരു,മൊരാത്മജനു വൃദ്ധതയെ
നൽകിയവനുള്ളവയസാ തവ സുഖിക്കാം;”
എൻറളവു ഭൂപതിയുമന്നുടയ വൃദ്ധതയി-
തേല്പവനു രാജ്യമിതു നൽകുവ,നതേകീ-
ടെൻറ ധരണീപതിയൊടേവമിതു ചെയ്കെ-
ൻറിമ്പമൊടു ശുക്രമുനിതാനുമരുൾചെയ്താൻ. ൧൩൫

എൻറ നൃപനോടു സുതനായ യദു ചൊന്നാ-
„നിൻറിതുചെയ്വാനരുതെനിക്കറിക”യെൻറാൻ,
അൻറവനു നേരിളയ തുൎവ്വസുവിനോടുമസു-
രാത്മജസുതൻ ദ്രുഹ്യുവാം തനുജനോടും
വെൻറി വരുമാറു സുതനാം മനുവിനോടും
വേദനയിയൻറരചനിപ്പരിചിരന്നാൻ
എൻറുമിതുചെയ്‌വതരുതെൻറവർകൾചൊന്നാ-
രെന്ന മനിവോടു ധരണീപതി ശപിച്ചാൻ. ൧൩൬

„ഇച്ഛ മമ ചെയ്‌വതരുതാഞ്ഞതുനിമിത്തമിനി-
യെന്നുടയ വംശധരരാകരുതു നിങ്ങളിനി
വിച്ച്യുതരുമായ് മുടിക നിങ്ങളുടെ സന്തതികൾ,
വേറുചില ദിക്കുകളിൽ വാഴ്‌വരിവ”രെൻേറ

വത്സരിശമുള്ളിലവനീപതി ശപിച്ചഥ മ-
കിഴ്ന്നു സുതനാം പൂരുവോടുമുരചെയ്താൻ;
„അച്ഛനറി ഞാൻ തരിക നിന്നുടയ യൌവനമി-
തങ്ങു തരുവൻ ജരയറയ്ക്കരുതി”തെൻേറ. ൧൩൭

ഏവമരുൾചെയ്ത നൃപനോടു സുതനാം പൂരു
വേറെ മകിഴ്വോടുതൊഴുതിത്ഥമുരചെയ്താൻ:—
„ആവതിതു, നമ്മുടയ ഭാഗ്യമിതുചെയ്വാ-
നായ്വരികിലെന്തിതിനു മേലരിയ പുണ്യം?
മേവി മടിയാതു നിജതാതനുടെ മാനസവി-
ഷാദമകലെക്കളവതേ തനയർകൃത്യം
ദേവസമ! താത! ജരയോടു തവ പാപമിഹ
ദീനതയ്യൊഴിഞ്ഞിനി വഹിപ്പനറികെ”ൻേറ. ൧൩൮

„ഏറിയ ഗുണാകരനുമായവനിപാലകരി-
ലേവരിലുമേ വരനുമായിഹ തുലോം നാൾ
വീറൊടിനി വാഴ്ക തനയാ! മമ സുതൻ നീ
വേറിവർകളല്ലറിക”യെൻറു നരപാലൻ
കൂറി നിജവൃദ്ധതയവന്നരുളി ബാല്യമതു
കൂടെയെതിർവാങ്ങി,യവനീതലമനന്തും
തേറിയൊരധമ്മമിയലാതു പരിപാലന ദി-
നംപ്രതിയിയററിയതിസൌഖ്യമൊടിരുന്നാൻ. ൧൩൯

ആനവനുമാദരവിനോടനുഭവങ്ങളവ-
നന്തുമൊരധമ്മമിയലാതനുഭവിച്ചേ
ദീനതയൊഴിഞ്ഞൊരു സഹസ്രവരിഷം മമ നി-
റഞ്ഞിതൊരു സൌഖ്യമൊടുമെൻറതറിവുറേറ
താനരിയ പൂരുവിനെനോക്കി „മമ വൃദ്ധത ത-
രേണമിനിയെന്നുടയ ബാല്യമിതു നൽകാം,
ദീനമൊഴി വൃദ്ധത വരാ തവ മരിക്കും-
നേരമളവും ദൃഢമിതെ”ൻറുമരുൾചെയ്താൻ. ൧൪൦

അരുളൊടുമിരാജ്യാഭിഷേകമിതു പൂരുവിനു-
മടുത്ത പരിചാ നൃപനിയററുമതുകണ്ടേ
വരഗുണരമാത്യർമുതലാമവർകൾ മന്നനൊടു
„വംശധരർ പണ്ടിവിടെ മൂത്തവർകളെ”ൻറാർ,

„അരുതിതിവരല്ല മമ പുത്രനിവനെൻറതറി-
കിതുമൊഴിഞ്ഞു മാമുനിവൻ ശുക്രനമരത്താൻ
ജരയിതിനി വാങ്ങുമവർ നാട്ടടയരെ”ൻേറ
ചേതതെളികെൻറവരൊടാ നൃപനരത്താൻ. ൧൪൧

ആനവരുമുണ്മയറിവുററപൊഴുതിൻറിതു ചെ-
യ്യായ്കിലതിദൂഷണവുമുണ്ടിതറികെൻറാർ,
താനരചനും മുനിവരോടുമഭിഷേകമതി-
താത്പര്യമോടു നിജനന്ദനനുചെയ്യേ,
ദീനതയിയൻറ സുതർ നാൽവരെയുമങ്ങു ചില
ദിക്കുകളിലാക്കി വനവാസമുടനേ ചെ-
യ്യാനരിയ താപസരുമായ്‌വനമതെയ്തിയ യ-
യാതി തവമാദരവിനോടുമഥ ചെയ്താൻ. ൧൪൨

താനരചനാകിയ യയാതി ജലമാത്രമിഹ
താപമിയലാതു നിജഭോജനവുമാക്കിയൊരു
ദീനതയൊഴിഞ്ഞു തവമോടു പലനാളവിടെ
നിൻറവനുടൻ വായുഭോജനനുമായാൻ;
ആനവനുറച്ച പഞ്ചാഗ്നിമദ്ധ്യസ്ഥിതനു-
മായുടനനേകവരിഷങ്ങൾ തവമേ ചെ-
യ്തുനമിയലാതമരലോകമതു പുക്കു പുരു-
ഹൂതസമനായതി സുഖത്തൊടുവസിച്ചാൻ. ൧൪൩

സുഖത്തൊടമരേന്ദ്രസമനായമരലോകവര-
സുന്ദരികളോടിനിയ നന്ദനവനേ പോയ്
അകൃത്രിമമഹാഭോഗമെയ്തി വരിഷങ്ങൾ നൂ-
റായിരമിരുന്നുടനധോഗതനുമായേ
വികല്പമറുമാറു പല വാണികൾ പറഞ്ഞതിവി-
ശിഷ്ടജനമായവർകളോടുമൊരുമിച്ചേ
സുഖത്തിനൊടു മീണ്ടുമമരേന്ദ്രപുരി പുക്കാൻ
ദൂഷണമില്ലാനൃപതി”യെൻറു മുനി ചൊന്നാൻ. ൧൪൪

മുനിയൊടതുകേട്ടു ജനമേജയനരത്താൻ
„മുഖ്യനൃപനെന്തവനധോഗതനുമാവാൻ?
പുനരിനിയ സജ്ജനവുമായവനമർത്ത്യപുരി-
പുക്കതിനുകാരണവുമെന്തുരചെയ്യു”ൻേറ

വിനവിയ മഹീപതി തനിക്കു മുനിതാനുമതു
വിസ്മയമെഴുംപരിചു പിന്നെയതു ചൊന്നാൻ:—
„മുൻപരിയ വനമതിലതീവ തവമേ ചെയ്തു
ഭൂമിപതി വാനുലകിലെയ്തിയതുകാലം. ൨൪൩

കാലമവിടേ പലവു ചെയ്തളവിലിന്ദ്രനക-
കാമ്പിലിടരോടുമൊരുനാൾ നൃപനവൻമരുവു-
മാലയമതെയ്തിയവിടേയിരുവരും പല ക-
ഥാദികൾ പറഞ്ഞതിസുഖത്തൊടുമിരുന്നാർ,
„കാലമധികം തവമിയൻറവർ ഭവാനുസമർ
കാണൊരുവരേവരുരചെയ്കതറിവാനായ്
ചാല വിരവോടുമിനി”യെൻറ പുരുഹൂതനൊടു
താനവിടെ മന്നവനുമുണ്മകൾ പറഞ്ഞാൻ. ൨൪൪

പറകിൽ നരനാഗസുരരാദികളിലെന്നൊടെതിർ-
പലദിവസവും തവമിയൻറവർകളില്ലറിക
നിറവുകഴൊടങ്ങവനിമേലുമുടനിങ്ങും
നീതിയൊടു ഞാൻ മരുവുവാനുമതുമൂലം
കുറവുമിനിയില്ലയിതിനെൻറമരരാജനൊടു
കൂറിയ യയാതിയൊടമർത്ത്യപതി ചൊന്നാൻ
അറുതി തവ പുണ്യമിതിനെൻറു മനുജാദികളെ-
യടയവു മികണ്ണതുനിമിത്തമിനിയെൻറേ. ൨൪൫

ഏറിയ മഹാഗുണവുമുള്ളവർകളാരൊരുവ-
„നെന്നൊടെതിരാമവനനത്തു ഗുണമോടും
തേറി മരുവീടുമവനിൻറിവിടെ ഞാൻ ബത! തി-
രിക്കരുതു നമ്മുടെ മഹത്ത്വമൊരുവക്കും,
ക്രൂരവതിനും പണിയിതിൻെറാരുവനുള്ളിൽ
കേൾക്കിലവനുള്ള ഗുണമൊക്കെയകലെപ്പോയ്
ചീറിയണയാതപടി പോമതിനു മേലില്ല
തീയതറികെ”ൻറതുമമർത്ത്യപതി ചൊന്നാൻ. ൨൪൬

ആനവനൊടാ നൃപനുമൻറുരചെയ്താൻ പുണ്യ-
മാനതു നശിച്ചിതിതിനാൽ മമ വിശേഷി-
ച്ചൂനമൊടധോഗതനുമായ്തുരുവനെങ്കിലിനി-
യുണ്ടൊരഭിവാഞ്ഛിതമെനിക്കിതമരേശ!

മാനിതമഹാജനവുമായ് മരുവുവാൻ ബത! വ-
രം മമ തരേണമിനിയെന്റളവു ദേവപതി-
താനഥ കൊടുത്തളവധോഗതനുമാകിയ ധ-
രാപതി മഹാനൃപതിമാരരികെ ചെന്റാൻ. ൧൪൯

അരികിലവനെയ്തിയളവഷ്ടകമഹീപതിയു-
മനുപമപ്രതർദ്ദനനുമരിയവസുമാനും
നിരുപമമഹാശിബി മഹാനൃപനുമെന്റിവർകൾ
ദീനതയൊടും നൃപതി തന്നൊടു പറഞ്ഞാർ:—
„സുരവരനു നേരൊളിവു മേവിയ ഭവാനരിയ
ഭൂഷണമൊടെന്തുടനധോഗതനുമാവാൻ?
ഉരചെയ്കെ"ന്ന നിന്റവർകളോടു നിജവൃത്താന്ത-
മുള്ളതഖിലം നഹുഷപുത്രനറിയിച്ചാൻ. ൧൫൦

അറിവു പെരുകീടിന ഭവാനുരചെയ്യേണമിനി-
യറനെറികളാദികളശേഷമറിവാനെന്റ
പിറകവർകൾ തമ്മുടയ സംശയമുരത്തളവു
പ്രീതിവരുമാറുടനതും നൃപതി ചൊന്നാൻ
കുറവൊടു ഭവാനിനിയധോഗതനുമാവരുതു
ഗുണഗണമിയന്റ പുണ്യങ്ങളെങ്ങൾക്കമി-
ന്ററുതിയിലയാതളവുമുണ്ടവ തരാം മീൾവ-
തരുതിവിടെയെന്റവർ യയാതിയൊടു ചൊന്നാർ.
[൧൫൧

„ആരണരൊഴിഞ്ഞു നൃപരാമവർകൾ കൊൾവി-
ലാദരവിനോടൊരുവരോടുമൊരു ദാനം;
പോരുമിതു നിങ്ങളുടെ പുണ്യകൃതലോകങ്ങൾ
പുക്കനുഭവിക്കയിനി നിങ്ങളതു യോഗ്യം;
ധീരതയുമുണ്ടരികധോഗതനുമായതിനു
ദീനതയുമില്ല മമ കർമ്മഗതി"യെന്റേ
സാരതരനാകിയ യയാതിയരുൾചെയ്തളവു
താനവിടെ മാധവിയുമിമ്പമൊടു ചെന്റാൾ. ൧൫൨

ചെന്റളവുമാദരവൊടാത്മജരെയും കണ്ട-
ശേഷമവർകൾക്കരികിൽ മേവിന യയാതിയെയു-
മന്റടിപണിന്തളവു മൂലമിതിനെന്ത-
ന്റമ്മയൊടു നിന്റ നൃപരാമവരുരത്താർ

അൻറളവി,, ലെന്നുടയ താതനിതു നിങ്ങാംകള-
മേവക്കുമേ മഹിതമാതാമഹൻ കരുതു-
കെ''ൻറവാം പിതാവിനുടെ സങ്കടമറിഞ്ഞു പുന-
രേറിയ വിചാരമൊടു താതനൊടു ചൊന്നാം:—
[൧൬൩

,,താത! തവ ദൌഹിത്രരേ നൃപതിമാരിവർകൾ,
താമതു നിമിത്തമിവർ തമ്മുടയ പുണ്യം
ഖേദമറുമാറുഴറി വാങ്ങിയമരേന്ദ്രപുരി
കേവലമമന്നരുംക, വീഴ്‌വതരുതിപ്പോൾ;
വാധയിതിനി,ല്ലൊരു പ്രതിഗ്രഹവുമല്ലറിക
വൈകരുതിതെൻറവളൊടാ നൃപതി ചൊന്നാൻ:—
,,പ്രീതിയൊടുമിൻറു മുതലായ് മകളുടേ സുതർ പി-
തൃക്രിയയിൽ മുഖ്യതരരായ് വരിക''യെൻേറ. ൧൬൪

എൻറിതരുൾചെയ്തു നൃപനാകിയ യയാതിയൊടി-
രുന്ന ശിബിയാദികൾ മഹാക്രതു മുടിച്ചേ
അൻറവിടെ മേവിന രഥങ്ങളിലമന്നവര-
മർത്ത്യപുരിപുക്കതിസുഖത്തൊടു വസിച്ചാർ:
എൻറിതു യയാതിനരപാലകനുടേ ചരിത-
മിങ്ങിതിനെയാദരവിനോടുമുരചെയ്യവർകൾ
ചെൻറു നഹുഷാത്മജമഹീപതിയിരിക്കുമതി-
ശിവകരസുരാലയമതെയ്തുവർ വിരഞ്ഞേ. ൧൬൫

യയാതിചരിതം സമാപ്തം.

---

ഏവമരുൾചെയ്തു മുനിയോടു ജനമേജയ ന-
രേന്ദ്ര,,നിലിലാത്മജനൃപാദികളുടേ കഥകൾ
മേവിയറിയിച്ചരുൾക''യെൻറളവി,ലക്കഥകൾ
വിസ്മയമതീവ വരുമാറു മുനിചൊന്നാൻ:—
കേവലമശേഷധരണീതലവു,മേതുമൊരു
ഖേദമിയലാതു പരിപാലനചെയ്തുൾ പൂരു-
വേവമവിടേ പല മഹീപതികൾ വാണ്ണളവി-
ലിന്ദ്രസമനാമിലിലസൂനുവുളനായാൻ. ൧

ആയതമഹാഭുജനുദാരഗുണശീലനമ-
രാധിപസമാനനരുണാംബുജദലശ്രീ
തോയുമതിസുന്ദരവിലോചനമരീചിപരി-
ശോഭിതമനോഹരസുധാകരസമാസ്യൻ,
വായുവിനു നേർബല,മനംഗനൊടു നേർവടിവു,
വാരിധിസമാനവരഗാംഭീര്യമെന്റിവ സു-
ഖായ മഹതാമുടനിയന്റരിയദുഷ്ഷന്ത-
ശുഭചരിതനിലിലാത്മജൻ തദനു വാണ്ണാൻ. ൨

അനുഗതപദാതിഗജവാജിരഥമാദികളൊ-
ടവിടെയൊരുനാൾ നൃപതി ദുഷ്ഷന്തനും ചെന്റു
വനമതിലനേകപുലിസിംഹാദി ദുഷ്ടമൃഗ-
വധ ചെയ്തു നിജലോകരോടകന്റുനിന്റേ
പുനരരിയ ദാഹമൊടു പയ്യമിവകൊണ്ടതി പൊ-
റാമയൊടുഴന്റു നടകൊണ്ടളവുകണ്ടാൻ
വനമതിൽ മനോഹരമുദാരതരനന്ദനവ-
നോപമമനേകരമണീയതരുപൂണ്ണം. ൩

അംബുജഭവാലയസമാനവനമാമതില-
റിഞ്ഞണയെ വന്നു നിജലോകരൊടു ദുഷ്ഷന്ത-
നിമ്പമൊടു പുക്കു നടകൊണ്ടളവു കണ്വനെന്നു-
മേറിയ തപോബലമിയന്റ മുനിമുഖ്യൻ
തൻപ്രിയമിയന്റമരുമാശ്രമപദം നൃപതി
താത്പരിയമോടുമവലോക്യ നിജലോകരൊടു
പിൻപുരചെയ്താൻ „നിങ്ങൾ നില്ക്ക പലർ ചെൽവതൊരു
പീഡ തവമോടു മരുവീടുമവർകൾക്കോ. ൪

വരഗുണമിയന്റ കണ്വാശ്രമമതെയ്തിയിനി
മഹരിഷിയെയും കണ്ടു ഞാൻ വരുമളം നിങ്ങൾ
ഒരുവരൊഴിയാതിവിടെ നില്ക്ക"ന്റ ഭൂപതി യു-
ടൻ മുനിവരാശ്രമപദേ തദനു പുക്കാൻ;
ഒരുവരെയുമേയവിടെയന്റുകാണാഞ്ഞു നൃപ-
„നുള്ളവർകളാരിവിടെ'യെന്റിവണ്ണമുച്ചൈ-
രുരചെയ്തളവേ „ഹന്ത! ഞാനിവിടെയുണ്ടേ"-
ന്റുഴറിയരുൾചെയ്തു മുനിപുത്രിയെതിർവന്നാൾ. ൫

വന്ന മുനികന്യക മനോഹരിയുമൻറവിടെ
മന്മഥസമാനധരണീപതിയെ നോക്കി,,യിഹ
വന്നതു മഹാസുഖമിരുന്നരുൾക പാദ്യമിത
മററിതുടനൎഘ്യമിഹ കൊണ്ടരുൾക''യെൻേറ
ചൊന്നവളുടൻ മുഗ്ദ്ധമാനനസരോജമതി-
ശോഭവരുമാറുഴറി നാണമൊടു താഴ്ത്തി
മന്നനൊടു നിൻറുരചെയ്താൾ മന്ദഹാസമൊടു
,,മററിവ|ടെഞാനെന്തുവേണ്ടുമതുമെൻേറ. ൩

ഏവമിഹ വന്ന തവ നാമഭവനാദികളു-
മെ,ന്തിവിടെ വന്നതിനു കാരണവുമെൻറിതനു-
ഭാവമൊടു മേവിന ഭവാനരുൾചെയ്ക''ൻറവൾ പ-
റഞ്ഞളവു ഭൂപതിയവൾക്കതറിയിച്ചാൻ:—
,,ദേവസമനാമിലിലനെന്നുടയ താതനറി
നീയിതഹമെൻറു തനയൻ നൃപതിദുഷ്ഷന്തൻ
ആവിതിനിയാകിൽ നായാട്ടെൻറതിന്നു തുണ-
യാമവരുമായടവിയെയ്തിയതുചെയ്തേൻ. ൪

അതുപൊഴുതിലേറെ മൃഗജാതികളെയും കൊലചെ-
യ്തുലസിയതിദാഹമൊടുഴൻറളവു കണ്ടേൻ
അതിസുഖകരം വനമിതിങ്ങിവിടെവന്നപൊഴു-
താശ്രമപദം പുനരിതെൻറതറിവുറേറൻ
മതിനലമിയൻറ മുനികണ്വനെയൊരിമ്പമൊടു-
മടിമലർ വണങ്ങുമതിനായുഴറി വന്നേൻ
ഇതുപൊഴുതിലെങ്ങു ബത! പോയിതു മഹാമുനിവ?''-
നെൻറളവു മന്നനൊടു കന്യക മൊഴിന്താൾ. ൫

,,മൊഴിവനിതു, കായ്കനികളാമവ പറിപ്പാൻ
മുനികുലവരൻ പോയിതിൻറു വനഭൂമികളിൽ
ഉഴറിവരുമിങ്ങു മുനിയെക്കണ്ടുപോവതിനി-
യുചിതവുമിരുന്നരുൾക''യെൻറവളുരത്താൾ
അഴകിനൊടു ചെൻറു മുനികന്യകയൊടാനൃപനു-
മാദരവിനോടുരചെയ്താൻ ,,തവ പിതാവാ?-
രഴിനിലയെനിക്കു പെരുതെൻററിക നിൻവടിവി-
തനുപമമിവണ്ണമിതുകണ്ടതുനിമിത്തം. ൬

നിമിഷമിതു നിൻവടിവു കാണ്മവനനങ്ഗനു നി-
ഷംഗമിതു നിൻഗുണമതീവ സുഖമായി മമ
മഹിമമികം വല്ലഭയുമാകേണമില്ലതിനു
മററൊരു വികല്പമതുമീൻറിയിനിയും കേൾ,
അമയുമവർതമ്മിലൊഴിയെപ്പുനരടാതവരി-
ലഴിവതുമല്ലെൻററിക നമ്മുടയ മാനസമി-
തമിതഗുണരാജസുത നീയെൻറു നിശ്ചയമി-
തല്ലായ്കിലേവമഴിയാ മമ മനീഷാ. ൧൦

മമ മനസി സംശയവുമില്ലറിക കണ്വമുനി
മഹിമയിയലും ബ്രഹ്മചെയ്യുമൊട്ടു മേവുമവ-
നമലഹൃദയൻ പുനരവന്നു മകൾ നീയെൻറ-
തനുചിതമിതെൻറിയിനിയൊണ്മ പറകെൻേറ”
ശ്രമമൊഴിയെ മന്നനരുൾചെയ്തളവു കന്യക ചി-
രിച്ചരുൾചെയ്താൾ “പണ്ടു ഞാൻ പുത്രിയായപരി-
ചമരസമനായൊരു തപോധനനൊടെൻജനക-
നറിയിച്ചവാറു പറയാമറികയെൻേറ. ൧൧

ഏവരിലുമേറിയ മനോബലമൊട്ടും തവമി-
യററിനനനേകവരിഷം പണ്ടു ഗാധിസുത,-
‚നേവമിതുചെയ്തവനെന്നെക്കളയു'മെൻറിതമ-
രേന്ദ്രനുമതീവ ഭയമോട്ടു നിനവുറേറ
ദേവപുരനാരിമണി മേനകയൊടുള്ളിലതി-
ദീനതയിയൻറുരചെയ്താ„നറിക ഭദ്രേ!
നീ വിരവൊടും ഗാധിപുത്രതവമാമതിനെ
നീക്കുവതിനാൽ മമ സുഖങ്ങൾ വരു”മെൻേറ. ൧൨

എൻറളവിലിന്ദ്രനൊടു മേനക പറഞ്ഞാ-
‚ളിൻറിതുചെയ്വാൻ പണി ശപിക്കുമവനെന്നേ
ചെൻറു തവ വാക്യമിതുചെയ്തുമിളയ്കൂരുതു
ചെമ്മുവരുമാറു മരുവീടകമരേന്ദ്ര!
നൻറി വരുമാറവനുടേയരികിലെയ്തിയിനി
ഞാനവിടെ നിൻറു വിളയാട്ടമതുകാല-
ത്തൊൻറിയ ബലേന പവനൻവന്നു വസ്ത്രമിതു-
ലയ്ക്കു കുസുമായുധനുമെയ്യുകതുകാലാ. ൧൩

കാലമതിശോഭനവുമാക്ക ഹിതമെയ്തുക, ക-
　　നിന്നു നടകൊാ‍ംവനിനി''യെൻറവളുടൻ പോയ്
ചാലവു മറച്ചു തവമോടരിയ ഗാധിസുത-
　　താപസനിരുന്ന വനമെയ്തിയതുനേരം,
കോലമതിസുന്ദരവുമാക്കിയെതിർചെൻറവാം കു-
　　രംഗതരളായതവിലോചന കളിക്കമതു-
കാലമരികെയ്തി മുനികാണെ ബലമീട്ടമൊരു
　　കാററവളുടേ തുകിലുലച്ചുടനഴിച്ചാൻ. ൩൪

അഴിനിലയിയററുവതിനപ്പൊഴുതിലംഗജന-
　　ണഞ്ഞരിയഗാധിസുതനാം മുനിയെയെയ്താൻ;
ഉഴറി മദനന്നു വശനായവനമെപ്പേരു-
　　മുരചെയ്തവളോടമിതസൌഖ്യവുമിയൻേറ
വഴിയിതു തപസ്സുകളവാനെൻറതിങ്കലൊരു
　　മനനവുമൊഴിഞ്ഞു പലകാലവുമിരുന്നാൻ
വഴിയൊട്ട തപോഭങ്ഗമെയ്തമിതുകൊണ്ടമിഹ
　　പററുമതുമല്ലെൻറതും പിന്നറിഞ്ഞാൻ. ൩൫

അറിവൊടതുകാലമവാംതന്നൊട്ട വസിച്ചു മുനി
　　യവളൊ‍ൂടിനി നീ പോക''യെൻറുമുരചെയ്താൻ
പിറകവളുമിങ്ങിവളെ മാലിനിനദീതീര-
　　വിപിനസവിധേ പെററു പിന്നെയരുാംചെയ്താാം
കുറവതുവരായ്ക പുത്രീ! സുഖവുമാകെ''ൻറു
　　കുറുകിയവളങ്ങമരരാജപുരി പുക്കാാം
പറവകളണഞ്ഞിവളുടേ ചുററുമുററിടർവ-
　　രാത്ത്വതിന്നു പാലനമിയററിയുളരായാർ. ൩൬

ആരുമൊരു ബാന്ധവരുമെൻറിയിവാം പക്ഷികളു-
　　മായവിടെ മേവുമതുകണ്ടരികു ചെൻേറ
ധീരതയൊഴിഞ്ഞു ബത! നിൻറളവു പുത്രിയിവാം
　　തീമയ‌ായലാൻ ഗാധിസൂനുവിനുമുററും
ചാരുതരവേഷമിയലിൻറമരനാരിമണി
　　താനിവളുടേ ജനനി മേനക മുനീന്ദ്ര!
സാരതരയാമിവളെ നീയിനി വളത്തരുളു
　　സങ്കടമില്ലെ''ൻറിനിയ പക്ഷികളുരത്താർ. ൩൭

പക്ഷിമൃഗജാതികളുമാദി സകലപ്രാണി-
        പറവതറിവൻ മററുമെൻററതുനിമിത്തം
അക്ഷണമുരത്തവളെയെന്മകളുമാക്കിയതി-
        സന്തോഷമുററിഹ വളൎത്തേൻ?
ഇക്ഷിതിതലേ പലരുമെന്നോടിവളെത്തരിക-
        യെൻറിതിരന്നാരതുചെയ്തില്ലറിക"യെന്നേറ
ദക്ഷസമനായ മമ താതനൊരു വിപ്രനൊടു
        നിശ്ചയമിവണ്ണമഖിലം പുനരുരത്താൻ. ൧൮

ആനതഖിലം നൃവര! നിന്നോടറിയിച്ചേ"-
        നാദരവൊടെൻറവൾ പറഞ്ഞതറിവുറേറ
മാനിതമഹീപതി„യിവണ്ണമിതെനിക്കിവിടെ
        വല്ലഭയുമാകയിനി നീയുമിനി"യെൻറാൻ;
„ഊനമിയലാതു മമ താതനരചെയ്യുമതു-
        മൊഴിഞ്ഞരുതു ചെയ്വതൊരുകാൎയ്യവുമെനിക്കോ,
നീ നയമൊടും മുനിയൊടിൻറിവ പറഞ്ഞരുൾക
        നിശ്ചയമിതെയ്തുമറികെ"ൻറവൾ മൊഴിഞ്ഞാൾ. ൧൯

അവളൊടവിടേ നൃപതിദുഷ്ഷന്തനും „പുനരി-
        തറിക തവ താതനറിയാതുമിതു ചെയ്താൽ
അവശതയില്ലേതുമിതിൽ നാലുവിധമായ് മുൻപി-
        ലരുമറയിലോതിയ വിവാഹവിധിയെൻറാൽ
ഇവ പലവില്യത്തമവ്യമെൻററിക ഗാന്ധൎവ്വ-
        മാകിയ വിവാഹമിതെ"ന്നും നൃപതിയോടുമവൾ
„അവനിപതിയാക മമ പുത്രനിനിയെങ്കിലിതു-
        മാമെ"ന്ന ഭൂപതിയുമാമെന്നു ചൊന്നാൻ. ൨൦

„ആളിതു ചെയ്വാനിഹ ഭവാനെങ്കിൽ മററു സമി-
        ദാദികളനത്തുമിവിടേയുണ്ടു തേറുകതു
കേളിമരുവും തവ പുരോഹിതനുമായ് നൃവര!
        കേവലമിയററുക വിവാഹവിധി മുററും"
„നാളിലിനി നന്മകൾവരും കൎമ്മമാമിതിനെ
        നാമുടനടുത്തപടിചെയ്കിലറി"കെൻറിവിടെ
വാളിണയിൻനേൎമിഴി മനോഹരി ശകുന്തള മ-
        കിഴ്ന്തുരചെയ്തോരളവു മന്നനരുൾചെയ്താൻ. ൨൧

മന്നനവളോടഥ വസിച്ചു പിരിവോരളവിൽ
        വന്തടിപണിന്തുഴതുനിൻറവൾ മൊഴിന്താൾ
എന്നെയിനിയാരുടയതെൻറളവിൽ „ഞാനുടയ-
        തേതുമൊരു സങ്കടമൊഴിഞ്ഞിവിടെ വാഴ് നീ,
ഉന്നിയ പുരോഹിതരമാത്യരിവരാദികളെ-
        യൊക്കെയിവിടേ വിട്ടുവർ നീയവർകളോടും
നൻറിവരുമാറു പുരമെയ്തുക മറക്കില്ല
        നമ്മിലുള്ള ബാന്ധവമി"തെൻറവനുരത്താൻ. ൨൨

താനരചനും നിജപുരംപ്രതി നടന്നളവു,
        താപസവരൻ കണ്വനാശ്രമമതെയ്തുവതു
മാനിനി ശകുന്തളയുമൻറകലവേ കണ്ടു
        മാനസഭയേന മുനിവന്നരികു ചെൻേറ
ദീനതയുമേറിയൊരു നാണവുമുടൻ ഭയവും
        നീതിയല്ല ഞാനിതിഹ ചെയ്തപരിചെൻറും
താനകമഴിന്തു നിനവുററടിപണിന്തു നിജ-
        താതനെയടുത്തപടി സൽകൃതികൾ ചെയ്താൾ. ൨൩

കാലിണപണിന്തു നിജമാനനമതും താഴ്ത്തു
        താപമൊടു മേവിന ശകുന്തളയെ നോക്കി മുനി
„കേളിതുരചെയ്ക തവ ഭാവമിതു പണ്ടില്ല
        കേവലമിളയ്ക്ക ഭയ"മെൻറതവൾ കേട്ടേ
കോളെയിതു ചൊൽവനിനിയെൻറവൾ പിതാവിനതി-
        കോമളഫലാദികൾ കൊടുത്തിടർകെടുത്തേ
നീളവുമുയത്തവനുടേ കാൽകളും തടവി
        നീതിയിലിരുന്നു ചില വാത്തകളുരത്താൾ. ൨൪

„ഉരചെയ്കിലരിപ്പമിതെനിക്കി,ലിലരാജസുത-
        നുത്തമമഹീപതിയുഴററൊടിഹ വന്നാൻ
നരവരനവൻ പതി നമുക്കെൻറതപ്പൊഴുതു
        ഞാനുമകതാരഴിവിനോടു നിനവുറേറൻ;
നിരുപമമഹാദിവ്യദൃഷ്ടിയിതുകൊണ്ടുഴറി
        നിഖിലവുമറിന്തരുൾക"യെൻറവൾ മൊഴിന്തളവു
കരുതി മുനികണ്വനുമവസ്ഥകളനത്തുമൊരു
        കനിവൊടുമറിന്തു മകളോടിതരുൾചെയ്താൻ. ൨൫

„ഇതുപെരികെനൻറു മകളേ! ചെയ്തവാറു പുന-
രെന്തുമൊരു ദൂഷണവുമില്ലയിതിനെൻററിക
മതിനലമെഴം മന്നവക്കിരിയ ഗാന്ധവ-
മാകിയ വിവാഹമിതു ചെയ്യതതിയോഗ്യം;
അതുപുനരമന്ത്രകമതും പുനരടുത്തപരി-
ചമയുമിതുചെയ്തതതിനാൽ മമ വരാ കോപം
ഇതമൊടവനീപതികളിൽ പ്രവരനായ് വാഴ്!-
മെൻററിക നിന്നുടയ പുത്രനിതുമൂലം. ൨൩

ഇതുപൊഴുതിലെന്തൊരുവരം തവ തരേണ്ടുവതു-
മെൻറുരചെയ്യേതുമറയാതതുതരാ”മെൻറു
മതിനലമെഴുൻറ മുനിചൊല്ലെ മകിഴുററവിടെ
മഹരിഷിയെ നോക്കിയവൾതാനുമുരചെയ്താൾ:-
„ബത! നൃപതിദുഷ്ഷന്തനാം പതിയുമവനുടയ
മേദിനിയും മററവനുടേ ലോകരാമവരു-
മതിസുഖമിയൻറു പലനാൾ വാഴ്വതിന്നുവര-
മരുൾകെ”ൻറ മുനിവനതവണ്ണം വരികെൻറാൻ. ൨൪

എൻറ മുനി പിന്നെയവൾതന്നുടയ മെയ്തടവി-
„യേതുമൊരു ദോഷമിയലായ്ക തവ ഭദ്രേ!
നൻറിതു പതിവ്രതയുമായ് മഹിതദുഷ്ഷന്ത-
നർപതിയുമായ് വാഴ്ക”യതിസുഖമൊടെൻറാൻ;
അൻറതിസുഖേന മരുവീടിന ശകുന്തളയു,-
മക്കനൊടു നേരെഴിവിയൻറ വരഗർഭമതു
നൻറിവരുമാറു ദിവസംപ്രതി തഴച്ചിതതി-
നാലവൾ മുന്നേതിലുമതീവ നിറമുററാൾ. ൨൫

മുററുമിനിയിൻറുവരും നാളെവരുമല്ലാൽ
മപ്പതുദിനത്തിനരികേ വരിക നിശ്ചയമി-
തററമിയലാത മുനിമാരൊടു പുരോഹിതര-
ശേഷപുരവാസികളുമെൻപതിനിയോഗാൽ
കുററമിയലാതെന്നെയങ്ങു കൊടുപോവതിന്നു
ക്കുറിയതു നിശ്ചയമിതെന്നൊടു നൃപൻതാൻ
ഉററ നിനവോടുമൊരു മൂൻറുവരിഷം പോയി-
തുത്തമ ശകുന്തള തനിക്കുമതുകാലം. ൨൬

അതുപൊഴുതണഞ്ഞു മുനിപത്നികൾ ശകുന്തളയൊ-
ടാശു"പസി വരും പതിയു'മെൻറളവു മററവള്ള-
മിതമൊടുമതീവ മഹിതേന്ദ്രഹനി മഹാഗുണമി-
യൻെറാരു കുമാരനെ മുതിൻ പ്രസവിച്ചാൾ;
അതുപൊഴുതിലങ്ങമരരാജനമരന്മാരു-
മായവിടെവന്നരിയപുഷ്പവരിഷംചെയ്തു
"ബത! നൃപതിമാരിൽ വരനായ്വരുമിവൻ പെരിയ
വീര്യബലമാദികൾ നിനയ്ക്കിലിനി"യെൻറാൻ. ൩൦

"എൻറുമിവനോടു സമരാമരചർ മേദിനിയി-
ലെത്രയുമപൂർവ്വ,മിവനേവരെയും വെല്ലും
ഒൻറുമിയലാത നൃപലക്ഷണമനത്തുമിവ-
നുള്ള വരദേഹമതിലുണ്ടതിമനോജ്ഞൻ
നൻറിവരുമാറശ്വമേധമൊരു നൂറിഹ ന-
രാധിപനിവൻ ചെയ്യുമെൻറി നൃപസൂയാദി-
യെൻറിവയിയററുമറികെ"ൻറിതു ശകുന്തളയൊ-
ടിന്ദ്രനരുൾചെയ്തമരരോടുമഥ പോയാൻ. ൩൧

ആനവാൾ ശകുന്തളയുമൻറു പലരും പറയു-
മാത്മജഗുണങ്ങളെ നിനച്ചു സുഖമുററാൾ,
മാനിതകുമാരനവനും മൂൻറുവർഷമഥ
വന്നിതു വയസ്സുടവിതോറുമതുകാലം
ദീനതയൊഴിഞ്ഞു പുലി സിംഹാദി ദുഷ്ടമൃഗ-
നിഗ്രഹമിയററുവതവന്നു കളി,മററസുര-
രാനവർകളാദികളുമൻറു വനമാമതുമ-
തീവ ഭയമോടുടനകൻറു നടകൊണ്ടാർ. ൩൨

ആർത്തിയൊടനേകമൃഗജാതികൾ വെരുണ്ടു,മസു-
രാദികൾ കരഞ്ഞുമതിഭീതിയൊടു താപസരു-
മോർത്തിതിനു കാരണമറിഞ്ഞു മുനികണ്വനൊടു
വന്നരചെയ്താർ സർവ്വദമനനിവനെൻെറ;
ഓർത്തവനുടേ ജാതകർമ്മാദി സൽക്രിയക-
ളൊക്കെയുമിയററിയ മഹാമുനിയുമപ്പൊഴുതു
ധാത്രിയിലിവൻ മഹിത'സർവ്വദമനൻ', നൃപതി-
ശാർദ്ദൂലനെൻറവനു പേരുമുടനിട്ടാൻ. ൩൩

അതുപൊഴുതു മുൻപവിടെ നിൻറു പുരമെയ്തിയ നൃ-
പാത്മജനതീവ ഗുണവാൻ നൃപതി ദുഷ്ഷന്ത-
„നിതു പെരിതു ഞാൻ ചെയ്തതമ്മുനിയുടേ നിനവു-
മേതുമറിയാതവളെ വേട്ടപരിചെ”ൻേറ
അതിഭയമൊടും മനസി ചിന്തിച്ചു „ചെൽവതരു-
താശ്രമമതിങ്കലിനി’ യെൻറുടനമന്നാൻ,
ബത! നൃപനമതുകാലമങ്ങു പല ചെൻറളവു
വിസ്മരണയും വന്നിതൊട്ടു ധരണീശ! ൩൪

„ആദരവതൊട്ടുമവനില്ല പതി ദുഷ്ഷന്ത-
നായ നൃപനെന്നെയൊരുപേക്ഷ ചെയ്തി”തെൻേറ
ഖേദമൊടു മെയ്‌വിളറിയേറെ മെലിവോ,ടരുതു
കേവലമരിപ്പതിനെന്നും നിനവിനോടും,
നീതിയയലാതുടനിരുണ്ട തുകിൽപൂണ്ടധിക-
ദീനതയിയൻറു മരുവുൻറവൾ ശകുന്തളയെ
ആധിയൊടു കണ്ടു മുനികണ്വനു„മട്ടത്ത പരി-
ഖാകുലമടങ്ങുമിതു കേളെ”ന്നു മൊഴിന്താൻ. ൩൫

„താനിവിടെ നീയെന്നുമിവണ്ണം മരുവീടുക ത-
കാ പതിയുടേയരികു ചെല്ലുവതു യോഗമിനി
ഊനവുമില്ലേതു മറി, സർവ്വദമനൻ തവ ത-
ന്തുജനിവനീരാറു പോയിതു വയസ്സും;
മാനിതപിതാവിനരുളാലിനയാളുംക്രൂറു
വാഴ്‌വതിന്നു കാലമവനും വന്നി’ തെൻറു മുനി-
താനുമുരചെയ്തളവു ഖേദമൊടു നിൻറവൾ ത-
ന്തുജനൊടുമുണ്മകളനന്തുമറിയിച്ചാൾ. ൩൬

„അറിവു പെരുകീടിന ഭവാൻ മമ പിതാവു ദൃഢ-
മറിക,യൊരുവന്നരക ചെൽകയില്ല ഞാൻ, മററു-
മറിക മൃഗജാതികളെ വമ്പിനൊടു കൊൽവതു മ-
ടങ്ങുവനതിന്നു, കളയായ്കെന്നെ മുനീന്ദ്ര!
നിറപുകഴ്‌നരാധിപനുടേയരികു ചെൻറരുളുക
നീതിയിലയെങ്കിൽ മമ മാതാവു താനെ”ൻറു
പറയുമവനോടുമുടനമ്മയൊടുമുണ്മകൾ പ-
റഞ്ഞ മുനിയോടവരിതാമെന്നുമൊഴിന്താർ. ൩൭

ആരണരിൽ മുമ്പരെ൨നേകരെയവൎക്കു തുണ-
യായ് നടകൊൾകെൻറു മുനി കണ്വനുരചെയ്തളവു
ചാരുതരലോചന ശകുന്തള തനൂജനൊടു
താപസരുമായ് നഗരമെയ്തിയതു കാലം,
സാരതയില്ലാത്ത ചില ലോകർ മുനിമാരുടയ
സൌന്ദൎയ്യഹീനത കുറച്ചു പരിഹാസമൊടു
നേരുരചെയ്താർ പലവിധം, „നഗരമെയ്തരുതു
നിശ്ചയമിതെ"ൻറൃഷികൾ വന്നവഴി പോയാർ. ൩൮

ആരഴലൊടും തനയനാമവനുടേ കൈയു-
മന്പൊടു പിടിച്ചു നടകൊണ്ടവൾ ശകുന്തളയു-
മാരുമറികേ യൊരുവർ കൂടാതു ചെൽവതിലൊ-
രാകുലമൊടും നൃപതിതൻപുരി പുകുന്താൾ;
„ആരിവൾ മനോഹരി? മഹാലക്ഷ്മിയെൻറു വരു-
വാനിടവുമുണ്ടു നിജകൈയിൽ മരുവും കമല-
താരതു മറച്ചിഹ വരും വരവിതെൻറതു" ത-
ദാ പലരുമെൻറവർകൾ കണ്ടവർ മൊഴിന്താർ. ൩൯

താരാൽമകളോടു സമമാമവളുടേയരികു
തത്ര മരുവും തനയനെക്കണ്ടു പൌരജന-
„മാരിവ, നശേഷനൃപലക്ഷണമിയൻെറാരു കു-
മാര,നതിസുന്ദരരമാസുതസമാനൻ?
ഷാരിതിനെയൊക്കെയുമൊരാകുലമൊഴിഞ്ഞു പരി-
പാലനമിയററുമിവനെന്ന നിനവോടുമതി-
ചാരുതരനാം നൃപതി ദുഷ്ഷന്തനോടിഹ സ-
മാനനിവനാശ്ചൎയ്യ"മെൻറവർകൾ ചൊന്നാർ. ൪൦

അവർകളിവ ചൊൻറളവു, ചെൻറളവു ശകുന്തളയു-
മാകുലമൊടാത്മജനുമായ് മന്ദമന്ദമുട-
നവിടെയവനീപതിയിരുന്ന മണിമണ്ഡപമ-
മന്നവനെ വന്ദനചെയ്താദരവിനോടേ,
നവകനകരത്നപരിശോഭിതസഭാസ്തംഭം
നാണമൊടണഞ്ഞു തഴകീടിനവൾ പുത്രനൊടു-
മുവവിയൊടു നിൻറുരചെയ്താൾ „തവ പിതാവതിവ-
നഴറിയഭിവാദയ സുതാ! പിതര"മെൻേറ. ൪൧

എൻറവാം ശകുന്തളമൊഴിന്തളവു വാലകനു-
മിമ്പമൊടു താതനെയണന്തടിപണിന്താൻ,
ഇൻറിവനെന്നെത്തഴുകുമെൻറു തെളിവോടു പുന-
രിന്ദ്രസമനാം നൃപനെ നോക്കിയെതിർ നിൻറാൻ;
അൻറവനിലാദരവൊഴിഞ്ഞു ധരണീപതിയ-
ടുത്തു മരുവീടുമവരംതന്നൊടുരചെയ്താൻ;
„ഇൻറു തവ കാര്യമുരചെയ്ക, സുതനാമിവനൊ-
ടേതിവിടെവന്നതിനു കാരണവു"മെൻറേ. ൪൨

ഏറെ വരിഷങ്ങളം പല സുന്ദരികളോടു,മിത-
മെയ്തി മരുവീടിനു മഹീപതി മറന്നാൻ,
വേറു മുനികണ്വനുടെയാശ്രമവനേ ചെൻറു
വേട്ട പരിചമ്പൊടു ശകുന്തളയെ മുന്നേ;
ഏറുമനുരാഗമൊടു ചെൻറവളൊടിത്തരമി-
രുന്ന നൃപനൻറു പറവാനുമിതുമൂലം:
„തേറുക തവാത്മജനിവൻ ദൃഢമറിഞ്ഞരുൾക
ശേഷ"മെന്നു നിൻറവൾ നരേന്ദ്രനൊടു ചൊന്നാൾ. ൪൩

ചൊന്നളവുമുണ്മയറിയാത പതിതന്നൊടതി-
ശോകമൊടു കോപവുമിയൻറവളുരത്താൾ,
തന്നുടയ ജന്മവും വളൎന്ന പരിചും നൃപതി
തന്നെ വനമെയ്തിയഥ വേട്ടതുവുമെല്ലാം;
നന്നെറിവരുത്തുമതൈവക്കുമിഹ പുത്രനൊടു
നന്മയിയലും നിജകളത്രവുമുപേക്ഷയരു-
തെന്നവരെയൻറു പലജാതിയവൾ ചൊല്ലെ നര-
പാലനവളെപ്പ്രതി മുഴുത്തിതനുരാഗം. ൪൪

രാഗമകമേയവളിലുള്ളതു മറച്ചു നര-
രാജനവളോടു മുനിവോടുമരുൾചെയ്താൻ,
„പോക വിരവോടിവിടെനിൻറു സുതനോടു, മണി
ഭൂഷണധനാദി തവ വേണ്ടുമതു നൽകാം,
ശോകമൊഴികെ"ൻറ നൃപനോടരിശമോടുമവൾ
ചൊല്ലിനാ„ളൊരുത്തരുടെ ദോഷമതു സൂക്ഷ്മതര-
മാകിലുമറിഞ്ഞതിൽ മുഴുത്ത നിജദോഷമറി-
യാതു പരനിന്ദ പലരും പറവരല്ലോ. ൪൫

പറകിലൊരുപുണ്യമിഹ സത്യസമമില്ലറിക,
പറഞ്ഞവയവണ്ണമുടനേ ചെയ്യിതേ നല്ല-
തുറവൊടു പുരാ നിശ്ചയം മമ വരും പരിചു-
രത്ത സമയം ബത! മറന്നതതിചിത്രം!!
തിറമൊടുമറിഞ്ഞതറിയാതപടി ഭാവിച്ചു
തെറികളുരചെയ്യുവർകളാത്മാവിനോടു ചതി
പെറുക ബത! ചെയ്യിൻറ,തങ്ങൊരുവരോടെൻറു
ഭാവമതിപാതക,മസത്യമിതുമുററും. ൪൩

ഇതു കരുതു, തമ്മുടെ പുറത്തു പൊടി തുകുവതി-
ളയ്ക്കുരുതതീവ സുഖമേയതു ഗജങ്ങൾക്ക്;
അതിനു നികർ നല്ലവരെ നിന്ദിച്ചുതാൻ പറവ-
തനുഭവമതേ തൊഴിലുമായതധമർക്കോ;
മതികൊടുടനങ്ങൊരുവനുള്ള ഗുണമോർത്തു വ-
രാതവ തനിക്കെൻറതും കരുതിനാ,ലരിയ
ചതികളവനെ പ്രതി പറഞ്ഞുമവനേത്താഴ്ത്തു
താമധികരാവിതതിനീചതയിയൻറാർ. ൪൪

ഓക്കിലകൽവാനരുതു മേനകയെ, മററവളി-
ലുണ്ടായ പുത്രിയെന്നെയും തവ നമുക്കു സമ-
മാക്കമിയിലിൻറമരരാമവർക"ളെൻറു നര-
രാജനൊടു നിൻറവളതീവ ചിനമോടേ
നോക്കിയിവണ്ണം പലവുരത്തുളവുമാർത്ത നൃ-
രുങ്ങു നൃപനില്ല തന്നിലെൻറതു നിനച്ചേ
സാക്ഷി രവിസോമയമഭൃതങ്ങൾ മനസ്സിനൊടു
സാദ്ധ്യകളഹോരാത്രകർമ്മങ്ങളെവക്കും. ൪൫

അങ്ങവർകൾ താമുമിഹ നമ്മുടയ ദുഷ്കർമ്മ-
മാമതിനുടേ ശക്തികൊണ്ടു മമ വൃത്താന്ത-
മിങ്ങിതിനു സാക്ഷികളുമാകാഞ്ഞിതെൻറുരചെ-
യ്തേറി രുഷാ സുതനുമായവൾ നടന്നാൾ;
പൊങ്ങുമശരീരിമൊഴി കേൾക്കായിതൻറുപരി
"പുത്രമിമമമ്പൊടു ഭരിക്ക നൃപ! ദുഷ്ഷന്ത!
എങ്ങുമൊരസത്യമില്ല മററിവൾ പറഞ്ഞതിലു-"
മെൻറു പലരും കേൾക്കുമാറു പലവട്ടം. ൪൬

„പലഗുണമിയൻറ സുതനാമവനെ നായിഹ ഭ-
രിക്ക കനിവോടെൻറു നാം ചൊന്നമൂല,മിനി-
യുലകിതിലിവൻ ഭരതഭൂപതി,കുലത്തിലിതി-
ലുള്ളവർകൾ ഭാരതരുമാവരിതുമൂലം.
നലത്തൊടിതുമിൻററക"യെൻറുമശരീരിമൊഴി
നരപതി, പുരോഹിതവരാദികളൊടും കേട്ടു
ചലമതിയലിൻറ വചസാ പുനരെഴുന്നിൻറു
സഭയിൽ മരുവീടുമവർതമ്മൊടരുൾചെയ്താൻ. ൧൦

„അരുളൊടിതു ദേവകളുമങ്ങു മുനിമാരുമിവ
യരുൾചെയ്ത വാണികളതെൻറിയറിവൻ ഞാൻ
നിരുപമകുമാരനിവനെന്നുടെ തനൂജ,നിഹ
നിൻറവൾശകുന്തള തനിക്കുപതിയും ഞാൻ;
വരുമളവിലേയിവളെ ഞാൻ കൊണ്ടുകൊൾകിൽ മമ
വരുവതപവാദമതൊഴിഞ്ഞിവൾ വിശുദ്ധതയെ-
യൊരുവരൊഴിയാതറിവതിന്നിതു ചെയ്തേ"നെൻറി-
തുരചെയ്തു ഭൂപതിയുഴറെറാടു നടന്നാൻ. ൧൧

ആനവനുമാദരവിനോടു സുതനാം ഭരത-
നാകിയകുമാരനെയണഞ്ഞു തഴുകിപ്പെരിയ
ദീനതയിയൻറവൾ ശകുന്തളയുടേയരികിൽ
നിൻറനനയേന പല വാണികൾ പറഞ്ഞാൻ:—
"ഞാനരചെയ്തേൻ പരുഷം നിന്നൊ,ടുരചെയ്താൾ
നമ്മൊടറി നീയു,മവ നമ്മിലറി യോഗ്യമിനി
മാനസസുഖേന പുരിപൂകെ"ന്നുടൻ പുരി മ-
ഹീപതിയുമായവൾ തനൂജനൊടു പുക്കാൾ. ൧൨

പുക്കവളുമംബരവിലേപനവിഭൂഷണവി-
ഭൂഷിതയുമായഥ രഥാന്തര്യ്യയാലുമതി-
സൽകൃതയുമായ്മരുവിനോരളവു ദാനാദി
സൽക്രിയകൾചെയ്തവളെയാനൃപതികൊണ്ടാൻ,
തക്കതുമിതെൻറുസുതനായ ഭരതന്നുമഥ
തത്ര യുവരാജപദമമ്പൊടുകൊടുത്താൻ;
ഒക്കതിസുഖേന പലനാൾ വാണു ദുഷ്ഷന്ത-
നമ്പർപുരി മേവിനനുടമ്പിനൊടു വേറായ്. ൧൩

അനവനുടൻ സാവ്ഭൌമനവിടേ ഭരത-
    നാരവനൊളം ഗുണമിയന്റവർ മഹീപതികൾ?
നീയറിക വൻകുലമിതിങ്കലുളനായതുനി-
    മിത്തമിതിലുള്ളവർകൾ ഭാരതരുമായാർ;
താമൊട്ടസമൻ പുനരെവർക്കുമവനേറിയ ധ-
    രാപതികളേവരെയുമേ പൊരുതുവെൻറാൻ
തൂയ ഹയമേധനൃപസൂയാദിസൽക്രിയ സു-
    ഖേന പലചെയ്തു പലകാലമഥ വാണ്ണാൻ. ൪൮

അനവനുടേ തനയനാകിയ ഭൂമന്യുനൃപ-
    നാദി പലർ പിമ്പു ധരണീപതികൾ വാണ്ണാർ,
ദീനതയില്ലാനൃക്ഷരാജസുതസംവരണ-
    ദിവ്യനൃപനിന്ദുകുലനായകനുമായാൻ,
അനവനു വൈരികളനേകമുളരാകിയതി-
    നാലും നെട്ടവേനലതിനാലും നഗരേ പെരിയ
ദീനതയിയൻറു പുരവുംവിട്ടു പശ്ചിമദി-
    ശി പ്രവരപൌരവരൊട്ടും നൃപനിരുന്നാൻ. ൪൯

നാന്മുഖതനൂജനെ വസിഷ്ഠനെ നരേന്ദ്രനൊരു
    നാളവിടെയാദരവിനോടരികുകണ്ടേ
പോം മമ വിഷാദമിനിയെൻറു മുനിവന്നരികു
    പുക്കു നിജ സങ്കടമനത്തുമറിയിച്ചാൻ,
„അം മമ ഭരം നൃവര! നിന്നുടയ സൌഖ്യമിതി-
    നായൊരുമഖംചെയ്ക”യെൻറളവതുംചെയ്തു
താന്മകിഴ്വൊട്ടും പുരിപുകുന്നു ദിവസേശപരത-
    നൂജയൊടിരുന്നു പല സൽക്രിയകൾ ചെയ്താൻ. ൫൦

അനവനും സംവരണനങ്ങുദിവസേശസുത-
    യാം തപതി പെററൊരു കുമാരനുളനായാൻ
മാനിതനവൻ കുരുനരാധിപതികൌരവരു-
    മായിതിതുവംശമിതുമൂലമവനീശ!
ദീനതയില്ലാത നരപാലകരനേകരിഹ
    നീതിയൊടു വാണ്ണവർ മഹാക്രിയകൾ ചെയ്തു പുന-
രൂനമിയലാ ഗുണഗണങ്ങളൊടു വംശമിതി-
    ലുത്തമനരാധിപതി ശന്തനു പിറന്നാൻ. ൫൧

ശകുന്തളോപാഖ്യാനം സമാപ്തം.

## അംബോപാഖ്യാനം.

നാന്മുഖനെ മുന്നമൊരുനാളമരനാഥനഥ
കൂട്ടരൊട്ടു സേവചെയ്തിരുന്നളവുചെന്റാൾ
താന്മകിഴ്വിനോടമരലോകനദി ഗംഗ സരി-
താംവര സരോജഭവനെത്തൊഴുവതിന്നായ്;
കാണ്മവർകൾ നാണമൊടധോമുഖരുമാംപരിചു
കാററവള്ടെവസ്ത്രമപ്പൊഴുതുലച്ചിതതു
താന്മതിസുഖേന ബത! കണ്ടങ്ങിരുന്നൊരു ധര-
രാപതി മഹാഭിഷക്കിനോടയൻ പറഞ്ഞാൻ. ൧

"അറിക മമ ലോകമതിൽ മേവുമതഴായിനി യ-
ധോമുഖനുമായ് മനുജലോകമതിൽ നീ വീഴ്ക,
തിറമൊടു മഹീപതിയുമായ് പ്രീതിചെയ്തു തവ
ദൃഢമറയുമപ്പൊഴുതു നീയിവളെ വിട്ടാൽ
പിറകു മമ ലോകമിതിലെയ്തുകെ"ന്നു നിന്റ നൃപ-
പുംഗവനു ചൊന്ന വിധി ഗംഗയൊടു ചൊന്നാൻ
"നിറമുടയ മാനുഷിയുമായങ്ങു ചെൽകവനു
നീ ഭാര്യയാവതിനു നന്മവരു"മെന്റേ. ൨

എന്റു ചതുരാനനനിയോഗമതു കേട്ടവളു-
മിങ്ങു ഭുവി പോരുമതുകാലമഥ കണ്ടാൾ
വെന്റിയിയലാതൊളികുറഞ്ഞുടനധോഗതിയെ
മേവിന വസുക്കളെ,യനന്തരമുരത്താൾ;
"ഇന്റു ഭവതാമിടരിതെയ്തിയതിനെന്തുചുവ-
ടെ"ന്നു വസുമുഖ്യരുമമർത്ത്യനദിതന്നൊടതു
നിന്റുരചെയ്താർ "മുനിവസിഷ്ഠനൊടു ഞങ്ങളപ-
നീതിചെയ്തമൂലമറികെ"ന്റതറിയിച്ചാർ. ൩

അറിക വരുണന്നു തനയൻ യമുനതന്നിലുള-
നാകിയ വസിഷ്ഠമുനിവന്നുടയയാശ്രമമ-
തരുതിയിയലാതസുഖമുള്ളതവിടെസ്സുരഭി-
യായ പശുതന്നെവയമമ്പിനൊടു കട്ടോം,

പിറകവളെയിങ്ങു തരികെൻറു നിജപതിയുടെ
        പ്രീതിവരുവാനെങ്ങളെണ്മരിലൊരുത്തനുട-
നുറവിനൊടുമറെറഴുവരോടുമൊരുമിച്ചു മുനി-
        യുടെ പശുവു കട്ടമരലോകവുമമന്നോം, ൪

അമരവരരാകിയ വസുക്കൾ പശുകട്ടവരി-
        തതിദുരിതമെൻറതറിവുററമുനിയാമവനു-
„മമയുമിനി നിങ്ങൾ ചിലമാനുഷരുമാകെൻറ"-
        തരിശമൊടുമെങ്ങളെയുഴറെറാടു ശപിച്ചാൻ;
ഭ്രമമൊടതറിന്തടിപണിന്തളവിലെങ്ങളൊടു
        പരിമ്പുരചെയ്താൻ ബത! മനുഷ്യതയിയൻറുപുന-
രിമയവരുമാക മൃതരായ് നിങ്ങൾ വൈകാമ-
        ലേഴുമിനിനില്ലൊരുവൻ മേദിനിയിൽ നീണാൾ. ൫

മേദിനിയിലേറെവരിഷം ബ്രഹ്മചര്യമൊടു
        മേവുകെന്നുടേ പശുവു കട്ട വസുതാനെൻറു
നീതിയൊടുചൊന്ന മുനിതൻവചനഗൌരവനി-
        മിത്തമിഹ നാംപുനരധോമുഖരുമായോം;
ആധിപെരികൊണ്ടൊരു മനുഷ്യവധുതന്നുദര-
        മാമതിലുഴൻറുടനിരിപ്പതു നിനച്ചേ"
വേദനയൊടെൻറു വസുമുഖ്യരുരചെയ്തുളവു
        വേറമരരോടമരലോകനദി ചൊന്നാൾ. ൬

„ചൊന്ന വിധിതൻമൊഴിയിനാൽ മനുജലോകവര-
        സുന്ദരിയുമാവതിനു ഞാനിഹ നടന്നേൻ"
എന്ന വസുമുഖ്യർ മകിഴ്വോടുമുരചെയ്താ-
        „രെങ്കിലിനിയെങ്ങളെയും നീ പെറുകയെൻേറ;
നൻനെറിവരും പര്ചുകൊൽക പ്രസവിച്ചാൽ
        ഞങ്ങളിലൊരുത്തനെയൊഴിഞ്ഞെഴുവർതമ്മെയുമൊ-
രുന്നതിയവനു വരുമാറുരചെയ്യോം തവ സു-
        തോദയവുമുണ്മയിതു ചെയ്തരുൾക"യെൻേറ. ൭

എൻറ വസുമുഖ്യരൊടിവണ്ണമിതുചെയ്വനഹ-
        മെൻറമരലോകനദിതാനുമുരചെയ്തേ
അൻററിയ സുന്ദരിയുമായവളുമാദരവി-
        നോടവനിയിങ്കലൊരുദിക്കിലുളളായാൾ;

നൻറിവരുമാറിഹ മഹാഭിഷഗനെന്നു
ൻർപതി പ്രതീപനൊരു സന്തതിയുമായേ
വെൻറികലരും നൃപതി ശന്തനുവുമായാൻ
വീരനവൻ, മുമ്പയനരത്തതു നിമിത്തം. ൮

അതിസുഖമൊടേ നൃപതിയാകിയ പ്രതീപനട-
നമരുലകു പുക്കനെനടമ്പിനൊടുവേറായ്,
മതിനലമെഴും മഹിതശന്തനുമഹീപതി മ-
ഹീതലമനന്തരമടുത്തപടി വാണ്ണാൻ;
ചതിപറക, പുത്രർമൃതി, ഭർത്തൃമരണംകാങ്കെ,
തക്കതു ചെയ്യാതുടനടാതവയിയററിടുക,
ഇതുമുതലതീവ ദുരിതങ്ങളൊരുജന്തുവിനു-
മില്ലയതുകാലമരചൻമഹിമയാലേ. ൯

ഏവമമരും നൃപതിനായാട്ടിനായടവി-
യെയ്തിയതുചെയ്തു തളർവോടിനിയ ഗംഗാം
മേവിയതുനേരമതുതൻകരെ മനോഭവവി-
കാരമെതിർനോക്കമവരുള്ളിൽ വിളയിച്ചേ
ദേവി സരിതാംവരയും മാനുഷിയുടേ വടിവു
നീതിയൊടു പൂണ്ടണയെ നിൽക്കുമതുകണ്ട നര-
ദേവനുമനംഗശരപീഡിതനുമാകിയതു-
നേരമവളതന്നരികു ചെൻറിവ മൊഴിന്താൻ. ൰

„ഇവിടെയിവണ്ണം മരുവും നീയമരനാരികളി-
ലേവളുരചെയ്യറിക വല്ലവളുമെങ്കിലുമൊ-
രുവവിയൊടു വല്ലഭയുമാക മമ നമ്മുടയ-
തൊക്കെ വിധേയം തവ ധനാദികൾ മനോജ്ഞെ!
ശിവമിതു ചെയ്ക”ൻറ നൃപനിൽ കനിവിനോടുമുര-
ചെയ്തനു„ളിതാ,മരുതു നന്തൊഴിൽ വിലക്കുമതു,-
മേവളിവളെൻറു പുനരിൻററിവതിന്നുമരു-
തെന്നെയൊരുവന്നതു ചെയ്യാക്കിലിതു ചെയ്യാം”. ൰൧

ആമിവയെല്ലാമിവണ്ണമെൻറു നൃപനൻറവളൊ-
ടാദരവിനോടുമൊരു സത്യവുമിയററി,
പ്രേമവശനായൊരു ദിനം മുമ്പു തന്നൊടു പ്ര-
തീപനൃപനററുരചെയ്താവുമറിവുറേറ,

കാമരസകാന്തരനമായിതവളോടു ചില-
കാലം നിജരാജ്യമതിൽ മേവിന മഹീപതിയും
ആമളവുമന്നരിയ ഭോഗങ്ങളൊൻറുകിട-
വാതനുഭവിച്ചു ഭുവി വിശ്രുതനമായാൻ. ൧൨

ആനവളമത്ത്യനദി തന്നുടയ പുത്രരുള-
രാമവരെയപ്പൊഴുതു കൊൻറു നിജതോയമതി-
ലൂനമിയലാതു പുനരിട്ടിതു വസുപ്രവര-
രോടു സമയം മുമ്പു ചെയ്യതു നിനച്ചേ,
താനതിവിഷാദമൊടു ശന്തനുവു മുമ്പു നിജ-
താതനരുചെയ്ത പരിചോത്തതു വിലക്കുവതു-
മൂനമിനിയെൻറഴവർ വാലകരെയും കൊൽവ-
താ നൃപതി കണ്ടതു വിലക്കിയിതു ചൊന്നാൻ. ൧൩

ഒഴിവുമിനിയാകിലിവരും പുത്രവധയെൻറരച-
നുള്ളിൽ നിനവുററു നിജസന്തതിയെ കൊല്ലരുതു
ഭാമിനി തന്തുജനിത തനുജനിവനെക്കരുതു
നിന്തൊഴിലഴകിതൊരു കാരണവുമെന്തിതിനു
നീയാരിതറിയിക്കയെൻറവളൊടും നൃപതിചൊന്നാൻ(?)

... ... ... ... ... ...
... ... ... ... ... ... ... ...
... ... ... ... ... ... ൧൪

ചൊന്നളവു „ഗംഗയറി ഞാനെന്നുടേ തനയർ
ചൊല്ലുകിൽ വസുക്കളിവർ മാനുഷരുമായതിനു
മുന്നം മുനിയാമവനുടേ ശാപമെൻററിക
മൂലമവനുള്ള പശു തന്നെയിവർ കട്ടാർ,
എന്നൊടിവർ നീ പെറുക നമ്മെയിവണ്ണം കൊൽക
എൻറിതിരന്നാരതുനിമിത്തമിതു ചെയ്തേൻ
നന്നെറിയിവക്കുവരുവാൻ, കൊൽകയില്ല സുത-
നാമിവനെ”യെൻറു നൃപനോടവരും മൊഴിന്താരും. ൧൫

„അവരജനിവനു വസുമുഖ്യർ നിജശക്തിയിലൊ-
രംശവുമിവന്നരുളിനാരിവനിരിക്കമിനി-
യുവവിയിലനേകവഷം ബ്രഹ്മചര്യമൊടു-
മരചരിവനോടു സമരാമവരപൂവ്വം;

ശിവകരനമായിവണ്ണം മേലിലമന്നീടുമറി
ചിന്തയിൽ വിഷാദവുമിളയ്ക്കൂഥ സമഗ്രനിവൻ
ഇവയുമുടനേ മുനിയുരത്തു നിമിത്തമറി-
കെ''ൻറുമവൾ ശന്തനുനരാധിപനു ചൊന്നാൾ. ൬൰

,,ആളവനിപാലനമിയററുവതിനായിവന-
ശേഷഗുണവാനിവർകളെപ്പെറുമതിന്നുമിതു-
നാളിലയനേകിയിതു ചെയ്വതിന്നുമിൻറളവും
നമ്മിലൊരുമിച്ചിവിടെയിമ്പമൊടു വാണ്ണോം
കേളരുതി വന്നിതിന്നിയെൻററിക നീയിതിനു
ഖേദവുമൊല്ലാ തനയനാമിവനെ വേണ്ടും-
നാളിലുടനേ തരുവനെൻറവച്ചുമേതുമൊരു-
നാശമിയലാതിഹ വളപ്പുനറികെ''ൻറാൾ. ൬൧

എൻറളവമത്ത്യനദി പുത്രനൊടു പോയാ;-
ളേറിയ വിഷാദമൊടു ശന്തനുവിരുന്നാൻ;
അൻറു പുനരൊണ്മയറിവുററു നിജശോകവുമ-
കററിയവനീതലമിതത്തൊടു ഭരിച്ചാൻ:
നൻറിയിയലാതവർകളില്ലൊരുവരാരുമതു
നാളിലരചൻമഹിമയാൽ നൃപരിവണ്ണമിനി-
യെൻറുമുള്ളരായ് വരുവതും പണിയെന്നും നിനവൊ-
ടേ സകലലോകരുമതീവ സുഖമുററാർ. ൬൨

ഉററ പുരവാസികളൊടും നൃപതി നായാ-
ട്ടുന്നിയൊരുനാൾ വനമതെയ്ത്തിയതു ചെയ്തളവി-
ലററമിയലാതള മൃഗങ്ങളെ വധിച്ചലസി-
യാകുലമൊടും ഗംഗതൻകര പുകുന്താൻ,
വുററിയതൊരാശ്ചര്യ്യമിന്നദി,യിതെൻറിഹ വ-
റണ്ടതിനു കാരണമതെന്തെൻറുമോത്തു നൃപ-
നുററതിനുടേ കരെ നടന്നളവു തന്നെതിരു-
ദാരഗുണവാനൊരുവൻ മേവുമതു കണ്ടാൻ. ൬൩

ആനവനൊരസ്ത്രമുടനെയ്തു ജലവേഗമത -
ടക്കിയതു മററതിനുകേൾ നദിവററിയതു-
മൂനമിയലാൻനൃപതി കണ്ടു പരമാശ്ചര്യ്യ-
മോടവിടെ നിൻറളവൊരസ്ത്രവരശക്ത്യാ

താനവിടെ നിൻറ പുരുഷൻ നൃപനെ വമ്പൊടു ത-
ളത്തിയതിമോഹവുമിയററി മറവുററാൻ;
ആനതറിവുററമരലോകനദി പുത്രനൊട-
ണഞ്ഞിടർകളഞ്ഞു നൃപനോടിതുരചെയ്താം. ൨൦

„ഇതുകരുതിവൻ തവ തനൂജനരചാ! വിദ്യ-
യെന്മതഖിലം മുനിവസിഷ്ഠനൊടറിഞ്ഞാൻ,
അതിമഹിതനാം പരശുരാമമുനി താനറിയു-
മസ്ത്രമിവനോടു പുനരൊക്കെയറിയിച്ചാൻ;
മതിനലവും ബാഹുബലവും തവമുദാരഗുണം
മററിവനൊടൊത്ത നരപാലകരപൂർവ്വമിനി-
യിദമൊടിവനോടു പുരമെയ്തി യുവരാജപദ-
മിവനരുൾക"യെൻറവൾ നരേന്ദ്രനൊടു ചൊന്നാൾ.
[൨൧

എൻറവൾ നരേന്ദ്രനൊടു പിന്നെയുരചെയ്താ-
„ളിൻറിവനു നാമമൊരു രണ്ടു, ഗംഗാദത്ത-
നെൻറാൻറു, പുനരൊൻറു ദേവവ്രതാഖ്യയു,മി-
വന്നിനിയുമെയ്തുമിതുപോലരിയനാമം,
നൻറി വരുവാൻ നടകൊൾകെ,"ന്നുടൻ മഹീപതി. ന-
ലംകലരുമാത്മജനുമായ് നിജപുരം പുക്കു
വെൻറിവരുമാറു യുവരാജപദമാത്മജനു
വിരവൊടു കൊടുത്തതിസുഖത്തൊടുവസിച്ചാൻ. ൨൨

ആനവനമൃതകരാന്വയഭൂഷണ-
നഖിലഗുണാകരനാകിയ ശന്തനു
താനമരോപമനാം ദേവവ്രത-
തനയനുമായവനീതലമഖിലം
ദീനത വാരാതേ പരിപാലന
നിതരാം ചെയ്തു വസിച്ചാൻ ചിലനാൾ,
കാനിടെയതിലൊരുനാൾ നായാട്ടിനു
കാമമിതെൻറുടനേ നടകൊണ്ടാൻ. ൨൩

നടവായ്നിൻറ മഹീപതി യമുനാ-
നദിയതിനരികേ മേവിയനന്തര-
മുടനേ സൌരഭ്യാതിശയം താ-
നോത്തതിനൊരുകാരണമറിയേണം,

ദ്ദഢമിനിയെൻറാരുയോജനവഴിപോയ്
നീതി മികം ഗന്ധ്യാ നില്പതുകം-
ണ്ടുടലിതിനുടെയതുമറികവിശേഷ,മി-
തോർത്താൽ വിസ്മയമെൻററിവുററാൻ. ൨൪

അറിയിച്ചേ, „നിനുടയ പിതാവാ-
രനുപമസുന്ദരി! മന്ദിരമേതൊരു
കുറവററീടിന നീയെന്തോൻറു കു-
റിച്ചിവിടേ നിൻറിതു,"മെൻറല്ലൊം
ഉറവിൽ ചോദ്യം ചെയ്ത നരേന്ദ്രനൊ-
ടുടനവൾ „ദാശേശന്നൊരു സുത ഞാ
നറമത്യന്തമിതെൻേറ തോണിക-
ടത്തുമതിന്നിഹ നിൻേറ'നെൻറാൾ. ൨൫

„നിഭൻറൻ ദാശാധിപനാം താതനി-
യോഗത്താ,ലരികേ മമ ഭവനവു,'-
മെൻേറവം ചൊന്നവളെക്കണ്ട ന-
രേന്ദ്രനുമയുഗശരാതുരനായേ
ചെൻറവളുടയ പിതാവൊടു ശന്തനു
ചെമ്മേ„നിൻപുത്രിയെ മമ നല്കുക"-
യെൻറതുകേട്ടതിസംഭ്രമമോടവ-
„നിതുകേട്ടരുളുക'യെൻററിയിച്ചാൻ. ൨൬

„എൻറും നാടിവളുടെ തനയന്മാ-
ക്കേ തവ ശേഷം വാഴ വതുമുടനേ
നൻറിതു നിശ്ചയമാക്കുകിൽ നൽകാ-
മിനിയരചാ! മമ പുത്രിയെ"യെൻേറ
നിൻറുരചെയ്താൻ ദാശാധിപനും;
ദീനതയോടിതുചെയ്യാൻ പണിയു-
ണ്ടെൻറവിടേ മന്മഥപരവശനാ-
യിന്ദുകുലാധിപഭൂപതി പോന്നാൻ. ൨൭

നാനാജാതിയുടമ്പിൽ വികാരം
നാൾതോറും പുനരുണ്ടായ് വരുവതു
താനാകലമൊടു ദേവവ്രതനാം
തനയൻ കണ്ടവിടെച്ചോദിച്ചാൻ:—

„താനാഹാരമൊഴിഞ്ഞു മെലിഞ്ഞു ത-
ളൎന്നുടൽവിളറിയിവണ്ണമിരിപ്പാൻ
ഞാനേതും കാരണമറിയേനിതു
നമ്മൊടു ചൊല്ലുക താതാ”യെൻേറ. ൪൮

താതൻഭൂപതി തൻനിനവായതു
തന്നേ ചൊല്ലാതേ ചൊന്നാനതി-
ഖേദമൊടേ ദേവവ്രതനൊടു „നീ
കേവലമൊരുവനെനിക്കു തനൂജൻ,
വാധ വരും തവ നാശവുമെയ്തുകിൽ
വംശമിതിന്നേ മറെറാരുപുത്രനെ
യാദരവോടുണ്ടാക്കുവതിന്നി-
ല്ലാഗ്രഹവും മമ ഖേദവുമതിനാൽ. ൪൯

ഖേദം കണ്ണൊൻറുള്ളവർകൾക്കും,
കേവലമൊരു സുതനുള്ളവർകൾക്കും,
ചേതയിലെയ്തു;മവററിനു നാശം
ചെമ്മേ വരികിലൊരാശ്രയമുണ്ടോ?
മേദിനിപാലരിൽ വീരതരാ! നീ
വേദനയേററമിതൊൻറിനെ വേൾപ്പാ-
നാദരവില്ല,റി മറെറാരു പുത്രരി-
ലാഗ്രഹമില്ലയെനിക്കിനി”യെൻറാൻ. ൫൦

എൻെറല്ലാം താതൻ ചൊന്നതുകേ-
ട്ടതിലൊരു നിനവുണ്ടെൻററിവുറേറ
നൻറിമികും ഗംഗാദത്തൻമന-
നയമോടിനിയ പിതാവിനു സൂതൻ
നിൻറവനെത്താനണയെ വിളി„ച്ചിതു
നീ കേളൊരു കന്യാവിനെ വേൾക്കാ-
ഞ്ഞിൻറിടരുണ്ടു പിതാവിന്നാഗ്രഹ-
മേവലിലെൻറതു നീ ചൊ”ല്ലെൻറാൻ. ൫൧

„നീ കൂടാതേ പോവില്ലെങ്ങും
നൃപനെന്തു കാംക്ഷിതമരചനു നിൻെറ
വാക്കിനു ഹാനിവരാ നമ്മൊടു നീ
യുണ്മകളെല്ലാം ചെമ്മേ ചൊന്നാൽ,

വേഗാൽ സാധിപ്പൻ ഞാനെന്റതു
    വിരവൊടു ചൊൽകെ”ന്റളവേ സൂതൻ
„ശോകാവേഗമിതുച്ചൈശ്രവസ്സുടെ
    സുതയെ വിവാഹം ചെയ്യാഞ്ഞെ”ന്റാൻ ൩൨

„ആനവനുച്ചൈശ്ശ്രവനൊടു ഭൂപതി-
    യാത്മജയെത്തരികെന്റതിരന്നാൻ
ഊനമിതിന്നില്ലെന്നുടെ പുത്രി-
    ക്കുണ്ടാം പുത്രന്മാൎക്കേ രാജ്യം
ദീനതകൂടാതേ തവ ശേഷം
    നീതിയിൽ വാഴാമെങ്കിലിതാമെ-
ന്റാ,നതു ചെയ്വാനൎഹതയില്ലെ-
    ന്ററചനനംഗശരാതുരനായാൻ. ൩൩

ആയതു സങ്കടമിതുമതിനാലേ
    യരചന്നെ”ന്റതു സൂതൻ ചൊന്നതു
തുയിരൊടു കേട്ടേ ഗംഗാദത്തൻ
    നൊടിയിലിനിസ്സാധിപ്പനിതെന്റേ
പോയ് വടിവോടും നൃപസൂതവ്രജ-
    പുംഗവനോടേ ചെന്റുച്ചൈശ്ശ്രവ-
നായവനോടക്കു„ണ്ടരചൻ വേൾപ്പാ-
    നായ് നിജപുത്രിയെ നീ തരികെ”ന്റാൻ. ൩൪

„തരുവതെനിക്കൊരു സമ്മതമിതിനൊരു-
    സങ്കടമുണ്ടിവളുടെ തനയന്മാ-
ൎക്കരചിനിനാളെ വരേണ,മതല്ലാ-
    ലരുതായ്‌വരുമിതു”മെന്റേ ദാശൻ.
പരിചൊടു ചൊന്നളവ„വരുടെ സുതരെ-
    പ്പിഴതുപെടാതേ വാഴിപ്പൻ ഞാൻ
മറുതല പിഴകിക്കൊാംവനതേ മമ
    കാംക്ഷിത”മെന്റാൻ ദേവവ്രതനും. ൩൫

അനുനയമോടു പറഞ്ഞാൻ ദാശനു-
    മവിടേ, „ദേവവ്രതനതുചെയ്യാം,
ഇനി വിരവോടു വിവാഹംചെയ്കേ
    തവ സുതരിതുകോം പുനരുണ്ടായാൽ

കനിവൊട്ടു വേറായിവളുടെ തനയ-
ക്കാത്മജരാമവർതന്നെയിഴുക്കുവർ
മനസി വിഷാദമിതെ"ന്റേറ ദാശൻ
മററവിടേ ശാന്തനവനു ചൊന്നാൻ. ൩൬

ആനവനൊട്ടു ചൊന്നാൻ ദേവവ്രത-
"നഖില നരാധിപസുരയക്ഷാദിക-
ളാനവർകൾക്കറിയാം മമ ചേത-
സ്സുഴിവില്ലാത പ്രതിജ്ഞയിതെൻറും,
"ഞാനുയിർപോമളവും വേൾക്കാതേ
നാരീജനവിമുഖനുമായ വാഴ്‌വൻ
വാനുലകും മമ വരുമതിനാലേ
മനസി സുഖം താതനു വരുമെൻറാൽ." ൩൭

എന്റളവംബരമാർഗ്ഗേ ദേവക-
ളീടിയ മുനിയക്ഷാദികൾ താമും
നിൻവരചെയ്താർ "ഭീഷ്മാ! ഭീഷ്മാ!
നീയിതുചെയ്തതു വിസ്മയ"മെന്റേറ
അൻറതിനാലേ ഭീഷ്മനെന്നും പേ
രായിതു ഗംഗാദത്തനു; ദാശനു-
മൊൻററി, സംഭ്രമമോടാത്മജയെയു-
ഴറൊട്ടു നല്കി നമസ്കൃതിചെയ്താൻ. ൩൮

താനവളോടും ഗംഗാദത്തൻ
താതന്നരികു പുകുന്തടിതൊഴുതാ-
നാനതിനാനന്ദേന തന്തുജനൊ-
ടാശ്ലേഷിച്ചേ വരമരുൾചെയ്താൻ,
"ദീനത വാരാതേ,യിനി മൃത്യു നി-
നക്കു വരായ്കേ"ൻറാൻ നിജതാതൻ
ഊനമില്ലാ വസുവരയെന്മകളിവ-
ളുടനെന്റെറാണ്മകളവനറിയിച്ചാൻ. ൩൯

അറിയിച്ചാനേവം ദാശാധിപ-
നഖിലമഹാജനമദ്ധ്യേ നൃപനോ-
ട്ടറവിൽ കൈക്കൊണ്ടാനവനവളെയു-
മുത്തമകന്യകയെൻറുമറിഞ്ഞേ,

മറയിൽ ചൊന്നപ്രകാരം കമ്മമ-
നത്തും ചെയ്തവളോടുമുടൻതാൻ
നിറമററീടിനകീൎത്ത്യാ വാണാൻ
നൃപതിലകൻശന്തനു ചിലകാലം. ൪൦

ചിലകാലം ചെൻറളവു പിറന്നാൻ
ചിത്രാംഗദനാകിയ ശാന്തനവൻ
നലമിലകും സത്യവതീസുതനായ്
നാനാഗുണമൊടു വന്നുളനായാൻ;
നലമൊടവന്നനുജനുമുളനായീ;
നരപതിശന്തനുവുടനേപോയ് വാ-
നലകു പുകുന്താനുടലൊടുവേറാ;-
യുള്ളിൽ വിഷാദം വന്നിതെവൎക്കും. ൪൧

വന്ന വിഷാദമൊഴിപ്പാനവിടേ
നരവരനാം ചിത്രാംഗദനെത്താൻ
പിന്നെ മതിന്നവിടേ വാഴിച്ചാൻ
ഭീഷ്മൻതിരുവടി ഗംഗാദത്തൻ,
വന്നവിടെച്ചിത്രാംഗദഗന്ധ-
ൎവ്വാധിപനും കോപാവേഗംപൂ-
„ണ്ടെന്നുടെപേർ തരികല്ലാലെന്നോ-
ടെതിർപൊരുകെ"ൻറു മുനിന്തുരചെയ്താൻ. ൪൨

ആനതുകേട്ടേ ചിത്രാംഗദനൃപ-
നരിശമിയൻറവനൊടു പൊരുവാനായ്
മാനിതമായ ഹിരണ്വതിതൻകരെ
മരുവി,യെതിൎത്തമർചെയ്തൊരുപോലെ
ദീനതകൂടാതേ മൂവാണ്ടെതിർ-
നിൻേറ പോയിതവൎക്ക്,ഥ ഗംഗാ-
സൂനുവകൻറളവരചനെയമരിൽ
തുലയാതേ കൊൻറാൻ ഗന്ധൎവ്വൻ. ൪൩

അമ്പിനൊടവിടേ ദേവവ്രതനുട-
നവനുടെ ശേഷക്രിയകൾ മുടിച്ചേ
പിമ്പവനുടെയനുജനെ വാഴിച്ചൊരു
പിഴയിയലാതവനേ ശിക്ഷിച്ചേ.

തുമ്പമൊഴിഞ്ഞേ പാലനചെയ്തു സ്വ-
താൎത്ഥം വേൾപ്പിപ്പാനവനേക്കൊ-
ണ്ടിമ്പമെഴും കാശീശ്വരപുത്രിക-
ളേവരെയും കൊൾവാൻ നടകൊണ്ടാൻ. ൪൮

ആനതുകാലം വാരാണസിയിലെ-
മന്നാർ ചെൻറു നൃപന്മാരവരവർ
മാനിതരാമരചരുമായരിയ മ-
ഹാഗജവാജിരഥാദികളോടേ;
ആനവരുടെയരികെയ്തിയിരുന്നാ-
നനുപമനാകിയ ഗംഗാദത്തൻ
താനതുകണ്ടുപഹാസത്തോടേ
തത്ര നൃപന്മാർ തമ്മിൽ മൊഴിന്താർ. ൪൯

„വാർകുഴൽമാനിനിമാരൊടു വാഴ്വേൻ
താർചരപീഡിതനായൊരുനാളും
ഭോഗമിതെന്നിതെനിക്കില്ലേതും
പുനരാഗ്രഹമെൻറവനിതുകാലം
വേഗമിയൻറിക്കന്യകമാരെ വി-
വാഹംചെയ്യാനിവിടേ വന്നാൻ
ആകമഴിഞ്ഞെ"ൻറന്നരപാലക-
രവനെക്കൊണ്ടു ചിരിച്ചുപറഞ്ഞാർ. ൫൦

„ആത്തമർചെയ്തു ചിരിച്ചു നരാധിപ-
രാമിവർനടുവേ വെൻറിഹ കൊൾവൻ
കീൎത്തിമികുംപടി കന്യകമാരേ-
ക്കേവലമെൻറാ"രുനിശ്ചയമോടേ,
പാൎത്ഥിവർ തമ്മെക്കൊണ്ടു ചിരിപ്പതു
പാരാതേ ഗാംഗേയനിരുന്നാൻ;
മാത്രയിലവനെതിരേയുംവന്നാർ
മാലയുമായേ കന്യകമാരും. ൫൧

കന്യകമാരൊടു നൃപനുടെ വാൎത്തകൾ
കനിവൊടു ചൊന്നാൻ... ...
യുന്നയുറമിയിച്ചുളവേ വൃദ്ധത-
യുണ്ടിവനെൻറവനേ കൈവിട്ടേ

കന്യകമാ... ... ... ... ... ... ...
... ... ... ... ...ലേററിനടന്നാൻ
മന്നവർ നോക്കിയിരിക്കച്ചെയ്യേ
മഹിമമികും ദേവവ്രതനവിടേ. ൪൮

അവിടേ ഗജരഥതുരഗപദാതിക-
ളായ പെരുമ്പടയോടു നൃപന്മാർ
അവരവരേ ഭീഷ്മരൊടമർ ചെയ്താ-
രതികോലാഹലമായതു യുദ്ധം,
അവർകൾ ചുഴൻറമർചെയ്തളവവരുടെ-
യായുധമൊൻറും തന്മേലേലാ-
തവിടെയനത്തരികളുടേ ദേഹവു-
മടയെ മുറിച്ചാൻ ഗംഗാദത്തൻ. ൪൯

തന്നൊടെതിൎത്തമർചെയ്തിടരുററ ധ-
രാപതിമാരോടിൻറതുകാലം
കന്യകമാരൊടു പോന്നാനനുപമ-
ഗംഗാതനയൻ തിരുവടി ജയമൊടു,
പിന്നെ വിളിച്ചമർചെയ്യാൻ സാലപൻ
പൃഥിവീപതി പിന്നാലേ വന്തള-
വന്നവനോടുരചെയ്താൻ നിജരഥ-
മൻറു തിരിപ്പാൻ ദേവവ്രതനും. ൫൦

അനുപമമായിതു യുദ്ധംതമ്മില-
നത്തരചരുമതുകണ്ടേ നിൻറാർ
തനിയേ കൊണ്ടിതു മാവിലൊരമ്പു ത-
ദാ ഭീഷ്മക്കതുകണ്ടു നൃപന്മാർ,
മനസി മഹാസന്തോഷമിയൻറാർ;
മററരനാഴികകൊണ്ടേ സാലപനു
പുനരിടർ ചെയ്താൻ ഗംഗാസുതനഥ
പോയാനവനതിനാലിടരോടേ. ൫൧

ഏവമനത്തരചന്മാരോടുമെ-
തിൎത്തു ജയിച്ചേ കന്യകമാരൊടു-
മാവി കുളുത്തനുജന്നരികേ ചെ-
ൻറവനേക്കൊണ്ടവർകളെ വേൾപ്പിപ്പാൻ

കേവലമൻറു നിനച്ചാനനുപമ-
ഗംഗാദത്തൻ കന്യകമാരവർ
മൂവരിലും മൂത്തവളാമംബ മൊ-
ഴിന്താളതുകാലത്തവനോടേ. ൫൨

ശുഭം ഭൂയാത്.

# LIST OF MALAYALAM PUBLICATIONS FOR SALE.

## ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—ഗുരുദക്ഷിണപ്പാട്ട് | 0 | 7 | 0 |
| No. 2—ശതമുഖരാമായണം (കിളിപ്പാട്ട്) | 0 | 7 | 0 |
| No. 3—ഭദ്രോൽപത്തി (കിളിപ്പാട്ട്) | 0 | 10 | 0 |
| No. 4—പാർവ്വതീപരിണയം (കിളിപ്പാട്ട്) | 0 | 12 | 0 |
| No. 5—പടപ്പാട്ട് (കിളിപ്പാട്ട്) | 0 | 14 | 0 |
| No. 6—കല്യാണസൌഗന്ധികം (ഭാഷാചമ്പു) | 0 | 6 | 0 |
| No. 7—പ്രഹ്ളാദചരിതം (ഹംസപ്പാട്ട്) | 0 | 5 | 0 |
| No. 8—ഗിരിജാകല്യാണം (ഗീതപ്രബന്ധം) | 1 | 0 | 8 |
| No. 9—വ്യവഹാരമാല (സ്മൃതിഗ്രന്ഥം) | 3 | 1 | 8 |
| No. 10—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൧-ാംവാല്യം | 1 | 0 | 8 |
| No. 11—കൃഷ്ണലീല (ഗീതപ്രബന്ധം) | 0 | 4 | 0 |
| No. 12—വിംശതി (സവ്യാഖ്യാനം) | 0 | 7 | 0 |
| No. 13—മോക്ഷദായകം (കിളിപ്പാട്ട്) | 0 | 8 | 0 |
| No. 14—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൨-ാംവാല്യം | 1 | 7 | 10 |
| No 15—ഭാഷാരാമായണചമ്പു (ബാലകാണ്ഡം) | 1 | 7 | 10 |
| No. 16—പാർവ്വതീപാണിഗ്രഹണം (ആറുവൃത്തം) | 0 | 4 | 0 |
| No. 17—പ്രൈഷം (ഭാഷ്യഭൂഷിതം) | 0 | 7 | 0 |
| No. 18—ഭീഷ്മോപദേശം (ഹംസപ്പാട്ട്) | 0 | 12 | 0 |
| No. 19—ഭാഷാരാമായണചമ്പു (അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം) | 1 | 7 | 10 |
| No. 20—ഭാഷാരാമായണചമ്പു (സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം) | 1 | 7 | 10 |
| No. 21—വിഷ്ണുഗീത (ഹംസപ്പാട്ട്) | 0 | 14 | 0 |
| No. 22—തത്ത്വമസിവ്യാഖ്യാനവും തത്ത്വമസിമഹാവാക്യക്കട്ടിളയും | 0 | 4 | 0 |
| No. 23—ബ്രഹ്മാനന്ദവിവേകസമുദ്രം | 0 | 4 | 0 |
| No. 24—കണ്ണശ്ശഭാരതം ൧-ാംഭാഗം | 0 | 14 | 4 |

## ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—വൈദ്യമഞ്ജരി | 1 | 7 | 10 |
| No. 2—ജാതകപദ്ധതി (സവ്യാഖ്യാനം) | 0 | 21 | 0 |
| No. 3—ഭാഷാജാതകപദ്ധതി | 1 | 0 | 8 |
| No. 4—പ്രശ്നഭാഷ | 0 | 5 | 0 |
| No. 5—മുഹൂൎത്തപദവി (സവ്യാഖ്യാനം) | 0 | 10 | 0 |
| No. 6—ബാലശങ്കരം (പൂൎവ്വഭാഗം) | 0 | 14 | C |
| No. 7—ആൎയ്യഭടീയം ഗീതികാപാദം (സവ്യാഖ്യാനം) | 0 | 4 | 0 |
| No. 8—രസവൈശേഷികം (വൈദ്യം) ഭാഷ്യസഹിതം | 2 | 1 | 0 |
| No. 9—ജ്യോത്സ്നിക (വിഷവൈദ്യം) | 0 | 14 | 0 |
| No. 10—തന്ത്രയുക്തിവിചാരം (വൈദ്യം) | 0 | 10 | 10 |
| No. 11—പ്രശ്നസാരം | 0 | 14 | 0 |

B 61

22 AUG. 1936

MUL
064309